പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

വികസനരേഖ-96




ഒൻപതാം പദ്ധതി ജനകീയപദ്ധതി

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

വികസനരേഖ - 1996




1996 നവംബർ 30ന് ചേർന്ന പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് കമ്മിറ്റി
ഒന്നാം നമ്പർ തീരുമാന പ്രകാരം വായിച്ചംഗീകരിച്ച
സമഗ്ര വികസന രേഖ

വിഷയവിവരം

1.	പ്രസിഡൻറിന്റെ കത്ത്
2	ആമുഖം, പഞ്ചായത്ത് പൊതുവിവരണം
3	നാട്ടറിവ് - ചരിത്രം
4	ഭൂപ്രകൃതി, ജലവിഭവം, മനുഷ്യവിഭവം
5	വികസന മേഖലകൾ
5.1	കൃഷി - ജലസേചനം
5.2	മൃഗസംരക്ഷണം - മത്സ്യക്കൃഷി
5.3	വ്യവസായം
5.4	വിദ്യാഭ്യാസം
5.5	കുടിവെള്ളം പൊതുജനാരോഗ്യവും
5.6	ഗതാഗതം - ഊർജ്ജം - മാർക്കറ്റ്
5.7	പാർപ്പിടം - സാമൂഹ്യക്ഷേമം
5.8	സംസ്കാരം
5.9	വനിതാക്ഷേമം
5.10	സഹകരണം
5.11	പട്ടികജാതി പട്ടികവർഗ്ഗം
5.12	വിവേ സമാഹരണം
6	ഉപസംഹാരം

പ്രകൃതിയെ നശിപ്പിക്കരുത്
അത് പൊൻമുട്ടയിടുന്ന താറാവിനെ
കൊല്ലുന്നതുപോലെയാണ്
പ്രകൃതിയിൽ ജീവിക്കാം
പ്രകൃതി ഒരുക്കിത്തന്നിരിക്കുന്ന നാനാതരം
വിഭവങ്ങളെ മിതമായി ഉപയോഗിച്ചു
വളരാം
പക്ഷേ അത്യാഗ്രഹം മൂത്ത് പ്രകൃതിയെ
നശിപ്പിച്ചാൽ, പ്രകൃതിയിലെ ചില കണ്ണികളെ
തകർത്താൽ വല അഴിയും.
പ്രകൃതി കുഴയും. പ്രകൃതി നശിക്കും
മനുഷ്യനും നശിക്കും
ഇതുകൊണ്ടാണ് നിലനിൽപ്പ്
ഉറപ്പാക്കിക്കൊണ്ടുള്ള വികസനം മാത്രമേ
പാടുള്ളൂ എന്ന് പറയുന്നത്.
ഒരു മനുഷ്യ ജാതിയുടേയോ
ഒരു രാജ്യത്തിന്റെയോ നിലനിൽപ്പല്ല.
ഈ ലോകത്തെ മനുഷ്യരുടെ
നിലനിൽപ്പുമല്ല. പിന്നെയോ?
എല്ലാ ജീവജാതികളുടേയും
ജീവനില്ലാത്ത പ്രകൃതിഘടകങ്ങളുടേയും.
എങ്കിലേ നിലനിൽപ്പ് ഉറപ്പിക്കാനാവൂ.



എഡിറ്റർ

ടി. ബാലകൃഷ്ണൻ

എഡിറ്റോറിയൽ അംഗങ്ങൾ

എം. എ. റഹീം

സി. സുകുമാരൻനായർ

പി. ബൈജു

എം മണി

കൊച്ചുകൃഷ്ണൻനായർ

ആർ. വേലായുധൻനായർ

എം എ ജഗ്ഫർ

തേമ്പാംമൂട് യൂസഫ്

ബി. ശ്രീകണ്ഠൻ

ഇ. എ. മജീദ്

ഡി.ടി.പി: വേർഡ് ആർട്ട്,
ഉഷളം റോഡ്
തിരുവനന്തപുരം.

ലേ ഔട്ട്: പ്രശാന്ത്. ജി

അച്ചടി: സ്വിഫ്റ്റ് ഓഫ്സെറ്റ്,
തൈക്കാട്, തിരുവനന്തപുരം


പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്
ഭരണസമിതി



അശോകൻ
(പ്രസിഡണ്ട്)



എം. കെ. നിസ്സാറുദ്ദീൻ
(വൈസ്പ്രസിഡണ്ട്)



പ്ലാവോട് വിജയകുമാരൻനായർ
സ്റ്റാൻ. കമ്മിറ്റി ചെയർമാൻ

മെമ്പർമാർ

കെ. മനോഹരൻ
വി. സിന്ധു
ലതാകുമാരി
പ്രശോഭന
ചന്ദ്രികാമോഹൻ
യേമ്പാംമൂട് ഹുസൈൻ
നസീർ അബുബക്കർ

പ്രസിഡൻറിന്റെ കത്ത്

പുല്ലമ്പാറ
2-12-1996

ബഹുമാന്യരേ,


ഇത് ഒരു ചരിത്രസംഭവത്തിന്റെ സാക്ഷ്യപത്രം.

1996 ഒക്ടോബർ 2ന് നമ്മുടെ പഞ്ചായത്തിലെ 10 വാർഡുകളിലും ഒരേ സമയം നടന്ന ഗ്രാമസഭകളിൽ പങ്കെടുത്ത നാലായിരത്തോളം ജനങ്ങളുടെ ആശയാഭിലാഷങ്ങളാണ് ഈ രേഖയിലുള്ളത്. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും, പഠന പര്യടനത്തിലൂടെ ലഭിച്ച ഭൂപ്രകൃതി വിവരങ്ങൾ, സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച സ്ഥിതിവിവര കണക്കുകൾ, നടപ്പ് പദ്ധതിയുടെ അവലോകന നിപ്പോർട്ടുകൾ, വിഗദ്ധരിൽ നിന്നുള്ള നിർദ്ദേശങ്ങൾ, നാട്ടറിവുകളിൽ നിന്ന് ശേഖരിച്ച നാടിന്റെ ചരിത്രം എല്ലാം കൂട്ടിയിണക്കിയാണ് ഈ രേഖ തയ്യാറാക്കിയിട്ടുള്ളത്.

പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും ജനകീയാസൂത്രണ പരിപാടി വിജയിപ്പിക്കുന്നതിന് പരിപൂർണ്ണമായി ശ്രദ്ധിച്ചിട്ടുണ്ട്. സാംസ്കാരിക സംഘടനകൾ അകമഴിഞ്ഞ് സഹായിച്ചിട്ടുണ്ട്. ജനകീയ ശാസ്ത്രപ്രസ്ഥാനമായ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ വട്ടയം യൂണിറ്റ് പ്രവർത്തകർ ആശയപരമായ സംഭാവന നൽകിയും സംഘാടനത്തെ സഹായിച്ചും ഒപ്പമുണ്ടായിരുന്നു. പരിഷത്തിന്റെ മുൻ ജനറൽ സെക്രട്ടറി ശ്രീ. എൻ. ജഗജീവന്റെ ഉപദേശ നിർദ്ദേശങ്ങൾ വിസ്മരിക്കാനാവില്ല. വികസനരേഖ തയ്യാറാക്കുന്നതിന് 70 പേരടങ്ങുന്ന അക്കാഡമിക്ക് ഗ്രൂപ്പ് നൽകിയ സഹായം അതുല്ല്യമാണ്. ഇതുവരെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം ആളും അർത്ഥവും നൽകി സഹായിച്ച മുഴുവൻ പ്രസ്ഥാനങ്ങളോടും വ്യക്തികളോടും പഞ്ചായത്ത് ഭരണ സമിതിയുടെ അകമഴിഞ്ഞ നന്ദിയും കടപ്പാടും രേഖപ്പെടുത്തിക്കൊണ്ട് ഈ വികസനരേഖ വിശദമായ ചർച്ചക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

(ഒപ്പ്)
ജി. അശോകൻ
(പ്രസിഡൻറ്)
പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്



② ആമുഖം

സഹസ്രാബ്ദങ്ങൾക്ക് മുമ്പ് ഭാരതത്തിൽ - കേരളത്തിലും നിലനിന്നിരുന്നു ഗ്രാമഭരണ വ്യവസ്ഥയെപ്പറ്റി കാറൽ മാർക്സ് രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്.

"ഏഷ്യൻ സമുദായത്തിൽ കാണപ്പെടുന്ന സുദൃഢതയുടേയും സംഘടനാശേഷിയുടേയും സുസ്ഥിരതയുടേയും പൂർണ്ണമായ ക്രഡിറ്റ് ഭാരത്തിലെ സ്വാവലംബികളായ ഗ്രാമങ്ങളുടെ ഉൽപ്പാദന പദ്ധതികൾക്കാണ്. ഇവിടുത്തെ രാജ്യങ്ങൾ, നഷ്ടഭ്രഷ്ടങ്ങൾ ആയിത്തീർന്നിട്ടുണ്ടെങ്കിലും രാജകുടുംബങ്ങൾ വളർന്നും തളർന്നും നശിച്ചുകൊണ്ടിരുന്നുവെങ്കിലും ഗ്രാമീണ സമുദായത്തിലും സമൂഹത്തിലും ഈ പരിവർത്തനങ്ങളുടേയും കൊടുങ്കാറ്റുകളുടേയും രാജ്യവിപ്ലവങ്ങളുടേയും യാതൊരുതരത്തിലുമുള്ള സ്വാധീനശക്തിയും ഉണ്ടായിരുന്നില്ല. അവ പഴയ രീതിയിൽതന്നെ തുടർന്നുപോന്നു.

സർ ചാറൽസ് മെറ്റ്കാഫിന്റെ അഭിപ്രായങ്ങളും ഇവിടെ പ്രസക്തമാണ്. "മിക്കവാറും സ്വയം പര്യാപ്തങ്ങളും വൈദേശിക ബന്ധങ്ങൾ ഇല്ലാത്തതുമായ ഈ ചെറിയ റിപ്പബ്ലിക്കുകൾ മറ്റെന്തിനേയും അതി ജീവിക്കാൻ പ്രാപ്തമായിരുന്നു. ഇക്കൂട്ടത്തിൽപ്പെട്ട ഓരോ ഗ്രാമവും ഓരോ സ്റ്റേറ്റായിരുന്നുവെന്ന് പറയാം."

പ്രാചീന ഭാരതത്തിൽ നിലനിന്നിരുന്ന ശക്തമായ ഗ്രാമഭരണ വ്യവസ്ഥയെ സംബന്ധിച്ച് ഇതുപോലെ നിരവധി മഹാന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

കച്ചവടത്തിന്റെ പേര് പറഞ്ഞ് ഇന്ത്യയിലെത്തി രാജ്യങ്ങളെ തമ്മിൽ തല്ലിച്ച് ക്രമേണ അധികാരം പിടിച്ചെടുത്ത ബ്രിട്ടീഷുകാർ ഒരിക്കൽ സുവർണ്ണഭൂമിയായിരുന്ന ഭാരതത്തിന്റെ സമ്പദ് സൗഭാഗ്യങ്ങളെല്ലാം കവർന്നെടുത്ത് സ്വായത്തമാക്കാൻ ശ്രമിച്ചപ്പോൾ സമ്പൽസമൃദ്ധിയും ഐക്യദാർഢ്യവുമുള്ള ഗ്രാമപഞ്ചായത്തുകൾ അവർക്കൊരു ഭീഷണിയായി, പ്രതിബന്ധമായി അനുഭവപ്പെട്ടു. ഭരണകൂടത്തിന്റെ മുകൾഭാഗം സ്വന്തമാക്കിയതുകൊണ്ടായില്ല. വേരുകൾകൂടി പറിച്ചെടുത്താലേ യഥേഷ്ടം കൈക്കാര്യം ചെയ്യാനാവൂ. സ്വയംഭരണത്തിലൂടെ ശക്തിയാർജ്ജിച്ചു കഴിഞ്ഞ ഗ്രാമങ്ങളെ നിർജ്ജീവമാക്കുകയാണ് ഇതിന്റെ ആവശ്യമെന്നവർ തിരിച്ചറിഞ്ഞു. അങ്ങേയറ്റം കേന്ദ്രീകൃതമായ ഒരു ലാൻറ് റവന്യൂ സമ്പ്രദായവും നിയമപരിപാലന വ്യവസ്ഥയുമാണവർ ഏർപ്പെടുത്തിയത്.

ക്രമേണ പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾ പാവകളാക്കപ്പെട്ടു. രാഷ്ട്രീയവും സാമ്പത്തികവുമായ അടിമത്തം സ്ഥാപിതമായതോടെ ഗ്രാമഭരണത്തിന്റെ അടിത്തറ ഇളകിത്തുടങ്ങി. ഭരണാധികാരികളും ചുമതലകളും കേന്ദ്രഭരണം കയ്യടക്കി. ഗ്രാമങ്ങളുടെ സ്വയം പര്യാപ്തത നഷ്ടപ്പെട്ടു.

ഭാരതത്തിന്റെ ഹൃദയത്തുടിപ്പുകൾ മനസ്സിലാക്കി അവരെ സ്വാതന്ത്ര്യ സമരത്തിലേക്കും തുടർന്ന് സ്വാതന്ത്ര്യ പ്രാപ്തിയിലേക്കും നയിച്ച മഹാത്മജി ആദ്യകാലം മുതൽക്കേ ഗ്രാമത്തിന്റെ അഭിവൃത്തിയിലും പുരോഗതി

യിലും അതിവ ശ്രദ്ധാലുവായിരുന്നു. ഗ്രാമങ്ങളുടെ നഷ്ട സമൃദ്ധി വീണ്ടെടുത്തെങ്കിലേ നവഭാരതത്തിനു നില നിൽക്കാനാവൂ എന്നും അദ്ദേഹം മുൻകൂട്ടി മനസ്സിലാക്കി - ഗ്രാമപുനരുദ്ധാരണത്തിന് തീവ്രശ്രമമാരംഭിച്ചു.

ബ്രിട്ടീഷ് ഭരണത്തിൽനിന്ന് മോചിതമാക്കപ്പെട്ടു പോയപ്പോഴേക്കും ചൈതന്യം നഷ്ടപ്പെട്ട ഗ്രാമങ്ങളായിരുന്നു അവശേഷിച്ചത്. വികസന രംഗത്ത് കേന്ദ്രീകൃത പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം വന്നതോടെ ഗ്രാമസ്വരാജ് എന്ന ആശയം നമ്മുടെ ഭരണകൂടം മറന്നുപോയി.

സ്വാതന്ത്ര്യാനന്തര കാലഘട്ടം ആസൂത്രിത വികസനത്തിന്റേതായിരുന്നെങ്കിലും ജനപങ്കാളിത്തത്തിന്റെയും കൃത്യമായ ലക്ഷ്യബോധത്തിന്റെയും അഭാവംമൂലം അവ കേവലം ഡിപ്പാർട്ടുമെന്റലിസം മാത്രമായി അധപതിക്കുകയാണുണ്ടായത്. അധികാരത്തിന്റെ അമിത കേന്ദ്രീകരണവും ബ്യൂറോക്രസിയുടെ മേധാവിത്വവും കൂടിയായപ്പോൾ ജനങ്ങളുടെ താൽപ്പര്യങ്ങൾക്കും അഭിലാഷങ്ങൾക്കും യാതൊരു പ്രസക്തിയും ഇല്ലാതായി. വികസന പദ്ധതികൾക്ക് മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിന് യാതൊരു ശാസ്ത്രീയ മാനദണ്ഡങ്ങളും പരിഗണിക്കാതെയായി. ഇതിന്റെ ഫലമായി ദാരിദ്ര്യം, രോഗം, നിരക്ഷരത എന്നിവയുടെ വിളനിലമായി രാജ്യം മാറി.

ഈ പ്രതിസന്ധിയിൽനിന്ന് നമ്മുടെ രാജ്യത്തെ രക്ഷിക്കാൻ യഥാർത്ഥ ആവശ്യക്കാരിലേക്ക് അധികാരമെത്തിക്കൽ മാത്രമല്ലാതെ മറ്റു മാർഗ്ഗമില്ല. ഇതിനുവേണ്ടിയുള്ള ശ്രമങ്ങൾ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ആരംഭം കുറിച്ചുവെങ്കിലും വേണ്ടത്ര വിജയിച്ചില്ല. ആത്മാർത്ഥതയോടെയാണ് അവ നടപ്പാക്കാൻ ശ്രമിച്ചതെന്ന് പറയാനുമാവില്ല. ഇത്തരത്തിലുള്ള പ്രവർത്തന രീതിയുടെ ഫലമായി ഓരോ ഗ്രാമത്തിലേയും കൊച്ചുകൊച്ചു വികസന പ്രവർത്തനവും കേന്ദ്രീകരിക്കപ്പെട്ടു. ഇതൊരു ദുരന്തത്തിന്റെ രൂപത്തിലാണ് നമ്മുടെ ഗ്രാമങ്ങളിൽ പ്രകടമായത്. കേരളത്തിന്റെ വികസന മുരടിപ്പിന്റെ കാരണങ്ങളിലൊന്ന് ഇതുതന്നെയായിരുന്നു.

ഈ ദുരന്തത്തിൽ നിന്ന് കേരളത്തെ കരകയറ്റാനുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഭരണഘടനയുടെ 73, 74 ഭേദഗതിപ്രകാരം പഞ്ചായത്തുകൾക്ക് പരിമിതികളോടെയാണെങ്കിലും കുറെ അധികാരങ്ങൾ ലഭിച്ചിരിക്കുന്നു. ഗ്രാമത്തിന്റെ വികസന പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായം നൽകുകയും അവയുടെമേൽ നോട്ടം വഹിക്കുകയും ചെയ്യുക, ഗ്രാമത്തിലെ വികസന പദ്ധതികളുടെ നിർവ്വഹണത്തിൽ സഹായിക്കുക, വികസന ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളെ കണ്ടെത്താൻ സഹായിക്കുക എന്നിവ ഗ്രാമസഭകൾക്ക് ചെയ്യാനാവും. കക്ഷിരാഷ്ട്രീയത്തിനതീതമായി പുതിയൊരു വികസന കാഴ്ചപ്പാട് വളർത്തിക്കൊണ്ടു വരാൻ കഴിയും. ഇന്ന് അനുവദിച്ചു കിട്ടിയ അധികാരവും ഒമ്പതാം പദ്ധതിയിലൂടെ ലഭിക്കുന്ന വിഭവവും ഗ്രാമസഭകളിൽ നിന്ന് ലഭിക്കുന്ന മാനുഷിക വിഭവവും കൂട്ടിയോജിപ്പിച്ച് പഞ്ചായത്തിന് സമഗ്ര പദ്ധതി ആവിഷ്കരിക്കാനാവും. സമ്പൂർണ്ണ സാക്ഷരതയിൽനിന്ന് വികസന സാക്ഷരതയിലേക്കുള്ള വളർച്ചയിൽ പങ്കെടുക്കാൻ കഴിഞ്ഞ പ്രാദേശിക പ്രവർത്തകരും ജനപ്രതിനിധികളും ഒത്തുചേർന്നാൽ ചരിത്രം രചിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. അവർക്ക് ലഭിക്കുന്ന അറിവും ഭരണരംഗത്തുണ്ടാകുന്ന പരിചയവും ഏറെ സഹായം ചെയ്യുമെന്ന് ഉറപ്പാണ്.

9-ാം പദ്ധതിക്കാവശ്യമായ ആസൂത്രണം ഗ്രാമതലത്തിൽ രൂപപ്പെടുത്താനുള്ള തീരുമാനം ജനങ്ങൾക്ക് ലഭ്യമായ അധികാരത്തെ ജനങ്ങളുടെതാക്കാനുള്ള ഒരു അവസരമായി മാറി. ജനാധിപത്യത്തെ അർത്ഥവത്താക്കാനുള്ള പരീക്ഷണമെന്ന നിലയ്ക്ക് ഇത് ഇന്ത്യക്കാകെ മാതൃകയാണ്. വികേന്ദ്രീകരിക്കപ്പെടുന്ന അധികാരത്തോടൊപ്പം സമ്പത്തിന്റെ നല്ലൊരു ശതമാനം കൂടി താഴെത്തട്ടിലേക്ക് വരുന്നത് ജനാഭിലാഷങ്ങൾ സഫലമാക്കാൻ സഹായകമാകുമെന്ന വിശ്വാസം വളർന്നുവരുന്നുണ്ട്. ഒന്നും നടക്കില്ലെന്ന നിരാശാബോധത്തിൽ നിന്ന് കുറെയേറെ നടക്കുമെന്നുള്ള ആത്മവിശ്വാസത്തിലേക്ക് ജനങ്ങൾ ഉയർന്നുവരാൻ തുടങ്ങിയിരിക്കുന്നു. വികേന്ദ്രീകരണത്തിന് എതിർനിൽക്കുന്ന ബ്യൂറോക്രാറ്റിക്ക് സമൂഹത്തിന് അധികനാൾ പിടിച്ചു നിൽക്കാൻ കഴിയില്ലെന്ന സത്യവും പ്രകടമാണ്.

ജനകീയാസൂത്രണ പരിപാടികളുടെ തുടക്കം പഞ്ചായത്തിൽ ആവേശകരമായിരുന്നു. സെപ്തംബർ 23-ാം തീയതി പഞ്ചായത്ത് ഓഫീസിൽ ചേർന്ന രാഷ്ട്രീയ നേതാക്കളുടെ യോഗവും പഞ്ചായത്ത് കൺവൻഷനും വൻ വിജയമായിരുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായ പ്രവർത്തന രീതി ആവിഷ്കരിച്ച കൺവെൻഷൻ ഒക്ടോബർ രണ്ടിന് എല്ലാ വാർഡുകളിലും ഒരേസമയം ഗ്രാമസഭകൾ ചേരാൻ തീരുമാനിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ യോഗം, 200 വനിതകൾ പങ്കെടുത്ത കൺവെൻഷൻ എന്നിവ നടന്നു. ഗ്രാമസഭാ സംഘാടനത്തിന്റെ ഭാഗമായുള്ള വാർഡ് കൺവെൻഷനുകൾ പത്ത് വാർഡുകളിലും സെപ്തംബർ 27ന് ചേർന്നു. വിവിധ രാഷ്ട്രീയ കക്ഷിനേതാക്കൾ നടത്തിയ വാഹനജാഥ ശ്രദ്ധേയമായി. ഗ്രാമസഭയുടെ തലേദിവസം എല്ലാ വാർഡുകളിൽ നിന്നും കർഷകർ നയിച്ച ജ്യോതിപ്രയാണങ്ങൾ പഞ്ചായത്ത് കേന്ദ്രത്തിൽ

ഒത്തുചേർന്നു. ജനപ്രതിനിധികൾ, സാംസ്കാരിക നേതാക്കൾ തുടങ്ങി നിരവധിപേർ പങ്കെടുത്ത ഗ്രാമസഭാ വിളംബരയോഗം അക്ഷരാർത്ഥത്തിൽ നാടിനെ ഉണർത്തി.

ഒക്ടോബർ 2നു പത്ത് വാർഡുകളിലുമായി 3250 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. 230 പേർ മുതൽ 435 വരെയായിരുന്നു പങ്കാളിത്തം. പകുതിയോളം സ്ത്രീകൾ. എം. പി., എം. എൽ. എ. തുടങ്ങിയ ജനപ്രതിനിധികളും ആസ്സാം ജ്ഞാൻ വിജ്ഞാൻ സമിതിയുടെ മൂന്ന് പ്രവർത്തകരും ഗ്രാമസഭകളിൽ പങ്കെടുത്തിരുന്നു. ഗ്രാമസഭകളിലെ ചർച്ചകൾക്ക് നേതൃത്വം നൽകിയത് പഞ്ചായത്ത് തലത്തിൽ പരിശീലനം ലഭിച്ച 200 പേരായിരുന്നു. ഒക്ടോബർ ആറിന് പഞ്ചായത്ത് ഓഫീസിൽ റിവ്യൂയോഗം നടന്നു. ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണം രണ്ട് ദിവസങ്ങളിലായി നടത്തി. നടപ്പ് പദ്ധതിയുടെ അവലോകന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുവേണ്ടി വിവിധ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചു ചേർത്തു. ദ്വിതീയ വിവരശേഖരണത്തിൻെറ ജില്ലാതല ഉൽഘാടനം നവംബർ അഞ്ചിന് നമ്മുടെ പഞ്ചായത്തിൽ നടന്നു. ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പ് മന്ത്രി. ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയാണ് ഉൽഘാടന കർമ്മം നിർവഹിച്ചത്. ദ്വിതീയ വിവരശേഖരണം പൂർത്തിയാക്കി ഫയൽ ഏൽപ്പിച്ചുകൊണ്ടാണ് ഉൽഘാടന കർമ്മം നടത്തിയത്. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പരിശീലനം നവംബർ 14ന് നടന്നു. വിവിധ വാർഡുകളിൽ നിന്നായി 100 പേർ പങ്കെടുത്തു. നവംബർ 17ന് വികസന റിപ്പോർട്ട് തയ്യാറാക്കാൻ ആരംഭിച്ചു. വികസന സെമിനാർ നടത്തുന്നതിനായി നവംബർ 30ന് വിപുലമായ സ്വാഗതസംഘം ചേർന്നു. വിവിധ സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും നാടിൻെറ വികസനത്തിനും മാത്രമല്ല അധികാര വികേന്ദ്രീകരണ പ്രക്രിയ സഹായിക്കുക. ലോകത്തെ മുഴുവൻ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും മൂന്നാം ലോകരാജ്യങ്ങളെ കോളനിയാക്കുന്നതിനുമുള്ള ആസൂത്രിത ശ്രമങ്ങൾക്കെതിരെയുള്ള പ്രതിരോധം കൂടിയാണിത്. സാമ്പത്തിക, സാംസ്കാരിക, സാമൂഹ്യ കടന്നാക്രമണങ്ങളെ ചെറുത്തു നിൽക്കുവാനുള്ള വേദി എന്ന നിലയിൽ ഈ പ്രസ്ഥാനം വളർന്നു വരേണ്ടതുണ്ട്. ഏകലോക സമ്പദ് വ്യവസ്ഥയെന്നപേരിൽ നമ്മുടെമേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഉപാധികളെ നേരിടണമെങ്കിൽ പ്രാദേശിക വിഭവങ്ങളുടെ വിനിയോഗത്തിലൂടെ സ്വയം ചലിക്കുന്ന പ്രാദേശിക സമ്പദ് ഘടനകൾ വളർന്നു വരണം. ലക്ഷക്കണക്കിന് ഇന്ത്യൻ ഗ്രാമങ്ങളിൽ നാം ഉയർത്തിവിട്ട ദീപം ആളിപ്പടരുമെന്ന കാര്യത്തിൽ സംശയമില്ല. ഗ്രാമ പഞ്ചായത്തുകളെ സ്വയം പര്യാപ്തമാക്കുക എന്നത് ലഭ്യമായ സ്വാതന്ത്ര്യവും പരമാധികാരവും കാത്തുസൂക്ഷിക്കുന്നതിനു വേണ്ടിയുള്ള സമരംകൂടിയാണ്.

ലോകപ്രശസ്ത ശാസ്ത്രകാരൻ സർ സി. വി. രാമൻെറ വാക്കുകൾ ഇപ്പോഴും പ്രസക്തമാണ്.

"ഒരു അധ്യാപകൻ എന്ന നിലയിൽ എനിക്ക് ഇരുപത്തിനാലു വർഷത്തെ അനുഭവമുണ്ട്. അതിൽനിന്നും ഒട്ടും സംശയമോ ഭയമോ ഇല്ലാതെ ഉറപ്പിച്ച് എനിക്കൊരു കാര്യം പറയാൻ കഴിയും, ഇന്ത്യാക്കാരൻെറ ബുദ്ധിശക്തി യൂറോപ്യനോ, ജർമ്മനോ തുടങ്ങിയ മറ്റൊരു വംശക്കാരൻെറയും ഒപ്പം തന്നെയാണ്. നമുക്കില്ലാത്തത് ധൈര്യം മാത്രമാണ്, ധീരത മാത്രമാണ്, എത്ര ഉയരത്തിലും എത്തിച്ചേരാനുള്ള അടക്കാനാവാത്ത ആവേശം മാത്രമാണ്. എനിക്കു തോന്നുന്നത് നമുക്കൊരു അപകർഷതാ ബോധമുണ്ടെന്നാണ്. ഞങ്ങളെ ഒന്നിനും കൊള്ളുകയില്ലെന്ന ബോധം. ഞങ്ങൾക്ക് കഴിവില്ലെന്ന ബോധം. ഈ പരാജയ ബോധത്തെ നശിപ്പിക്കുകയാണിന്നാവശ്യം. വിജയിക്കാനുള്ള ആവേശം. ഈ സൂര്യനു കീഴിൽ നമുക്കർഹിക്കുന്ന സ്ഥാനം നേടിയെടുക്കാനുള്ള ആവേശം അഭിമാനകരമായ ഒരു സംസ്കാരത്തിൻെറ അനന്തരാവകാശികളായ നമ്മൾക്ക് ഈ ഗൃഹത്തിൽ അർഹമായ സ്ഥാനത്തിനവകാശമുണ്ടെന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന ആവേശം. ആ അജയ്യമായ, അമർത്തിവയ്ക്കാൻ പറ്റാത്ത ആവേശമുണർന്നു കഴിഞ്ഞാൽപ്പിന്നെ അർഹമായ സ്ഥാനം നേടുന്നതിൽനിന്ന് ഒന്നിനും നമ്മെ തടഞ്ഞു നിർത്താനാവുകയില്ല.



പുല്ലമ്പാറ പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്
റവന്യൂ വില്ലേജ്	:	പുല്ലമ്പാറ
ബ്ലോക്ക് പഞ്ചായത്ത്	:	വാമനപുരം
താലൂക്ക്		നെടുമങ്ങാട്
ജില്ല	:	തിരുവനന്തപുരം
നിയമസഭാ മണ്ഡലം	:	വാമനപുരം
ലോക്സഭാ മണ്ഡലം		ചിറയിൻകീഴ്
വിസ്തീർണ്ണം	:	25.9 ച.കി.മീ.
ജനസംഖ്യ	:	21673
വാർഡുകളുടെ എണ്ണം	:	10
പ്രസിഡന്റ്		ജി. അശോകൻ
വൈസ് പ്രസിഡന്റ്	:	എം. കെ. നിസാറുദ്ദീൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	പ്ലാവോട്ട് വിജയകുമാരൻ നായർ

ഭരണചരിത്രം

രൂപീകരിച്ച വർഷം	:	1953
ആദ്യ ഭരണസമിതിയുടെ കാലാവധി	:	1953 - 1964
പ്രസിഡന്റ്		വയ്യക്കാവ് കൃഷ്ണപിള്ള
വൈസ് പ്രസിഡന്റ്		മുഹമ്മദ് ഹനീഫ
രണ്ടാം ഭരണസമിതി	:	1964 - 1980
പ്രസിഡന്റ്	:	പി. എസ്. ശങ്കർ
വൈ. പ്രസിഡന്റ്	:	മുഹമ്മദ് ഹനീഫ
മൂന്നാം ഭരണസമിതി		1981 - 1984
പ്രസിഡന്റ്	:	കുറ്റിമൂട് വിജയൻ
വൈസ് പ്രസിഡന്റ്	:	സൈനുല്ലാബ്ദീൻ
ഉദ്യോസ്ഥഭരണം	:	1984 - 1988
നാലാം ഭരണ സമിതി		1988 - 1995
പ്രസിഡന്റ്	:	കുറ്റിമൂട് വിജയൻ
വൈ. പ്രസിഡന്റ്	:	വി. ഭാർഗ്ഗവൻ


1995 ഒക്ടോബർ 2ന് നിലവിലുള്ള ഭരണ സമിതി അധികാരത്തിൽവന്നു.

അതിർത്തി

വടക്ക്	:	വാമനപുരം നദി
വടക്ക് കിഴക്ക്	:	നന്ദിയോട് പഞ്ചായത്ത്
കിഴക്ക്	:	പനവൂർ "
തെക്ക്	:	മാണിക്കൽ "
പടിഞ്ഞാറ്	:	നെല്ലനാട് "

സർക്കാർ ഓഫീസുകൾ

1. വില്ലേജ് ഓഫീസ്
2. പഞ്ചായത്ത് ഓഫീസ്
3. കൃഷിഭവൻ
4. മൃഗാശുപത്രി
5. ആയുർവേദാശുപത്രി
6. പ്രൈമറി ഹെൽത്ത് സെന്റർ
7. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്



③
നാട്ടറിവ്-ചരിത്രം

ചരിത്രങ്ങളും സത്യങ്ങളും മിത്തുകളും കെട്ടുപിണഞ്ഞു കിടക്കുന്ന ഭൂതകാലത്തിന്റെ ചരിത്രം പഞ്ചായത്തിനുണ്ട്. പഞ്ചപാണ്ഡവന്മാർ വനവാസകാലത്ത് വിശ്രമിച്ചതായി പറയപ്പെടുന്ന 'ആളുകിടക്കാംപാറ' ഇന്നും വേങ്കമല കുന്നിന്റെ അടിവാരത്തുണ്ട്. 'പുരാണങ്ങളിൽ പറയുന്ന ഭദ്രകാളിയും ദാരികനുമായുള്ള യുദ്ധത്തിലെ അവസാനഭാഗം നടന്നത് ഈ ഗ്രാമത്തിലാണത്രെ. ദാരികന്റെ തലയറ്റ സ്ഥലം തലയാറ്റമലയും രക്തം വീണത് രുദിരംകുഴിയും വാൾ എറിഞ്ഞത് വാളെറിഞ്ഞാംകുഴിയും ഭദ്രകാളി വിശ്രമിച്ചത് വേങ്കമലയുമാണെന്ന് ഐതിഹ്യം. തിരുവനന്തപുരം ജില്ലയിലെ പ്രധാന ആരാധനാ കേന്ദ്രങ്ങളിൽ ഒന്നായ വേങ്കമലയിലെ പ്രതിഷ്ഠ വനദുർഗ്ഗയാണ്. തലയാറ്റു മലയിലെ പ്രധാന ചടങ്ങാണ് സമൂഹസദ്യ.

ഗുരുകുല രീതിയിലുള്ള വിദ്യാഭ്യാസമുറകളാണ് അടുത്തകാലംവരെ നിലനിന്നിരുന്നത്. ഈ ഗുരുകുലങ്ങളിൽ അവർണ്ണർക്കു പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. കേരളത്തിന്റെ മറ്റു പ്രദേശങ്ങളെപ്പോലെത്തന്നെ ഉച്ചനീചത്വവും കടുത്ത ജാതി വ്യവസ്ഥയും അരനൂറ്റാണ്ടു മുമ്പുവരെ നിലനിന്നിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ സ്വാധീനം ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ മുന്നേറ്റം ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ പ്രചാരം, പുരോഗമന സാഹിത്യ പ്രസ്ഥാനങ്ങളുടെ വ്യാപനം എന്നിവ ഇത്തരം സാമൂഹ്യാനീതികളെ ചെറുത്തു നിൽക്കാൻ ജനങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങളാണ്.

ഹൈന്ദവാരാധനാലയങ്ങൾ പോലെ തന്നെ പുരാതനങ്ങളായ മുസ്ലീം പള്ളികളും ക്രിസ്ത്യൻ ചർച്ചുകളും ഈ പ്രദേശങ്ങളിലും നിലവിലുണ്ടായിരുന്നതായി ചരിത്ര രേഖകളിൽ നിന്നും പഴമൊഴികളിൽനിന്നും അറിവായിട്ടുണ്ട്. മുസ്ലീം പള്ളികളിൽ മാണിക്കൽ, പേരുമല എന്നീ ജമാഅത്തുകൾ പൗരാണികമാണ്. വട്ടത്തിപള്ളി ചന്ദനക്കുട മഹോത്സവം മതസൗഹാർദ്ദത്തിന്റെ മകുടോദാഹരണമാണ്.

ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ അലകൾ മറ്റു പ്രദേശങ്ങളെപ്പോലെ പുല്ലമ്പാറ ഗ്രാമത്തിലും കടന്നു വന്നു. 1942-ൽ മഹാത്മാഗാന്ധി മാണിക്കൽ പഞ്ചായത്തിലെ കോട്ടപ്പുറം മൈതാനിയിൽ നടത്തിയ പ്രസംഗം സ്വാതന്ത്ര്യ തൃഷ്ണയുള്ള യുവജന വിഭാഗത്തെ സൃഷ്ടിക്കുവാൻ പര്യാപ്തമായി. സ്വാതന്ത്ര്യ സമരസേനാനികളായ പൊന്നറ ശ്രീധറുടെയും സോഷ്യലിസ്റ്റായ എം എൻ ഗോവിന്ദൻനായരുടേയും പ്രവർത്തന മേഖലയിൽ ഈ പ്രദേശവും ഉൾപ്പെട്ടിരുന്നു.

സാമൂഹ്യ അനീതികൾക്ക് എതിരെയുള്ള ജനരോഷം ഭരണവർഗ്ഗത്തെ പിടിച്ചു കുലുക്കിയ നിരവധി സംഘർഷങ്ങളിലേക്ക് നയിച്ചു. അതിൽ പ്രധാനമാണ് ചരിത്ര പ്രസിദ്ധമായ കല്ലറ, പാങ്ങോട് സമരം. ബ്രിട്ടീഷ് ഭരണാധികാരികളുടെ പ്രതിപുരുഷനായ ദിവാൻ സർ. സി. പി.യുടെ ഭരണത്തിനെതിരായ പ്രതിഷേധം പൊട്ടിപ്പുറപ്പെടുകയായിരുന്നു. വെഞ്ഞാറമൂട് പ്രാദേശികസഭ എന്ന പേരിലായിരുന്നു അന്നത്തെ കോൺഗ്രസ് ഘടകം അറിയപ്പെട്ടിരുന്നത്. വെഞ്ഞാറമൂട്, കല്ലറ ചന്തകളിലെ അന്യായമായ ടോൾ പിരിവിനും സ്ത്രീകളോടുള്ള മോശമായ പെരുമാറ്റത്തി

നുമെതിരെ ജനങ്ങൾ സംഘടിച്ചു. വെഞ്ഞാറമൂട് ചന്ത പിരിവിനെതിരേ തുടങ്ങിയ സമരം ആളിപ്പടരുകയും കല്ലറ - പാങ്ങോട് സമരമായി മാറുകയും ചെയ്തു.

തിരുവിതാംകൂറിലെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ കല്ലറ പാങ്ങോട് സമരം ഒരു തിലകക്കുറിയാണ്. ഈ സമരത്തിലെ മുന്നണിപ്പോരാളികളായിരുന്ന പട്ടാളം കൃഷ്ണൻ, കൊച്ചുപ്പിപിള്ള എന്നിവർ തൂക്കിലേറ്റപ്പെട്ടു. ഈ ഗ്രാമത്തിലെ നിരവധിപേർ പ്രതികളായി. പരീതു ചട്ടമ്പി, വള്ളക്കടവ് മുഹമ്മദ് കുഞ്ഞ്, ഷാഹുൽ ഹമീദ്, മുഹമ്മദ് അബ്ദുൽഖാദർ, പ്ലാവറ വാസുദേവൻ പിള്ള, അബ്ബാസ് മുതലാളി എന്നിവർ സ്മരിക്കപ്പെടേണ്ടവരാണ്.

1946-ൽ കമ്മ്യൂണിസ്റ്റ് നേതാവ് എം എൻ. ഗോവിന്ദൻ നായർ, 1948-ൽ പുന്നപ്ര വയലാർ സമരത്തിലെ പ്രതികളിലൊരാളായ ശ്രീ. നാണു എന്നിവർ ഇവിടെ ഒളിവിൽ കഴിഞ്ഞിരുന്നു. ഗാന്ധി മാധവൻപിള്ള, സായിപ് നാണൻപിള്ള, എം. എൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ഗോവിന്ദൻപിള്ള, വടയണിക്കോണം രാഘവൻപിള്ള, വാസു മേസ്തിരി എന്നീ കർഷകരെ ചേർത്ത് കെ. എസ്. പി. എന്ന പാർട്ടി ഘടകം രൂപീകരിച്ചു. ഇത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള വേദിയായിരുന്നു. 1948-ൽ എൻ. എൻ. പണ്ടാരത്തിൽ വിജയിച്ച തെരഞ്ഞെടുപ്പു മുതൽ ഇങ്ങോട്ടുള്ള മിക്ക തെരഞ്ഞെടുപ്പുകളിലും ഇടതുപക്ഷ കക്ഷികൾ മുൻതൂക്കം തെളിയിച്ചിട്ടുണ്ട്

സ്വാതന്ത്ര്യാനന്തരം വ്യക്തമായ രാഷ്ട്രീയ ചേരിതിരിവ് ഈ പ്രദേശങ്ങളിൽ ഉണ്ടായിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകാർ സാമൂഹ്യ പീഡനം അനുഭവിച്ചിരുന്ന കാലഘട്ടത്തിൽ തേമ്പാമൂട് കേന്ദ്രമാക്കി, മീരാസാഹിബിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന പുരോഗമന വാദികളുടെ ഒരു സംഘം തൊഴിലാളി പ്രസ്ഥാനങ്ങളുടെ ഉണർവിനും കർഷക തൊഴിലാളികളുടെ ബോധവൽക്കരണത്തിനും സഹായകമായി. വള്ളിയർപ്പൻകാട് എസ്റ്റേറ്റിലെ തോട്ടം തൊഴിലാളികളുടെ അവകാശ സമരത്തിലേക്കു ഇത് നയിക്കപ്പെട്ടു.

1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് നടപ്പിലാക്കിയ കാർഷിക ഭൂപരിഷ്കരണ നിയമം പുല്ലമ്പാറ പഞ്ചായത്തിലും പാട്ട - പാതിവാര കൃഷിക്കാർ തങ്ങളുടെ കൈവശ ഭൂമിക്കുവേണ്ടിയുള്ള സമരം ശക്തമാക്കാൻ ഇടയാക്കി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ഇക്കാലത്ത് നേതൃത്വം നൽകിയത് ആനക്കുഴി അഹമ്മദ് പിള്ള, വെള്ളുമണ്ണടി കൃഷ്ണപണിക്കർ, പുല്ലമ്പാറ മുഹമ്മദ് അബ്ദുൽഖാദർ എന്നിവരായിരുന്നു. കലാസാഹിത്യ രാഷ്ട്രീയ രംഗങ്ങളിൽ ശ്രദ്ധേയരായി വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ 1960-കാലഘട്ടത്തിൽ തലേക്കുന്നു ബഷീറും പിരപ്പൻകോട് മുരളിയും കടന്നുവന്നത് രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ നാടിനെ സമ്പന്നമാക്കിയിട്ടുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ മുൻ ജനറൽ സെക്രട്ടറി ശ്രീ. ജഗജീവൻ ഈക്കൂട്ടത്തിൽപ്പെടുന്നു.

ആലപ്പുഴ പ്രഖ്യാപനത്തിനുശേഷം എ. കെ. ജി.യുടെ നേതൃത്വത്തിൽ ആരംഭിച്ച മിച്ച ഭൂമി സമരം ഈ ഗ്രാമത്തിലും അലകൾ സൃഷ്ടിച്ചു. പാലാംകോണം വാർഡിൽപ്പെട്ട നാഗരുകുഴി മിച്ചഭൂമിയിലാണ് കർഷക തൊഴിലാളികൾ ആദ്യമായി പ്രവേശിച്ചത്. എട്ടിൽ ഒന്ന് പതത്തിനുവേണ്ടി ഉറുവിറ്റികോണം ഏലായിൽ കർഷകതൊഴിലാളികൾ സമരം നടത്തുകയും അതു വിജയിക്കുകയും ചെയ്തു.

ഈ ഗ്രാമം ഉൾപ്പെടുന്ന നെടുമങ്ങാട് അസംബ്ലി മണ്ഡലത്തെ 1948 - മുതൽ പ്രതിനിധീകരിച്ചത് എൻ. എൻ. പണ്ടാരത്തിൽ ആണ്. വാമനപുരം നിയോജകമണ്ഡലം ആയതിനുശേഷം എം കുഞ്ഞുകൃഷ്ണപിള്ള, കല്ലറ വാസുദേവൻപിള്ള, കോലിയക്കോട് കൃഷ്ണൻനായർ എന്നിവരാണ് ഈ മണ്ഡലത്തെ പ്രതിനിധീകരിച്ചത്. ലോക്സഭയിലേക്ക് യഥാക്രമം വി. പി. നായർ, എം. കെ. കുമാരൻ, കെ. അനിരുദ്ധൻ, വയലാർ രവി, എ. എ. റഹീം, തലേക്കുന്നിൽ ബഷീർ എന്നിവരാണ്.

കൊല്ലവർഷം 1100-ാമാണ്ട് വരെ നെല്ലനാട് വില്ലേജ് ഗ്രാമത്തിലായിരുന്നു ഈ പ്രദേശം. രണ്ടായി വിഭജിച്ചപ്പോൾ കൂടുതൽ പ്രദേശവും പുല്ലമ്പാറ ഗ്രാമത്തിലായി. പെരുങ്കൂർ രാമൻപിള്ളയായിരുന്നു ആദ്യ പ്രവൃത്തിയാർ. ഇപ്പോൾ വില്ലേജ് ആപ്പീസ് സ്ഥിതിചെയ്യുന്ന സ്ഥലം അന്ന് പുറംപോക്ക് സ്ഥലമായിരുന്നു. 1942-ൽ ക്ഷേത്രക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ച റേഷനിംഗ് സമ്പ്രദായത്തിന്റെ ഭാഗമായി കൃഷിക്കാരിൽനിന്നു സർക്കാർ ലവിയായി നെല്ല് അളന്നിരുന്നു.

ഭൂഉടമാബന്ധങ്ങളിൽ അരനൂറ്റാണ്ടിനുള്ളിൽ വന്നിച്ച പരിവർത്തനം സംഭവിച്ചിട്ടുണ്ട്. ഭൂ ഉടമസ്ഥരുടെ എണ്ണത്തിലുണ്ടായ വർധനവാണ് ഒന്ന്. ഭൂ പരിഷ്കരണ നിയമത്തിന്റെ സ്വാധീനം, മറ്റ് പ്രദേശങ്ങളിൽനിന്ന് ഇവിടേക്കുണ്ടായ കുടിയേറ്റങ്ങൾ എന്നിവയും ഘടകങ്ങളാണ്.

പൊൻമുടിയുടെ അടിവാരങ്ങളിൽ നിന്ന് ഉത്ഭവിച്ച് അനേകം കൈവഴികളിലായി വാമനപുരം നദി പുല്ലമ്പാറ പഞ്ചായത്തിനെ സ്പർശിക്കുന്നത് ചെല്ലഞ്ചിയിലാണ്. ഗതാഗതത്തിനും, വ്യാപാരത്തിനും വേണ്ടി ഈ നദി ഉപയോഗിച്ചിരുന്നു. മണൽവാരൽ, ആറ്റിനടിയിൽനിന്നുള്ള തടി കുഴിച്ചെടുക്കൽ എന്നിവ പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമായിരുന്നു. അനധികൃതമായ

വൈഡൂര്യ ഖനനത്തിലൂടെ ഈ ഗ്രാമത്തിലും, അയൽ ഗ്രാമത്തിലും ഉള്ള പലരും സമ്പന്നരായി തീർന്നു. കമ്പോളത്തിൽ ഏറ്റവും പ്രിയമുള്ള വൈഡൂര്യമാണ് ഈ പ്രദേശത്തുള്ളത്.

പൂർണ്ണമായും കാർഷികമേഖലയായിരുന്ന ഈ പ്രദേശത്ത് നെല്ലായിരുന്നു മുഖ്യവിള. കാർഷിക മേഖലയുടെ തകർച്ച നെൽപ്പാടങ്ങൾ നികത്താൻ ഇടയാക്കുകയും, റബ്ബർപോലുള്ള നാണ്യവിളകൾ വ്യാപിക്കാൻ ഇടയാക്കുകയും ചെയ്തു. റബ്ബറിൽ നിന്നും ലഭിക്കുന്ന വർദ്ധിച്ച ആദായവും നെൽകൃഷിയുടെ നഷ്ടവും കാരണം നെൽപ്പാടങ്ങൾ ഉപേക്ഷിച്ച് കർഷകർ ഓടി ഒളിക്കുകയാണ്.

അടുത്തകാലത്തുണ്ടായ ജനമുന്നേറ്റമായിരുന്നു സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനം. സമ്പന്നമായ സാംസ്കാരിക പൈതൃകമുള്ള ഈ പഞ്ചായത്തിനെ അടിമുടി ഉണർത്താൻ ഇത് ഉപകരിച്ചു. വനികളുടെ മേഖലയിൽ കാര്യമായ ചരിത്രം അവകാശപ്പെടാനില്ലായിരുന്ന ഈ പ്രദേശത്തുണ്ടായ വനിതാമുന്നേറ്റമായിരുന്നു സാക്ഷരതാ പ്രസ്ഥാനം.

ജീവിതത്തിന്റെ സമസ്തമേഖലയിലും വന്നുഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതികളെ കണ്ടില്ലെന്ന് നടിച്ചാൽ പരിവർത്തനത്തിന്റേതെന്ന് അവകാശപ്പെടുന്ന ഈ ലോകവും, കാലവും ചരിത്രത്തിന്റെ മറവികളിലേക്ക് ആണ്ടുപോകും. ഈ വെല്ലുവിളിയെ നേരിടാൻ ജനകീയ ആസൂത്ര പ്രസ്ഥാനത്തിന് കഴിയണം.

1953-ൽ പുല്ലമ്പാറ പഞ്ചായത്ത് രൂപീകൃതമായപ്പോൾ സ്വന്തമായി കെട്ടിടം ഇല്ലായിരുന്നതിനാൽ പേരുമല കുട്ടൻപിള്ളയുടെ കടയിലാണ് പ്രവർത്തിച്ചിരുന്നത്.

ആദ്യപ്രസിഡന്റ് ശ്രീ. വയ്യക്കാവ് കൃഷ്ണപിള്ളയും എക്സിക്യൂട്ടീവ് ഓഫീസർ, എൻ ചന്ദ്രശേഖരൻ നായരുമായിരുന്നു. ഈ ഗ്രാമത്തിൽ അലോപ്പതി ചികിത്സ കിട്ടാതിരുന്നതിനാൽ രോഗികൾ, നെടുമങ്ങാട്ടോ, വാമനപുരത്തോ പോകാണമായിരുന്നു. പഞ്ചായത്ത് ഭരണ സമിതി യംഗങ്ങളും പുല്ലമ്പാറ കുഞ്ഞുകൃഷ്ണപിള്ളയും അന്നത്തെ ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എ. എ. റഹീമിനെ കണ്ടപ്പോൾ സ്ഥലവും കെട്ടിടവും നൽകാമെങ്കിൽ അലോപതി ഡിസ്പൻസറി അനുവദിക്കാമെന്നറിയിച്ചു.

ശ്രീ. ആനക്കുഴി അഹമ്മദുപിള്ള മരുതുംമൂട്ടിൽ സംഭാവന ചെയ്ത സ്ഥലത്ത് നാട്ടുകാർ കെട്ടിടം നിർമ്മിച്ച് നൽകുകയും ബഹു. മന്ത്രി ശ്രീ. എ. എ. റഹീം 1954-ൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. 1965-ൽ ടി സ്ഥാപനം തേമ്പാംമൂട് വാർഡിൽ ഉൾപ്പെട്ട ആനക്കുഴിയിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. അതിനുവേണ്ടി സ്ഥലം സംഭാവന ചെയ്തതും ആനക്കുഴി ശ്രീ. അഹമ്മദ് പിള്ളയായിരുന്നു.

നമ്മുടെ ഗ്രാമത്തിൽ ഒരു ചന്ത സ്ഥാപിച്ചുകിട്ടണമെന്ന ജനങ്ങളുടെ അഭിലാഷം കണക്കിലെടുത്ത് പഞ്ചായത്ത് കമ്മിറ്റി, മരുതുംമൂട്ടിലെ വണ്ടിത്തടം ഷാഹുൽ ഹമീദിൽനിന്നും 50 സെൻറ് സ്ഥലം വിലയ്ക്കുവാങ്ങി ചന്ത സ്ഥാപിച്ചു. ഇന്ന് ഗ്രാമത്തിന്റെ പല ഭാഗങ്ങളിലുമായി 5 ചന്തകൾ പ്രവർത്തിച്ചുവരുന്നു.

1960-ലാണ് സ്വന്തമായി ഓഫീസ് കെട്ടിടത്തിന് ശ്രമിച്ചത്. തേമ്പാംമൂട് മേക്കുംകര പുത്തൻവീട്ടിൽ ശ്രീ. കൊച്ചു ഹമ്മദ് പിള്ള സംഭാവന ചെയ്ത 25 സെൻറ് സ്ഥലത്ത് ജനങ്ങൾ സ്വരൂപിച്ച ഫണ്ട് ഉപയോഗിച്ചാണ് പഞ്ചായത്ത് സമിതി കെട്ടിടം നിർമ്മിച്ച് പ്രവർത്തിച്ചു വരുന്നത്.

പ്രാഥമിക വിദ്യാഭ്യാസം കടന്ന് ചെയ്യാതിരുന്ന പാണയത്ത്, ശ്രീ. നാരായണപിള്ള സംഭാവന ചെയ്ത 50 സെൻറ് സ്ഥലത്ത്, പഞ്ചായത്ത് കമ്മിറ്റി ഒരു എൽ. പി. സ്കൂൾ നിർമ്മിച്ച് പ്രവർത്തിച്ചുവരുന്നു.

1977ലെ പഞ്ചായത്ത് പുനഃസംവിധാനത്തോടുകൂടി, ഈ ഗ്രാമത്തിന്റെ ഭാഗങ്ങളായിരുന്ന മീതൂരും, മേലാറ്റുമൂഴിയും വാമനപുരത്തിന് വിട്ടുകൊടുക്കേണ്ടിവന്നു.

1977-ൽ പഞ്ചായത്ത് ഭരണ സമിയുടെ ശ്രമഫലമായി വെള്ളുമണ്ണടി വാർഡിൽ ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കപ്പെട്ടു.

തിരു - കൊച്ചി സംസ്ഥാനത്ത് ആദ്യമായി നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജനങ്ങൾ ആവേശത്തോടെയാണ് സമ്മതിദാനാവകാശം രേഖപ്പെടുത്തിയത്.

1953-ലെ ഭരണ സമിതി അംഗങ്ങളും വാർഡുകളും.

1.	മേലാറ്റുകുഴി	:	കൃഷ്ണപ്പണിക്കർ
2	മീതൂർ	:	ഗംഗാധരൻപിള്ള
3.	പേരുമല	:	നാരായാണവൈദ്യർ
4.	പുല്ലമ്പാറ (ദ്വയാഗം)	:	വയ്യക്കാവ് കൃഷ്ണപിള്ള, ഗോപാലൻ
5.	മുക്കുടിൽ	:	അഹമ്മദ്പിള്ള
6.	പാലാംകോണം	:	മുഹമ്മദ് ഹനീഫ്

പ്രസിഡന്റ്:
വയ്യക്കാവ് കൃഷ്ണപിള്ള
വൈ. പ്രസിഡന്റ്
മുഹമ്മദ് ഹനീഫ്

1964-ലെ ഭരണസമിതി

1.	മീതൂർ	:	കൃഷ്ണപിള്ള
2.	മേലാറ്റുമൂഴി	:	നാണുപ്പണിക്കർ
3.	വെള്ളുമണ്ണടി	:	കൃഷ്ണപ്പണിക്കർ
4.	പേരുമല	:	മുഹമ്മദ് അബ്ദുർഖാദർ
5.	പുല്ലമ്പാറ	:	ഗാന്ധിമാധൻപിള്ള
	ദ്വയാഗം	:	ഇന്ദ്രത്മജൻ
6	മുക്കുടിൽ	:	പി. എസ്. ശങ്കർ
7.	തേമ്പാംമൂട്	:	എ അഹമ്മദ്പിള്ള
8	പാലാംകോണം	:	മുഹമ്മദ് ഹനീഫ

പ്രസിഡൻറ് പി. എസ്. ശങ്കർ
വൈസ് പ്രസിഡൻറ്:
മുഹമ്മദ് ഹനീഫ്
നോനിനേറ്റഡ്
അംഗം: പൊന്നമ്മ

1981-ലെ ഭരണ സമിതി

1.	വെള്ളുമണ്ണടി	:	സദാശിവൻ
2.	പേരുമല	:	കുറ്റിമൂട് വിജയൻ
3.	പുല്ലമ്പാറ	:	മണിയൻ
4.	ചുള്ളാളം	:	രാധമ്മ
5.	പാണയം	:	സൈനുലാബ്ദ്ദീൻ
6.	മുക്കുടിൽ	:	പി. എസ്. ശങ്കർ
7.	തേമ്പാംമൂട്	:	എ അഹമ്മദ്പിള്ള
8.	ആട്ടുകാൽ	:	മുഹമ്മദ്കുഞ്ഞ്
9.	പാലാംകോണം	:	വി. ഭാർഗ്ഗവൻ

പ്രസിഡൻറ്:
കുറ്റിമൂട് വിജയൻ
വൈസ് പ്രസിഡൻറ്:
സൈനുലാബ്ദ്ദീൻ

1989-ലെ ഭരണസമിതി

1.	വെള്ളുമണ്ണടി	:	ബി. ശോഭന
2.	പേരുമല	:	കുറ്റിമൂട് വിജയൻ
3.	പുല്ലമ്പാറ	:	എം മണിയൻ
4.	ചുള്ളാളം	:	കൃഷ്ണപിള്ള
5.	കുന്നൻവേങ്ങ	:	ഷാഹുൽഹമീദ്
6	പാണയം	:	ജി. അശോക് കുമാർ
7	മുക്കുടിൽ	:	എം. എസ്. കുമാർ
8	തേമ്പാംമൂട്	:	ജമീലാബീവി
9	ആട്ടുകാൽ	:	മുഹമ്മദ് കുഞ്ഞ്ലബ്ബു
10	പാലാംകോണം	:	വി. ഭാർഗ്ഗവൻ.

പ്രസിഡൻറ്:
കുറ്റിമൂട് വിജയൻ
വൈസ് പ്രസിഡൻറ്:
വി. ഭാർഗ്ഗവൻ.





④
ഭൂപ്രകൃതി ജലവിഭവം മനുഷ്യവിഭവം

പഞ്ചായത്തിന്റെ ഒത്ത നടുവിൽ ഭീമസ്തംഭം പോലെ തല ഉയർത്തി നിൽക്കുന്ന വേങ്കമലയെ ചുറ്റി ചെറുതും വലുതുമായ 15 മലകൾ, താഴ്വരകൾ, തോടുകൾ, വയലേലകൾ, വടക്കേ അതിരിലൂടെ ഒഴുകുന്ന വാമനപുരം നദി അതിന്റെ പോഷക നദിയായ ചിറ്റാർ തുടങ്ങിയ ഭൂപ്രകൃതി പ്രദേങ്ങളടങ്ങിയതാണ് ഈ ഗ്രാമം. പടിഞ്ഞാറ് നിന്നും കിഴക്കോട്ടു പോകുന്തോറും ഉയരം കൂടി വരുന്ന ഈ മേഖലകളിൽ ഭൂരിഭാഗവും ചരിവുകളാണ്. വടക്ക് വാമനപുരം നദി, വടക്ക് കിഴക്ക് നന്ദിയോട്, കിഴക്ക് പനവൂർ, തെക്ക് മാണിക്കൽ, പടിഞ്ഞാറ് നെല്ലനാട് എന്നി പഞ്ചായത്തുകൾ ഈ ഗ്രാമത്തിന് അതിരിടുന്നു. വാമനപുരം നദിയിൽ, ശാന്തി നഗറിന് സമീപം പ്രകൃതിരമണീയമായ വെള്ളച്ചാട്ടം ഈ നാടിനെ സമ്പുഷ്ടമാക്കുന്നു. പഞ്ചായത്തിൽ ഏറ്റവും ഉയരംകൂടിയ വേങ്കമല, പ്രസിദ്ധമായ ഒരു തീർത്ഥാടന കേന്ദ്രമാണ്.

ഭൂപ്രകൃതി അനുസരിച്ച് ഭൂവിഭാഗങ്ങളെ അഞ്ചായിത്തിരിക്കാം. ഉയർന്ന പീഠഭൂമി, താഴ്വരകൾ, നദീതീരം, ചരിവ്തലം, സമതലപ്രദേശം എന്നിവയാണവ.

പഞ്ചായത്തിന്റെ പടിഞ്ഞാറേ ഭാഗം രണ്ട് വാർഡുകൾ അടങ്ങുന്ന സമതലപ്രദേശവും വടക്കേ അതിർത്തി പുഴയുടെ തീരപ്രദേശവുമാണ്. മറ്റെല്ലാവാർഡുകളും കുന്നുകളും താഴ്വരകളും അടങ്ങിയ പ്രദേശവും.

മൺതരങ്ങളിൽ ഏറിയകൂറും ലാറ്ററേറ്റ മണ്ണും വടക്ക് ഭാഗങ്ങളിൽ മണൽ മണ്ണും കിഴക്കൻ മലകളിൽ നേരിയതോതിൽ ചരൽകലർന്ന ചെമ്മണ്ണും കാണപ്പെടുന്നു.

ക്രമ നം.	ഭൂപ്രകൃതി	വിസ്തീർണ്ണം (ഹെക്ടർ)	%
1	ഉയർന്ന പീഠഭൂമി	316.03	12.2
2	താഴ്വരകൾ നദീതീരം വയലുകൾ	606.17	23.4
3	ചരിവുകൾ	1357.41	52.4
4	സമതലം	310.86	12.0
	ആകെ	2590.47	100.00

പഞ്ചായത്തിലെ ഭൂപ്രകൃതി പ്രദേശങ്ങളിൽ ഏറെയുള്ളത് കുന്നിൻ ചരിവുകളാണ്.

പ്രധാനപ്പെട്ട കുന്നുകൾ:

വാർഡ് 1	പുലയർ കുന്ന്, ഓലിക്കര
വാർഡ് 2	അയ്യമ്പാറ
വാർഡ് 3	ചെമ്മണ്ണുംകുന്ന്, വാലിക്കുന്ന്, കുഞ്ഞായിരവല്ലി
വാർഡ് 4	മുണ്ടൻ തടിക്കാട്, തെള്ളിക്കച്ചൽ, നെടുവേലിപ്പാറ
വാർഡ് 5	ഭാഗവതികോണം
വാർഡ് 6	ധൂളിക്കുന്ന്, പാണയം
വാർഡ് 7	വേങ്കാട്, വേങ്കമല
വാർഡ് 8	പാവരോട് കുന്ന്, വാലിപ്പാറ
വാർഡ് 9	തേവരുകുന്ന്

കാലാവസ്ഥ

കേരളത്തിലെ പതിമൂന്ന് കാർഷിക കാലാവസ്ഥാ മേഖലകളിൽ തെക്കൻ ഇടനാട്, കാർഷിക കാലാവസ്ഥാ മേഖലയിലാണ് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

മാസം	മഴ മി. മീറ്റർ
ജനുവരി	0
ഫെബ്രുവരി	5.9
മാർച്ച്	27.3
ഏപ്രിൽ	113.8
മേയ്	190.6
ജൂൺ	330.2
ജൂലൈ	330.2
ആഗസ്ത്	61.2
സെപ്തംബർ	55.8
ഒക്ടോബർ	324.0
നവംബർ	466.2
ഡിസംബർ	103.8

പഞ്ചായത്തിലെ വാർഷിക വർഷപാതം 2095.7ഉം സംസ്ഥാന ശരാശരി 3062 മില്ലിമീറ്ററും ആണ്. സംസ്ഥാന ശരാശരിയോടടുത്ത് മഴ ലഭിക്കുന്നുണ്ടെങ്കിലും താരതമ്യേന ചരിവുകൾ കൂടുതലുള്ള പ്രദേശമായതിനാൽ പെയ്യുന്ന മഴവെള്ളം മുഴുവനും ഒഴികിപ്പോകുന്നു.

ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലും ഒക്ടോബർ, നവംബർ മാസങ്ങളിലുമാണ് ഇടപ്പാതി മഴയേക്കാൾ കൂടുതൽ തുലാവർഷം ലഭിക്കുന്നു. മിക്കവാറും എല്ലാ മാസങ്ങളിലും ഇടമഴകൾ ലഭിക്കാറുണ്ട്. ഏപ്രിൽ മേയ് മാസങ്ങളിൽ കടുത്ത വരൾച്ച അനുഭവപ്പെടുന്നു. പഞ്ചായത്തിന്റെ പലപ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സമയമാണിത്. ഡിസംബർ മുതൽ ഫെബ്രുവരി വരെ മഞ്ഞുകാലവും മാർച്ച്- ഏപ്രിൽ - മേയ് മാസങ്ങൾ വേനലും ജൂൺ - ജൂലൈ മാസങ്ങൾ മഴക്കാലവും മറ്റു മാസങ്ങൾ താരതമ്യേന സമശീതോഷ്ണ കാലാവസ്ഥയുമാണ്. 5 വർഷക്കാലത്തെ ശരാശരി താപനില പട്ടികയിൽ കൊടുക്കുന്നു.

മനുഷ്യവിഭവം

പഞ്ചായത്തിലെ ജനസംഖ്യ 21673 ആണ് (1991-ലെ സെൻസസ്) 10682 പുരുഷൻമാരും 10991 സ്ത്രീകളുമുണ്ട്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 837 ആണ്. ആകെ വീടുകളുടെ എണ്ണം 4544 ഉം ശരാശരി വിടൊന്നിന് 4.8 ആളുകൾ വീതവുമുണ്ട്. 6 വയസ്സിനു താഴെ 2898 പേരുള്ളതിൽ 1498 ആൺകുട്ടികളും 1400 പെൺകുട്ടികളുമാണ് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 1912 പുരുഷൻമാരും 1967 സ്ത്രീകളുമാണുള്ളത്. ജനങ്ങളിൽ 84.3% പേർ സാക്ഷരരാണ് സമ്പൂർണ സാക്ഷരതായജ്ഞത്തിനു മുമ്പ് സാക്ഷരത 75 ആയിരുന്നു. ജനസംഖ്യ വിവരം വാർഡ് അടിസ്ഥാനത്തിൽ പട്ടികയിൽ കൊടുക്കുന്നു.

ആകെയുള്ള 10,991 സ്ത്രീകളിൽ 1400 പേർ ആറുവയസ്സിനു താഴെയുള്ള പെൺകുട്ടികളാണ്. ബാക്കിയുള്ള 8039 പേർ തൊഴിൽ രഹിതരാണ്. അത് മൊത്തം സ്ത്രീകളുടെ 73% വരും.

മേൽക്കാണിച്ച സ്ഥിതിവിവരക്കണക്കു പ്രകാരം പഞ്ചായത്തിൽ വളരെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നമാണ് കാണുന്നത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ശക്തമായ ശ്രമങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

ജലവിഭവങ്ങൾ

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലുള്ള വാമനപുരം പുഴ, 6 കുളങ്ങൾ, 32 തോടുകൾ, നിരവധി നീരുറവകൾ എന്നിവ പഞ്ചായത്തിന്റെ ജലവിഭവങ്ങളിൽപ്പെടുന്നു. വാമനപുരം നദിയുടെ പോഷക നദിയായ ചിറ്റാർ, മീൻമൂട് തോട് ചുണ്ടാളംതോട് എന്നിവ വർഷം മുഴുവൻ ജല സമൃദ്ധമാണ്. ഉറവകൾ ഏറെയുണ്ടെങ്കിലും ആ വക പ്രദേശത്തുള്ള അനിനിയന്ത്രതമായ കയ്യേറ്റം അവയുടെ വിഭവശേഷിയെ ബാധിക്കുന്നു.

ശരാശരി അന്തരീക്ഷ താപനില

ഡിഗ്രി സെൽഷ്യസിൽ

		ജനു	ഫെബ്രു	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗ.	സെപ്തം.	ഒക്ടോ.	നവം.	ഡിസം.
1990	കൂടിയ താപ നില	32.1	33.2	33.5	33.6	31.4	30.0	29.5	30.0	31.6	31.0	30.3	32.6
	കുറഞ്ഞ താപ നില	21.6	23.2	24.5	26.1	24.5	24.0	22.7	23.5	23.7	23.7	23.4	24.3
1991	കൂടിയ താപ നില	32.5	32.9	33.4	33.8	33.7	29.2	29.5	29.7	31.9	30.1	30.9	31.8
	കുറഞ്ഞ താപ നില	22.6	22.4	24.9	25.3	25.9	23.7	23.5	23.1	23.9	21.1	23.2	22.6
1992	കൂടിയ താപ നില	31.7	31.8	33.1	33.5	32.3	30.0	29.5	29.3	30.3	30.1	30.4	32.1
താപ	കുറഞ്ഞ നില	21.7	22.9	23.4	25.8	24.9	24.3	23.0	23.4	23.6	23.3	23.1	22.4
1993	കൂടിയ താപ നില	31.7	32.3	33.3	33.3	32.7	31.1	29.0	30.3	31.7	30.1	30.0	30.7
	കുറഞ്ഞ താപ നില	21.5	22.6	24.2	25.1	25.2	24.1	22.5	23.5	23.5	23.3	23.0	23.0
1994	കൂടിയ താപ നില	32.1	32.2	33.1	33.0	32.6	30.6	29.9	30.1	31.3	30.2	31.3	32.8
	കുറഞ്ഞ താപ നില	22.6	23.2	23.7	24.7	25.4	23.5	23.0	23.1	23.5	23.1	23.3	22.4

ജനസംഖ്യാ വിവരം വാർഡ് തലത്തിൽ


				പട്ടിക ജാതി			പട്ടിക വർഗം			
വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	വീടുകൾ
1	1193	1291	2484	172	199	371	-	-	-	547
2	882	932	1814	139	143	282	-	-	-	384
3	1291	1363	2654	282	318	600	-	-	-	544
4	1295	1372	2667	132	136	268	-	-	-	570
5	665	650	1315	63	59	122	1		1	273
6	667	694	1361	165	174	339	3	3	6	296
7	1117	1070	2187	232	222	454	35	29	64	475
8	1428	1422	2850	324	328	652	-	-	-	551
9	1010	1022	2036	266	241	507	-	-	-	413
10	1134	1171	2305	137	147	284	-	-	-	491
ആകെ	10682	10991	21673	1912	1967	3879	39	32	71	4544

പഞ്ചായത്തിലെ വറ്റാത്ത തോടുകൾ

ന.	പേര്	വിശദാംശം	ഏകദേശം
1	ചിറ്റാർ	പനവൂർ പഞ്ചായത്തിൽ നിന്നാരംഭിച്ച പാണയം വാർഡിലൂടെ ഒഴുകി വാമനപുരം നദിയിൽ ചേരുന്നു.	2 കി.മീ.
2.	മീൻമൂട് തോട്	തേന്പാംമൂട് വാർഡിൽനിന്നാരംഭിച്ച് മൂന്നാം വാർഡിലൂടെ ഒഴുകി വാമനപുരം നദിയിൽ ചേരുന്നു.	8 കി. മീ.
3	ചുണ്ടാളം തോട്	5-ാം വാർഡിൽ നിന്നാരംഭിച്ച് 4-ാം വാർഡിലൂടെ ഒഴുകി മീൻമൂടി തോടിൽ ചേരുന്നു.	5 കി. മീ.

വിശുദ്ധമേഖലകൾ

5



5.1

കൃഷി-ജലസേചനം

ചെറുതും ചെറുതുമായ പതിനാറ് മലകളും നിരവധി താഴ്വരകളും പടിഞ്ഞാറ്ഭാഗത്തെ സമതലപ്രദേശങ്ങളും വടക്കേ അതിർത്തിലെ വാമനപുരം നദീതീരവും ചേർന്ന പുല്ലമ്പാറ പഞ്ചായത്ത്പ്രദേശം പൂർണമായും ഒരു കാർഷികമേഖലയാണ്. പഞ്ചായത്തിന്റെ ഏകദേശം മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന വേങ്കമലയാണ് ഏറ്റവും ഉയരം കൂടിയപ്രദേശം.

മൊത്തം ഭൂഉടമസ്ഥരിൽ 51 പേർ 25 സെന്റിന് താഴെ മാത്രം കൃഷിഭൂമിഉള്ളവരാണ്. ഭൂഉടമസ്ഥതയെ സംബന്ധിച്ച വിശദവിവരം പട്ടിക - I

പട്ടിക. I

നമ്പർ	ഭൂപരിധി	ഉടമസ്ഥരുടെ എണ്ണം
1	1 മുതൽ 10 സെന്റ് വരെ	6000
2	11 മുതൽ 25 സെന്റ് വരെ	4800
3	25 മുതൽ 50 സെന്റ്	4200
4	50 മുതൽ 1 ഏക്കർ വരെ	3500
5	1 ഏക്കർ മുതൽ 2 ഏക്കർ വരെ	2000
6	2 " " 5 " "	700
7	5 ഏക്കറിനു മുകളിൽ	100

അവലംബം: റവന്യൂ സെറ്റിൽമെന്റ് രേഖ

പഞ്ചായിന്റെ ശരാശരി ഭൂനിരപ്പ് 26.5 സെന്റും സംസ്ഥാനത്തിന്റേത് 17.29 സെന്റുമാണ്. തെക്കൻ ഇടനാട് കാർഷിക കാലാവസ്ഥാ മേഖലയിലാണ് ഈ പ്രദേശം സ്ഥിതിചെയ്യുന്നത്. കാൽ നൂറ്റാണ്ട് മുൻപ് വരെ നെല്ലും തെങ്ങുമായിരുന്നു മുഖ്യവിളകൾ. തവളക്കണ്ണൻ, പൊന്നൻ, ചുട്ടരി, പൊക്കാളിയൻ, പെരുവെള്ള, കുറ്റിച്ചോറടി തുടങ്ങിയ വിത്തിനങ്ങളായിരുന്നു വ്യാപകമായി കൃഷിചെയ്തിരുന്നത്. മൂപ്പുകൂടിയ കുറ്റിച്ചോറാടിയും മൂപ്പുകുറഞ്ഞ മറ്റിനങ്ങളും ചേർത്ത് ഒരുമിച്ചു വിതക്കുകയും രണ്ടു തവണവിളവെടുക്കുകയും ചെയ്യുന്നു. പഴമൂട് കൃഷിസമ്പ്രദായം അടുത്തകാലം വരെ നിലനിന്നിരുന്നു. വയലുകളിൽ കൃഷിചെയ്തിരുന്നതോടൊപ്പം പുരയിടങ്ങളിൽ മലവിളനെൽകൃഷിയും വ്യാപകമായിരുന്നു. മേൽപറഞ്ഞ വിത്തിനങ്ങളിൽ ഒട്ടുമുക്കാൽ ഇനങ്ങൾക്കും വംശനാശം സംഭവിച്ചിരിക്കുന്നു.

പറമ്പുകളിൽ തെങ്ങിനോടൊപ്പം കമുക് കുരുമുളക് എന്നിവയും വ്യാപകമായ തോതിൽ കൃഷിചെയ്തിരുന്നു. വയലോരങ്ങളിലും പുരയിടങ്ങളിലും ചേന, ചേമ്പ്, കാച്ചിൽ, ചെറുവള്ളി കൂർക്ക, മധുരകിഴങ്ങ്, പയർ, എള്ള്, ഉഴുന്ന് തുടങ്ങിയ പയർ വിളകളും കൃഷി ചെയ്തിരുന്നു. കാർഷികോല്പന്നങ്ങൾ വിറ്റഴിച്ചിരുന്നത് വെഞ്ഞാറമൂട്, നെടുമങ്ങാട്, കടയ്ക്കൽ, തുടങ്ങിയ വിദൂര സ്ഥലങ്ങളിലായിരുന്നു. കാളവണ്ടികളിലാണ് അവ മാർക്കറ്റിലെത്തിച്ചിരുന്നത്.

വയലേലകളുടെ സമീപത്തുകൂടിയുള്ള തോടുകളുടെ സംരക്ഷണം പൂർണ്ണമായും അതാതുപ്രദേശത്തെ ജനങ്ങൾക്കുതന്നെയായിരുന്നു. തോടുകൾ ചെളികോരി

വൃത്തിയാക്കുക , സംരക്ഷിത വൃഷങ്ങൾ നട്ട് പരിപാലിക്കുക തുടങ്ങിയവ അതാതുപ്രദേശത്തെ കർഷകരുടെ ചുമതലയിലായിരുന്നു നടത്തിയിരുന്നത്.ജൈവ വസ്തുക്കൾ ഉപയോഗിച്ചുള്ള ബണ്ടുകൾ സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ച് ജലസേചന സൗകര്യം ഒരുക്കിയിരിക്കുന്നു. ജൈവവളങ്ങൾ സുലഭമായിരുന്നതിനാൽ വ്യാപകമായി ഉപയോഗിച്ചിരുന്നു. 1970നോടടുത്താണ് രാസവളങ്ങൾ പ്രാബല്യത്തിൽ വരുന്നത്.

നെൽക്കൃഷി ലാഭകരമല്ലാതായതോടെ നെൽവയലുകൾ നികത്താനാരംഭിച്ചു. റബ്ബർ, തെങ്ങ് മുതലായ വിളകൾ വയലുകളിൽ സ്ഥാനം പിടിച്ചതിന്റെ ഫലമായി നെല്ലുൽപ്പാദനം കുത്തനെ ഇടിയാൻ തുടങ്ങി. ഭക്ഷ്യോൽപ്പാദന മേഖലയിൽ മാത്രമല്ല, മൃഗസംരക്ഷണ പരിസ്ഥിതി മേഖലകളിലും പ്രത്യാഘാതങ്ങൾക്ക് വയലുകളുടെ നഷ്ടം വഴിവെച്ചു. നിയന്ത്രണമേതുമില്ലാതെ പാടം നികത്തൽമൂലം വടയാനിക്കോണം, ആട്ടുകാൽ ഏല, വയ്യക്കാവിന്റെ കിഴക്കുവശം പാരയ്ക്കപ്പാറ തുടങ്ങിയ വിവിധ പ്രദേശങ്ങളിൽ വെള്ളക്കെട്ട് അനുഭവപ്പെട്ടു തുടങ്ങി. വെള്ളുമണ്ണടി വാർഡിലെ കരിച്ച, കല്ലിയോട്, വെള്ളുമണ്ണടിമൂഴി എന്നിവിടങ്ങളിലെ വയലുകൾ ഇഷ്ടിക നിർമ്മാണാവശ്യങ്ങൾക്ക് ഉപയോഗിച്ചതിന്റെ ഫലമായി വേനലിൽ സമീപ കിണറുകളിലെ ജലവിതാനം താഴുകയും മഴക്കാലത്ത് വാമനപുരം നദി ഗതിമാറിയൊഴുകാനും കാരണമാകുന്നുണ്ട്.

1953ൽ മൊത്തം നെൽവയലുകളുടെ വിസ്തൃതി 270 ഹെക്ടർ ആയിരുന്നു. ഇത് മൊത്തം ഭൂമിയുടെ 11 ശതമാനമാണ്. ഇപ്പോൾ 55 ഹെക്ടർ സ്ഥലമാണുള്ളത്. 215 ഹെക്ടർ നികത്തപ്പെട്ടു. അവശേഷിക്കുന്നത് ഭൂവിസ്തൃതിയുടെ രണ്ട് ശതമാനം മാത്രമാണ്.

കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ലഭ്യതക്കുറവ്, മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യേണ്ടി വരുന്നതുകൊണ്ടുണ്ടാകുന്ന നഷ്ടം രാസവളം, കീട നാശിനികളുടെ വിലക്കൂടുതൽ, കർഷക തൊഴിലാളികളുടെ വേതന നിരക്കിലുണ്ടായ വർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ നെൽകൃഷിയോടുള്ള താൽപ്പര്യം കുറയുകയും നിരന്തര ശ്രദ്ധ ആവശ്യമില്ലാത്ത റബ്ബർ, തെങ്ങ് തുടങ്ങിയ കാർഷിക വിളകളിലേക്ക് കർഷകശ്രദ്ധ തിരിയുകയും ചെയ്തു. നെൽവയലുകൾ നികത്തിയതോടെ ഇടക്കാല വിളകളായ പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപ്പാദനവും ഗണ്യമായിക്കുറഞ്ഞു. പറമ്പുകളിൽ ഈ കൃഷികൾ വ്യാപകമായതുമില്ല.

പുരയിട കൃഷിയിൽ താരതമ്യേന കുറഞ്ഞ പരിചരണം മാത്രം ആവശ്യമുള്ള വിളകളാണ് നിലവിലുള്ളത്. വിദ്യാഭ്യാസം നൽകിയ വികലമായ അവബോധവും കാർഷക വൃത്തിക്ക് സമൂഹത്തിൽ മാന്യത ലഭിക്കാത്തതും യുവജനങ്ങളെ കാർഷിക വൃത്തിയിൽ നിന്നകറ്റി. കാർഷിക മേഖലയിലെ ഉത്സവമായിരുന്ന ആട്ടുകാല ഏലായിലെ മരമടി മൽസരം ഇപ്പോൾ നടക്കാറില്ല. കർഷകർക്ക് അംഗീകാരവും പ്രോത്സാഹനവും ലഭിച്ചിരുന്ന മരമടി മൽസരവും പുനരുജ്ജീവിപ്പിക്കേണ്ടതാണ് ആവശ്യമാണ്. പാഠശേഖര സമിതികളുടെ നേതൃത്വത്തിൽ ഇതുപോലുള്ള കാർഷികോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനു ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ പ്രോത്സാഹനവും പ്രചരണവും നൽകേണ്ടതുണ്ട്.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ വിസ്തൃർണ്ണം 2590.48 ഹെക്ടറാണ്. ഉയർന്ന പ്രദേശം, ചരിവുകൾ, താഴ്വരകൾ, സമതല പ്രദേശങ്ങൾ, പുഴ എന്നിവയാണ് പ്രധാന ഭൂപ്രകൃതി പ്രദേശങ്ങൾ. വിശദാംശങ്ങൾ പട്ടിക - 2ൽ

പട്ടിക - 2

നമ്പർ	ഭൂപ്രകൃതി	വിസ്തൃതി (ഹെക്ടറിൽ	%
1	നദീതീരം	36.27	1.4
2	താഴ്വരകൾ	569.9	22
3	ഉയർന്ന പ്രദേശം	316.0	12.2
4	ചരിവ്	1357.41	52.4
5	സമതലം	310.86	12
	ആകെ	2590.47	100

അവലംബം - പഠനപര്യടനം

കുന്നിൻ പ്രദേശങ്ങളിലും സമതലങ്ങളിലും ലാറ്ററേറ്റ് മണ്ണും നദീതീരത്ത് മണൽമണ്ണും താഴ്വരകളിൽ അലൂവിയൽ മണ്ണുമാണ് കാണപ്പെടുന്നത്. കിഴക്കൻ പ്രദേശങ്ങളിൽ ചരൽ കലർന്ന കരിമണ്ണ് നേരിയ തോതിലുണ്ട്. ഭൂവി

നിയോഗം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - 3

നമ്പർ	ഭൂവിനിയോഗം	വിസ്തൃതി (ഹെക്ടറിൽ)	%
1	നെല്ല്	55	2
2	തെങ്ങ്	720	26.04
3	റബ്ബർ	1079	40
4	മിശ്രിത വളങ്ങൾ	503	19.2
5	കശുമാവ്	39	1.4
6	സുഗന്ധ വിളകൾ	300	11
7	കൃഷിയോഗ്യമായ തരിശ്	10	0.36

അവലംബം - കൃഷിഭവൻ രേഖ

ആകെ കൃഷിഭൂമിയുടെ പകുതിയോളം റബ്ബർ കൃഷിയാണ്. ആട്ടുകാല, അയ്യമ്പാറ, ഏറത്തു വയൽ, ചേപ്പിലോട്, പാണയം, പാലാംകോണം പ്രദേശങ്ങളിലാണ് നെൽകൃഷിയുള്ളത്. അവയിൽ തന്നെ ഏലായുടെ കോണുകൾ നികത്തിവരുന്നു. ഇത് വ്യാപകമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഇടയാകുന്നുണ്ട്. 1980 കാലത്ത് പറമ്പുകളിൽ കൊക്കോ കൃഷി വ്യാപകമായി ചെയ്തുവന്നിരുന്നുവെങ്കിലും വിപണി ലഭിക്കാത്തതുമൂലം കർഷകർ തന്നെ അവ കൂട്ടത്തോടെ വെട്ടിനശിപ്പിക്കുകയുണ്ടായി. ഇപ്പോൾ നാമമാത്രമായിട്ടേ കൊക്കോ കൃഷി നിലവിലുള്ളു.

നെൽകൃഷി

നെൽകൃഷിക്ക് വ്യാപകമായി സങ്കരയിനം വിത്തുകളാണ് ഉപയോഗിക്കുന്നത്. ഒന്നും രണ്ടും വിളകളിലായി 55 ഹെക്ടറിൽ നിന്ന് 198000 കി.ഗ്രാം നെല്ല് ലഭിക്കുന്നതായി കൃഷിഭവൻ രേഖകൾ കാണിക്കുന്നു. നെല്ലിന്റെ സംസ്ഥാന ഉൽപ്പാദനക്ഷമത ഹെക്ടറിന് 2019 കി. ഗ്രാം ആയിരിക്കേ പഞ്ചായത്തിലേത് 1800 കി. ഗ്രാം. ആണ് കൂട്ടുകൃഷി സമ്പ്രദായം ഏർപ്പെടുത്തുകയും സാങ്കേതിക ഘടകങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്താൽ നെൽകൃഷി ലാഭകരമാക്കാൻ കഴിയുമെന്നാണ് സൂചന.

രണ്ടാംവിളയ്ക്കുശേഷം ദൂരിഭാഗം വയലുകളും തരിശ് ഇടുകയാണ്. പതിവ് ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത കാരണം പാണയം, ചേപ്പിലോട്, അയ്യമ്പാറ, പാലാംകോണം, ആട്ടുകാല ഏലാകളിൽ ഇടക്കാല വിളകൾ കൃഷിചെയ്യാൻ കഴിയുന്നില്ല. മുഖ്യ ഇടവിളകൾ പട്ടിക 5ൽ.

പട്ടിക - 5

നമ്പർ	വിളകൾ	വിസ്തീ ഹെക്ടർ	മൊത്തം ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത
1	പയർ	29	27720	1450Kg
2	പച്ചക്കറികൾ	18	122064	763Kg
3	വാഴ	160	720900	2670Kg
4	മരച്ചീനി	270	720900	2670Kg
5	കുരുമുളക്	300	15000	50Kg.
6	കമുക്	26	289016	11116Kg.

അവലംബം- കൃഷിഭവൻ രേഖ.

തെങ്ങ്

റബർ കഴിഞ്ഞാൽ മുഖ്യ വിളതെങ്ങാണ്. വാർഷിക ഉൽപ്പാദന ക്ഷമത 4900 എണ്ണം / ഹെക്ടർ. സംസ്ഥാന ശരാശരി 588 /ഹെക്ടർ. പഞ്ചായത്തിന്റെ വടക്കേ അറ്റമായ നദീതീരത്തും തെക്കു പടിഞ്ഞാറേ ഭാഗത്തുള്ള പാലാംകോണം ആട്ടുകാൽ പ്രദേശങ്ങളിലും തെങ്ങിന്റെ ഉൽപ്പാദന ക്ഷമത സംസ്ഥാന ശരാശരിയോടടുത്താണ്. വേണ്ട സമയത്ത് വേണ്ടത്രവെള്ളം വേണ്ടരീതിയിൽ ലഭിക്കാത്തതുകൊണ്ടും ശാസ്ത്രീയമായ പരിചരണമുറകൾ അവലംബിക്കാത്തതു കൊണ്ടുമാണ് തെങ്ങിന്റെ ഉൽപ്പാദന ക്ഷമത കുറഞ്ഞിരിക്കുന്നത്. വയൽ നികത്തിക്കൊണ്ട് കൃഷിചെയ്ത വിവിധ സ്ഥലങ്ങളിൽ വേരുചീയൽ രോഗം കണ്ടുവരുന്നു. ലീഫ് റോട്ട്, സ്റ്റെം ബ്ലീഡിംഗ് എന്നി രോഗങ്ങളും കാണുന്നുണ്ട്. രോഗബാധയുടെ വിശദവിവരം പട്ടിക 6ൽ.

പട്ടിക - 6

നമ്പർ	രോഗം	എണ്ണം
1	റൂട്ട് വിൽറ്റ്	721
2	ലീഫ് റോട്ട്	1957
3	ബഡ് റൂട്ട്	621
4	സ്റ്റെം ബ്ലീഡിംഗ്	262
	ആകെ	10761

അവലംബം - കൃഷിഭവൻ രേഖ

പഞ്ചായത്തിൽ ആകെയുള്ള 190331 തെങ്ങുകളിൽ 172844 എണ്ണം കായ്ഫലമുള്ളവയും 17487 എണ്ണം കായ്ഫലമില്ലാത്തവയുമാണ്. മൊത്തം തെങ്ങുകളുടെ 5.65 ശതമാനം വിവിധ രോഗബാധയുള്ളവയാണെന്ന് കാണുന്നു. താരതമ്യേന കൂടുതൽ രോഗങ്ങൾ കാണുന്നത് തേമ്പാംമൂട്, മുക്കുടിൽ, പാണയം വാർഡുകളിലും കുറവ് പാലാംകോണം വാർഡിലുമാണ്. ഫലപ്രദമായ രോഗനിയന്ത്രണ സംവിധാനവും രോഗബാധയുള്ള തെങ്ങുകളുടെ നശീകരണവും അടിയന്തരമായി പ്രാധാന്യമർഹിക്കുന്നു.

റബർ

1940 കാലത്താണ് പഞ്ചായത്തിൽ റബർ കൃഷി വള്ളിയറുപ്പൻ കാട് പ്രദേശത്ത് ആരംഭിച്ചത്. 1960 ഓടുകൂടി റബർ കൃഷി വ്യാപകമാക്കാൻ തുടങ്ങി. ഇപ്പോൾ മുഖ്യവിളയാണിത്. അനുകൂലമായ കാലാവസ്ഥ, ഭൂപ്രകൃതി, ശക്തമായ വിപണി എന്നിവയുടെ ഒത്തുചേരൽ റബർ കൃഷിയുടെ വളർച്ചയ്ക്ക് പ്രചോദനമായി. 1963ൽ റബർ കൃഷിയിടത്തിന്റെ വിസ്തീർണം 35 ഹെക്ടറിൽ താഴെയായിരുന്നു. ഇപ്പോൾ 1079 ഹെക്ടറിൽ റബർ കൃഷിയുണ്ട്. ഉൽപ്പാദന ക്ഷമത 806 K.g./ ഹെക്ടറാണ്. സംസ്ഥാന ശരാശരി 999 Kg./ ഹെക്ടറാണ്. സംസ്ഥാന ശരാശരിയോടടുത്ത് ഉൽപ്പാദന ക്ഷമത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിലേക്ക് റബർ കൃഷി വ്യാപിപ്പിക്കാൻ റബർബോർഡ് ശ്രമിക്കുന്നുണ്ട്. ഭക്ഷ്യവിളകൾ കൃഷിചെയ്യപ്പെടുന്ന ഇടങ്ങളിലും നിലങ്ങളിലും റബർ കൃഷി ചെയ്യാനുള്ള പ്രവണത നിതുത്സാഹപ്പെടുത്തേണ്ടതാണ്. നിലവിലുള്ള തോട്ടങ്ങളുടെ ഉത്പാദക്ഷമത വർദ്ധിപ്പിക്കുകയും തരിശു സ്ഥിലങ്ങളിൽ കൃഷിവ്യാപിപ്പിക്കുകയും ചെയ്തുകൊണ്ടു മാത്രമേ റബർ ഉദ്പാദനം വർദ്ധിപ്പിക്കാനാവൂ. സുലഭമായി ലഭിക്കുന്ന അസംസ്കൃത വസ്തുവെന്ന നിലയിൽ റബർ അധിഷ്ഠിത വ്യവസായത്തിന് പഞ്ചായത്തിൽ സാധ്യതയുണ്ട്.

വളങ്ങൾ കീടനാശിനികൾ

ജൈവ വളങ്ങൾ വ്യാപകമായി ഉപയോഗിച്ചിരുന്ന സ്ഥാനത്ത് രാസവളങ്ങളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. അമിതമായ രാസവള പ്രയോഗവും ജൈവ വളത്തിന്റെ ഉപയോഗക്കുറവും കാരണം മണ്ണിന്റെ രാസഘടനയിൽത്തന്നെ മാറ്റം സംഭവിച്ചിരിക്കുന്നു. മണ്ണ് പരിശോധനാ സംവിധാനം കാര്യക്ഷമമല്ലാത്തതും മണ്ണു പരിശോധനയുടെ ആവശ്യകത കർഷകർക്ക് ബോധ്യപ്പെടാത്തും ഇതിന് കാരണമാകുന്നുണ്ട്. കീടനാശിനികൾ പലപ്പോഴും നിർദ്ദേശിക്കപ്പെടുന്ന അളവിലല്ല ഉപയോഗിക്കുന്നത്. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തുന്ന കർഷകരിൽ പലരും കീടനാശിനി പ്രയോഗം നടത്തിയശേഷം സുരക്ഷിതമായ ഇടവേളയ്ക്കു മുമ്പുതന്നെ വിളവെടുക്കുന്നതായി പരാതിയുണ്ട്. പലപ്പോഴും ആരോഗ്യപരമായ പ്രശ്നങ്ങൾക്കും ഇത് വഴിതെളിക്കുന്നുണ്ട്. ജൈവ കീടനാശിനികളുടെ ഉപയോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണവും അവ നിർമ്മിക്കാനാവശ്യമായ പരിശീലനവും കൃഷിഭവന മുഖേന കാര്യക്ഷമമായി നടത്തേണ്ടതുണ്ട്.

പുല്ലമ്പാറ സർവ്വീസ് സഹകരണ ബാങ്കിന്റെ വളം, കീടനാശിനി വിൽപ്പന കേന്ദ്രങ്ങളും സഹകാര്യ മേഖലയിൽ അഞ്ച് വിൽപ്പന കേന്ദ്രങ്ങളുമാണ് നിലവിലുള്ളത്. 1993-94 മുതൽ 95-96 വരെയുള്ള കാലഘട്ടത്തിൽ പഞ്ചായത്തിൽ ആകെ വിറ്റഴിച്ച വളം, കീടനാശിനികളുടെ വിശദാംശം പട്ടിക 7, 8ൽ.

പട്ടിക – 7
രാസവള വിൽപന

നമ്പർ	മേഖല	1993-94 വിൽപന മെ.ടൺ	94-95 വിൽപന മെ.ടൺ	95-96 വിൽപന മെ.ടൺ
1	സഹകരണ മേഖല	400	510	605
2	സഹകാര്യമേഖല	1905	1590	2050

പട്ടിക – 8
കീടനാശിനി വിൽപന

മേഖല	93-94 വിൽപ്പന		94-95 വിൽപന		95-96 വിൽപന	
	ഖരം കി.ഗ്രാം	ദ്രവം ലിറ്റർ	ഖരം കി.ഗ്രാം	ദ്രവം ലിറ്റർ	ഖരം കി.ഗ്രാം	ദ്രവം ലിറ്റർ
സഹകരണ മേഖല	26	45	30	35	40	55
സഹകാര്യ മേഖല	25	21	40	35	40	45

അവലംബം – കൃഷിഭവൻ മേഖ

രണ്ടുവർഷത്തിനുള്ളിൽ രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം വർദ്ധിച്ചുവരുന്നതായി കാണാം. രാസവള ഉപഭോഗം 93-94 വർഷത്തിൽ ഹെക്ടറിന് 0.56 മെട്രിക് ടൺ ആയിരുന്നത് 95-96ൽ 1.07 മെട്രിക് ടൺ ആയി വർദ്ധിക്കുകയുണ്ടായി. ജൈവവളങ്ങളുടെ ഉപയോഗം സംബന്ധിച്ച് വിശദമായ കണക്കുകൾ ലഭ്യമല്ല. എങ്കിലും ജൈവവള ഉപയോഗം നാമമാത്രമാണെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കീടനാശിനികളുടെ ഉപയോഗത്തിന്റെ കാര്യത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കാർഷികോപകരണങ്ങൾ

പരമ്പരാഗത കാർഷികോപകരണങ്ങൾ തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ഉഴവുമാടുകളുടെ എണ്ണം ആകെ 98 ആണ്. തടിക്കലപ്പകൾക്കുപകരം ഇരുമ്പു കലപ്പകളാണ് പ്രചാരത്തിലുള്ളത്. കൃഷിഭവൻ വഴി ഒരു തെങ്ങുകയറ്റവും ആട്ടുകാല പാടശേഖര സമിതിക്ക് ഒരു ട്രില്ലറും വിതരണം ചെയ്തിട്ടുണ്ട്. മരുന്നു തളി ഉപകരണങ്ങളായ റോക്ക് സ്പെയർ 19 എണ്ണവും നാവ്സ്റ്റാക്ക് സ്പെയറുകൾ 48 എണ്ണവും വിവിധ വാർഡുകളിലായി വിതരണം ചെയ്തിട്ടുണ്ട്.

വിത്ത് നടീൽ വസ്തുക്കൾ

പഞ്ചായത്തിന്റെ കാർഷിക മേഖലയുടെ ആവശ്യകത മനസ്സിലാക്കി നടീൽ വസ്തുക്കളുടെ വിതരണം

	പട്ടിക 9			
	നടീൽ വസ്തുക്കളുടെ വിതരണം			
നമ്പർ	ഇനം	എണ്ണം 1993-94	എണ്ണം 94-95	എണ്ണം 95-96
1	തെങ്ങ്	600	300	2285
2	കശുമാവ്	6000	160	-
3	കുരുമുളക്	10000	3200	5075
4	കമുക്	1500	-	-
5	ഗ്രാമ്പ്	630	720	50
6	മാവ്	100	75	35
7	പ്ലാവ്	100	160	45
8	പേര	15	34	19

നടക്കുന്നത്. കേന്ദ്ര തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമില്ലാത്ത നടീൽ വസ്തുക്കൾ വിതരണം ചെയ്യാൻ കൃഷിഭവൻ ഉദ്യോസ്ഥന്മാർ നിർബ്ബന്ധിക്കപ്പെടുന്നു. നടീൽ വസ്തുക്കളുടെ വിതരണം കൃഷിഭവനകളെയുള്ള വാർഡുകളിലെ കർഷകർ പലപ്പോഴും അറിയാറില്ല എന്ന പരാതിയും ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. 1993 - 94 മുതൽ 95-96വരെ കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽവസ്തുക്കളുടെ വിവരം പട്ടിക - 9ൽ.

റബ്ബർ നഴ്സറികൾ

റബർ കൃഷി വ്യാപകമായതോടെ ആവശ്യാനുസരണം റബർ തൈകൾ വിതരണം ചെയ്യാൻ റബർബോഡിനു കഴിയാതെവന്നു. ആദ്യകാലങ്ങളിൽ റബർ ബോഡിന്റെ അംഗീകാരമുള്ള റബർ നഴ്സറികളാണ് ഈ കുറവ് പരിഹരിച്ചിരുന്നത്. ആവശ്യക്കാർ ഏറിവന്നപ്പോൾ ഈ നഴ്സറികൾക്ക് . ആവശ്യാനുസരണം തൈകൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയാതെ വരുകയും ലൈസൻസില്ലാത്ത നഴ്സറികൾ വ്യാപകമാവുകയും ചെയ്തു. ഇത് റബർ തൈകളുടെ ഗുണനിലവാരത്തെ ബാധിച്ചു. റബർ കർഷകർ കബളിപ്പിക്കപ്പെടാതിരിക്കണമെങ്കിൽ റബർ നഴ്സറികളുടെ ക്വാളിറ്റി കൺട്രോൾ കർശനമാക്കിയേ കഴിയൂ.

വിപണനം

കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു പൊതു മാർക്കറ്റ് മാത്രമാണ് നിലവിലുള്ളത്. സമീപ പഞ്ചായത്തുകളിലെ വെഞ്ഞാറമൂട്, കല്ലറ, വാമനപുരം എന്നിവിടങ്ങളിലാണ് ഇവ വിറ്റഴിക്കുന്നത്. ഉൾപ്രദേശങ്ങളിൽ നിന്നും മാർക്കറ്റുകളിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിനു വാഹന സൗകര്യം അപര്യാപ്തമായതിനാൽ കർഷകർ ഏറെ ബുദ്ധിമുട്ടുന്നു. ഇടത്തട്ടുകാരുടെ ചൂഷണം ഏറിയതോതിലുള്ളതിനാൽ കർഷകർക്ക് ന്യായവില ലഭിക്കുന്നില്ല. കാർഷികോൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നകാര്യത്തിൽ സർക്കാരിനോ കർഷകർക്കോ യാതൊരു പങ്കുമില്ല എന്നതാണ് ഇതിന് കാരണം. കർഷകർക്ക് തീരുമാനം എടുക്കുന്നതിൽ പങ്കില്ലാതിരിക്കുകയും തീരുമാനങ്ങളുടെ ഇരയായി മാറുകയും ചെയ്യുന്ന അവസ്ഥ മാറിയേ തീരു. പൊതുമേഖലയാൽ നിയന്ത്രിക്കപ്പെടുന്ന ശക്തമായ മാർക്കറ്റിംഗ് സമ്പ്രദായം അനിവാര്യമാണ്.

റബർ വിപണനം

1992-ൽ ആരംഭിച്ച റബർ ഉൽപ്പാദക സഹകരണ സംഘം കർഷകരിൽ നിന്ന് റബർപാൽ ശേഖരിച്ചിരുന്നു. 1995ൽ സംഘത്തിന്റെ പ്രവർത്തനം നിലച്ചു. സഹകരണ മേഖലക്ക് ഒട്ടേറെ സാധ്യതയുള്ള ഒട്ടേറെ പ്രദേശമായിരുന്നിട്ടുകൂടി ഇപ്പോഴും റബർ വിപണി സ്വകാര്യ മേഖലയെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ അഞ്ചു വാർഡു

കളിലുമായി 12 റബർ പാൽ സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. രണ്ടുപേരുടെ ഉടമസ്ഥതയിലാണ് ഇവ പ്രവർത്തിക്കുന്നത്. ഒരു കേന്ദ്രത്തിൽ ഒരാൾക്കുവീതം തൊഴിൽ ലഭിക്കുന്നുണ്ട്. വെഞ്ഞാറമൂട് റബർ വ്യവസായ സഹകരണ സംഘത്തിന്റെ ഒരു റബർ ഡിപ്പോ തേമ്പാംമൂട്ടിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 25 റബർ ഡിപ്പോൾ സ്വകാര്യ വ്യക്തികളും നടത്തുന്നുണ്ട്. പഞ്ചായത്തിലെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്ന വിപണി റബറിനെ സംബന്ധിച്ച് നിലവിലുണ്ട്. റബറിന്റെ ആഭ്യന്തര വിപണി കേന്ദ്ര ഗവർമെന്റിന്റെ ഇറക്കുമതി നയത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ കർഷകർക്ക് ന്യായവില ലഭിക്കുന്നില്ലാ എന്ന പരാതിയുണ്ട്.

കാർഷിക വായ്പകൾ

ഒരു സർവ്വീസ് സഹകരണസംഘം, ഒരു പൊതുമേഖലാ ബാങ്ക് എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പാലോട് കാർഷിക വികസന ബാങ്കിന്റെ പരിധിയിൽ വരുന്ന പ്രദേശവുമാണ് ഇത്. വെഞ്ഞാറമൂട്ടിൽ പ്രവർത്തിക്കുന്ന സെൻട്രൽ ബാങ്ക ഓഫ് ഇന്ത്യയുടെ പരിധിയിൽ ഒരു വാർഡ് വരുന്നുണ്ട്. കാർഷിക വായ്പകൾ യഥാസമയം ലഭിക്കുന്നില്ലായെന്ന് കർഷകരും, ലഭ്യമാകുന്ന വായ്പകൾ കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതായി ബാങ്ക് അധികൃതരും പരാതിപ്പെടുന്നുണ്ട്. കാർഷിക വായ്പാ പദ്ധതികൾ ഏകോപിപ്പിച്ച് സമഗ്രമായ വായ്പാ പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്.

സേവന – വേതന നിരക്ക് – കാർഷിക ബന്ധങ്ങൾ

കായിക അദ്ധ്വാനത്തോടുള്ള പ്രതിപത്തിക്കുറവ്, വെള്ളക്കോളർ ജോലിയോടുള്ള ആഭിമുഖ്യം കെട്ടിട നിർമ്മാണംപോലുള്ള മേഖലകളിൽ നിന്നുള്ള താരതമ്യേന കൂടിയ വേതന നിരക്ക് തുടങ്ങിയ കാരണങ്ങളാൽ കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം.

പട്ടിക-10

കർഷകർ				കർഷകത്തൊഴിലാളികൾ		
	പുരു.	സ്ത്രീകൾ	ആകെ	പുരു.	സ്ത്രീകൾ	ആകെ
എണ്ണം	1323	101	1424	2486	751	3237

ആകെ ജനസംഖ്യയിൽ 12.3% പുരുഷന്മാരും 0.9% സ്ത്രീകളും കർഷകരാണ്. പുരുഷന്മാരായ കർഷകത്തൊഴിലാളികൾ 23.2%വും സ്ത്രീകൾ 6.8%വുമാണ്. മൊത്തം ഭൂവുടമസ്ഥരിൽ പകുതിയിലധികം പേർക്ക് 25 സെൻറിനു താഴെ മാത്രമേ ഭൂമിയുള്ളു.

പട്ടിക 11

വിസ്തീർണ്ണം	ശതമാനം
25 സെൻറ് വരെ	51
25-50 സെൻറ്	19.8
50-ഒരേക്കർ	16
1-2 ഏക്കർ	9.4
2-5 ഏക്കർ	3.3
5 ഏക്കറിനു മുകളിൽ	0.5

(അവലംബം: റവന്യൂ ഓഫീസിൽനിന്ന് ലഭ്യമായ രേഖ)

കൃഷിഭൂമിയുടെ ഏറിയകൂറും തുണ്ടുവൽക്കരിക്കപ്പെട്ടിരിക്കുന്നു. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഏകീകൃത കൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിനും ഇത് തടസ്സമായി നിൽക്കുന്നു.

കൃഷി തൊഴിലുകളിൽ പുരുഷന്മാർക്ക് 80 രൂപയും സ്ത്രീകൾക്ക് 70 രൂപയുമാണ് ശരാശരി ദിവസക്കൂലി. പ്രദേശിക വ്യത്യാസങ്ങൾക്കനുസരിച്ച് വേതന നിരക്കിലും ഏറ്റക്കുറച്ചിലുകൾ ഉണ്ട്. കൂലി നിരക്കിലുള്ള ഏകീകൃത സ്വഭാവമില്ലായ്മ പ്രകടമാണ്. കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നവർ 40% വരും. സ്വന്തം ഭൂമിയിൽ സ്വയം കൃഷിചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവരുകയാണ്.


ജലസേചനം

ജലസേചന പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. ജൂൺ മുതൽ ആഗസ്റ്റുവരെയുള്ള കാലവർഷവും ഒക്ടോബർ – നവംബർ മാസങ്ങളിലെ തുലാവർഷവുമാണ് കൃഷിക്കുപയോഗിക്കുന്നത്. പഞ്ചായത്തിലെ വടക്കേ അതിരിലൂടെ ഏകദേശം 18 കിലോമീറ്റർ നീളത്തിലൊഴുകുന്ന വാമനപുരം നദിജലം ഉപയോഗപ്പെടുത്തിയുള്ള വാമനപുരം ജലസേചന പദ്ധതിയെപ്പറ്റി കേൾക്കാൻ തുടങ്ങിയിട്ട് കാൽനൂറ്റാണ്ടുകാലമായി. പ്രസ്തുത പദ്ധതിക്കു വേണ്ടി ലക്ഷക്കണക്കിനു രൂപ ചെലവഴിച്ചെങ്കിലും പദ്ധതി ഇപ്പോഴും കടലാസിൽ തന്നെ. പഞ്ചായത്തിൽ ലഭിക്കുന്ന ശരാശരി മഴനിലവാരം ഗ്രാഫിൽ.

കുളങ്ങൾ

ആകെ ആറു വലിയ കുളങ്ങളാണ് ഉള്ളത്. മൂന്നാം വാർഡിൽ ഒന്നും നാലാം വാർഡിൽ രണ്ടും ഒമ്പതാം വാർ

ഗ്രാഫ്



ഡിൽ രണ്ടും പത്താം വാർഡിൽ ഒരു കുളവുമുണ്ട്. ഈ കുളങ്ങളെല്ലാം എല്ലാം തന്നെ ശരിയായി സംരക്ഷിക്കാത്തതിനാൽ ഉപയോഗയോഗ്യമല്ല. കർഷകരെയും പ്രദേശികാടിസ്ഥാത്തിൽ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ ഉപയോഗ്യമാക്കാവുന്നതാണ്. കൂടാതെ നിരവധി ചെറിയ കുളങ്ങൾ പഞ്ചായത്തിലാകമാനം ഉണ്ട്. കുളങ്ങളുടെ ജലസംഭരണശേഷി എണ്ണം എന്നിവ പഠിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ സർവ്വെ നടപ്പിലാക്കണം.

തോടുകൾ

പെറുതും വലുതുമായി 32 തോടുകൾ പഞ്ചായത്തിലുണ്ട്. വർഷക്കാലത്ത് പരമാവധി വെള്ളം ഉൾക്കൊള്ളാനും വെള്ളക്കെട്ടുകൾ ഉണ്ടാകാതെ അധിക ജലം ഒഴുക്കിവിടാനും കഴിയുന്ന തരത്തിലുള്ള തോടുകൾ തുലോം കുറവാണ്. മൂന്നു തോടുകൾ ഒഴിക മറ്റുള്ളവയെല്ലാം വേനലിൽ വറ്റിപോകുന്നവയാണ്. തോട്ടിനരികിലുണ്ടായിരുന്ന കൈത, മുള, ഈറ തുടങ്ങിയവ വ്യാപകമായി നശിപ്പിച്ചതിന്റെ ഫലമായി തോടുകളുടെ ജലസംഭരണശേഷി കുറയുകയും അരികുകൾ ഇടിഞ്ഞു പോകുകയയും ചെയ്യുന്നുണ്ട്.

വാർഡ് തിരിച്ചുള്ള തോടുകളുടെ എണ്ണം

പട്ടിക 12

വാർഡ്	I	II	III	IV	V	VI	VII	VII	IX	X
തോടുകളുടെ എണ്ണം	5	2	3	3	5	3	3	4	6	2

ഇതിൽ അഞ്ച് K.m നീളമുള്ള ചുള്ളാളം തോട്, എട്ട് കിലോമീറ്റർ നീളമുള്ള മീൻമൂട് തോട്, രണ്ട് കീലാമീറ്റർ നീളമുള്ള ചിറ്റാർ എന്നിവ വാമനപുരം നദിയിൽചേരുന്ന വറ്റാത്ത തോടുകളാണ്.

മണ്ണ്, ജലസംരക്ഷണം

കാർഷിക വളർച്ചയുടെ അടിസ്ഥാന ഘടകമാണ് മണ്ണ്, ജലസംരക്ഷണം. സ്ഥല - ജൈവ - വിഭവങ്ങളുടെ വികസന സാധ്യത വിലയിരുത്തിക്കൊണ്ട് മാത്രമേ ശാസ്ത്രീയമായ കൃഷി സമ്പ്രദായം നടപ്പിലാക്കാൻ കഴിയൂ. ചരിവുകൾ ഏറെയുള്ള ഭൂപ്രകൃതി ആയതിനാൽ പെയ്യുന്ന മഴവെള്ളം മുഴുവൻ ഒലിച്ചുപോകുന്നു. ജലസംരക്ഷണത്തിനുള്ള സംവിധാനങ്ങൾ ഒന്നും തന്നെ നിലവിലില്ല. തേവരും കുന്ന്, ചെമ്മണ്ണും കുന്ന്, ചലിപ്പാൻകോണം, വാലിക്കുന്ന്, പരയ്ക്കപ്പാറ, നെടും കൈത, ധൂളിക്കുന്ന്, പുലരുംകുന്ന്, പന്തപ്പാവിളംകോണം, വേങ്കോട് എന്നിവിടങ്ങളിൽ രൂക്ഷമായ മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. പുല്ലമ്പാറ പഞ്ചായത്തിലെ ആട്ടുകാൽ, പാലംകോണം വാർഡുകൾ ദേശീയ വാട്ടർ ഷെയ്ഡ് പദ്ധതിയുടെ കീഴിൽ വരുന്ന വയാണ്. നടപ്പ് പദ്ധതിക്കാലത്ത് ഈ വാർഡുകളിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ പട്ടികയിൽ.

മണ്ണുസംരക്ഷണ പദ്ധതി - ദേശീയ വാട്ടർഷെഡ് പദ്ധതി

പദ്ധതി പ്രദേശ വിസ്തീർണം	നീർച്ചാലുകളുടെ നീളം	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	സംരക്ഷിക്കപ്പെട്ട വിസ്തീർണം
200 ഹെക്ടർ	4 K.M	1991-92	31-3-97 ന് പൂർത്തിയാകും	140 ഹെക്ടർ
(അവലംബം: സോയിൽ കൺസർവേഷൻ ഓഫീസേഴ്സ്)				

പ്രയോജനം ലഭിച്ച ഗുണഭോക്താക്കൾ		ചെലവായ തുക		മൊത്തം ഗുണഭോക്താക്കൾ
420		289400.00		1000

അഞ്ചുവർഷം കൊണ്ട് പകുതിയോളം ഗുണഭോക്താക്കൾക്ക് മാത്രമേ പ്രയോജനം ലഭിച്ചിട്ടുള്ളു. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണവുമായി താരതമ്യപ്പെടുത്തിയാൽ ഇരുപതിലൊന്ന് പ്രദേശത്തുപോലും മണ്ണു

സംരക്ഷണ പരിപാടി വ്യാപിപ്പിക്കാനായില്ല. മണ്ണൊലിപ്പ് പ്രദേശങ്ങൾ ചിട്ടപ്പെടുത്തി ശാസ്ത്രീയമായ മണ്ണ്, ജലസം രക്ഷണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്.

കൃഷിഭവൻ അവലോകനം

പഞ്ചായത്തിലെ കാർഷിക പ്രവർത്തനങ്ങളുടെ കേ ന്ദ്ര ബിന്ദുവാണ് കൃഷിഭവൻ. കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, സ്കീമുകൾ നടപ്പിലാ ക്കുക തുടങ്ങി എല്ലാ കാർഷിക പ്രവർത്തനങ്ങളേയും നിയന്ത്രിക്കാൻ വേണ്ടി രൂപീകരിച്ച കൃഷിഭവൻ പൂർണ്ണമാ യും ആ കൃത്യം നിർവഹിക്കാൻ പര്യാപ്തമല്ല. ഒരു കൃഷി ആപ്പീസറും മൂന്ന് കൃഷി അസിസ്റ്റൻറുമാരുമാണ് കൃഷി ഭവനിൽ നിലവിലുള്ളത്. പ്രദേശത്തുള്ള പഞ്ചായത്തിൽ ഈ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണ്.

1994-95ൽ വിവിധ പദ്ധതികൾക്കായി 1,74,935 രൂപ യും 95-96ൽ 3,28,045 രൂപയും ചെലവഴിച്ചിട്ടുണ്ട്. 1,06,140 രൂപ ദേശീയ വാട്ടർ ഷെഡ് പ്രോഗ്രാമിനും 1,50,820 രൂപ സി. സി. ഡി. ബി. ഇനത്തിനും ചെലവഴിച്ചിട്ടു ണ്ട്. കൃഷിഭവൻ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതി ന്റെ ഭാഗമായി കർഷക സമിതികൾ രൂപപ്പെടുത്തേണ്ടത് ആവശ്യമാണ്.

പാടശേഖര സമിതികൾ

കൃഷി ഭവന്റെ നേതൃത്വത്തിൽ ഏഴ് പാടശേഖര സമിതികൾ നിലവിലുണ്ട്.

നിലവിലുള്ള പാഠശേഖര സമിതികൾ

1 കടിയൂർക്കോണം
2 ആട്ടുകാൽ പാലാംകോണം
3 വെള്ളുമണ്ണടി
4 അയ്യമ്പാറ
5 തെള്ളിക്കൽച്ചാൽ
6 പുല്ലമ്പാറകുളപ്പുറം
7 വേപ്പിലോട്

മേൽപ്പറഞ്ഞതിൽ പലതും പ്രവർത്തന ക്ഷമമല്ല. പാടശേഖ രങ്ങൾ നിരത്തി മറ്റ് കൃഷികളാണ് ഇപ്പോൾ ചെയ്യുന്നത്.

കേര കർഷക സമിതി

1994ൽ കേര കർഷക സമിതി രൂപീകരിച്ചു. 700 അംഗ ങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. പഞ്ചായത്തു തലത്തിൽ ഒരു എക്സിക്യൂട്ടീവ് കമ്മറ്റി പ്രവർത്തിക്കുന്നു ണ്ട്. കേരകർഷക സമിതിയുടെ പ്രവർത്തനം കാര്യക്ഷമമ ല്ലെന്ന പരാതി ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുണ്ട്.

പ്രശ്നങ്ങൾ

1 നിലവിലുള്ള നെൽപ്പാടങ്ങളിൽ ഒന്നുംതന്നെ ഫലപ്രദമായ ജലസേചന സൗകര്യങ്ങളില്ല. മൂന്നാം വാർഡിൽ ഇടവിളാകത്ത് നിർമ്മിച്ചിട്ടു ള്ള ബണ്ട് പൊളിഞ്ഞു കിടക്കുകയാണ്. മാമൂട് തോട്ടിലുള്ള ചിർപ്പ് പ്രവർത്തന രഹിതമാണ്. ആട്ടുകാൽ വാർഡിൽ അന്യാധീനപ്പെടുത്തിയി രിക്കുന്ന പഞ്ചായത്തുവക ചിറ നികത്തിയിരിക്കുകയാണ്.

2 തേവരുംകുന്ന്, ചെമ്മണ്ണംകുന്ന്, ചലിപ്പാൻകോ ണം, വാലിക്കുന്ന്, പരിക്കപ്പാറ, നെടുകൈത, ധൂളിക്കുന്ന്, വട്ടത്തിപ്പള്ളി, പന്തപ്പാവിളകോ ണം, ഏലാംകര, വേങ്കോട്തുടങ്ങിയ പ്രദേശങ്ങ ളിൽ രൂക്ഷമായ മണ്ണൊലിപ്പ് അനുഭവപ്പെടു ന്നു.

3 ചേപ്പിലോട് തോട്, ചുള്ളാളംതോട് എന്നിവയു ടെ പലപ്രദേശങ്ങളും മണ്ണൊലിപ്പുമൂലം നികന്നിരിക്കുന്നു.

4 മണ്ണു പരിശോധനാ സംവിധാനം ഫലപ്രദമല്ല.

5. കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല.

6. എല്ലാ കാർഷിക വിളകൾക്കും വ്യാപകമായി രോഗബാധയുണ്ട്.

7 കേര കർഷകർക്കുള്ള ആനുകൂല്യങ്ങൾ അർഹ രായ മുഴുവൻപേർക്കും ലഭിക്കുന്നില്ല.

8 കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം അപര്യാപ്തമാണ്.

9. കർഷക തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.

10 നിലം നികത്തിയതുകൊണ്ട് പരിക്കപ്പാറ, തുള്ളി ക്കാമ്പൽ പ്രദേശത്ത് വ്യാപകമായ വെള്ളക്കെ ട്ട് അനുഭവപ്പെടുന്നു.

11. നെൽക്കൃഷിയുടെ ചെലവിനനുസരിച്ച് വരു മാനം ലഭിക്കുന്നില്ല.

12 മുക്കുടിൽ തേന്മാംമൂട്, ചുണ്ടാള, പുല്ലമ്പാറ കുളപ്പുറം പ്രദേശങ്ങളിൽ വാനരശല്യവും പാണയം വാർഡിൽ പന്നി ശല്യവും കൂടുതലാണ്.

13 കാർഷികാവശ്യങ്ങൾക്കുള്ള വായ്പാ സൗക ര്യം പരിമിതമാണ്.

14 കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ നിലവിലില്ല.

15 വ്യാപകമായ മണൽവാരൽ കാരണം വാമനപുരം നദി, തോടുകൾ എന്നിവയുടെ കര ഇടിയുന്നു.

16. വിവിധ റബർ നഴ്സറികളിലൂടെ വിതരണം ചെയ്യുന്ന റബർ തൈകളുടെ ഗുണപരിശോധന സംവിധാനം നിലവിലില്ല.

17 കാർഷികോൽപ്പന്നങ്ങൾ വളം, കീടനാശിനികൾ, നല്ലയിനം വിത്തുകൾ എന്നിവ ന്യായവിലക്ക് ലഭിക്കുന്നില്ല.

18 കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി ഉൾപ്രദേശങ്ങളിൽ ലഭ്യമല്ല.

19. കേരകർഷക സമിതി പ്രവർത്തനം തൃപ്തികരമല്ല.

സാധ്യതകൾ

1. (എ) കല്ലിയോട്, വട്ടത്തിപ്പള്ളി, പന്തപ്പാവിക്കോണം എന്നീ പ്രദേശങ്ങളിൽ കുളങ്ങൾ നിർമ്മിച്ചാൽ വിവിധ കൃഷികൾക്ക് ജലസേചന സൗകര്യം ലഭ്യമാക്കാം.

ബി. ആട്ടുകാല വാർഡിൽ പഞ്ചായത്തുവക ചിറ ഉപയോഗ യോഗ്യമാക്കണം. ജനകീയ സഹായം തേടാം.

സി. അയ്യമ്പാറ, ഏറത്തുവയൽച്ചിറ, പുനരുദ്ധരിക്കുകയും ഇടവിളാകം ചെക്കുഡാം നിർമ്മിക്കുകയും ചെയ്താൽ ഏല പൂർണ്ണമായും മുന്നാംവിള കൃഷിക്ക് ഉപയുക്തമാക്കാം.

ഡി. അയ്യംപാറ, വള്ളിക്കടവ്, പാണയം, ചേപ്പിലോട് എന്നിവിടങ്ങളിലെ തോടുകളിൽ പൊളിഞ്ഞുപോയ ബണ്ടുകൾ പുനർനിർമ്മിക്കാൻ കഴിഞ്ഞാൽ ആ പ്രദേശങ്ങളിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്താം.

2 കാർഷിക പ്രവർത്തനങ്ങൾ നീർത്താടിസ്ഥാനത്തിൽ ഏകോപിപ്പിക്കേണ്ടതുണ്ട്. നീർമാറി പ്രദേശങ്ങൾ കണ്ടെത്താനുള്ള പഠനപദ്ധതി ആവിഷ്കരിക്കണം.

3 പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും മണ്ണിന്റെ ഗുണ പരിശോധന നടത്തുന്നതിനുവേണ്ടി സഞ്ചരിക്കുന്ന മണ്ണു പരിശോധനാ സംവിധാനങ്ങളേർപ്പെടുത്തുക.

4 കൃഷി ഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാർഡ് അടിസ്ഥാനത്തിൽ ജനകീയ കാർഷിക സമിതിയും പഞ്ചായത്തടിസ്ഥാനത്തിൽ കൃഷി ഭവനുമായി ചേർന്നുകൊണ്ടുള്ള കാർഷിക ഗ്രൂപ്പ് രൂപീകരിക്കുക.

5 ആഗ്രോ ക്ലിനിക്കുകൾ പൊതു ഉടമസ്ഥതയിൽ ആരംഭിക്കുക.

6 കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും സർക്കാർ ഉടമസ്ഥതിൽ പൊതുസംഭരണ കേന്ദ്രം ആരംഭിക്കുക.

7 വയൽ നികത്തുന്നതിനെതിരായി കർശനമായ നടപടികളും ബോധവൽക്കരണ പ്രവർത്തനവും നടത്തണം.

8. വ്യാപകമായി മണ്ണിടിച്ചിലുള്ള നദീതീരവും തോടുകളും സൈഡ്വാൾ കെട്ടി സംരക്ഷിക്കുക.

9 റബർ നഴ്സറികളുടെ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി ലൈസൻസ് ഏർപ്പെടുത്തുക. ഗുണനിലവാരം ഇല്ലാത്ത തൈകൾ വിതരണം ചെയ്യുന്ന നഴ്സറികൾ നിരോധിക്കുക.

10 കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.

11 തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കുക.

12 ഭൂവികസനം, കന്നുകാലി വികസനം, മത്സ്യകൃഷി തുടങ്ങിയ മേഖലകളിലേക്ക് ഉദാരമായ വായ്പ നൽകുവാൻ ദേശസാൽക്കരണ ബാങ്കുകളും സഹകരണ ബാങ്കുകളും തയ്യാറാകേണ്ടതുണ്ട്.

13 വിവിധ വിളകൾക്ക് വെവ്വേറെ വായ്പ നൽകുന്ന സമ്പ്രദായം നിർത്തലാക്കി പുരയിട വികസനത്തിന് സമഗ്രമായ വായ്പ സമ്പ്രദായം ഏർപ്പെടുത്തുക.

14. ചരിവ് പ്രദേശങ്ങളിൽ ബണ്ടുകൾ, വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ജല നിർഗ്ഗമന സംവിധാനങ്ങൾ ചരിവുകളിൽ രാമച്ചക്കൃഷി എന്നിവ

വ്യാപകമാക്കുക.

15 നെൽക്കൃഷിക്ക് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുക.

16 വൃക്ഷ വിളകളായ മാവ്, പ്ലാവ്, പുളി എന്നിവ വ്യാപകമായി നട്ടുപിടിപ്പിക്കാൻ കഴിയും. പൊതുസ്ഥലങ്ങളിൽ ജനകീയ സമിതികളുടെ നേതൃത്വത്തിൽ ഇത് ചെയ്യാൻ കഴിയും.

17 ഔഷധ സസ്യങ്ങൾ, അലങ്കാര സസ്യങ്ങൾ, കൂൺകൃഷി, ഉദ്യാനക്കൃഷി എന്നിവയ്ക്ക് വായ്പ, വിപണനം, പരിശീലനം എന്നിവ ഏർപ്പെടുത്തേണ്ടതുണ്ട്.

18 എല്ലാ വിളകൾക്കും വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.

19 തെങ്ങിനുള്ള ഡ്രിപ്പ് ഇറിഗേഷൻ വ്യാപകമായി നടപ്പിലാക്കണം.

20. വിവിധ വകുപ്പുകളിലൂടെ നടക്കുന്ന കാർഷിക പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏകീകരിക്കുക.

21 ഒറ്റയിനം വൃക്ഷങ്ങൾ മാത്രമുള്ള തോട്ട വിളകൾക്കു പകരം തമ്മിൽ ഇണങ്ങുന്ന പല വിളകളുടെ ചേരുവയ്ക്ക് പ്രോത്സാഹനം നൽകുക.

22 വീട്ടുവളപ്പിലെ പച്ചക്കറി കൃഷി ഗ്രൂപ്പടിസ്ഥാനത്തിലും തരിശുഭൂമി പാട്ടം നൽകിയുള്ള പച്ചക്കറി കൃഷി, പയറുവർഗ്ഗ കൃഷി എന്നിവ വ്യാപിപ്പിക്കുന്നതിനുള്ള ജനകീയ സമിതി രൂപീകരിക്കുക.

23 സ്കൂളുകളിൽ ഗ്രീൻ ക്ലബ്ബ് രൂപീകരിച്ച് പച്ചക്കറി കൃഷി നടത്തുക. സ്കൂൾതല മൽസരങ്ങൾ സംഘടിപ്പിക്കാം. കലാ സമിതികളെക്കൂടി പങ്കെടുപ്പിക്കാവുന്നതാണ്.

24. പഴവർഗ്ഗങ്ങളായ ചക്ക, മാമ്പഴം, കൈതച്ചക്ക തുടങ്ങിയവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും സംസ്കരണ കേന്ദ്രവും ആരംഭിക്കാവുന്നതാണ്.

25 യുവജനങ്ങളുടെ രജിസ്റ്റർ ചെയ്ത കാർഷിക ഗ്രൂപ്പുകൾ രൂപീകരിച്ച് കൃഷിത്തൊഴിലുകൾക്ക് ശമ്പള വ്യവസ്ഥ ഏർപ്പെടുത്തണം.

26 എല്ലാ പാടശേഖരങ്ങളിലും ഇടക്കാല വിളകൾ വ്യാപകമാക്കാവുന്നതാണ്.

27 പരിക്കപ്പാറ, മഞ്ചാടി, ഭഗവതിക്കോണം തുടങ്ങിയ പ്രദേശങ്ങളിലെ വെള്ളക്കെട്ട് തടയുന്നതിനായി തോടുകളുടെ ആഴം വർദ്ധിപ്പിക്കാനാവും.

28 വ്യാപകമായ പ്ലാസ്റ്റിക് മലിനീകരണം ഒഴിവാക്കാൻ റീസൈക്ലിംഗ് സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്താവുന്നതാണ്.

29 സുരക്ഷാ സംവിധാനങ്ങളില്ലാതെയുള്ള കീടനാശിനികളുടെ ഉപയോഗം തടയുന്നതിനും ജൈവ കീടനാശിനികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

30 പച്ചില വളം ലഭ്യതയ്ക്കു വേണ്ടിയുള്ള വൃക്ഷ വൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

31 കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ ഏർപ്പെടുത്തുകയും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഉത്സവങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

32 ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനാവശ്യമായ സംയോജിത സമഗ്ര ഗ്രാമതല വികസന പദ്ധതി നടപ്പിലാക്കുക.

33 കേര കർഷക സമിതി കാലാകാലങ്ങളിൽ യഥാർത്ഥ കർഷകരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കേണ്ടതാണ്.

34 കേരള കർഷക സമിതിയിലെ വോട്ടവകാശമുള്ള അംഗത്വത്തിന് ഇന്നു നിലവിലുള്ള നിബന്ധനകൾ ഒഴിവാക്കണം.

35 മണ്ണ്, ജല സംരക്ഷണത്തിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

എ) നിർത്താടിസ്ഥാനത്തിലുള്ള മണ്ണ്, ജല സംരക്ഷണപദ്ധതി.

ബി ഉരുൾപൊട്ടൽ, മലയിടിച്ചിൽ മേഖലകളുടെ സംരക്ഷണത്തിനുള്ള പദ്ധതി

സി. നീർക്കെട്ട് പ്രദേശം വീണ്ടെടുക്കുന്നതിനുള്ള പദ്ധതി.

ഡി. നീർച്ചാൽ പരിപാലനത്തിനുള്ള പദ്ധതി.

ഇ.) പട്ടികജാതി ആവാസകേന്ദ്ര പ്രത്യേക മണ്ണ് ജല സംരക്ഷണ പദ്ധതി.

എഫ്) ആദിവാസി മേഖല, ഗിരിവർഗ്ഗ മേഖലാ മണ്ണ് ജലസംരക്ഷണ പദ്ധതി.

ജി.) പശ്ചിമഘട്ട വികസന പദ്ധതിയിൻകീഴിൽ വരുന്ന നീർത്തട വികസന പദ്ധതി.



5.2
മൃഗസംരക്ഷണം-മത്സ്യക്കൃഷി

വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമഹ്യ പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ സമ്പദ് ഘടനയെ സമ്പുഷ്ടമാക്കും. ആർഷ ഭാരത സംസ്കാരത്തിന് ഉടമയായ നാം അതി പ്രാചീന കാലം മുതൽ തന്നെ കാലി സംരക്ഷണത്തിന് വളരെയേറെ പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്.

ലോകത്ത് ഏറ്റവും കൂടുതൽ കന്നുകാലികളുള്ളത് ഭാരതത്തിലാണ്. ഇത് ലോക കന്നുകാലി സംഖ്യയുടെ ആറിലൊന്നു വരും. കാർഷിക മേഖലയുടെ ധനസമ്പത്തായ കന്നുകാലികൾ ഒരു ദേശീയസമ്പത്തുകൂടിയാണ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ മൂന്നാറിനടുത്ത് മാട്ടുപ്പെട്ടിയിൽ അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യോ - സ്വീസ് പ്രോജക്ട് പ്രവർത്തിച്ചുവരുന്നു. ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന സങ്കരയിനം പശുവാണ് സുനന്ദിനി. നമ്മുടെ നാട്ടിൽ സുലഭമായി കാണുന്ന ചെച്ചൂർ പശുക്കൾ വംശനാശ ഭീഷണിയിലാണ്. ഇതു കണക്കിലെടുത്ത് കേരള കാർഷിക സർവ്വകലാശാല ഇവയുടെ നിലനിൽപ്പിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പോഷക സമൃദ്ധമായ കന്നുകാലിത്തീറ്റ നൽകി കന്നുകാലികളെ സംരക്ഷിക്കുക എന്നതും സങ്കരയിനം കന്നുകാലികളെ വളർത്തുകയെന്നതും ചെലവേറിയതാണ്. കേന്ദ്ര സർക്കാരിന്റെ ധവള വിപ്ലത്തെ തുടർന്ന് പാൽ ഉദനത്തിൽ ഒരു കുതിച്ചു കയറ്റം തന്നെയുണ്ടായി. രാജ്യവ്യാപകമായി കന്നുകാലി വളർത്തലിൽ കർഷക സഹായിക്കുന്നതിന് നിരവധി പദ്ധതികൾ നിലവിലു കേരളത്തിൽ കർഷകരുടെ ഒരു വരുമാന മാർഗ്ഗം കാലി വളർത്തലാണ്. കഴിഞ്ഞ രണ്ട് ദശാബ്ദ കാലവിൽ മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യടെ സഹായത്തോടെ ഗുണമേന്മാ വർദ്ധനവും ഉദന ക്ഷമതാ വർദ്ധനവും സാധ്യമാക്കാൻ കഴിഞ്ഞിട്ടു സർക്കാർ തലത്തിൽ മൃഗസംരക്ഷണത്തിന് ചില പദകൾ ആവിഷ്കരിച്ചിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

1 പ്രത്യേക കന്നുകാലി പരിപാലന പദ്ധതി.
2. പേ വിഷ നിയന്ത്രണ പരിപാലന പദ്ധതി.
3. കാലിരോഗ നിയന്ത്രണ പരിപാലന പദ്ധതി.
4. ആടു വളർത്തൽ.
5. മുയൽ വളർത്തൽ
6. പന്നിവളർത്തൽ
7. പശുവളർത്തൽ.
8 കാലിത്തീറ്റാ മിശ്രണം.

സമീകൃതാഹാര നിർമ്മാണം.

0 വികസനവും പരിശീലനവും വിജ്ഞാനവും വ്യാപനവും.

1 ഇറച്ചിക്കോഴി

2 വീട്ടുവളപ്പിലെ കോഴി വളർത്തൽ

3 താറാവു വളർത്തൽ

4 ജീവസങ്കലന കേന്ദ്രങ്ങൾ

5 ചിക്സാസൗകര്യങ്ങൾ

6 വാക്സിൻ നിർമ്മാണവും രോഗഗവേഷണവും

7 സാകര്യ മേഖലയിൽ ഹാച്ചറിയും കന്നുകാലി വളർത്തലും.

8. മാംസ പരിശോധനയും പൊതുജനാരോഗ്യവും.

ഈ പദ്ധതികൾ ശരിയായ വിധത്തിൽ നടപ്പിലാക്കിയാൽ മൃഗസംരക്ഷണ മേഖലയിൽ ഒരു കുതിച്ചു കയറ്റം തന്നെ പഞ്ചായത്തിലുണ്ടാക്കാൻ കഴിയും.

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി ഉഴവുമാടുകളും. എരുമകളും വളർത്തപ്പെടുന്നുണ്ട്. കോഴിയാണ് പ്രധാന വളർത്തു പക്ഷി. അപൂർവ്വമായി താറാവുകളെയും കണ്ടു വരുന്നു. ഈ പഞ്ചായത്തിൽ 4896 പശുക്കളുണ്ട്. 6400 ആടുകളും 1021 ഉഴവുമാടുകളും 381 എരുമകളുമാണുള്ളത്. പഞ്ചായത്തിലെ 75% വീടുകളിലും കോഴിവളർത്തലുണ്ട്. കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും നെൽക്കൃഷി കുറഞ്ഞതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയുന്നതിനു കാരണമായി. റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണം കുത്തനെ കുറഞ്ഞു. കോഴി വസന്ത കോഴികളുടെ എണ്ണത്തിനും കുറവു വരുത്തി. ഉൽപ്പാദന ചെലവിന് ആനുപാതികമായി പാൽവില ലഭിക്കുന്നില്ല. കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈക്കോലിന്റെയും പുല്ലിന്റെയും ദൗർലഭ്യം, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കാലിവളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. പുല്ലമ്പാറ പഞ്ചായത്തിൽ നിലവിൽ മൂന്നു പാൽ സൊസൈറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. മിൽമയുടെ പ്രവർത്തനം ആദ്യ കാലങ്ങളിൽ കർഷകന് ആശ്വാസകരമായിരുന്നു. എന്നാൽ പിൽക്കാലത്ത് പാലിന്റെ ഉൽപ്പാദന ചെലവും കർഷകനു ലഭിക്കുന്നതുകയുമായി ഒരുവിധത്തിലും പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ വിലയുടെ 65 ശതമാനത്തിൽ കൂടതൽ ഇന്നും കർഷകനു ലഭിക്കുന്നില്ല.

ഈ പഞ്ചായത്തിൽ പേ വിഷബാധ വളരെ വ്യാപകമായ തോതിലുണ്ട്. ഐ. സി. ഡി. പി. സബ്സെന്ററിൽ ഇതിനെതിരേ വാക്സിനേഷൻ നൽകുന്നുണ്ട് എങ്കിലും പഞ്ചായത്തു തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് നായ്ക്കളെ സൗജന്യ നിരക്കിൽ പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കേണ്ടതാണ്. അലഞ്ഞുതിരിയുന്ന നായ്ക്കളുടെ എണ്ണം അമിതമായി വർദ്ധിച്ചിരിക്കുന്നു. അവയെ കണ്ടെത്തി നശിപ്പിക്കുകയും വളർത്തു നായ്ക്കൾക്ക് കർശനമായ ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്താൽ മാരകമായ പേ വിഷബാധയിൽ നിന്ന് പഞ്ചായത്തിനെ രക്ഷിക്കാൻ കഴിയും.

കോഴി, ആട്, മുയൽ, കാട, താറവ്, ടർക്കി മുതലായവയെ വളർത്താൻ താൽപ്പര്യമുള്ള കർഷകർ ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുണ്ട്. അവർക്കുവേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്താൽ ഈ മേഖല വളരെയേറെ പുരോഗതി പ്രാപിക്കുന്നതും അതിലൂടെ കുറച്ചുപേർക്ക് തൊഴിൽ ലഭിക്കുന്നതുമാണ്.

മൃഗസംരക്ഷണ മേഖല അധികം വികസിച്ചിട്ടില്ലാത്ത ഈ പഞ്ചായത്തിൽ 1996 മാർച്ച് മാസം അഞ്ചാം തീയതിയാണ് ഒരു പുതിയ മൃഗാശുപത്രി നിലവിൽ വന്നത്. അതുവരെ ഇവിടുത്തെ മൃഗസംരക്ഷണ സ്ഥാപനം ഐ സി ഡി പി സബ്സെന്റർ മാത്രമായിരുന്നു. ശാസ്ത്രീയ രീതിയിലുള്ള മൃഗസംരക്ഷണത്തെക്കുറിച്ച് കർഷകരും കാലിവളർത്തുകാരും തികച്ചും ബോധവാന്മാരല്ല. അപൂർവ്വമായിട്ടെങ്കിലും ചിലർ ഇന്നും പ്രാകൃതമായ ചികിത്സാ രീതികൾ അവലംബിക്കുന്നു.

പട്ടിക - 1

ക്രമ നമ്പർ	ഇനം	സങ്കര ഇനം	നാടൻ	ആകെ
1	പശു	4379	517	4896
2	കാള	511	122	633
3	പോത്ത്	388	-	388
4	എരുമ	301	-	301
5	ആട് (1)	5348	-	5348
6	ആട് (2)	1052	-	1052
7	പട്ടി	3496	-	3496
8	കോഴി	10429	-	10429
9	താറാവ്	180	-	180

അവലംബം: കന്നുകാലി സെൻസസ് 1991

പഞ്ചായത്തിലെ 1, 5, 7 വാർഡിലുള്ളവർ കാലികൾക്ക് രോഗം വന്നാൽ തേമ്പാംമൂട് ജംഗ്ഷനിലുള്ള മൃഗാശുപത്രിയിലെത്തിക്കുവാൻ വളരെയേറെ പ്രയാസപ്പെടുന്നു. സമയത്തിന് ചികിത്സ കിട്ടാതെ കാലികൾ മരണമട

യുന്ന സാഹചര്യം ഇതുമൂലം ഉണ്ടാകാറുണ്ട്. അകിടുവീക്കം, പനി, കുളമ്പ് രോഗം, അടപ്പൻ, കൃാൻസർ എന്നീ രോഗങ്ങളാണ് കണ്ടുവരുന്നത്.

പഞ്ചായത്തിലുള്ള വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും വിശദാംശം പട്ടിക ഒന്നിൽ കൊടുക്കുന്നു.

സർക്കാർ തലത്തിൽ മൃഗസംരക്ഷണത്തിനായി തയ്യാറാക്കിയിട്ടുള്ള എല്ലാ പദ്ധതികളും ഇവിടെ നടപ്പിലാക്കിവരുന്നു.

നിലവിലുള്ള മൃഗസംരക്ഷണ സ്ഥാപനങ്ങൾ

പട്ടിക 2

ക്ര. ന.	സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	കെട്ടിടം സ്വന്തം/ വാടക	ജീവനക്കാരുടെ എണ്ണം	വാർഡ് നമ്പർ
1	തവ.മൃഗാശുപത്രി	1996	വാടക	5	8
2	ഐ.സി.ഡി.പി സ് സെൻറർ	1989	വാടക	2	8
			ആകെ	7	

പരാധീനതകളും പരിഹാര മാർഗ്ഗങ്ങളും

1. മൃഗാശുപത്രിക്കാവശ്യമായ കെട്ടിടങ്ങളോ ഉപകരണങ്ങളോ മറ്റ് സൗകര്യങ്ങളോ ഇല്ല.
2. വളർത്തു മൃഗങ്ങളെ കയറ്റി നിർത്തി പരിശോധിക്കുന്നതിനുള്ള യാതൊരു സൗകര്യവും ഈ സ്ഥാപനത്തിലില്ല.

പരിഹാരനിദേശങ്ങൾ

1 ആധുനിക സൗകര്യങ്ങളും സജ്ജീകരണവും ഉള്ള ഒരാശുപത്രി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളേണ്ടതാണ്.

2 ഒരു മുഴുവൻ സമയ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

3. കന്നുകാലി സെൻസസ്സിന്റെ അടിസ്ഥാനത്തിൽ ഐ. സി. ഡി. പി. സബ്സെൻററുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

4 മൃഗാശുപത്രിക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നപടികൾ സ്വീകരിക്കേണ്ടതാണ്.

5 എല്ലാ കറവമാടുകളേയും ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം.

6 മൃഗാശുപത്രിയോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന ഐ. സി. ഡി. പി സബ്സ് സെൻറർ 4, 5, 6, 7 എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് ചുള്ളാളത്ത് മാറ്റി സ്ഥാപിക്കണം.

7. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞുൽപ്പാദന കേന്ദ്രം സ്ഥാപിക്കുക, കോഴി വസന്തക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ് സംഘടിപ്പിക്കുക, കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റയും കോഴിത്തീറ്റയും ലഭ്യമാക്കുക, കോഴികളെ വില്ക്കുന്നതിന് സഹകരണസംഘം പൊതുസംവിധാനമുണ്ടാക്കുക

8. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകുക.

9. പേപ്പട്ടി ശല്യം തടയുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക.

10 ഒരു പൗൾട്രി ഫാം സ്ഥാപിക്കുക.

മാംസ വിതരണ സമ്പ്രദായം തികച്ചും ശാസ്ത്രീയമായ രീതിയിൽ നടക്കുന്നില്ല. ഇതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ അറവു ശാലകൾ നിർമ്മിക്കേണ്ടതും മുൻകൂട്ടി അറവുമാടുകളെ പരിശോധിക്കേണ്ടതുമാണ്. ഈ മേഖലയിൽ ഒരു ഡോക്ടറുടെ സേവനം ആവശ്യമാണ്.

പഞ്ചായത്തിൽ രണ്ട് ബയോഗ്യാസ് പ്ലാൻറുകളാണ് ഉള്ളത്. കാളകളും പോത്തുകളും വണ്ടിവലിക്കുന്നതിനുള്ള നിലം ഒരുക്കുന്നതിനും ഉപയോഗിക്കുന്നു. കാർഷിക മേഖലക്ക് ആവശ്യമായ ജൈവ വളത്തിന്റെ ശ്രോതസ്സ് ഇവിടുത്തെ കന്നുകാലികളാണ്. മൃഗസംരക്ഷണത്തെ സംബന്ധിച്ച് പരിശീലനം നൽകുന്നതിന് ഒരു സ്ഥാപനം കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്നു അതിന്റെ പ്രയോജനം ഈ പഞ്ചായത്തിൽ ലഭ്യമാക്കിയാൽ കന്നുകാലി വളർത്തുകാരിലുള്ള അജ്ഞതമാറുകയും അതിലൂടെ മൃഗസംരക്ഷണ മേഖല ശക്തിപ്രാപിക്കുകയും ചെയ്യും.

മൃഗസംരക്ഷണമേഖലയുടെ വികസനത്തിനായി പൊതുവായുള്ള ചില നിർദ്ദേശങ്ങൾ

1. മൃഗാശുപത്രിയിൽ ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

2 മൃഗഡോക്ടറുടെ സേവനം എല്ലാ വാർഡുകളിലും മാസത്തിലൊരിക്കൽ ലഭ്യമാക്കണം.

3.എ) വായ്പ സൗകര്യങ്ങൾ ഏർപ്പെടുത്തണം

ബി) സഹകരണാടിസ്ഥാനത്തിൽ പൗൾട്രി ഫാമുകൾ ആരംഭിക്കുക. വേണ്ടരത പരിശീലനം താൽപ്പര്യമുള്ളവർക്ക് നൽകുക.

4 കാലിത്തീറ്റാ നിർമ്മാണ യൂണിറ്റുകൾ എല്ലാ വാർഡിലും ആരംഭിക്കുക.

5 കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ 500 പശുക്കൾക്ക് ഒന്ന് എന്നതോതിൽ പുനരാസൂത്രണം ചെയ്ത് മൃഗാശുപത്രിയുടെ പരിധിയിൽ കൊണ്ടുവരിക.

6 ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുക.

7. കന്നുകാലികൾക്ക് യഥാസമയം പ്രതിരോധ കുത്തിവെയ്പ് നൽകുന്നതിന് പഞ്ചായത്തു തലത്തിൽ വാർഡുകൾ തോറും ക്യാമ്പുകൾ സംഘടിപ്പിക്കുക.

8 പന്നി, കോഴി, ആട് മുതലായവയെ വളർത്തുന്നതിനുള്ള പരീശീലനവും ധനസഹായവും നൽകി താൽപ്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കുക.

9 അടുക്കളമുറ്റത്തെ കോഴിവളർത്തൽ സർവ്വസാധാരണ മാക്കുക.

10 വിദ്യാർത്ഥികൾക്ക് മൃഗസംരക്ഷണ മേഖലയിൽ ആഭിമുഖ്യം ഉണ്ടാകത്തക്ക വിധത്തിൽ സ്കൂൾ തലത്തിൽ പദ്ധതികൾ നടപ്പിലാക്കുക.

11 കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ധനസഹായം ചെയ്യുക.

12 വനിതാ സംഘടനകൾ വഴി മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുക.

13 മൃഗാശുപത്രി വികസന സമിതി രൂപീകരിച്ച് ആധുനിക സൗകര്യങ്ങളോടെ മൃഗാശുപത്രികൾ പുനരുദ്ധാരണം ചെയ്യുക.

14 പേവിഷ നിർമ്മാർജ്ജനം സാർവത്രികമാക്കുക.

15 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി സാമ്പത്തിക പരിഗണന കൂടാതെ എല്ലാവർക്കും പ്രയോജനപ്പെടുത്തണം.

16 മൃഗാശുപത്രിയിൽ പ്രവർത്തിക്കുന്ന ഐ. സി. ഡി. പി. സബ് സെൻറർ 5, 6, 7 എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

17 1, 2 വാർഡുകൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഒരു മൃഗാശുപത്രി ബാലംപച്ചയിൽ ആരംഭിക്കുക.

18 തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക.

19 സ്കൂൾ പൗൾട്രി ക്ലബ്ബുകൾ ആരംഭിക്കാവുന്നതാണ്.

20 ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

മത്സ്യ കൃഷി

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ വാമനപുരം നദിയിൽ മാത്രമാണ് മത്സ്യബന്ധനം നാമമാത്രമായെങ്കിലും നടക്കുന്നത്. മത്സ്യ വിപണിയെ ആശ്രയിച്ചാണ് പഞ്ചായത്തിന്റെ മത്സ്യ ആവശ്യം നിറവേറ്റുന്നത്. മുൻകാലങ്ങളിലെ പോലെ തന്നെ മത്സ്യവില നിയന്ത്രിക്കുന്നത് ഇടത്തട്ടുകാരാണ്. ഉൾനാടൻ മത്സ്യക്കൃഷി നാമമാത്രമായിപ്പോലും നിലവിലില്ല. തോടുകളും കുളങ്ങളും വ്യാപകമായി ഉള്ളതുകൊണ്ട് ശുദ്ധജല മത്സ്യകൃഷിക്കുള്ള സാധ്യതയേറെയാണ്. ഏറ്റവും ലാഭകരമായ കൃഷിയെന്ന നിലയിൽ വ്യാപകമായ പരിശീലനങ്ങളും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കിയാൽ ഈ രംഗത്ത് മുന്നേറാൻ കഴിയും.

സാധ്യതകൾ

1. വെള്ളുമണ്ണടി വാർഡിലെ ഇഷ്ടി നിർമ്മാണത്തിന് മണ്ണെടുത്ത കുളങ്ങളിൽ മത്സ്യക്കൃഷിക്കുള്ള സാധ്യതകൾ ആരായണം.


2. മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിനായി ഗവൺമെൻറ് ഏജൻസികളുടെ പ്രവർത്തനം പഞ്ചായത്തു തലത്തിൽ ലഭ്യമാക്കണം.

3 മത്സ്യ ഉൽപ്പന്നങ്ങളെ ആധാരമാക്കിയുള്ള തൊഴിൽ യൂണിറ്റുകളാരംഭിച്ച് സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാം.

4. ശുദ്ധജല മത്സ്യക്കൃഷിക്ക് പഞ്ചായത്തു സമിതികൾ രൂപീകരിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ഗവൺമെൻറ് ഏജൻസി വഴി മത്സ്യക്കുഞ്ഞുങ്ങളെ യഥാസമയം ലഭ്യമാക്കുകയും ചെയ്യുക. ഇതിനായി മത്സ്യ കർഷക ഏജൻസികളെ ഉപയോഗിക്കുക. മത്സ്യത്തീറ്റയും വിതരണം ചെയ്യുക.

5 മത്സ്യക്കൃഷിക്ക് ആവശ്യമായ വായ്പ സബ്സിഡിയോടുകൂടി കർഷകന് നൽകുക.

6 പഞ്ചായത്തിലെ കുളങ്ങൾ സംരക്ഷിക്കുകയും ഗ്രൂപ്പ് മത്സ്യക്കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക.



5.3
വ്യവസായം

പുല്ലാമ്പാറ പഞ്ചായത്ത് വ്യവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ്. വ്യാവസായിക മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം തുച്ഛമാണ്.

അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് ഉൽപ്പന്നങ്ങൾക്കു വേണ്ടത്ര വിപണി ലഭിക്കായ്ക എന്നീ കാരണങ്ങളാൽ പരമ്പരാഗത വ്യവസായങ്ങൾ ഉണ്ടായിരുന്നത് തന്നെ തകർച്ചയിലാണ്. ഈ രംഗത്തെ തൊഴിൽ സാധ്യത കുറഞ്ഞെങ്കിലും ആധുനിക വ്യവസായങ്ങൾ ഈ രംഗത്തേക്ക് കടന്നുവന്നില്ല. ഇത് തൊഴിലില്ലായ്മ രൂക്ഷമാക്കി. പരമ്പരാഗത വ്യവസായ രംഗത്ത് പണിയെടുത്തിരുന്നവർ ഏറിയ കൂറും മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറാൻ തുടങ്ങി.

വ്യാവസായിക തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ

	തൊഴിൽമേഖല	പുരു.	സ്ത്രീകൾ	ആകെ
2	മൈനിംഗ്	26	27	53
3	കുടിൽ വ്യവസായം	28	29	57
4	മറ്റു ചെറുകിട വ്യവസായങ്ങൾ	38	31	69
	ആകെ	92	87	179

അവലംബം: സെൻസസ് റിപ്പോർട്ട് 1991

നിലവിലുള്ള നാമമാത്ര ചെറുകിട വ്യവസായങ്ങൾ

	വ്യവസായങ്ങളുടെ പേര്	എണ്ണം	തൊഴിലാളികളു എണ്ണം
1	തടി വ്യവസായം	1	4
2	ഭക്ഷ്യസംസ്കരണം	1	5
3	മെറ്റൽ ക്രഷർ	1	30
4	പ്രിന്റിംഗ്	1	5
5	ഫ്ലവർമിൽ	1	1
6	എണ്ണയാട്ടു വ്യവസായം	1	1
7	ആഗർ ബത്തി	1	2
	ആകെ	7	48

പ്രശ്നങ്ങൾ

1 പരമ്പരാഗത വ്യവസായ മേഖലകളായ പനമ്പ്, കൈത്തറി തുടങ്ങിയവ തകർച്ചയിലാണ്.

2 വ്യവസായ ആസൂത്രണവും നടത്തിപ്പും പഞ്ചായത്തു തലത്തിൽ മോണിറ്റർ ചെയ്യാൻ സംവിധാനങ്ങളില്ല.

3 സ്വയം പരിശീലന സംരംഭങ്ങൾക്കുള്ള അവസരം കുറവാണ്.

4 പരമ്പരാഗത വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവാണ്.

5 ആധുനിക വ്യവസായശാലകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പനങ്ങളോട് മൽസരിച്ച് വിപണി കണ്ടെത്താൻ കഴിയുന്നില്ല. .

6 ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് ഫലപ്രദമായ സംവിധാനങ്ങളില്ല.

7. മുഖ്യകാർഷിക വിളയായ റബർ വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നില്ല.

8. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്

9 ധനസഹായം ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ

10 വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണമില്ലായ്മ.

11 വ്യവസായങ്ങൾക്കുള്ള സംഘടിതശ്രമം ഇല്ലായ്മ.

12 വൈദ്യുതിയുടെ ലഭ്യതക്കുറവ്

13 അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ്

സാധ്യതകൾ

1. ചെറുകിട വ്യവസായ സംരംഭകരെ കണ്ടെത്തി വായ്പാസൗകര്യം ലഭ്യമാക്കുക.

2. ചെറുകിട വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുക.

3 ചെറുകിട വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

4. അസംസ്കൃത സാധനങ്ങളുടെ പ്രദേശിക സമാഹാരത്തെ സഹായിക്കുക.

5 ഗ്രാമവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി കണ്ടെത്തുകയും ചെയ്യുക.

6. സ്വയംതൊഴിൽ പദ്ധതിക്കുള്ള വായ്പ ഉദാരമാക്കുക.

7 വ്യവസായ സംരംഭകർക്കുള്ള സമഗ്രമായ പരിശീലനമേർപ്പെടുത്തുക.

8 വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്ന എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് രംഗത്തിന് മുൻഗണന നൽകുക.

9 സഹകാര്യ മേഖലയെ ആകർഷിക്കാനും പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനും നടപടികൾ സ്വീകരിക്കുക.

10 ഇ. എസ്. ഐ. രജിസ്ട്രേഷൻ അടക്കമുള്ള നടത്തിപ്പും നിയന്ത്രണങ്ങളും ഭരണപരമായ മറ്റ് കാര്യങ്ങളും.

മൂലധന സമാഹരണം

വ്യവസായ സംരംഭങ്ങൾക്കുള്ള മുഖ്യഘടകം സാമ്പത്തികമാണല്ലോ. ഇതിനാവശ്യമായ സാമ്പത്തിക സമാഹരണം മുഖ്യഘടകമാണ്. ബാങ്കുകളിൽ നിന്നുള്ള വായ്പകൾ, വ്യക്തികളിൽനിന്നുള്ള ഷെയറുകൾ വ്യവസായ സംരംഭകർക്ക് ഏർപ്പെടുന്ന തൊഴിലാളികളിൽ നിന്നുള്ള ഓഹരികൾ ഈ രീതിയിൽ സാമ്പത്തിക സമാഹരണം നടത്തിയെങ്കിൽ മാത്രമേ ഏതൊരു വ്യവസായവും പ്രാദേശികമായി തുടങ്ങുവാൻ കഴിയൂ. അതുകൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ വെക്കുന്നു.

ഗൾഫ് മേഖലപോലുള്ള രംഗത്ത് പണിയെടുക്കുന്ന സാമ്പത്തിക ശേഷിയുള്ള ആൾക്കാർ, ഇന്നാട്ടിലെ തന്നെ സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന കർഷർ, വ്യാപാരികൾ തുടങ്ങിയവരിൽ നിന്നുള്ള ഓഹരി സമാഹരണം, ബാങ്കിൽ നിന്നു ലഭിക്കുന്ന വായ്പകൾ, വ്യവസായത്തിൽ പങ്കുകൊള്ളുന്ന തൊഴിലാളികളിൽ നിന്നുള്ള ഷെയറുകൾ ഇവ സമാഹരിച്ച് വ്യവസായത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കാവുന്നതാണ്.

വ്യവസായ രംഗത്തുള്ള ധനകാര്യ സ്ഥാപനങ്ങൾക്കുള്ള പങ്ക്

ചെറുകിട, വൻകിട കച്ചവടക്കാർ ലക്ഷക്കണക്കിനു രൂപ ബാങ്കുകളിൽ നിന്നും കച്ചവട ആവശ്യങ്ങൾക്കായി വായ്പയെടുക്കുന്നുണ്ട്. ഈ രീതിയിൽ എടുക്കുന്ന വായ്പാ തുകകൾ ഏറിയ പങ്കും മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കുകയാണ് പതിവ്. വായ്പ മടക്കി അടക്കുന്നതിൽ കൃത്യനിഷ്ഠത പാലിക്കുന്നതുകൊണ്ട് ഇത്തരം വായ്പകളുടെ വിനിയോഗത്തെപ്പറ്റി ബാങ്ക് അധികൃതർ, എടുക്കുന്ന വായ്പ നിർദ്ദിഷ്ട ആവശ്യത്തിനാണോ ഉപയോഗിക്കുന്നതെന്ന കാര്യത്തെക്കുറിച്ച് പരിശോധിക്കുന്നുണ്ടോ എന്നും സംശയമുണ്ട്. ചെറുകിട വ്യവസായങ്ങൾക്കുള്ള ബാങ്ക് വായ്പ ഉദാരമാക്കിയാൽ ഈ രംഗത്തുള്ള വളർച്ച ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയും.

സഹകാര്യമേഖലയിൽ റബർ പാൽ സംഭരിക്കുന്ന വ്യക്തികളിൽ നിന്ന് നികുതി ഈടാക്കിയാൽ ഈ തുക വ്യവസായ സംരംഭത്തിൽ വിനിയോഗിക്കാം.

വൈദ്യുതി

വ്യവസായ സംരംഭങ്ങൾക്ക് ഏറ്റവും അനുപേക്ഷണീയമായ ഒരു ഘടകമാണല്ലോ വൈദ്യുതി. പുല്ലമ്പാറ പഞ്ചായത്തുപോലുള്ള, വൈദ്യുതിയുടെ കാര്യത്തിൽ പിന്നിൽ നിൽക്കുന്ന പ്രദേശങ്ങളിൽ വ്യവസായിക രംഗത്ത് ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് സാങ്കേതിക വിദഗ്ധരുമായി ആലോചിച്ചു ചെയ്യേണ്ടതാണ്.

വ്യവസായ രംഗം പോലെ തന്നെ ഗൃഹാവശ്യങ്ങൾക്ക് വൈദ്യുതി അത്യന്താപേക്ഷിതമായിരിക്കുന്ന കാലത്ത് സോളർ വൈദ്യുതി, കാറ്റിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി എന്നിവയെപ്പറ്റി പരിയാലോചിക്കേണ്ടതാണ്.

വൈദ്യുത ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ യഥാസമയം കൃത്യനിഷ്ടതയോടെ ചെയ്തു തീർക്കാത്തതുകൊണ്ട് നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം തകർന്നുകൊണ്ടിരിക്കയാണ്. യഥാസമയം അറ്റകുറ്റപണികൾ ചെയ്തു തീർത്താൽ ഇന്നുള്ള പ്രശ്നങ്ങൾക്ക് ഏറെ പരിഹാരം കാണാൻ കഴിയും.

വാഹന സൗകര്യം

വ്യവസായരംഗത്തുള്ള സാധനങ്ങളുടെ കൈമാറ്റം വ്യവസായത്തിലൊരു പ്രധാന ഘടകമാണ്. പാർസൽ സർവീസ്, വ്യവസായോൽപ്പന്നങ്ങളുടെ കൈമാറ്റം ത്വരിതപ്പെടുത്തുന്നു എന്നുള്ളതുകൊണ്ട് ഈ പഞ്ചായത്തിന്റെ സമീപ പ്രദേശത്ത് സൗകര്യപ്രദമായി ഒരു പാർസൽ സർവീസ്സ് തുടങ്ങുന്നതിനെ കുറിച്ച് താൽപ്പര്യമുള്ള കക്ഷികളുമായി പഞ്ചായത്ത് അധികൃതർ ബന്ധം പുലർത്തുന്നത് ഉചിതമായിരിക്കും എന്ന വ്യവസായം വ്യവസായികളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

വ്യാവസായിക മേഖലയിൽ പല വ്യവസായങ്ങളും കേന്ദ്രീകരിച്ച് പ്രവർത്തിപ്പിച്ചാൽ സാമ്പത്തികമായും വളരെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതും, തന്മൂലം വ്യാപാര വിപണന രംഗം പുഷ്ടിപ്പെടുത്താൻ കഴിയുന്നതുകൊണ്ട് ഒരു വ്യാവസായികശൃംഖലതന്നെ രൂപികരിച്ചാൽ വ്യാവസായിക പ്രവർത്തനങ്ങൾ വളരെ സുഗമായി പ്രവർത്തിക്കാൻ കഴിയും.

ശാസ്ത്ര സങ്കേതിക രംഗത്തെ വിദഗ്ദരുടെ സഹായ സഹരണങ്ങൾ വ്യാവസായിക രംഗത്തെ വളർച്ചയ്ക്കും പുരോഗതിക്കും അനുപേക്ഷണീയമാണെല്ലോ, അതുകൊണ്ട് മേൽപ്പറഞ്ഞ സാങ്കേതിക വിദഗ്ധരുടെ സഹായ സഹകരണങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

ഈ പഞ്ചായത്തിലെ ശാസ്ത്രസാങ്കേതിക വൈദഗ്ദ്ധ്യമുള്ള യുവാക്കളുടെ പങ്കാളിത്തവും ഈ രംഗത്ത് ഉപയോഗപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

വ്യാവസായിക മേഖലയിൽ പഞ്ചായത്തിന്റെ കീഴിൽ സംഘടിപ്പിക്കാവുന്ന ചില തൊഴിൽ സംരംഭങ്ങളെപ്പറ്റി ചുവടെ ചേർക്കുന്നു.

സഹകരണ മേഖല

1 കാലിത്തീറ്റ
2 ഇഷ്ടിക നിർമ്മാണം
3 റെഡിമെയ്ഡ് ഗാർമെന്റ്സ്
4 ബേക്കറി വ്യവസായം (ഇതിനോട് അനുബന്ധമായി അച്ചാറുകൾ, സ്ക്വാഷുകൾ, ജാമുകൾ ഇവയും നിർമ്മിക്കാം.)
5 റബർ ഉൽപ്പന്നങ്ങൾ
6 വെൽഡിംഗ് യൂണിറ്റുകൾ
7 ചെരിപ്പു വ്യവസായം
8 ജൈവവള നിർമ്മാണം
9 ഭക്ഷ്യധ്യാനം പൊടിക്കൽ
10 സോഡാ നിർമ്മാണം
11 നഴ്സറി
12 ഓട്ടോ ഇലക്ട്രിക് ഷോപ്പ്
13 സിമന്റ് കൊണ്ടുള്ള ജാളി നിർമ്മാണം
14 റബർ ഡിപ്പോകൾ
15 മാവേലി സ്റ്റോറുകൾ
16 നാളികേര സംഭരണവും, വിവിധതരം ഉൽപ്പന്നമാക്കി മാറ്റലും
17 തീപ്പെട്ടി വ്യവസായം
18 ബീഡി നിർമ്മാണം, വിപണനം
19 അച്ചടിശാല
20 റബർ കോൾടാർ
21 ക്രേപ്മിൽ
22 ഇലക്ട്രിക്സ് ആൻറ് ഇലക്ട്രോണിക്സ് - ഉപകരണങ്ങൾ

23 സുഗന്ധവ്യജ്ഞനളുടെ സംസ്കരണം

കുടിൽ വ്യവസായം

1 തേനീച്ച വളർത്തൽ

2 കുറ്റിമുല്ല കൃഷി

3 കൂൺ കൃഷി

4 വിവിധതരം കരകൗശല വസ്തു നിർമ്മാണം.

6 പച്ചത്തൊണ്ടു കൊണ്ടുള്ള ഉൽപ്പന്നങ്ങൾ

7 ഔഷധ വ്യവസായം

ചെറുകിട വ്യവസായമേഖല

1 ഖാദി വ്യവസായം

2 ഫർണ്ണിച്ചർ വ്യവസായവും, വിപണനവും

വനിതാ വ്യവസായമേഖല

1 ഇലക്ട്രോണിക് ആൻറ് ഇലക്ട്രിക് ഇൻസ്ട്രമെന്റേഷൻ.

2 ടൈപ്പ് റൈറ്റിംഗ്

3 കമ്പ്യൂട്ടർ

4 ഡ്രൈവിംഗ് സ്കൂൾ (Two wheeller cycles etc....)

5 ഓട്ടോ ഇലക്ട്രിക്ക് വർക്സ്

6 കരകൗശല വസ്തുനിർമ്മാണം

7 ഇൻഫർമേഷൻ ഗൈഡൻസ് സർവ്വീസ്

8 പച്ചക്കറി വിപണനകേന്ദ്രം

9 കൂൺ കൃഷി പരിശീലന കേന്ദ്രം

10 പ്ലംബിംഗ് പരിശീലന കേന്ദ്രം

11 ഷിറ്റ് മെറ്റൽ നിർമ്മാണം

12 അച്ചാർ നിർമ്മാണം

13 മസാല നിർമ്മാണം

14 കാറ്ററി യൂണിറ്റ്

15 ജാം, ജൂസ് നിർമ്മാണം

16 പരിഷത് അടുപ്പ് ഫിറ്റിംഗ് നിർമ്മാണം

17 കരകൗശല വസ്തു നിർമ്മാണം

18 ടൈലറിംഗ് ആൻറ് എംപ്രോയിഡറി വർക്സ്

19 ഹോം നഴ്സിംഗ്

20 വനിതാ ഗ്രന്ഥശാല


21 മെഴുകുതിരി നിർമ്മാണം

വൻകിട വ്യവസായം

1 മെറ്റിൽ നിർമ്മാണവും വിപണനവും, സ്വകാര്യ മേഖലയിൽ ഇന്ന് ചുള്ളാളത്ത് ഒരു ക്രഷർ പ്രവർത്തിക്കുന്നുണ്ട്. ഏറ്റവും ലാഭകരമായി പ്രവർത്തിപ്പിക്കാവുന്ന വ്യവസായമാണ് മെറ്റിൽ വ്യവസായം.

ചേപ്പിലോട് എന്ന സ്ഥലത്ത് പ്ലൈവുഡ് നിർമ്മാണ ശാല നടത്താൻ ഒരു വ്യക്തി തൽപ്പരനാണ്. വൈദ്യുതിയും ഗതാഗതവും സൗകര്യപ്പെടുത്തിക്കൊടുക്കണം.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പുല്ലമ്പാറ പഞ്ചായത്തിലെ പത്ത് ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട് വ്യവസായ കോർ ഗ്രൂപ്പ് സ്ഥലത്തെ ഇടത്തരം വ്യവസായികളുമായി ചർച്ച ചെയ്ത് ക്രോഡീകരിച്ച അഭിപ്രായങ്ങളോടെ തയ്യാറാക്കിയതാണ്. മേൽവിവരിച്ച വ്യവസായ വികസന റിപ്പോർട്ട്. നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമാത്രമായ രീതിയിൽ മാറ്റങ്ങൾ വരുത്താൻ ഇത്തരം നിർദ്ദേശങ്ങൾ കൊണ്ട് കഴിയുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ ഗ്രാമത്തിനാവശ്യമായ നിത്യോപയോഗ സാധനങ്ങളിൽ കൂടുതൽ ഭാഗവും ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിലില്ലായ്മക്ക് ഏറെക്കുറെ പരിഹാരം ഉണ്ടാക്കാനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയും ആളോഹരി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹിക - സാമ്പത്തിക - സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹിക ജീവിത അനുഭവങ്ങളും വികസന സാക്ഷരതയും വളർന്നുവരാൻ കാരണമാവുകയും ചെയ്യുന്നു. വിശദമായ ചർച്ചക്കും മൂൻഗണന നിശ്ചയിക്കുന്നതിനുമായും ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.



5.4

വിദ്യാഭ്യാസം

കേരളീയർ വിജ്ഞാന തൃഷ്ണയുള്ളവരാണ്. എവിടെ ജ്ഞാനം കിട്ടുമോ അവിടേക്ക് അവർ എത്തിചേരും. ഏറെ പ്രശംസിക്കപ്പെടേണ്ട ഈ ജ്ഞാന തൃഷ്ണ ഇന്ന് ചൂഷണം ചെയ്യപ്പെടുന്നു. വിദ്യാഭ്യാസം സ്വകാര്യവത്കരിക്കുന്നതു മുതൽ ഇതിന്റെ പേരിൽ അശാസ്ത്രീയവും അബദ്ധജഡിലവുമായ അഭ്യാസങ്ങൾ അടിച്ചേൽപ്പിക്കുന്നതുവരെ എത്തിനിൽക്കുന്നു നമ്മുടെ വിദ്യാഭ്യാസരംഗം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വ്യക്തിത്വത്തിന്റെ സമഗ്രമായ വികസനമാണെന്നാണ് വയ്പ്. ശാരീരിക വളർച്ചക്കും സാമൂഹ്യ വൈകാരിക വളർച്ചയ്ക്കും ബുദ്ധിവികാസത്തിനും വിദ്യാഭ്യാസം ഉതകുന്നു. എന്നാൽ നമ്മുടെ വിദ്യാലയങ്ങൾ അതിന്റെ മൗലിക ലക്ഷ്യങ്ങളിൽ നിന്ന് അകലുകയാണ്. ഈ പ്രതിസന്ധി മുറിച്ചുകടക്കുന്നതിനുള്ള ഗൗരവാവഹമായ അന്വേഷണത്തിന് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു.

കേരളത്തിലുടനീളം നിലവിലുണ്ടായിരുന്നതു പോലെ കുടിപ്പള്ളിക്കൂട സമ്പ്രദായമാണ് നമ്മുടെ പഞ്ചായത്തിലും നിലവിലിരുന്നത്. പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാലയം പേരുമലയിൽ ശ്രീ. രാമക്കുറുപ്പ് നൽകിയ സ്ഥലത്ത് ശ്രീ. എം പരമേശ്വരപിള്ളയുടെ മാനേജുമെന്റിൽ 1944ൽ ആരംഭിച്ചു. നാലാംക്ലാസ്സുവരെയുള്ള വിദ്യാലയത്തിലെ അദ്ധ്യാപകർക്ക് ഏഴ് രൂപയും പ്രഥമാദ്ധ്യാപകന് പന്ത്രണ്ട് രൂപയുമായിരുന്നു ശമ്പളം. പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനത്തിന് തുടക്കം കുറിച്ച ഈ വിദ്യാലയം 1948ൽ സർക്കാർ ഏറ്റെടുത്തു. 25,112 പേർ അധിവസിക്കുന്ന വിശാലമായ ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ മാത്രമാണ് പ്രവർത്തിക്കുന്നത്. 1962ൽ ശ്രീ. ആനക്കുഴിയിൽ അഹമ്മദ് പിള്ള സ്ഥാപിച്ച ജനതാ ഹൈസ്കൂളാണിത്. പഞ്ചായത്തിന്റെ പടിഞ്ഞാറ് പ്രദേശത്തുള്ളവർ തൊട്ട് അടുത്ത പഞ്ചായത്തിലെ വെഞ്ഞാറമൂട് ഗവർമെണ്ട് ഹൈസ്കൂളിലും കിഴക്കൻ പ്രദേശത്തുള്ളവർ പനവൂർ പഞ്ചായത്തിലെ പനവൂർ ഹൈസ്കൂളിലുമാണ് പഠനം നടത്തുന്നത്.

പഞ്ചായത്തിലാകെ അഞ്ച് എൽ. പി. സ്കൂളുകളും രണ്ട് യു പി സ്കൂളുകളും ഒരു ഹൈസ്കൂളും ഹൈസ്കൂളിനോട് ചേർന്ന ഒരു യു. പി. സ്കൂളും പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും വിശദവിവരം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

25112 ജനസംഖ്യയുള്ള പഞ്ചായത്തിൽ 3224 വിദ്യാർത്ഥികൾ എട്ട് സ്കൂളുകളിലായി പഠനം നട

നമ്പർ	സ്കൂളിന്റെ പേര്	ഉടമസ്ഥത	വിദ്യാർത്ഥികൾ		ആകെ	അദ്ധ്യാപകരുടെ എണ്ണം
			ആൺ	പെൺ		
1	ഗവ. എൽ.പി.എസ് വെള്ളുമണ്ണടി	സർക്കാർ	92	81	173	5
2	ഗവ. എൽ.പി.എസ് പേരുമല	"	243	250	493	14
8	ഗവ. എൽ.പി.എസ് മുക്കടിൽ	"	160	158	318	9
4	ഗവ. എൽ.പി.എസ് നെടുംകൈത	"	77	90	167	6
5	പഞ്ചായത്ത് എൽപിഎസ് പാണയം	പഞ്ചായത്ത്	100	105	205	5
6	കെ.വി.യു.പി.എസ് വെള്ളുമണ്ണടി	എയ്ഡഡ്	114	93	207	9
7	എം.ബി.കെ യൂപിഎസ് വയ്യക്കാവ്	എയ്ഡഡ്	133	103	236	11
8	ജനതാ എച്ച്എസ് തേമ്പാംമൂട്	എയ്ഡഡ്	732	693	1425	59

എൽപി സ്കൂളുകൾ മാത്രമേ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നുള്ളു. ആകെയുള്ള വിദ്യാർത്ഥികളിൽ 42% ഈ മേഖലയിലാണ്. അദ്ധ്യാപകരിൽ 33%-വും സർക്കാർ സ്കൂളുകളിലാണ്.

ത്തുന്നു. ഇതിൽ 688 കുട്ടികൾ പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ടതാണ്. അദ്ധ്യാപകരുടെ എണ്ണം 118. 27 വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപകൻ എന്നതാണ് അനുപാതം. സംസ്ഥാന അനുപാതം നാൽപ്പത് വിദ്യാർത്ഥികൾക്ക് ഒരദ്ധ്യാപകൻ എന്നതാണ്. സംസ്ഥാന അനുപാതം നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ നിലവാരത്തിൽ അതനുസരിച്ചുള്ള വളർച്ച കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ പഞ്ചായത്തിലെ നല്ലൊരു ശതമാനം കുട്ടികളും മറ്റ് പ്രദേശങ്ങളിലെ സ്കൂളുകളിലേക്ക് പോകുന്നതുകൊണ്ടുമാണിത്. പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക 2ൽ.

ത്. സാമ്പത്തിക - സാമൂഹ്യ - ഗാർഹിക പ്രശ്നങ്ങൾ ഇവരുടെ കൊഴിഞ്ഞുപോക്കിനു കാരണമായിത്തീരുന്നു. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു മുമ്പ് തന്നെ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നതിന് അവർ നിർബന്ധിതരാകുന്നു.

ഭൗതിക സാഹചര്യങ്ങൾ

അദ്ധ്യയന നിലവാരത്തിൽ ഭൗതിക സാഹചര്യങ്ങളുടെ ലഭ്യത വളരെ പ്രധാനപ്പെട്ടതാണ്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ അദ്ധ്യാപക - രക്ഷാകർതൃ സംഘടനകൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. ഒരു സ്കൂൾ, അവിടത്തെ

പട്ടിക - 2

L.P			U.P			H.S		
കെ	SC/ST	ശതമാനം	കെ	SC/ST	ശതമാനം	കെ	SC/ST	ശതമാനം
1356	312	23	1150	241	21	718	136	19

പ്രൈമറി ക്ലാസ്സിൽ ചേരുന്ന എസ് സി/എസ്സ് ടി വിഭാഗത്തിലെ എല്ലാ കുട്ടികളും പഠനം പൂർത്തിയാക്കുന്നില്ല. പ്രൈമറിതലം മുതൽ മുകളിലേക്ക് വരുംതോറും ശതമാനം കുറഞ്ഞുകുറഞ്ഞു വരുന്നതായി ക്കാണാം.

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായി കണ്ടുവരുന്നത്. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും മാത്രമാണെന്ന മിഥ്യാധാരണ മാറണം. സർക്കാർ നൽകുന്ന വിഭവങ്ങൾ മാത്രം ഉപയോഗിച്ച് ഒരു സ്കൂളിനു നിലവാരം മെച്ചപ്പെടുത്താൻ കഴിയില്ല. സ്കൂൾ ഒരു പൊതു സ്വത്താണെന്ന ധാരണ സമൂഹത്തിനുണ്ടാകേണ്ടിയിരിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ പൂർണ്ണമായും ലഭ്യമായ സ്കൂളുകൾ പഞ്ചായത്തിലില്ലായെന്നു തന്നെ

പട്ടിക 3

സ്കൂൾ പേര്			1	ഗവ.എൽ.പി.എസ് വെള്ളായണി	ഗവ.എൽ.പി.എസ് പേയാട്	ഗവ.എൽ.പി.എസ്	ഗവ.എൽ.പി.എസ്	ഗവ.എൽ.പി.എസ് പരശുവയ്ക്കൽ	ഗവ.എൽ.പി.എസ് കാരോട്	ഗവ.എൽ.പി.എസ് പുന്നക്കുളം	ഗവ.എൽ.പി.എസ് കുന്നത്തുകാൽ
ആകെ ഡിവിഷനുകളുടെ എണ്ണം			2	5	13	8	6	4	6	8	35
കെട്ടിടങ്ങൾ	സ്ഥിരം		3	1	2	1		1			4
	അർദ്ധസ്ഥിരം		4	–	0	0	1	0	1	0	2
	താൽക്കാലികം		5	–	1	0		0		0	0
മുറികളുടെ എണ്ണം	സ്ഥിരം		6	–	8	10		2		1	41
	അർദ്ധസ്ഥിരം		7	–	0	0	1	0	1	2	7
	താൽക്കാലികം		8	–	3	0		0		–	0
ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം			9	0	4	–	–	3	0	–	ഇല്ല
ഇനി ആവശ്യമുള്ള കെട്ടിടം മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട് ഇല്ല			10	ഉണ്ട്	ഇല്ല	–	–	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം			11	1	1	1	1	1	1	2	4
മൂത്രപ്പുര ഒരുസമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം			12	0	10	10	1	10	1	10	10
ഇനി ആവശ്യമുള്ളതിന്റെ എണ്ണം			13	2	2	1	2	2	2	1	0
നിലവിലുള്ള കക്കൂസിന്റെ എണ്ണം			14	0	1	1	1	0	1	1	0
ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം			15		0	0	1	0	0	0	0
കുടിവെള്ള സംവിധാനം ഉണ്ട് ഇല്ല			16	0	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
വൈദ്യുതീകരണം ഉണ്ട് ഇല്ല			17	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
പാചകമുറി			18	0	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
സ്റ്റാഫ് റൂം			19	0	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതിയാകും ഇല്ല			20		ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	മതിയാകും
ഇനി ആവശ്യമായവയുടെ എണ്ണം	ഡസ്ക്		21	30	24	50	35	20	35	40	0
	ബഞ്ച്		22	30	15	10	10	–	10	–	0
	മേശ		23	3	9	4	9	–	9	–	0
	കസേര		24	6	9	5	10	5	10	–	0
	ഓഫീസ് ഫർണിച്ചർ		25								

പറയാം. ക്ലാസ്സ് മുറികൾ പലതും വേർതിരിച്ചിട്ടില്ല. കെട്ടിടങ്ങളുടെ പൊതുഅവസ്ഥ, മൂത്രപ്പുര, കക്കൂസ് എന്നിവയുടെ ലഭ്യത, കുടിവെള്ള ലഭ്യത ഫർണിച്ചർ, ലബോറട്ടറി, ലൈബ്രറി തുടങ്ങിയവ ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്.

സ്ഥിരം കെട്ടിടങ്ങൾ ഏഴ് സ്കൂളുകൾക്ക് ഉണ്ടെങ്കിലും ക്ലാസ്സ് മുറികൾ വേർതിരിച്ചിട്ടുള്ളത് ഹൈസ്കൂളുകളിൽ മാത്രമാണ്. നെടുംകൈത എൽ. പി. എസ്. അർദ്ധ സ്ഥിരമായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 173 കുട്ടികൾ പഠിക്കുന്ന വെള്ളുമണ്ണടി എൽ പി. എസ്സിൽ കുട്ടികൾക്കുവേണ്ടി മൂത്രപ്പുരയോ കക്കൂസോ ഇല്ല.

മറ്റ് സ്കൂളുകളിൽ മൂത്രപുരയും കക്കൂസും ഉള്ളവതന്നെ അപര്യാപ്തമാണ്. പഞ്ചായത്തിൽ 248 വിദ്യാർത്ഥികൾക്ക് ഒരു മൂത്രപ്പുര എന്ന തോതിലാണ് നിലവിലുള്ളത്. പ്രാഥമികാവശ്യങ്ങളുടെ അസൗകര്യം കുട്ടികളിൽ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് വഴി തെളിക്കുന്നു. മൂത്രാശയ രോഗങ്ങളുടെ കാരണങ്ങൾ അന്വേഷിച്ച് മറ്റെങ്ങും പോകേണ്ടതില്ല. ഒരു സ്കൂളിനെ സംബന്ധിച്ച് ഏറ്റവും അടിയന്തരമായി വേണ്ടത് മൂത്രപ്പുരയാണ്. സ്ഥലപരിമിതി മിക്കവാറും സ്കൂളുകളെ സാരമായി ബാധിച്ചിരിക്കുന്നു. ഒരേക്കർ മൂന്ന് സെൻറ് വിസ്തീർണ്ണമുള്ള വെള്ളുമണ്ണടി കെ. വി. യു. പി. എസ്സിന്റെ കളി സ്ഥലത്ത് ഇപ്പോൾ റബർ നട്ടുവളർത്തുന്നു. വെള്ളുമണ്ണടി എൽ പി. എസ്സ്, പേരുമല എൽ പി എസ്, മുക്കുടിൽ എൽ പി. എസ്. പാണയം എൽ പി എസ് എന്നിവ സ്ഥലപരിമിതിമൂലം വീർപ്പുമുട്ടുന്നു. മൂന്ന് യു. പി. സ്കൂളുകളിലും പേരുമല, മുക്കുടിൽ എൽ പി സ്കൂളുകളിലും മാത്രമേ കുടിവെള്ള സംവിധാനം നിലവിലുള്ളു. രണ്ട് സ്കൂളുകളിലൊഴികെ ബാക്കി എല്ലാ സ്കൂളുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. ആവശ്യാനുസരണം ഫർണ്ണിച്ചറുകൾ ഉള്ളത് ഹൈസ്കൂളിൽ മാത്രമാണ്.

അക്കാഡമിക്ക് സൗകര്യങ്ങൾ

പഠന പ്രവർത്തനങ്ങൾക്ക് ആവശ്യം ഉണ്ടായിരിക്കേണ്ട ലൈബ്രറി, ലാബോട്ടറി എന്നിവയുടെ കാര്യം പരിതാപകരമാണ്. നെടുംകൈത എൽ പി എസ്സിൽ മാത്രമേ ലൈബ്രറി സൗകര്യമുള്ളു. യു. പി., എച്ച് എസ് എന്നിവടങ്ങളിലെ ലൈബ്രറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

ലബോറട്ടറികൾ നാമമാത്രമായി ചില സ്കൂളുകളിൽ നിലവിലുണ്ട്. ഗ്ലോബുകൾ, മാപ്പുകൾ തുടങ്ങിയ പഠനോപകരണങ്ങൾ ആവശ്യത്തിന് രണ്ട് സ്കൂളുകളിൽ മാത്രമേയുള്ളു. ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ നാമമാത്രമാണുള്ളത്. അക്കാഡമിക്ക് സൗകര്യങ്ങളുടെ വിശദവിവരങ്ങൾ പട്ടിക - 4ൽ.

എൽ പി വിഭാഗത്തിൽ മൊത്തം കുട്ടികളുടെ 43% മിനിമം മാർക്ക് നേടാൻ കഴിയാത്തവരാണ്. യു. പി. യിൽ 18.6ഉം ഹൈസ്കൂൾ വിഭാഗത്തിൽ 70.6 ശതമാനവും ഇതിൽപ്പെടും. എൽ പി. വിഭാഗത്തിലെ പകുതിയോളം കുട്ടികൾ നിരക്ഷരതയോട് അടുത്ത് നിൽക്കുന്നവരാണ്. ഹൈസ്കൂൾ ക്ലാസ്സുകളിൽ എത്തുമ്പോൾ വിജയശതമാനം കുത്തനെ ഇടിയുന്നു. ഓർമ്മ പരിശോധന മാത്രമായി ചുരുങ്ങുന്ന പരീക്ഷാരീതിയും സർഗ്ഗവാസനകൾ വളർത്താൻ ഉപകരിക്കാത്ത ബോധന മാർഗ്ഗങ്ങളും ഇതിന് കാരണമാകാം.

പി. ടി. എകൾ

സ്കൂളുകളുടെ വികസനത്തിൽ ബഹുജന സഹകരണം തേടുന്നതിന് പി. ടി. എകൾക്ക് നിർണ്ണായകമായ പങ്കുണ്ട്. ഉച്ചക്കഞ്ഞി പോലുള്ള ദൈനംദിന കാര്യങ്ങൾ നടത്തുന്നതിനുള്ള ഫണ്ട് യഥാസമയം ലഭിക്കാതെ വരുന്നതും കറണ്ട് ചാർജ്, സ്റ്റേഷനറി സാധാനങ്ങൾ വാങ്ങൽ തുടങ്ങിയ പലതും പി. ടി. എ ആണ് ചെയ്തുകൊണ്ടിരിക്കുന്നത്. മിക്കവാറും എല്ലാ സ്കൂളുകളിലും പി. ടി. എ ശക്തമായി പ്രവർത്തിക്കുന്നുണ്ട്. മാതൃസംഗമ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നുണ്ട്. മേൽപ്പറഞ്ഞ ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ തന്നെ രക്ഷാകർത്താക്കളെയും സമൂഹത്തെ ആകെ തന്നെയും വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് ബോധവത്കരിക്കാൻ കഴിഞ്ഞിട്ടില്ല. കുട്ടികളുടെ ഹാജർ, സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, സ്കൂൾ നിലവാരം മെച്ചപ്പെടുത്തലിനെപ്പറ്റിയുള്ള അവബോധം എന്നിവ വളരുന്നതിന് പി. ടി. എ പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് ശക്തമായ ജനകീയ ഇടപെടലിനുള്ള സാധ്യത തെളിഞ്ഞ് വരുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുകളുടെ അക്കാദമിക്കും ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ സമിതികൾ ആലോചിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം രക്ഷകർത്താക്കളും പൊതു വിദ്യാലയങ്ങളിൽ ചേർക്കാൻ തയ്യാറാണ്. എന്നാൽ വിദൂരങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് നൂറ്റിയമ്പതിൽപരം കുട്ടികൾ പോകുന്നുണ്ട്. വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കാനായി

പട്ടിക നാല്

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട് / ഇല്ല; പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല	ലബോറട്ടറി / സയൻസ് കോർണർ ഉണ്ട് / ഇല്ല; പ്രവർത്തിക്കുന്നു /പ്രവർത്തിക്കുന്നില്ല	പഠനോപകരണങ്ങൾ(മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) ഉണ്ട് /ഇല്ല	ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ – എണ്ണം							
				റേഡിയോ	ടേപ്പ് റെക്കോർഡർ	ടിവിസെറ്റ്	വി.സി.ആർ/വി.സി.പി	സിനിമാ പ്രൊജക്ടർ	ഓഡിയോ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ
1	2	3	4	5	6	7	8	9	10	11	12
ഗവ.എൽ.പി.എസ് വെള്ളുമണ്ണടി	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ഗവ.എൽ.പി.എസ് പേരുമല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ഗവ.എൽ.പി.എസ് മുക്കുടിൽ	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ഗവ.എൽ.പി.എസ് നെടുംകൈത	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
പഞ്ചാ.എൽ.പി.എസ് പാണയം	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
എം.ബി.കെ.യു.പി.എസ് വയ്യാക്കാവ്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
കെ.വി.യു.പി.എസ് വെള്ളുമണ്ണടി	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
ജനത എച്ച്.എസ് തേമ്പാംമുട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല

അവലംബം സെക്കൻറി ഡേറ്റ

നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നാട്ടിൻപുറത്തെ ഇടത്തരക്കാരിൽ പോലും സ്വാധീനം ചെലുത്തിയിരിക്കുന്നു.

ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. ഇതിനായി തലസ്ഥാന നഗരിയെയാണ് ഭൂരിഭാഗം വിദ്യാർത്ഥികളും ആശ്രയിക്കുന്നത്. തോമ്പാംമൂട് കേന്ദ്രമായി പ്രവർത്തിക്കുന്ന രണ്ട് ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളിലുമായി ഇരുനൂറിൽപ്പരം കുട്ടികൾ പരിശീലനം നടത്തിവരുന്നു. കമ്പ്യൂട്ടർ ട്രെയിനിംഗ് അടക്കമുള്ള സാങ്കേതിക പരിശീലന സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല.

പ്രീ-പ്രൈമറി സ്കൂളുകൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ സ്വാകാര്യ മേഖലയിൽ തേമ്പാംമൂട്ടിൽ പ്രവർത്തിക്കുന്നു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരാണ് ഈ സ്ഥാപനത്തെ ആശ്രയിക്കുന്നത്. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ ഇരുപത്തിരണ്ട് അംഗൻ വാടികൾ പ്രവർത്തിക്കുന്നുണ്ട്.

2590.47 ചതുരശ്ര ഹെക്ടർ വിസ്തീർണ്ണവും 25112ൽ പരം ജനസംഖ്യയുമുള്ള ഈ പഞ്ചായത്തിൽ ജനസംഖ്യാനുപാതമായി അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. 144 മന്ദബുദ്ധികളായ കുട്ടികളുള്ള പഞ്ചായത്തിൽ അവരുടെ സംരക്ഷണത്തിനായുള്ള ഒരു സ്ഥാപനവും നിലവിലില്ല. മുസ്ലീം കുട്ടികളുടെ മതപഠനത്തിനായുള്ള ഏഴ് മദ്രസകൾ പഞ്ചായത്തിലുണ്ട്. സാധാരണ സ്കൂൾ സമയത്തിനും മുമ്പും, വൈകുന്നേരങ്ങളിലുമായി ദിവസവും രണ്ട് മണിക്കൂർ മദ്രസകൾ പ്രവർത്തിക്കുന്നു. മതപഠനവും ഈ വിഭാഗത്തിലുള്ള കുട്ടികൾക്ക് ഒഴിവാക്കാൻ കഴിയാത്തതാണെങ്കിലും സ്കൂൾ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു. പഞ്ചായത്തിൽ ജോലിചെയ്യുന്ന അദ്ധ്യാപകരിൽ 80%വും തദ്ദേശീയരല്ല. പഞ്ചായത്തിന് വെളിയിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നവർ 2% മാണ്. തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരിൽ ഒരു വിഭാഗം പാരലൽ കോളേജുകളിൽ സേവനം അനുഷ്ഠിക്കുന്നു. ഈ ഗ്രാമപഞ്ചായത്തിൽ ഏഴു പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നു. ഗൾഫ് മേഖലയുടെ സ്വാധീനം വിദ്യാർത്ഥികളെ ഐ. ടി. ഐ, ഐ. ടി. സി. എന്നീ സ്ഥാപനങ്ങളിലേക്ക് നയിക്കുന്നു.

നിരവധി വിദ്യാലയങ്ങളും, അനേകം വിദ്യാസമ്പന്നരും നമുക്കുണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നിരക്ഷരരുടെ എണ്ണം കൂടുതലാണ്. തൊണ്ണൂറിലെ സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതിനാൽ നവസാക്ഷരർ ക്രമേണ നിരക്ഷരരായി. പഞ്ചായത്തിൽ മൊത്തം 14% നിരക്ഷരരുണ്ട്. സ്കൂൾ തലത്തിലുള്ള നിരക്ഷരരുടെ എണ്ണം പഞ്ചായത്തിൽ കൂടി വരുന്നു.

വിദ്യാർത്ഥികളുടെ പഠനനിലവാരം ആശാവഹമല്ല. നിരവധി വസ്തുതകൾ വിദ്യാഭ്യാസ നിലവാരം തഴ്ന്നതിന് കാരണമായി ചൂണ്ടിക്കാണിക്കാം. വിദ്യാർത്ഥി സമരങ്ങൾ, ടെലിവിഷന്റെ അതിപ്രസരം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചരണം, ആരോഗ്യ പ്രശ്നങ്ങൾ, മോശമായ ഗൃഹാന്തരീക്ഷം, വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങളിലെ അപര്യാപ്തത, അശാസ്ത്രീതമായ പരീക്ഷാസമ്പ്രദായം, ശക്തമല്ലാത്ത പി. ടി. എ. പഞ്ചായത്ത് ഭരണസമിതിയുടെ നോട്ടക്കുറവ് തുടങ്ങിയവ വിദ്യാഭ്യാസ നിലവാരം താഴുന്നതിന് കാരണമായി തീരുന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ശാസ്ത്രമാസികകളായ യുറീക്കയും ശാസ്ത്രകേരളവും യഥാക്രമം 150ഉം 15ഉം പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നു.പരിഷത്തിന്റെ രണ്ട് ബാലവേദികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പരിഷത്തിന്റെ വിജ്ഞാനോത്സവം, സയൻസ് ക്ലബ്ബ് തുടങ്ങിയവ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിൽ സഹായിക്കുന്നു.

പ്രശ്നങ്ങൾ

1 വിദ്യാഭ്യാസ നിലവാരം താഴ്ന്നു.

കാലഹരണപ്പെട്ട ബോധനരീതി തുടങ്ങുന്നതിനാൽ വിരസതവർദ്ധിക്കുയും കുട്ടികൾക്ക് പഠനത്തിൽ താൽപ്പര്യം കുറയുകയുംചയ്യുന്നു.

3. മൂല്യനിർണ്ണയ രീതി അശാസ്ത്രീയമാണ്.

4. സ്കൂളുകളിലായി ബന്ധപ്പെടുവാൻ രക്ഷകർത്താക്കൾ വിമുക്ഖത കാണിക്കുന്നു.

5. ഭൗതിക സാഹചര്യങ്ങൾ തീരെ അപര്യാപ്തമാണ്.

6. രക്ഷിതാക്കൾ പലരും അൺഎയിഡഡ് സ്കൂളുകളിലേക്ക് കുട്ടികളെ അയക്കുവാൻ താൽപ്പര്യം കാണിക്കുന്നതിനാൽ കുട്ടികൾ തമ്മിലുള്ള അന്തരം വർദ്ധിക്കുന്നു.

7 ഹെഡ്മാസ്റ്റർമാർക്ക് ക്ലറിക്കൽ ജോലികൾ ചെയ്യേണ്ടിവരുന്നതിനാൽ പഠന വർത്തനത്തിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല.

8 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല.

9 സിലബസ്സിൽ തൊഴിൽ പരിശീലന സാധ്യത ഇല്ല.

10 പഞ്ചായത്തിലെ ഒരു സ്കൂളിനും ചുറ്റുമതിൽ ഇല്ല.

11 പ്രൈമറി ക്ലാസ്സിലെ കുട്ടികളിൽ വ്യാപകമായി അക്ഷര ജ്ഞാനത്തിന്റെ കുറവുണ്ട്.

12 അംഗൻവാടി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാത്തതിനാൽ ശിശുവിദ്യാഭ്യാസം ഫലപ്രദമായി നടക്കുന്നില്ല.

13 ബാലവാടികളിലും അംഗൻവാടികളിലും കളിക്കോപ്പുകളോ ഇരിപ്പിടങ്ങളോ ഇല്ല.

14 തുടർ സാക്ഷരതാ പരിപാടി നടക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചു കൊല്ലത്തേക്കുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

I

എ) ആട്ടുകാൽ പാലംകോണം വാർഡുകൾ കേന്ദ്രീകരിച്ച് പാലാംകോണത്ത് ഒരു എൽ പി എസ് സ്കൂൾ ആരംഭിക്കുക.

ബി) പേരുമല മുക്കുടിൽ എന്നീ എൽ പി സ്കൂളുകളിൽ പ്രീപ്രൈമറി വിഭാഗം ആരംഭിക്കുകയും ആ സ്കൂളുകളെ അപ്പർ പ്രൈമറി സ്കൂളുകളായി ഉയർത്തുകയും ചെയ്യുക.

സി. എൽ. പി. സ്കൂളിലെ ബഞ്ചുകളിൽ ചാരു ഘടിപ്പിക്കുക.

ഡി. സ്കൂളിലെ പഠന സൗകര്യത്തിനായി ക്ലാസ്സ് മുറികൾ വേർതിരിക്കുക.

ഇ. എല്ലാ വിദ്യാലയങ്ങളിലും ഭൗതിക സൗകര്യങ്ങളായ കക്കൂസ്, മൂത്രപ്പുര, കളിസ്ഥലങ്ങൾ എന്നിവ നിർമ്മിക്കുക.

എഫ്. (1) വെള്ളുമണ്ണടി കെ. വി. യു. പി. എസ്സ്. കോമ്പൗണ്ടിലുള്ള റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി കളിസ്ഥലം നിർമ്മിക്കുക.

(2) മുക്കുടിൽ എൽ. പി. എസ്സിലെ കിണർ പുതുക്കിപണിത് മോട്ടർ സ്ഥാപിക്കുകയും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

(3) വെള്ളുമണ്ണടി എൽ പി. എസ്സിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും പാചകപ്പുര നിർമ്മിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

II

1) അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പഞ്ചായത്തു തലത്തിൽ റിഫ്രഷർ കോഴ്സുകൾ നടത്തുക.

2) എല്ലാ വിദ്യാലയങ്ങളിലും കായിക അധ്യാപകരെ നിയമിക്കുകയും വിദ്യാർത്ഥികൾക്കായി പഞ്ചായത്തു തലത്തിൽ കലാ-കായിക മൽസരങ്ങൾ നടത്തുകയും ചെയ്യുക.

3) പ്രായോഗിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പരീക്ഷാ സമ്പ്രദായം നടപ്പിൽ വരുത്തുക.

4) പ്രാദേശികമായി സിലബസ് പരിഷ്ക്കരിക്കുകയും സിലബസ്സ് പരിഷ്ക്കരണത്തിന്റെ നേതൃത്വം ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും ഏറ്റെടുക്കുക.

5. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.

6 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ഒന്നിനു മുപ്പത് എന്ന ക്രമത്തിലാക്കുക.

7 സ്കൂൾ ഹെൽത്ത് പ്രോഗ്രാം കാര്യക്ഷമമാക്കുക.

8 പഞ്ചായത്തിൽ കമ്പ്യൂട്ടർ പഠനം ഉൾപ്പെടുന്ന ഒരു ഐടിഐ കേന്ദ്രം സ്ഥാപിക്കുക.

9 പി.ടി.എ.കളും മാതൃസംഗമങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തുക.

10 പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി അദ്ധ്യാപകർ, വിദ്യാഭ്യാസ വിചക്ഷണർ, പി. ടി. എ. പ്രസിഡൻറുമാർ, പഞ്ചായത്തു പ്രസിഡൻറുമാർ, പഞ്ചായത്തു ഭരണ സമിതി അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ഒരു വിദ്യാഭ്യാസ സമിതി രൂപീകരിക്കുക, ഇതിലൂടെ വിദ്യാഭ്യാസം ജനകീയമാക്കുക എന്ന ലക്ഷ്യത്തിലെത്തിച്ചേരാം.

11 നമ്മുടെ പഞ്ചായത്തിൽ സമഗ്രമായ വിദ്യാഭ്യാസ സർവ്വെ അനിവാര്യമാണ്. കൊഴിഞ്ഞുപോക്കൽ, വിദ്യാലയങ്ങളിലേയും കുടുംബങ്ങളിലേയും ഭൗതിക സാഹചര്യം, സാമ്പത്തിക നില, സാമൂഹിക സ്ഥിതി, കുട്ടികളുടെ അഭിരുചി എന്നിവയെല്ലാം സർവ്വയിലൂടെ കണ്ടെത്തിയാൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും

കൊഴിഞ്ഞുപോക്ക് തടയുന്നതിനും കഴിയും.

12 അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ഹൈസ്കൂളിലെങ്കിലും ദൃശ്യ - ശ്രാവ്യ സങ്കേതത്തിന് രൂപം നൽകണം. എല്ലാ സ്കൂളുകളേയും ഈ കേന്ദ്രമായി ബന്ധപ്പെടുത്തണം.

13 വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കൃ. ഐ. പി. സംവിധാനം പഞ്ചായത്തു തലത്തിൽ സജ്ജീവമാക്കുക.

14 തുടർ സാക്ഷരതാ പ്രസ്ഥാനത്തിന്റെ വയോജന വിദ്യാഭ്യാസത്തിനും ഗ്രാമപഞ്ചായത്ത് രൂപം കൊടുക്കണം. വിദ്യാഭ്യാസം ഒരു സ്വകാര്യ പ്രക്രിയയല്ല. ഒരു സാമൂഹ്യ പ്രക്രിയയാണെന്ന ഒരു ബോധം ജനങ്ങളിൽ ഉണ്ടാവണം.

15 നവീന ബോധന രീതികളും പഠനോപകരണങ്ങളും ഉപയോഗിച്ച് പഠനം ഫലപ്രദവും രസകരവുമാക്കുക.

16 പ്രധാന അദ്ധ്യാപകന് ക്ലറിക്കൽ വർക്ക് ചെയ്യേണ്ടി വരുന്നതിനാൽ ക്ലാസ്സ് ജോലികളിൽ നിന്ന് ഒഴിവാക്കുക.


17 സയൻസ് കോർണ്ണർ, നേച്ചർ ക്ലബ്ബുകൾ തുടങ്ങിയ വയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

18 കൃഷി ചെയ്യാൻ കുട്ടികൾക്ക് ആഭിമുഖ്യം ഉണ്ടാക്കുതിന് എല്ലാ സ്കൂളുകളിലും പച്ചക്കറിത്തോട്ടം ഉണ്ടാക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ സമ്മാനം ഏർപ്പെടുത്തുകയും ചെയ്യുക.

19 പി ടി എ സഹകരണത്തോടെ എല്ലാ സ്കൂളുകൾക്കും ചുറ്റുമതിൽ നിർമ്മിക്കുക.

20 നഴ്സറി സ്കൂളുകളിലെ അക്ഷരം പഠിപ്പിക്കൽ നിരോധിക്കുക.

21 അംഗൻവാടികളുടെ നിയന്ത്രണം ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരണം.





5.5

കുടിവെള്ളം പൊതുജനാരോഗ്യം

ഏതൊരു ജനതയുടെയും ആരോഗ്യകാര്യങ്ങളിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടങ്ങളാണ്, ശുദ്ധവായു, ശുചിത്വമുള്ള പാർപ്പിടംഎന്നിവ. ഭൂപ്രകൃതി അനുസരിച്ച് കിഴക്ക് പടിഞ്ഞാറായി പരിഞ്ഞ് കിടക്കുന്ന ഈ പ്രദേശത്ത് 70 ശതമാനം കുന്നിൻ ചരുവുകളാണ്. അതിനാൽ തന്നെ ഈ പഞ്ചായത്തിന്റെറ 40 ശതമാനം പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. വാമപുരം, ചിറ്റാർ എന്നീ നദികളാൽ അനുഗ്രഹീതമായ ഈ ഗ്രാമപഞ്ചായത്തിൽ ജലലഭ്യത മെച്ചമാണെങ്കിലും ജലസ്രോതസ്സുകൾ വേണ്ടുംവണ്ണം ഉപയോഗയോഗ്യമാക്കി തീർക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങളിൽ 64% കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു. 3783 കിണറുകൾ ഉള്ളതിൽ 33 പൊതു കിണറുകളും 32 കുഴൽ കിണറുകളും 3718 സ്വകാര്യ കിണറുകളുമാണ്. ഇതിൽ 576 കിണറുകൾ മഴയെ മാത്രം ആശ്രയിക്കുന്നതാണ്. 5845 കുടുംബങ്ങൾ ഉള്ള പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ പുതുതായി 2127 കിണറുകൾകൂടി നിർമ്മിക്കേണ്ടിയിരിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ ഒരു ചെറുകിട ശുദ്ധജലവിതരണ പദ്ധതി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിനാവശ്യമായ ജലം മീൻമൂട് തോട്ടിൽ നിന്നാണ് ശേഖരിക്കുന്നത്. 35 ടാപ്പുകൾ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. 20 വീടുകളിലും പൈപ്പുവെള്ള കണഷ്കൻ ഉണ്ട്. ഈ പദ്ധതിയിൽ നിന്നും 5% ജനങ്ങൾക്ക് മാത്രമേ കുടിവെള്ളം ലഭിക്കുന്നുള്ളു.

വിവിധ വാർഡുകളിലായി 32 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ എട്ട് എണ്ണത്തിൽ നിന്നു മാത്രമേ കുടിവെള്ളം ലഭ്യമാകുന്നുള്ളു.

പട്ടിക - 1

പൊതു കണക്ഷൻ	സ്വകാര്യ കണക്ഷൻ	മൊത്തം
35	20	55

കഴിഞ്ഞ മൂന്ന് വർഷങ്ങളായി പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ജലജന്യരോഗങ്ങൾ യഥാക്രമം 1993 -94-368 94 -95-341 ഉം
1995-96 - 215ഉം ആണ്. 1996 ഒക്ടോബർ രണ്ടാം തീയതി നടന്ന വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നവന്ന വാർഡുകളിലെ കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും പഞ്ചായത്ത് തലത്തിൽ മെത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

പട്ടിക – 3
കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം
1	മലവിള, പുലയരുകുന്ന് വട്ടയം കോളനി	വട്ടയം നീരുറവ പ്രയോജനപ്പെടുത്തി ചെറുകിട ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുകയോ, വാമനപുരം നദീജലം ഉപയോഗിച്ച് പുലയരുകുന്നിൽ ഓവർടാങ്ക് നിർമ്മിക്കുകയോ ചെയ്ത് പൈപ്പ് ലൈൻ വഴി വെള്ളം എത്തിക്കുക.
2	പേരുമല, ചക്കക്കോട് കുന്നുമുകൾ	വട്ടത്തിപ്പള്ളി നീരുറവ പ്രയോജനപ്പെടുത്തി ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക. കൂടുതൽ പൊതുകിണറുകളും സ്ഥാപിച്ച് ഈ പ്രദേശത്തെ ജലദൗർലഭ്യം പരിഹരിക്കുക.
3.	വരിക്കല്ല്, പെന്നണ്ണും കുന്ന് കോളനി, മുത്തിപ്പാറ, കൂളപ്പുറം മിച്ചഭൂമി, വാലിക്കുന്ന്.	വാലിക്കുന്ന്, കുളപ്പുര നീരുറവ പ്രയോജനപ്പെടുത്തി ചെറുകിട ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക. ഉപയോഗ ശൂന്യമായി കിടക്കുന്ന കുഴൽക്കിണറുകളും പൊതു കിണറുകളും അറ്റകുറ്റപണി നടത്തി ജലലഭ്യത ഉറപ്പുവരുത്തുക.
4	പൊയ്ക്കകം കോളനി ആലമുക്ക്, കല്ലിറക്കം, നെടുംകൈത, ശാന്തി നഗർ, ആനക്കുഴി, തെള്ളിക്കച്ചാൽ, കടുമകൻകുഴി, മുണ്ടൻ തടിക്കാട്, പരിക്കപ്പാറ	ശാന്തി നഗറിലുള്ള നീരുറവ പ്രയോജനപ്പെടുത്തി ഒരു ചെറുകിട ശുദ്ധജല വിതരണപദ്ധതി ആരംഭിക്കുകയും തെള്ളിക്കച്ചാലിലെ പഞ്ചായത്ത് കോളനിയിൽ പൊതുകിണർ നിർമ്മിക്കുകയും ചെയ്യുക.
5	കിഴക്കേവിള, നെടുംകൈത, കൂനൻവേങ്ങ, ശാന്തിനഗർ, അരുവിപ്പുറം മുസ്ലീംപള്ളി നട.	വാമനപുരം നദികേന്ദ്രമാക്കി ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക. പ്രശ്നമേഖലകളിൽ കുഴൽ കിണറുകളും പൊതു കിണറുകളും സ്ഥാപിക്കുക.
6	ധൂളിക്കുന്ന് കോളനി, ചേപ്പിലോട് തണ്ടാർ കോളനി, മുത്തുക്കാവ്, ചെല്ലഞ്ചി, പാണയം കുളപ്പുറം കോളനി, തിട്ടയിൽ കോളനി.	വാമനപുരം നദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ധൂളിക്കുന്ന് പ്രദേശത്ത് ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുകയോ, ഈ പ്രദേശങ്ങളിൽ പൊതുകിണറുകൾ നിർമ്മിക്കുകയോ ചെയ്യുക.
7	മാങ്കുഴി കോളനി, മാങ്കുഴി, വേങ്കാട്, വെള്ളംകുടി	മാങ്കുഴി, മാങ്കുഴി കോളനി എന്നീ പ്രദേശങ്ങളിൽ ഓരോ കുഴൽ കിണറുകൾ സ്ഥാപിച്ച് പൈപ്പു ലൈനുകൾ നീട്ടിയും വെഞ്ഞാറമൂട് - പുത്തൻപാലം റോഡരുകിൽ ആറാം മൈലിൽ ഉള്ള നീരുറവ പുനരുദ്ധരിച്ച് ഉപയോഗ്യമാക്കി തീർക്കുക. അതോടൊപ്പം വേങ്കാട്, വെള്ളംകുടി എന്നീ ഭാഗങ്ങളിൽ പൊതുകിണർ നിർമ്മിക്കുകയും ചെയ്യുക. വെള്ളംകുടിയിലുള്ള നീരുറവ ഉപയോഗിച്ച് ശുദ്ധജല വിതരണം ആസൂത്രണം ചെയ്യുക.
8	കിടാരക്കുഴി, വാലുപാറ കോളനി, തെക്കേക്കോണം, കൊതുകുമല, തെക്കേക്കുന്ന്, വട്ടപ്പാറ, മീൻമൂട് ലക്ഷം വീട് കോളനി, തേമ്പാംമൂട്.	ഉപയോഗ യോഗ്യമല്ലാത്ത വാട്ടർ ടാപ്പുകളും കുഴൽ കിണറുകളും പുനരുദ്ധരിച്ചും കിടാരക്കുഴിയിൽ പുതുതായി കുഴൽ കിണർ സ്ഥാപിച്ചും പേരുമല ഏലായിൽ – തോട്ടിൽ ചെറുകിട ശുദ്ധജല വിതരണ കേന്ദ്രം ഉണ്ടാക്കുകയും ചെയ്യുക. കുളത്തുംകര കേന്ദ്രീകരിച്ച് കൊതുകുമലയിലേക്ക് ഒരു ചെറുകിട ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക. അതോടൊപ്പം തേമ്പാംമൂട്ടിൽ നിന്ന് തലേക്കുന്ന് വരെ പൈപ്പ് ലൈൻ നീട്ടുക. ചാവറോഡ് കോളനി, ഇന്ദിക്കാട് എന്നിവിടങ്ങളിൽ പൊതുകിണറുകൾ നിർമ്മിക്കുകയും ചെയ്യുക, പുല്ലമ്പാറ പി. എച്ച്. സി.യുടെ വാട്ടർ ടാങ്ക് പുനരുദ്ധരിക്കുക.
9.	തേവരുകുന്ന് കോളനി, പുതുവൽ കോളനി, ആട്ടുകാല, വാഴ്യാരുകോണം, വടയാനിക്കോണം, പേരുമല, മുല്ലമംഗലം.	കോട്ടാനക്കുഴി നീരുറവ പ്രയോജനപ്പെടുത്തി ഒരു ചെറുകിട ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക. പുല്ലമ്പാറ ശുദ്ധജല വിതരണ പദ്ധതിയുടെ പേരുമല എത്തിനിൽക്കുന്ന പൈപ്പ് ലൈൻ മുല്ലമംഗലം വരെ നീട്ടുകയും ഉപയോഗ ശൂന്യമായ ടാപ്പുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യുക.

10	പൊന്നമ്പി, പൊന്നമ്പിക്കോളനി, കൂത്തുപറമ്പ്, പിച്ചിമംഗലം, കോറുമല, ഇരപ്പൻകോണം, പാലാംകോണം കുന്നിൽ, കൂന്താണി, പാലാംകോണം ലക്ഷംവീട്.	പുല്ലമ്പാറ വില്ലേജാപ്പീസിനു സമീപമുള്ള നീരുറവ പ്രയോജനപ്പെടുത്തി ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക. പഞ്ചായത്ത് വാട്ടർ സപ്ലൈ ലൈൻ ശരിയാക്കി വാർഡിലെ പ്രശ്നമേഖലകളിൽ ടാപ്പുകൾ സ്ഥാപിക്കുക. പൊന്നമ്പിയിലും, പാലാംകോണാം ലക്ഷംവീട് കോളനിയിലും പിച്ചി മംഗലത്തും പൊതുകിണർ സ്ഥാപിക്കുകയും അതോടൊപ്പം പാലാംകോണം ജംഗ്ഷനിലെ പൊതുകിണർ നികത്തി അനുയോജ്യമായ സ്ഥലത്ത് പുതിയ കിണർ നിർമ്മിക്കുക. ഇരപ്പൻകോണം പ്രദേശം കേന്ദ്രമാക്കി കുഴൽ കിണർ നിർമ്മിക്കുക.

ജലമലിനീകരണവും പരിഹാരമാർഗ്ഗങ്ങളും

പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ 173 റബ്ബർ റോളറുകൾ പ്രവർത്തിക്കുന്നു. 90% റോളറുകളിൽ നിന്നും പുറത്തേക്ക് വിടുന്ന ആസിഡുകലർന്ന മലിനജലം ജലസ്രോത

പട്ടിക 1

കിണറുകൾ						
പൊതുകിണറുക		സ്വകാര്യകിണറുകൾ		കുഴൽകിണറുകൾ		മൊത്തം കിണറുകൾ
ജലം ലഭിക്കുന്നത്	ജലം ലഭിക്കാത്തത്	ജലം ലഭിക്കുന്നത്	ജലം ലഭിക്കാത്തത്	ജലം ലഭിക്കുന്നത്	ജലം ലഭിക്കാത്തത്	
20	13	3142	576	8	24	3783

K.W.A. പദ്ധതി		
പട്ടിക 2		
പൊതുകണക്ഷൻ	സ്വകാര്യ കണക്ഷൻ	മൊത്തം
35	20	55

സ്സുകളിലേക്കും പൊതുനിരത്തുകളിലേക്കും ഒഴുക്കി വിടുന്നതിന്റെ ഫലമായി ജലമലിനീകരണത്തിനും പരിസര മലിനീകരണത്തിനും ജലജന്യരോഗങ്ങൾക്കും ഇടയാക്കുന്നു. ശാസ്ത്രീയമായി, ഈ അശുദ്ധ ജലത്തെ സംസ്കരിക്കുവാനുള്ള നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഈ ഗ്രാമപഞ്ചായത്തിലെ ഏക മിനിശുദ്ധജല വിതരണ പദ്ധതിയുടെ ആസ്ഥാനമായ മീൻമൂട് തോട്ടിലേക്ക് റബ്ബർ റോളറുകളിൽ നിന്നും വൻതോതിൽ ആസിഡ് കലർന്ന മലിന ജലം ഒഴുക്കി വിടുന്നതുമൂലം കുടിവെള്ളം മലിനമാകുകയും, മാരകരോഗങ്ങൾക്ക് കാരണമായി തീരുകയും ചെയ്യുന്നു.

നിലവിലുള്ള ജലസ്രോതസ്സുകളുടെ അനുബന്ധം

(എ) പൊതുകിണറുകൾ

പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിൽ 10 വാർഡുകളിലായി 33 പൊതു കിണറുകളാണ് ഉള്ളത്.
കിണറുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള പട്ടിക.

പട്ടിക.4

പട്ടിക 4					
ന.	വാർഡിന്റെ പേര്	പൂർണമായും ജലം ലഭിക്കുന്നത്	വർഷത്തിൽ 8 മാസം ജലം ലഭിക്കുന്നത്	ജലം ലഭിക്കാത്തത്	ആകെ കിണറുകൾ
1	വെള്ളുക്കുഴി	1	x	1	6
2	പേരുമല	2	1	x	3
3	പുല്ലമ്പാറ	3	x	2	5
4	പുള്ളാളം	2	x	2	4
5	കുന്നിൻപുറം	x	x	1	1
6	പാണയം	2	x	x	2
7	മുക്കുന്നിൽ	2	x	1	3
8	തെന്നൂർമുക്ക്	3	x	x	3
9	ആളുകാല	1	x	2	3
10	പാലാംകോണം	4	3	1	8
	ആകെ	22	8	10	33

ബി. ടാപ്പുകൾ

തേമ്പാംമൂട് വാർഡിൽ ജനതാ എച്ച് എസ്സിനു സമീപം 68,000 ലിറ്റർ ജലസംഭരണശേഷിയുള്ള ഒരു ചെറുകിട ശുദ്ധജല വിതരണ പദ്ധതി 1982ൽ ആരംഭിക്കുകയും വിവിധ ഭാഗങ്ങളിലായി 35 ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തു. ഇതിൽ 14 ടാപ്പുകൾ പൂർണ്ണമായും നശിച്ചു. പൈപ്പ് ലൈനിലെ 21 ടാപ്പിൽ നിന്നായി 155 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നു. കൂടാതെ 20 വീടുകളിൽ നേരിട്ടും പൈപ്പ് ലൈൻ കണക്ഷൻ വഴി ശുദ്ധജലം എത്തിക്കുന്നു.

സി) കുഴൽക്കിണർ

ഈ പ്രദേശത്ത് ആകെ 32 കുഴൽ കിണറുകൾ ഉണ്ട്. 80 കുടുംബങ്ങൾ കുടിവെള്ളത്തിനായി കുഴൽക്കിണറുകളെ ആശ്രയിക്കുന്നു.

ഡി) കിണറുകൾ

ആകെയുള്ള 5848 കുടുംബങ്ങളിൽ 3718 കുടുംബങ്ങൾ കുടിവെള്ളത്തിനായി സ്വന്തം കിണറുകൾ ആശ്രയിക്കുന്നു. ഇതിൽ 1480 കുടുംബങ്ങളിൽ സാനിട്ടറിവെൽ-ഉം, 2238 കുടുംബങ്ങളിൽ സാധാരണ കിണറും ഉപയോഗിക്കുന്നു. 1487 കിണറുകളിൽ നിന്നും വർഷത്തിൽ നാലുമാസം ജലം ലഭിക്കുന്നില്ല.

ഇ) കുളങ്ങൾ, നദികൾ

പഞ്ചായത്ത് പ്രദേശത്ത് ആകെ ആറു കുളങ്ങളും രണ്ട് നദികളും ഉണ്ട് - യഥാക്രമം പാണയം വാർഡിൽകൂടി ഒഴുകുന്ന ചിറ്റാറും, പഞ്ചായത്തിന്റെ വടക്ക് - കിഴക്ക് ഭാഗത്തായി ഒഴുകുന്ന വാമനപുരം നദിയും. പഞ്ചായത്തിൽ 365 കുടുംബങ്ങൾ കുടിവെള്ളത്തിനായി നദിയെയും കുളങ്ങളെയും ആശ്രയിക്കുന്നു. കുളങ്ങൾ സ്ഥിതി ചെയ്യുന്ന വാർഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക.6

നം.	വാർഡിന്റെ പേര്	കുളങ്ങളുടെ എണ്ണം
1	പുല്ലമ്പാറ	1
2	ചുള്ളാളം	2
3	ആട്ടുകാൽ	2
4	പാലാംകോണം	1
	ആകെ	6

എഫ്) ഉറവകൾ

വട്ടയം, കൂട്ടുമുഖം, വട്ടത്തിപ്പള്ളി, കാവതിയോട്, കോട്ടാനക്കുടി, ചാവടിനട, പൊന്നമ്പി, മഞ്ചാടി, പരിക്കപ്പാറ, അയ്യംപാറ, വാലിക്കുന്ന്, മുത്തിപ്പാറ, ഭഗവതികോണം, പാലുവള്ളി എന്നീ ഭാഗങ്ങളിൽ കണ്ടുവരുന്ന നീരുറവകൾ കേന്ദ്രീകരിച്ച് ശുദ്ധജല വിതരണ പദ്ധതികൾ ആസൂത്രണം ചെയ്താൽ പഞ്ചായത്തിലെ 9 വാർഡുകളിൽ ശുദ്ധ ജലം എത്തിക്കാൻ കഴിയും. വർഷം മുഴുവനും ഈ നീരുറവകളിൽ നിന്നും ജലം ലഭ്യമാണ്.

കുടിവെള്ളക്ഷാമ പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

വാർഡ് 1. വെള്ളുമണ്ണടി:- മലവിള, പുലയരുകുന്ന, നെല്ലനാട് കോളനി, വട്ടയം എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വട്ടയം നീരുറവ പ്രയോജനപ്പെടുത്തി ചെറുകിട ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുകയോ വാമനപുരം നദീജലം ഉപയോഗിച്ച് പുലരുകുന്നിൽ ഓവർ ടാങ്ക് നിർമ്മിക്കുകയോ ചെയ്യേണ്ടതാണ്. ഈ പദ്ധതി നടപ്പിലാക്കിയാൽ പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ അഞ്ചുവാർഡുകളിൽ കുടിവെള്ളം എത്തിക്കാൻ കഴിയും.

വാർഡ് നമ്പർ 2. പേരുമല:- ചക്കക്കാട്, കുന്നുമുകൾ എന്നീ പ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. വട്ടത്തിപ്പള്ളി നീരുറവ പ്രയോജനപ്പെടുത്തി ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ച് ഈ വാർഡിന്റെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

വാർഡ് നമ്പർ 3. പുല്ലമ്പാറ:- വാർഡിലെ ചെമ്മണ്ണുംകുന്ന് കോളനി, മുത്തിപ്പാറ, കുളപ്പുറം മിച്ചഭൂമി വാലിക്കുന്നു എന്നീ പ്രദേശങ്ങശിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കുളപ്പുറം നീരുറവ പ്രയോജനപ്പെടുത്തി ചെറുകിട ശുദ്ധജല പദ്ധതി ആരംഭിച്ചാൽ ഈ വാർഡിലെ മുഴുവൻ പ്രദേശത്തെയും കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയും. കൂടാതെ ഉപയോഗ ശൂന്യമായി കിടക്കുന്ന കുഴൽക്കിണറുകളുടേയും പൊതു കിണറുകളുടേയും അറ്റകുറ്റ പണി നടത്തുകയും വേണം.

വാർഡ് നമ്പർ 4. ചുള്ളാളം:- ഈ വാർഡിൽ പൊയ്ക്കകം കോളനി, ആലമുക്ക്, കല്ലിറക്കം, നെടുംകൈത,

ശാന്തിനഗർ, ആനക്കുഴി, തെള്ളിക്കച്ചാൽ, കുടുമാംകുഴി, മുണ്ടൻ തടിക്കാട്, പരിക്കപ്പാറ, എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ശാന്തിനഗറിലുള്ള നീരുറവ പ്രയോജനപ്പെടുത്തി ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുകയും തെള്ളിക്കച്ചാൽ പഞ്ചായത്ത് കോളനിയിൽ പൊതുകിണർ നിർമ്മിച്ചും ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

വാർഡ് നമ്പർ 5. കൂനൻ വേങ്ങ:- കിഴക്കേവിള, നെടുംകൈത, കൂനൻവേങ്ങ, ശാന്തിനഗർ, അരുവിപ്പുറം മുസ്ലീംപള്ളി നട എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഈ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാനുള്ള ഏക മാർഗ്ഗം സമീപത്തുകൂടി ഒഴുകുന്ന വാമനപുരം നദി കേന്ദ്രമാക്കി ഒരു ശുദ്ധജല പദ്ധതി ആരംഭിക്കുക മാത്രമാണ്. ഈ പദ്ധതി നിലവിൽ വന്നാൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് പ്രദേശത്തും തൊട്ടടുത്ത പഞ്ചായത്തുകളായ പനവൂർ, നെല്ലനാട് എന്നീ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുവാൻ കഴിയും. ഭൂമിശാസ്ത്രപരമായി വരണ്ട പ്രദേശമായതുകൊണ്ടാണ് കുടിവെള്ളത്തിന് ഇത്രയധികം ദൗർലഭ്യം അനുഭവപ്പെടുന്നത്. ജലക്ഷാമം അനുഭവപ്പെടുന്ന മേൽസൂചിപ്പിച്ച പ്രദേശങ്ങളിൽ അടിയന്തരമായി കുഴൽ കിണറുകളും പൊതു കിണറുകളും നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം.

വാർഡ് നമ്പർ 6. പാണയം:- ധൂളിക്കുന്ന് കോളനി, ചേപ്പിലോട് തണ്ടാർ കോളനി, മുത്തിക്കാവ്, ചെല്ലഞ്ചി, പാണയം, കുളപ്പാറകോളനി, തിട്ടയിൽ കോളനി തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. വാമനപുരം നദീതീരത്ത് സ്ഥിതിചെയ്യുന്ന ധൂളിക്കുന്ന് കേന്ദ്രമാക്കി ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുകയോ, മേൽ സൂചിപ്പിച്ച പ്രദേശങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കുകയോ ചെയ്താൽ വാർഡിലെ മുഴുവൻ കുടുംബങ്ങളുടേയും കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും.

വാർഡ് നമ്പർ 7. മുക്കുടിൽ:- മാംകുഴി, മാംകുഴി കോളനി, വേങ്കാട്, വെള്ളംകുടി എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്നു. മാംകുഴി, മാംകുഴി കോളനി എന്നിവിടങ്ങളിൽ ഓരോ കുഴൽ കിണറുകൾ നിർമ്മിച്ചും വേങ്കാട് വെള്ളംകുടി എന്നീ സ്ഥലങ്ങളിൽ പൊതുകിണർ നിർമ്മിച്ചും വാർഡിലെ 70% ജനങ്ങളുടെയും കുടിവെള്ള പ്രശ്നം പരിഹരിക്കാം. വെഞ്ഞാറമൂട് - പുത്തൻപാലം റോഡരികിൽ മുക്കുടിൽ ഭാഗത്തുള്ള നീരുറവ പുനരുദ്ധരിച്ച് ഉപയോഗയോഗ്യമാക്കി തീർത്താൽ നാൽപ്പതു കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യമാക്കാം.

വാർഡ് നമ്പർ 8. തേമ്പാംമൂട്:- കിടാരക്കുഴി, വാലുപാറക്കോളനി, തെക്കേക്കുന്ന്, തെക്കേക്കോണം, വട്ടപ്പാറ, മീൻമൂട് ലക്ഷംവീട് കോളനി, വാലുപാറ, കൊതുകുമലക്കുന്ന്, തേമ്പാംമൂട് എന്നീ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം വളരെക്കൂടുതലാണ്. ഉപയോഗ ശൂന്യമായ പൊതുകിണറുകൾ, കുഴൽക്കിണറുകൾ, പൊതുടാപ്പുകൾ എന്നിവ പുനരുദ്ധരിച്ചും കിടാരക്കുഴിയിൽ കുഴൽക്കിണർ നിർമ്മിച്ചും പേരുമല ഏലാതോട്ടിൽ മിനിശുദ്ധജല വിതരണ കേന്ദ്രം സ്ഥാപിച്ചും വാലുപാറ കോളനിയിലും കുളത്തുംകരകുളം കേന്ദ്രികരിച്ചും പൈപ്പ് ലൈൻവഴി കൊതുകുമലക്കുന്നിൽ വാട്ടർ ടാങ്ക് നിർമ്മിച്ചും ജലസംഭരണികളിൽ നിന്ന് വാട്ടർ ടാപ്പുകൾ മുഖേന ആ പ്രദേശങ്ങളിൽ ശുദ്ധജല വിതരണം നടത്താവുന്നതാണ്. തേമ്പാംമൂട്ടിൽ നിന്ന് തലേക്കുന്ന് വരെ നിലവിലുള്ള പൈപ്പ് ലൈൻ നീട്ടിയും ചാവറോഡ് കോളനി - ഈന്തിക്കാട് പ്രദേശങ്ങളിൽ പൊതു കിണറുകൾ നിർമ്മിച്ചും കേടായിക്കിടക്കുന്ന പുല്ലമ്പാറ പി എച്ച് സിയിലെ വാട്ടർ ടാങ്ക് പുനരുദ്ധരിച്ചും ഉപയോഗയോഗ്യമാക്കിയും ആ സ്ഥലത്തെയും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ് നമ്പർ 9. ആട്ടുകാല:- ഈ വാർഡിലെ തേവരുകുന്ന് കോളനി, പുതുവൽക്കോളനി, വാദ്ധ്യാരുകോണം, ആട്ടുകാല, വടയാനിക്കോണം, പേരുമല, മുല്ലമംഗലം എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. കോട്ടാനക്കുഴി നീരുറവ പ്രയോജനപ്പെടുത്തി ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചാൽ മാത്രമേ തേവരുകുന്ന് കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയുള്ളു. കാവതിയോട് നീരുറവ പ്രയോജനപ്പെടുത്തി ഒരു മിനി ശുദ്ധജല പദ്ധതി ആരംഭിച്ച് പുതുവൽ കോളനിയിലെയും, വടയാനിക്കോണം പഞ്ചായത്ത് ചിറ പുനരുദ്ധരിച്ച് ഒരു ചെറുകിട ശുദ്ധജല പദ്ധതി ആരംഭിച്ചാൽ വാദ്ധ്യാരുകോണം - ആട്ടുകാല - വടയാനിക്കോണം എന്നീ പ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. K.W.A.യുടെ പുല്ലമ്പാറ ചെറുകിട ശുദ്ധജല പദ്ധതി മുഖേന പേരുമലയിൽ എത്തിനിൽക്കുന്ന പൈപ്പ് ലൈൻ മുല്ലമംഗലംവരെ നീട്ടിയാൽ മുല്ലമംഗലത്തെ കുടിവെള്ളക്ഷാമവും പരിഹരിക്കാം. ഉപയോഗശൂന്യമായ ടാപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചും പൈപ്പ് ലൈൻ വാർഡിന്റെ എല്ലാ ഭാഗങ്ങളിലും നീട്ടിയും ആട്ടുകാല വാർഡിന്റെ കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കാം.

വാർഡ് നമ്പർ 10. പാലാംകോണം:- ഈ വാർഡിലെ പൊന്നമ്പി, പിച്ചിമംഗലം ലക്ഷംവീട് കോളനി കോറുമല, ഇരപ്പൻകോണം എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. പുല്ലമ്പാറ വില്ലേജ് ആപ്പീസിനു സമീപം സ്ഥിതിചെയ്യുന്ന നീരുറവയിലെ ജലം പൈപ്പുലൈൻ വഴി ജലസംഭരണിയിലെത്തിച്ച് ടാപ്പുകൾ വഴി ശുദ്ധജല വിതരണം ചെയ്യുന്നതിനുള്ള ഒരു മിനി പദ്ധതി രൂപപ്പെടുത്തിയാൽ ഇരപ്പൻകോണം - പിച്ചിമംഗലം പ്രദേശങ്ങളിലും കെ. ഡബ്ല്യു എ സ്കീം അനുസരിച്ച് സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈൻ വാർഡു മുഴുവൻ വ്യാപിപ്പിച്ചും ടാപ്പുകൾ നിർമ്മിച്ചും പൊന്നമ്പിയിൽ പൊതുകിണർ നിർമ്മിച്ചും ശുദ്ധജല ദൗർലഭ്യം കുറയ്ക്കാം.

2. ചെറുകിട ശുദ്ധജല പദ്ധതികൾ

ചെറുകിട ശുദ്ധജല പദ്ധതികളെക്കുറിച്ച് എല്ലാ വാർഡുകളിൽ നിന്നും പരാമർശം ഉണ്ടെങ്കിലും വെള്ളുമണ്ണടി വാർഡിൽ വാമനപുരം നദീജലം ഉപയോഗിച്ച് പുലയരുകുന്നിൽ ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ചാൽ പഞ്ചായത്തിലെ 1, 2, 9, 10 എന്നീ വാർഡുകളിൽ ശുദ്ധജലം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കെ. ഡബ്ല്യു എയുടെ കീഴിൽ ഉള്ള പുല്ലമ്പാറ ചെറുകിട ശുദ്ധജല വിതരണ പദ്ധതിയുടെ സംഭരണശേഷി വർദ്ധിപ്പിച്ചും എട്ടാം വാർഡിൽ പൂർണ്ണമായും 3, 7, 9 വാർഡുകൾ ഭാഗികമായും കുടിവെള്ളം എത്തിക്കാൻ കഴിയും.

3. ഇടത്തരം ശുദ്ധജല വിതരണ പദ്ധതികൾ

വാർഡ് അഞ്ചിനേയും ആറിനേയും വേർതിരിക്കുന്ന ചിറ്റാറിലെ ജലം പാണയത്ത് ഒരു ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് അവിടെ എത്തിച്ചാൽ പൈപ്പുലൈൻ വഴിയും ടാപ്പുകൾ വഴിയും 4, 5, 6 വാർഡുകളിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കാം.

4. പഞ്ചായത്തുതല പദ്ധതികൾ

എ. മൂന്നാം വാർഡിൽ വരിക്കൽ കേന്ദ്രീകരിച്ച് മൂന്നു മുക്ക് തോട്ടിൽ കിണർ കുഴിച്ച് വാലിക്കുന്ന് ഹരിജൻ കോളനിയിൽ ടാങ്ക് നിർമ്മിച്ച് രണ്ട് കിലോമീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചാൽ വാലിക്കുന്ന് വരിക്കൽ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

ബി. വട്ടയം നീരുറവ പ്രയോജനപ്പെടുത്തി ഒരു മിനി ശുദ്ധജല പദ്ധതി ആരംഭിച്ചാൽ ഒന്നാംവാർഡിലെ കുടിവെള്ളക്ഷാമത്തിന് 60% പരിഹാരം കണ്ടെത്താം.

സി. കാവതിയോട് നീരുറ കേന്ദ്രീകരിച്ച് പുതുവൽ കോളനിയിലും കോട്ടാനക്കുഴി നീരുറവ കേന്ദ്രീകരിച്ച് തേവരുകുന്നിലും വടയാനിക്കോണം ചിറ കേന്ദ്രീകരിച്ച് വടയാനിക്കോണത്തും ജലസംഭരണികൾ സ്ഥാപിച്ച് യഥാക്രമം ഒരു കീലോമീറ്റർ 0.75 കിലോമീറ്റർ, 1.25 കിലോമീറ്റർ നീളത്തിൽ പൈപ്പു ലൈനുകളും ടാപ്പുകളും സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം.

5. ബ്ലോക്ക് - ജില്ലാ - സംസ്ഥാനതല പദ്ധതികൾ

വാമനപുരം നദിയിൽ അരുവിപ്പുറം കേന്ദ്രമാക്കി ലോകബാങ്കിന്റെ സഹായത്താൽ നിർമ്മിക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ഠ വൻകിട ശുദ്ധജല പദ്ധതി എത്രയുംവേഗം നടപ്പിൽവരുത്തിയാൽ നമ്മുടെ പഞ്ചായത്തിന് പൂർണ്ണമായും സമീപ പഞ്ചായത്തുകൾക്ക് ഭാഗികമായും ശുദ്ധജലം ലഭ്യമാക്കാൻ കഴിയും.

6. പ്രവർത്തികമാക്കാവുന്ന മറ്റ് നിർദ്ദേശങ്ങൾ

എ. ഉയർന്ന പ്രദേശങ്ങളിൽ കിണറുകൾ കുഴിച്ച് മഴവെള്ള സംഭരണം വർദ്ധിപ്പിക്കാം.

ബി. ഇതിനുവേണ്ടി ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യാം.

സി. തോടുകളിൽ അവിടവിടെ ബണ്ടുകൾ നിർമ്മിക്കുക.

ഡി. പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുകയും അതിലൂടെയുള്ള വെള്ളം ശുദ്ധമാണെന്നും ഉറപ്പുവരുത്തുക.

ഇ. കുഴൽക്കിണറുകളിൽ നിന്നും ഇരുമ്പു കുഴലുകൾ മാറ്റി പകരം പി. വി. സി. പൈപ്പുകൾ ഉപയോഗിക്കുക.

പൊതുജനാരോഗ്യം

പ്രാചീനകാലം മുതൽ പാരമ്പര്യ വൈദ്യന്മാരാണ് ചികിൽസാ രീതികൾ നിശ്ചയിച്ചിരുന്നത്. വിലപ്പെട്ട താളിയോല ഗ്രന്ഥങ്ങളിൽ ചികിത്സാ രീതികൾ രേഖപ്പെടുത്തിയിരുന്നു. മരുത്വാമലയിലും പൊൻമുടിയിലും കണ്ടുവരുന്ന അപൂർവ്വ ഔഷധ സസ്യങ്ങൾപോലും വിധിക്കപ്പെട്ടിരുന്നു. കൊടിവേലി ഉൾപ്പെടെയുള്ള ഔഷധ സസ്യങ്ങൾ എല്ലാ വീടുകളുടേയും മുറ്റത്ത് വച്ചുപിടിപ്പിച്ചിരുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നിരുന്ന പഴയ സമൂഹത്തിൽ ജ്യോതിഷം നോക്കുക, മന്ത്രവാദം ചെയ്യിക്കുക, ബാധ ഒഴിപ്പിക്കുക എന്നിവ രോഗ നിവാരണത്തിനായി ചെയ്തിരുന്നു.

ത്വക്ക്, കണ്ണ്, പേപ്പട്ടി വിഷം എന്നിവയ്ക്ക് വൈദഗ്ധ്യം നേടിയ സിദ്ധ വൈദ്യന്മാരുടെ ഒരു നിര തന്നെ ഈ ഗ്രാമപഞ്ചായത്തിലുണ്ടായിരുന്നു. തിരുവിതാംകൂറിലെ പുകൾപെറ്റ ഒരു വൈദ്യനായിരുന്നു ശ്രീ. അഹമ്മദലി വൈദ്യർ.

ആദ്യമായി 1954ൽ പഞ്ചായത്തിൽ മരുതുംമൂട് കേന്ദ്രമാക്കി ആദ്യത്തെ അലോപ്പതി ഡിസ്പൻസറി സ്ഥാപിതമായി. അന്നത്തെ തിരു-കൊച്ചി സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്ന ബഹു. ശ്രീ. എ. എ. റഹീം മഹത്വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ ഉൽഘാടനം നിർവ്വഹിച്ചു. ഈ പ്രദേശത്തെ പൊതു - സാംസ്കാരിക - വിദ്യാഭ്യാസ നായകനും പഞ്ചായത്തു മെമ്പറുമായിരുന്ന പരേതനായ ആനക്കുഴി ശ്രീ. എ. അഹമ്മദുപിള്ള ആനക്കുഴി കേന്ദ്രമാക്കി ഡിസ്പൻസറിക്ക് ആവശ്യമായ സ്ഥലം സർക്കാരിനു വിട്ടുകൊടുക്കുകയും പ്രസ്തുത സ്ഥലത്ത് 1965ൽ മരുതുംമൂട്ടിൽ നിന്നും ഡിസ്പൻസറി മാറ്റി സ്ഥാപിക്കുകയും ചെയ്തു. 1988ൽ ഈ ഡിസ്പൻസറി പഞ്ചായത്തിലെ ഏക മിനി പി. എച്ച്. സിയായി ഉയർത്തപ്പെട്ടു.

ഇന്ന് ആയുർവേദ ആശുപത്രിയടക്കം അഞ്ച് സ്ഥാപനങ്ങൾ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നു. ഇവയ്ക്കു പുറമെ സ്വകാര്യ മേഖലയിൽ രണ്ട് അലോപ്പതി ചികിത്സാ കേന്ദ്രങ്ങളും ഒരു ആയുർവേദ സെൻററും പഞ്ചായത്തിന്റെ ആരോഗ്യം സമ്പുഷ്ടമാക്കുന്നു. ആരോഗ്യ രംഗത്ത് ഇത്രത്തോളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയിൽ ഗുണപരമായ മാറ്റങ്ങൾ കാണുന്നില്ലായെന്നാണ് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്. പകർച്ചവ്യാധിയുടെ വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

പട്ടിക ഒന്ന്

ക്ര. നം.	വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	മറ്റുള്ളവ
1	1993-94	368	12	13029
2	1994-95	341	10	13766
3	1995-96	215	15	12859

(അവലംബം ദ്വിതീയ വിവരശേഖരണ റിപ്പോർട്ട്)

കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർ 249 പേരുണ്ട്. പഞ്ചായത്തിലെ ജനനനിരക്ക് 5ഉം ശിശുമരണ നിരക്ക് 12.6ഉം മാതൃമരണ നിരക്ക് 0വും ആണ് പൊതുമരണ നിരക്ക് 3.9ഉം ആണ്. ശരാശരി കുടുംബ വലിപ്പം 4.5 മാത്രമാണ്. പഞ്ചായത്തിൽ കിടത്തി ചികിൽസിക്കാൻ സൗകര്യമുള്ള ആശുപത്രികൾ ഇല്ല. ഇതിനായി പരമാ[ധി] 16 കിലോ മീറ്ററും വിദഗ്ധ ചികിൽസക്കായി 36 കിലോ[മീ]റ്ററും സഞ്ചരിക്കേണ്ടതായിട്ടുണ്ട്. വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കേണ്ടിയിരിക്കുന്നു. അതിലൂടെ "ആരോഗ്യപൂർണ്ണമായ ഒരു ഗ്രാമപഞ്ചായത്ത്" വാർത്തെടുക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

സ്ഥാപനങ്ങളും സേവനങ്ങളും

പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ മേഖലയിൽ ഉള്ള പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

എ) മിനി പ്രാഥമികാരോഗ്യ കേന്ദ്രം - 1

ബി. ആയുർവേദ ഡിസ്പെൻസറി - 1

സി. കുടുംബക്ഷേമ കേന്ദ്രങ്ങൾ - 3

ഇവയിലെല്ലാംകൂടി ആകെ 20 ജീവനക്കാരാണുള്ളത്.

പട്ടിക - 2

No.	സ്ഥാപനത്തിന്റെ പേര്	കെട്ടിടം സ്വന്തം/ വാടക	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം	റിമാർക്സ്
1	മിനി PHC	സ്വന്തം	VIII	1988	10	P:H.Cയിൽ ഒഴിഞ്ഞു കിടക്കുന്ന Jr.Hiയുടെയും പ്യൂണിന്റെയും ഒഴിവ് നികത്തണം
2	FWC	സ്വന്തം	VIII	1971	2	
3	FWC	വാടക	IV	1996	2	
4	FWC	വാടക	V	1968	2	
5	ആയുർവേദ ഡിസ്പെൻസറി	സ്വന്തം	I	1977	4	

മിനി പി. എച്ച്. സിയിലെ പ്രശ്നങ്ങൾ പരിഹാര നിർദ്ദേശങ്ങളും

2590.47 ചതുരശ്ര ഹെക്ടർ വിസ്തീർണ്ണവും 25112 ജനസംഖ്യയും ഉള്ള ഈ പഞ്ചായത്തിലെ ഏക അലോപ്പതി ചികിൽസാ കേന്ദ്രമാണ് പുല്ലമ്പാറ മിനി പി. എച്ച്. സി.

ഈ പ്രദേശത്ത് 36 പട്ടിജാതി / പട്ടികവർഗ്ഗ കോളനികളും 2 ലക്ഷംവീട് കോളനികളും ഉണ്ട്. ഇവരുടെ ആതുര ശുശ്രൂഷ അഭയ കേന്ദ്രം ഇതുതന്നെയാണ്. ഈ സ്ഥാപനത്തിന്റെ പരാധീനതകളെക്കുറിച്ച് വിശേഷാൽ ഗ്രാമസഭയിൽ നിന്ന് ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ട്. 1988ൽ എട്ടു കിടക്കകളോടുകൂടിയ ഒരു വാർഡ് സ്ഥാപിതമായെങ്കിലും സ്റ്റാഫ് കോർട്ടേഴ്സിന്റെ അഭാവത്താൽ രോഗികളെ കിടത്തി ചികിൽസിക്കുന്നില്ല. രാവിലെ 8.30മുതൽ ഉച്ചയ്ക്ക് രണ്ടുമണിവരെയായി പരിമിതപ്പെടുത്തിയിട്ടുള്ള ആശുപത്രിയുടെ പ്രവർത്തന സമയം വൈകിട്ട് 3 മണിമുതൽ അഞ്ചുമണിവരെയായിക്കൂടി ദീർഘിപ്പിക്കുകയും ജീവനക്കാർ സമയനിഷ്ഠ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. ആരോഗ്യ പ്രവർത്തകർ പൂർണ്ണമായും ഭവന സന്ദർശനം നടത്താറില്ല. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. സ്വകാര്യ പ്രാക്ടീസിലെ താൽപ്പര്യം, സ്ഥിതി കൂടുതൽ ശോചനീയമാക്കുന്നു. ഈ അവസ്ഥ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ പ്രദേശത്തെ ആരോഗ്യ പ്രവർത്തകരുടെ കീഴിൽ നാല് മഹിളാ സ്വസ്ത് സംഘ് (എംഎസ്എസ്) പ്രവർത്തിക്കുന്നുണ്ട്. മറ്റുള്ള പഞ്ചായത്തുകളിൽ ഉൾപ്പെട്ട വനിതകളെ ഉൾപ്പെടുത്തിയാണ് എം. എസ്. എസ്. രൂപീകരിച്ചിരിക്കുന്നത്. 15 എണ്ണം വീതമുള്ള ഈ സന്നദ്ധസംഘടനയിൽ തദ്ദേശവാസികളായ വനിതകളെ മാത്രമേ ഉൾപ്പെടുത്താവൂ.

പരിഹാര നിർദ്ദേശങ്ങൾ

1. മിനി പി. എച്ച്. സി.യെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു പി. എച്ച്. സി.യായി ഉയർത്തുക.

   (എ) പ്രവർത്തന രഹിതമായി കിടക്കുന്ന തേമ്പാമൂട് കുടുംബക്ഷേമ കേന്ദ്രം തുറന്നു പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2. അതിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക.

3. സ്റ്റാഫ് കോർട്ടേഴ്സ് സ്ഥാപിക്കുക.

4. മുഴുവൻ സമയ പ്രവർത്തകരായ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക.

5. ജനനസംഖ്യാനുപാതികമായി കുടുംബക്ഷേമ കേന്ദ്രങ്ങളുടെ എണ്ണം ക്രമീകരിക്കുക.

6. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുക.

   (എ) എം. എസ്. എസ്. പ്രവർത്തകർക്ക് മാസം തോറും ഒരു നിശ്ചിത തുക അലവൻസായി നൽകണം.

7. കുടുംബക്ഷേമ കേന്ദ്രം നിർമ്മിക്കുന്നതിനായി കൂനൻവേങ്ങയിൽ സംഭാവനയായി ലഭിച്ചിട്ടുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുക.

8. പട്ടികജാതി / പട്ടികവർഗ്ഗങ്ങൾ തിങ്ങിപ്പാർക്കുന്ന കൂനൻ വേങ്ങ, പാണയം എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് കൂനൻവേങ്ങയിൽ ഒരു മിനി പി.എച്ച്.സി. ആരംഭിക്കുക.

9. കുടുംബാസൂത്രണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന വനിതകളെ അവരുടെ വീടുകളിൽ എത്തിക്കുന്നതിന് പഞ്ചായത്തു തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

   (എ) എം. എസ്. എസ്. പ്രവർത്തകർക്ക് തിരിച്ചറിയൽ കാർഡ് നൽകണം.

ആരോഗ്യ രക്ഷാച്ചെലവ്

ആരോഗ്യ രക്ഷാച്ചെലവുകൾക്കായി 1994 - 95, 95-96 എന്നീ വർഷങ്ങളിൽ പുല്ലമ്പാറ മിനി പി. എച്ച്. സി. യിൽ വിനിയോഗിച്ച തുക യഥാക്രമം 74,000ഉം, 80,000വുമാണ്. ശരാശരി ആളോഹരി ചികിത്സാ ചെലവ് 94-95ൽ 2.98 രൂപയും 95-96ൽ 3.18 രൂപയുമാണ്. ഈ തുക അപര്യാപ്തമാണ്.

പട്ടിക - 3

വർഷം	സ്ഥാപനത്തിന്റെ പേര്	അനുവദിച്ച മരുന്നിന്റെ വില	അനുവദിച്ച ഉപകരണങ്ങളുടെ തുക	ആകെ
1. 94-95	PHC. പുല്ലമ്പാറ	70000/-	4000/-	7400/-
2 95-96		75000/-	5000/-	8000/-

പുതുതായി നടപ്പിലാക്കേണ്ട വിവിധ ചികിത്സാ രീതികൾ

ഈ ഗ്രാമ പഞ്ചായത്തിൽ ഹോമിയോ, സിദ്ധ, നാട്ടു ചികിൽസാ കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. ഭൂപ്രകൃതി, ജനസാന്ദ്രത, ഭൂമിയുടെ കിടപ്പ് എന്നിവ കണക്കിലെടുത്ത് മേൽസൂചിപ്പിച്ച ചികിത്സാ സമ്പ്രദായങ്ങൾ നടപ്പിലാക്കിയേ മതിയാകൂ. ഇത്തരം ചികിത്സാ സൗകര്യത്തിനായി ബഹുഭൂരിപക്ഷം ജനങ്ങളും കിലോമീറ്ററോളം സഞ്ചരിച്ച് മറ്റ് സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

ഈ ദു:സ്ഥിതിക്ക് അടിയന്തരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. മുക്കുടിൽ ചുള്ളാളം വാർഡുകൾ കേന്ദ്രീകരിച്ച് ചുള്ളാളത്ത് ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം.
2. ആട്ടുകാൽ പാലാംകോണം വാർഡുകൾ കേന്ദ്രീകരിച്ച് പാലാംകോണത്ത് ഒരു നാട്ടു ചികിത്സാ കേന്ദ്രം സ്ഥാപിക്കണം.
3. പേരുമല വാർഡ് കേന്ദ്രമാക്കി പേരുമല എൽ പി. സ്കൂളിനു സമീപത്തായി ഒരു സിദ്ധ ചികിത്സാ കേന്ദ്രം സ്ഥാപിക്കണം.

ആരോഗ്യ സ്ഥിതിവിവര കണക്കുകൾ

വൈകല്യ നിരക്ക്

പഞ്ചായത്തിലെ അംഗവൈകല്യ നിരക്ക് ആയിരത്തിന് ആറ് എന്ന കണക്കാണ്.

പട്ടിക IV					
ബധിരർ	ബധിരർ	മൂകർ	ബധിരമൂകർ	പലവിധ വൈകല്യങ്ങൾ	ആകെ
22	19	15	20	68	144

അവലംബം പി. എച്ച്. സി. പുല്ലമ്പാറ (ദ്വിതീയ വിവരശേഖരണം). അമ്മമാരുടെ എണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

ഒരു കുട്ടി	രണ്ട് കുട്ടികൾ	രണ്ടിൽ കൂടുതൽ	ആകെ
456	1435	880	2771

പട്ടിക – 6

മന്ദബുദ്ധികളുടെ നിരക്ക് – നമ്മുടെ പഞ്ചായത്തിൽ 1.87 ആണ്.

ക്ര.ന.	പ്രായം	എണ്ണം	ആകെ	%
1	0 – 5 വയസ്സുവരെ	7		
2	6 – 10 വയസ്സുവരെ	12	47	1.87
3	11 – 15 വയസ്സുവരെ	4		
4	15നുമേൽ	24		

പട്ടിക – 7: പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ സ്ത്രീയുടെ പ്രായക്രമം

ക്ര.ന.	പ്രായം	എണ്ണം	ആകെ
1	15 – 19	134	
2	20 – 24	499	
3	25 – 29	723	3000
4	30 – 34	695	
5	35 – 39	512	
6	40 – 44	473	

പട്ടിക – 8

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാരുടെ ആകെ എണ്ണം 1808. (ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

ഒരു കുട്ടി	രണ്ടുകുട്ടി	രണ്ടിൽ കൂടുതൽ	ആകെ
299	724	785	1808

പട്ടിക – 9:

സ്ഥായിയായ രോഗബാധിതർ

ന.	സ്ഥായിയായ രോഗങ്ങൾ	എണ്ണം	ആകെ
1	രക്ത സമ്മർദ്ദം	2860	
2	പ്രമേഹം	2419	
3	ക്യാൻസർ	3	
4	കുഷ്ഠം	249	5835
5	ക്ഷയം	92	
6	ഹൃദ്രോഗം	212	

ഒരു വയസ്സിനു താഴെ പ്രായമുള്ള 272 കുട്ടികളിൽ എല്ലാവരും രോഗ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ച

വരാണ്. ഈ പഞ്ചായത്തിൽ 1996 സെപ്തംബർ 30വരെ 182 ഗർഭിണികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

വൃദ്ധജനക്ഷേമം

പഞ്ചായത്തിൽ അറുപതു വയസ്സിനു മുകളിൽ പ്രായമുള്ള 1148 പേർ ഉണ്ട്. അവരുടെ ആരോഗ്യ – ആരോഗ്യേതര പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളേക്കാൾ പ്രധാനം ബോധവൽക്കരണത്തിനാണ്. എന്നാൽ ഫീൽഡ് വർക്കർമാരിൽ കണ്ടുവരുന്ന നിഷ്ക്രിയത്വം ഈ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. പൊതു ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും ഊന്നിപ്പറയേണ്ടതാണ്.

വസ്തുതാപൂർവ്വം വിലയിരുത്തിയും ബന്ധപ്പെടുത്തിയും ആരോഗ്യരംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള ഡോക്ടർമാരുടെ എണ്ണത്തിന് അനുസൃതമായി അത്യാധുനിക സജ്ജീകരണങ്ങളും യോഗ്യതയുമുള്ള പാരാമെഡിക്കൽ **ജീ**വനക്കാർ ലഭ്യമല്ല. ഡോക്ടർമാരുടെ കഴിവ് പൂർണ്ണമായും വിനിയോഗിക്കുന്നതിന് ഇത് തടസ്സം സൃഷ്ടിക്കുന്നു. അതിനാൽ പാരാമെഡിക്കൽ കോഴ്സുകൾക്കായി സർക്കാർ മേഖലയിൽ കൂടുതൽ സീറ്റുകൾ ഏർപ്പെടുത്തേണ്ടതാണ്.

ആയൂർവേ ഡിസ്പൻസറിയുടെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

25 സെൻറ് ഭൂ വിസ്തൃതിയിൽ 1977ൽ വെള്ളുമണ്ണടി വാർഡിൽ ഈ പഞ്ചായത്തിലെ ഏക ആയൂർവേദ ഡിസ്പൻസറി സ്ഥാപിതമായി. 1994 - 95ൽ 896 പേരേയും 95-96ൽ 1052 പേരും രോഗികളായി എത്തിയിട്ടുണ്ട്. ആയൂർവേദ ചികിത്സാ രീതി വളരെയധികം പുരോഗമിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ഈ പ്രദേശത്ത് രോഗാതുരത കണക്കിലെടുത്ത് നിലവിലുള്ള ആയൂർവേദ ഡിസ്പെൻസറി പത്തു കിടക്കകളുള്ള ഒരു ആശുപത്രിയായി ഉയർത്തിയേ മതിയാകൂ. അതനുസരിച്ച് പ്രത്യേക വിഭാഗങ്ങളായ സ്ത്രീ - ബാലരോഗം, പഞ്ചകർമ്മം, നേത്രം, സിദ്ധം, പ്രകൃതി, യൂനാനി എന്നീ വിഭാഗങ്ങളും ആരംഭിക്കണം. ശുദ്ധജല ദൗർലഭ്യം നേരിടുന്ന ഈ ഡിസ്പെൻസറിക്ക് ആവശ്യമായ കിണർ, പമ്പുസെറ്റ് എന്നിവ സ്ഥാപിക്കണം. ഔഷധത്തോട്ടം, ഔഷധ ശേഖരണ ഡിപ്പോ എന്നിവ ആരംഭിച്ചാൽ ഈ സ്ഥാപനം പഞ്ചായത്തിന്റെ ചിരകാല അഭിലാഷമായിത്തീരും. കൂടാതെ ആശുപത്രിക്ക് സമീപം സ്ഥിതിചെയ്യുന്ന പഞ്ചായത്തിന്റെ വക ചന്ത സ്ഥലം പ്രവർത്തന രഹിതമായി കിടക്കുന്നു. മേൽ സൂചിപ്പിച്ച ചന്തസ്ഥലത്ത് അത്യപൂർവ്വമായി കാണുന്ന ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിച്ച് പഞ്ചായത്തിൽ ഒരു ഔഷധത്തോട്ടം നിർമ്മിക്കാവുന്നതാണ്.

ആയൂർവേദ ആരോഗ്യ ചെലവിനത്തിൽ 1993 - 94ൽ 10,959.95 രൂപയും 94-95ൽ 16,127 രൂപയും 95-96ൽ 18,976.1 രൂപയും ചെലവഴിച്ചിട്ടുള്ളതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.
(അവലംബം: ദ്വിതീയ വിവരശേഖരണം - പുല്ലമ്പാറ ആയൂർവേദ ഡിസ്പൻസറി)

പരിഹരിക്കേണ്ട നിർദ്ദേശങ്ങൾ

1 ഗവൺമെൻറ് ആയൂർവേദ ഡിസ്പെൻസറി പ്രദേശത്ത് കിണറും പമ്പുസെറ്റും സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2 ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിക്കുക.

3. പത്തു കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

4 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് ആവശ്യമായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.

5. വയറിംഗ് പൂർത്തിയാക്കിയിട്ടിരിക്കുന്ന ഈ ഡിസ്പൻസറിയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുക.

കുട്ടികളുടെ പോഷക നിലവാരം

ഈ പ്രദേശത്ത് 24 അംഗൻവാടികളും എട്ട് സ്കൂളുകളും ഉണ്ട്. അംഗൻ വാടികളിൽ കുട്ടികളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉച്ചയ്ക്ക് 12.30ന് പയറും കഞ്ഞിയും വിതരണം ചെയ്യുന്നു. പഞ്ചായത്തിലെ പ്രൈമറിതലം മുതൽ അപ്പർ പ്രൈമറി തലംവരെ പഠിക്കുന്ന കുട്ടികളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിന് കഞ്ഞിയും പയറും വിതരണം ചെയ്തു വരുന്നു. പ്രായക്രമ പട്ടിക താഴെ കൊടുക്കുന്നു.

1 വയസ്സിനു താഴെ	1-5 വരെ	6-12 വരെ	പോഷകാഹാരം ലഭിക്കുന്നവർ	പോഷകാഹാരം ലഭിക്കാത്തവർ	ആകെ
239	1144	2094	2956	521	3477

ജനന സമയത്തെ കുട്ടികളുടെ തൂക്കം
(ആരോഹണക്രമത്തിൽ)

1	രണ്ട് കിലോഗ്രാമിൽ കുറവ്	-	ഇല്ല.	
2	രണ്ട് കിലോഗ്രാം - 5		എണ്ണം	
3	രണ്ടര കിലോഗ്രാം	-	113	എണ്ണം
4	3 കിലോഗ്രാം	-	08	എണ്ണം
	ആകെ	-	126	എണ്ണം

കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന മറ്റൊന്നാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ടത് കക്കൂസാണ്. പഞ്ചായത്തിലെ 40.18% (2349) വീടുകളിൽ പൂർണ്ണമായും 20.49% (1198) കുടുംബങ്ങൾക്ക് ഭാഗികമായും കക്കൂസുകൾ ഇല്ല. ഇതിനാൽ വിരശല്യം, വയറിളക്കം, വയറുകടി എന്നീ രോഗങ്ങൾ താരതമ്യേന കൂടുതൽ കണ്ടുവരുന്നു. 1993 - 94ൽ 368ഉം 94-95ൽ 344ഉം, 95 - 96ൽ 215ഉം ജലജന്യരോഗികൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. (അടിസ്ഥാനദീയ വിവരശേഖരണം പ്രാഥമികാരോഗ്യകേന്ദ്രം)

ഗ്രാമസഭകളുടെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ പറയുന്ന പ്രകാരം സംഗ്രഹിക്കാം.

കക്കൂസിന്റെ ആവശ്യകത വേണ്ടത്ര ബോധ്യപ്പെട്ടതിനാൽ 20.10% (1409) കുടുംബങ്ങൾ കക്കൂസുകൾ നിർമ്മിച്ചിട്ടില്ല. സാമ്പത്തിക പരാധീനതമൂലം 16.10% (940) കുടുംബങ്ങൾക്കും സ്ഥല പരിമിതിയും സാമ്പത്തിക പരാധീനതയുംമൂലം 20.50% (1908) കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല.

പട്ടിക - 10

തടസ്സ കാരണം	പരിഹാര മാർഗ്ഗങ്ങൾ
ആവശ്യകതയെ കുറിച്ചുള്ളഅജ്ഞത	പഞ്ചായത്ത് തലത്തിൽ ആരോഗ്യ ബോധവൽക്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലപ്പെടുത്തുക. ആരോഗ്യപ്രവർത്തകർ, ഇതര സർക്കാർ ജീവനക്കാർ, സന്നദ്ധസംഘടനകൾ, സാമൂഹിക - സാംസ്കാരിക നായകന്മാർ എന്നിവരെ ഉൾപ്പെടുത്തി വാർഡുകൾതോറും ചർച്ചാ ക്ലാസ്സുകൾ, ഫിൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ, സ്ലൈഡ്, വീഡിയോ എന്നിവ പ്രാവർത്തികമാക്കുക.
സ്ഥല പരിമിതി (കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റ് സ്ഥലങ്ങളിലും)	പൊതുവായ ഒരു സേഫ്ടി ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്.
സാമ്പത്തിക പരാധീനത	സർക്കാർ - അർധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്താൽ സാമ്പത്തിക സമാഹരണം നടത്തി കക്കൂസുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

പരിസര ശുചിത്വം

വ്യവസായ വൽക്കരണം വളരെ കുറഞ്ഞ പ്രദേശമാണെങ്കിലും പരിസര മലിനീകരണം ഗുരുതരമായി അനുഭവപ്പെടുന്നു. അതുകൊണ്ടു തന്നെ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽ നിന്നും ശുചികരണത്തിന്റെ അഭാവത്തെക്കുറിച്ച് വളരെയേറെ പരാതികൾ വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. പൊതുവായി ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്ത് സ്ഥിരം ജീവനക്കാരെ നിയമിക്കുകയും അവർ ആ ജോലി പൂർണ്ണമായും നിർവഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഇതിനായി "പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് ക്ലീൻ പഞ്ചായത്ത്" എന്നൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് അഭികാമ്യമായിരിക്കും. ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും താഴെ പറയും പ്രകാരം ക്രോഡീകരിക്കാവുന്നതാണ്.

ഏഴാം വാർഡിൽ മരുതുംമൂട്, എട്ടാം വാർഡിൽ കലുങ്കിൻമുഖം എന്നീ പ്രദേശങ്ങളിൽ ഓരോ മാർക്കറ്റുണ്ട്. ചപ്പുചവറുകൾ അലക്ഷ്യമായി കൂട്ടിയിട്ട് അവ ചീഞ്ഞഴുകി, കൊതുകുകൾ, ഈച്ചകൾ എന്നിവ പെറ്റുപെരുകാൻ ഇടയാകുന്നു. ഇതിന്റെ ഫലമായി മന്ത്, മലമ്പനി, ഡെംഗ്യൂപനി തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുന്നു. മരുതുംമൂട് മാർക്കറ്റിൽ കുന്നുകൂടി കിടക്കുന്ന ചപ്പുചവറുകൾ ശാസ്ത്രീയമായി സംസ്കരിച്ച് ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കലുങ്കിൻമുഖത്ത് പ്രവർത്തിക്കുന്ന പൊതുചന്ത അനുയോജ്യമായ മറ്റ് സ്ഥലത്തേക്ക് മാറ്റുകയും ചപ്പുചവറുകൾ സംസ്കരിക്കാനുള്ള സംവിധാനം ആവിഷ്കരിക്കുകയും വേണം. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മൊത്തമായി ഒരു അറവുശാല സ്ഥാപിച്ച് പരിശോധനാ വിധേയമാക്കിയ മൃഗങ്ങളെ മാത്രം കശാപ്പു

ചെയ്യാനുള്ള സംവിധാനം നടപ്പിലാക്കേണ്ടതാണ്. ലക്ഷം വീട് കോളനികളിൽ (വാർഡ് 8, 10) മലിന ജലം കെട്ടിനിൽക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു. ഇത് പരിഹരിക്കുന്നതിനാതി അതാതു പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യ ബോധവൽക്കണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്. പൊതുസ്ഥലങ്ങളിലും ഭിത്തികളിലും പരസ്യത്തിന്റെ മായാ പ്രപഞ്ചം സൃഷ്ടിച്ച് പൊതുജനങ്ങളെ ആശയകുഴപ്പത്തിലാക്കുന്ന പ്രവണത നിരുൽസാഹപ്പെടുത്തി അത്തരം സ്ഥലങ്ങളിൽ ആരോഗ്യപരവും സംക്രമിക രോഗങ്ങൾക്ക് എതിരെയുള്ള സന്ദേശങ്ങൾ പ്രദർശിപ്പിച്ച് ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം.

പരിസര മലിനീകരണത്തിനും പൊതുജനാരോഗ്യ പ്രശ്നത്തിനും കാരണമായിത്തീരുന്ന ഒരു മുഖ്യഘടകമാണ് റബർ ഷീറ്റ് സംസ്കരണ റോളർ യന്ത്രം. ലൈസൻസ് ഇല്ലാതെയും പൊതുജനാരോഗ്യത്തിനു വിരുദ്ധമായും 90% ഉടമകളും തുറസ്സായ സ്ഥാലങ്ങളിലേക്കും പൊതു തോടുകളിലേക്കും ആസിഡ് കലർന്ന മലിന ജലം ഒഴുക്കി വിടുന്നു. ഇത് ത്വക്ക് രോഗങ്ങൾക്കും ആമാശയ രോഗങ്ങൾക്കും കാരണമായിത്തീരുകയും ചെയ്യുന്നു.

മേൽ സൂചിപ്പിച്ച റോളർ യന്ത്രമുള്ള ഉടമകളെ കണ്ടെത്തി ഹെൽത്ത് ഇൻസ്പെക്ടറുടെ അനുമതിയോടെ ലൈസൻസ് ഏർപ്പെടുത്തുകയും മലിനജലം ശാസ്ത്രീയമായ സംസ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ശീതള പാനീയ ശാലകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപ്പന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും അത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് "ഹെൽത്ത് കാർഡ്" സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. പൊതുസ്ഥലങ്ങൾ ശുചിയാക്കുകയും ബോധവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം ആയവ കർശനമായി പാലിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വർഷ കാലത്തും വരൾച്ചാകാലത്തും പകർച്ചവ്യാധികൾ പടർന്നു പിടിക്കുക സാധാരണമാണ്. ഇതിനെതിരേ കിണറുകളിലെ ക്ലോറിനേഷൻ ഈച്ച, കൊതുക്, എന്നിവയെ നശിപ്പിക്കൽ എന്നിവ ഫലപ്രദമായി സ്വീകരിക്കാവുന്ന ഒരു നടപടികളാണ്. ആരോഗ്യ ശീലങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിയാൽ ഗുണപരമായ മാറ്റം വരുത്താൻ കഴിയും.

അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റ് വളങ്ങളാക്കി മാറ്റിയാൽ അടുക്കള തോട്ടത്തിൽ വളമായി ഉപയോഗിക്കാം. തൽഫലമായി "ഗൃഹപരിസരം" ശുചിയായി സൂക്ഷിക്കാനും കഴിയും. ആരോഗ്യ പ്രവർത്തകരേയും സന്നദ്ധ സംഘടനയിൽപ്പെട്ടവരെയും ഉൾപ്പെടുത്തി വീടിനടുത്ത് മലിനജലം കെട്ടിക്കിടക്കുന്ന പ്രവണത തടയാനും, കൂത്താടികൾ ഉള്ള സ്ഥലത്ത് മണ്ണെണ്ണയൊഴിച്ച് അവയെ നശിപ്പിക്കാനും വീടുകളിൽ ഡി. ഡി. ടി. തളിക്കാനുമുള്ള ക്രമീകരണങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

പഞ്ചായത്തു തലത്തിൽ പ്രാവർത്തികമാക്കേണ്ടുന്ന നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനുതകുന്ന ഒരു പരിശീന കേന്ദ്രം സ്ഥാപിക്കുക. പാലാംകോണം വാർഡിൽ ഉപയോഗശൂന്യമായി കിടക്കുന്ന അമ്പലക്കുളം ജനപങ്കാളിത്തത്തോടെ ശുദ്ധീകരിച്ച് നീന്തൽ പഠിപ്പിക്കുന്നതിന് അനുയോജ്യമാക്കി തീർക്കണം. കൂടാതെ പുല്ലമ്പാറ വാർഡിൽ ഏറത്തുവയൽ ചിറ ശാസ്ത്രീയമായി രൂപപ്പെടുത്തി നീന്തൽ പരിശീലനത്തിനു പയോഗിക്കേണ്ടതാണ്. പൊതുജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനി മേഖലയിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി പൊതുശ്മാശനം നിർമ്മിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണം.

വയോജനാരോഗ്യ കേന്ദ്രം

സമൂഹത്തിലെ ഒരു പ്രധാന ആശ്രിത വിഭാഗമായ വൃദ്ധ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഒരു വയോജനാരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് വയോജനങ്ങളുടെ ആരോഗ്യ മാനസിക ഉയർച്ചക്ക് ആവശ്യമായ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

ഹെൽത്ത് കാർഡ് സമ്പ്രദായം

ആരോഗ്യ ചികിത്സാ സമ്പ്രദായ രംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സമ്പ്രദായമാണ് ഹെൽത്ത് കാർഡ് സമ്പ്രദായം. വ്യക്തികളുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരങ്ങൾ, രോഗനിർണ്ണയം, സാമ്പത്തിക നില എന്നിവ വേഗത്തിലും കുറ്റമറ്റതാക്കിയും തീർക്കുവാൻ ഈ പദ്ധതി പ്രയോജനപ്പെടും. ആരോഗ്യ പ്രവർത്തകർ, സന്നദ്ധ സംഘടനയായ എം. എസ്. എസ്സിലെ അംഗങ്ങളും, കലാ - സാംസ്കാരിക സമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി പ്രതിഫലേഛ കൂടാതെ ഇത് നടപ്പിലാക്കാവുന്നതാണ്.

പാരമ്പര്യ രോഗങ്ങൾ, രക്തഗ്രൂപ്പ് നിർണ്ണയം തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ എല്ലാം കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും രോഗനിവാരണ നിർദ്ദേശങ്ങൾ നൽകുന്നതിനും മെഡിക്കൽ ക്യാമ്പുകൾ സംഘടപ്പിക്കാവുന്നതാണ്.

പ്രായോഗികമല്ലാത്ത ആരോഗ്യ നിയമങ്ങൾ

കാലഹരണപ്പെട്ടതും പ്രായോഗികമല്ലാത്തതുമായ ആരോഗ്യ നിയമാവലികൾ കാലോചിതമായി പരിഷ്ക്കരിച്ച് ആരോഗ്യരംഗത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ ഉതകുന്ന നിയമനിർമ്മാണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പാരമ്പര്യ വൈദ്യശാഖ

തലമുറകളായി വായ്മൊഴിയിലൂടെയും വരമൊഴിയിലൂടെയും പകർന്നുകിട്ടിയ അറിവുകളുടെ ഭണ്ഡഗാരമാണ് പാരമ്പര്യ വൈദ്യ ശാസ്ത്രം. ഈ ഗ്രാമപഞ്ചായത്തിൽ പതിമൂന്ന് പാരമ്പര്യ വൈദ്യ കുടുംബങ്ങൾ സേവനം അനുഷ്ഠിച്ചുവരുന്നു. ഇവരുടെ കൂടിച്ചേരൽ വഴി പലതായി ചിതറിക്കിടക്കുന്ന വൈദ്യശാസ്ത്രജ്ഞാനം ഏകോപിപ്പിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്. ആയൂർവേദ രംഗത്ത് രൂക്ഷമായിവരുന്ന ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തു തല ഔഷധ സസ്യ സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ തരിശ്ശായി കിടക്കുന്നതും പുറമ്പോക്ക് സ്ഥലങ്ങളും ഈ പദ്ധതിക്കായി പ്രയോജനപ്പെടുത്താം ഇതിനായി ഒന്നാംവാർഡിലുള്ള ആയൂർവേദ ചികിത്സാ കേന്ദ്രം വൈദ്യ പഠനത്തിനും ചികിത്സക്കും ഉതകുംവിധം ഒരു മഹത്സ്ഥാപനമാക്കി ഉയർത്തേണ്ടതാണ്. പഞ്ചായത്ത് നിവാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പുകവലി, വെറ്റില മുറക്കൽ, മദ്യപാനം, മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ പ്രചരണ ബോധവൽക്കരണം വഴി നിയന്ത്രണ വിധേയമാക്കുവുന്നതാണ്. രക്തദാനത്തെക്കുറിച്ച് ജനങ്ങൾക്കിടയിലുള്ള ഭയാശങ്കകൾ ദൂരികരിക്കുക, നേത്രദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുക എന്നിവ മുഖേന ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും ജില്ലാ നേത്ര - രക്ത ബാങ്കുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്നിവ അടിയന്തര പ്രാധാന്യം അർഹിക്കുന്നവയാണ്.

നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി ആരോഗ്യ രംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളെയും സാമൂഹ്യ - സാംസ്കാരിക സംഘടനകളെയും കൂട്ടിയിണക്കിയാൽ "ശുചിത്വ ഗ്രാമം ആരോഗ്യ ഗ്രാമം" എന്ന സ്വപ്നം രണ്ടായിരാമാണ്ടോടെ സാക്ഷാത്കരിക്കുവാൻ നമുക്ക് കഴിയും. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ളതാകട്ടെ നമ്മുടെ മുഴുവൻ പരിശ്രമവും.

പഞ്ചായത്തിലെ ആരോഗ്യകേന്ദ്രവും വാർഡു തിരിച്ചുള്ള സ്ഥിതി വിവരക്കണക്കും

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തലുകൾ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
	പൊതു	സ്വകാര്യം			
I	ഗവ. ആയുർവേദ ഡിസ്പെൻസറി	ഇല്ല	വയറിളക്കം, ചൊറി, മനോരോഗങ്ങൾ, നേത്രരോഗങ്ങൾ	ഉച്ചയ്ക്ക് 12.30വരെ മാത്രമേ പ്രവർത്തനമുള്ളൂ. ആവശ്യമുള്ള മരുന്നിനേക്കാൾ, ആവശ്യമില്ലാത്ത മരുന്നുകളാണ് കൂടുതലും സ്റ്റോക്കുള്ളത്. കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല.	പത്തു കിടക്കകൾ ഉള്ള ആശുപത്രിയായി ഉയർത്തുക, മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാക്കുക, അവശ്യ മരുന്നുകൾ ലഭ്യമാക്കുക, പ്രവർത്തനം ശ്രദ്ധിക്കാൻ ആശുപത്രി വികസന സമിതി രൂപീകരിക്കണം. ആശുപത്രി പരിസരത്ത് ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുക. എല്ലാ വിഭാഗത്തിലും പെട്ട ഡോക്ടർമാരെ നിയമിക്കണം.
II	ആരോഗ്യസ്ഥാപനങ്ങൾ ഒന്നും ഇല്ല	ഇല്ല	വയറിളക്കം, ചൊറി, മനോരോഗങ്ങൾ, നേത്രരോഗങ്ങൾ	അടുത്തുള്ള മിനി PHCയിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. രോഗികളെ കടത്തി ചികിത്സിക്കാൻ വാർഡുകൾ ഉണ്ടെങ്കിലും അത് പ്രവർത്തിക്കുന്നില്ല. അത്യാവശ്യം മരുന്നുകളുടെ അപര്യാപ്തത.	പ്രൈമറി ഹെൽത്ത് സെൻററിനാവശ്യമുള്ള മരുന്നുകൾക്കും ഉപകരണങ്ങൾക്കുമുള്ള വാടകസംഖ്യ വർദ്ധിപ്പിക്കേണ്ടതാണ്. സിദ്ധചികിത്സാകേന്ദ്രം സ്ഥാപിക്കണം.
III	ഇല്ല	ആയുർവേദ ചികിത്സാകേന്ദ്രം (ഒന്ന്) സ്വകാര്യ ആശുപത്രി ഉണ്ട് (ഒന്ന്)	വയറിളക്കം, മഞ്ഞപ്പിത്തം, ചൊറി, വിഷാദരോഗം	ആരോഗ്യക്ലാസ്സുകൾ നടക്കാറില്ല. ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്താറില്ല.	ഈ വാർഡ് കേന്ദ്രമാക്കി ഒരു കുടുംബക്ഷേമ കേന്ദ്രം സ്ഥാപിക്കണം. മിനി പ്രൈമറി ഹെൽത്ത് സെൻറർ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ PHC ആയി ഉയർത്തണം
IV	ഒരു കുടുംബക്ഷേമ കേന്ദ്രം ഉണ്ട്	ഇല്ല	മനോരോഗങ്ങൾ, ചെങ്കണ്ണ്, വയറിളക്കം, ചിക്കൻപോക്സ്	കുട്ടികൾക്കുള്ള കുത്തിവയ്പുകൾ നടത്താറുണ്ട്. ആരോഗ്യക്ലാസ്സുകൾ നടത്താറില്ല. ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തുന്നില്ല.	മിനി PHC യുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. PHC യുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. പുകയില്ലാത്ത അടുപ്പ് വ്യാപകം ആക്കി അമ്മമാരുടെ ആരോഗ്യം സംരക്ഷിക്കുക. ഒരു മനോരോഗ ആശുപത്രി സ്ഥാപിക്കുക
V	ഒരു കുടുംബക്ഷേമ കേന്ദ്രം ഉണ്ട്	ഇല്ല	ചെങ്കണ്ണ്, വയറിളക്കം, കുഷ്ഠം,	പ്രതിരോധ കുത്തിവയ്പുകൾ നടത്താറുണ്ട്. ആരോഗ്യക്ലാസ്സുകൾ നടത്താറില്ല. ഗർഭിണികളെ പരിശോധിക്കാറുണ്ട്.	ഈ വാർഡിൽ കേന്ദ്രമാക്കി ഒരു മിനി PHC സ്ഥാപിക്കണം. പുല്ലമ്പാറ PHC യിൽ ഒരു ഒപ്പത്താൽമിക് അസിസ്റ്റൻറിനേയും ഒരു ലബോറട്ടറി ടെക്നീഷ്യനേയും നിയമിക്കണം.
VI	പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല	ഇല്ല	ചൊറി, പനി മനോരോഗങ്ങൾ നേത്രരോഗങ്ങൾ	ആരോഗ്യപ്രവർത്തകരുടെ ഭവനസന്ദർശനം തൃപ്തികരമല്ല.	കുനംവേങ്ങ വാർഡിൽ ഒരു മിനി PHC സ്ഥാപിക്കണം. പുല്ലമ്പാറ PHC യിൽ ഗൈനക്കോളജിസ്റ്റായ ഒരു ലേഡീ ഡോക്ടറെ നിയമിക്കണം.

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തലുകൾ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
	പൊതു	സ്വകാര്യം			
VII	ഇല്ല	ഇല്ല	വയറിളക്കം തുടങ്ങിയ പകർച്ചവ്യാധികൾ	ആരോഗ്യപ്രവർത്തകരുടെ വേണ്ടത്ര സന്ദർശനം ഇപ്പോൾ ഇല്ല. പ്രതിരോധ കുത്തിവയ്പുകൾ നടത്താറുണ്ട്. മിനി PHCയിലെ 8.30 മുതൽ 12.30 വരെ പ്രവർത്തിക്കുന്നുണ്ട്. വൈകുന്നേരം 3.30 മുതൽ 5 വരെ പ്രവർത്തിക്കുന്നില്ല.	മിനി PHC യിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ഉറപ്പു വരുത്തണം. ഒരു ഫാർമസിസ്റ്റിനെ നിയമിക്കണം. ഒരു ദന്തരോഗ ആശുപത്രി ഈ വാർഡിൽ സ്ഥാപിക്കണം.
VIII	മിനി PHC മാത്രമുണ്ട്. F.W.C.I ഇല്ല	ഒരു പ്രൈവറ്റ് ആശുപത്രി	മഞ്ഞപ്പിത്തം, ത്വക്ക്രോഗം വെരിക്കോസ് രോഗങ്ങൾ, ഹൃദ്രോഗം, പക്ഷാഘാതം	പ്രതിരോധ കുത്തിവയ്പ് നടത്താറുണ്ട്. മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമല്ല. രണ്ടുമണിക്കുശേഷം ആശുപത്രിയിൽ പ്രവർത്തനമില്ല. മരുന്നുകൾക്കുവേണ്ടിയുള്ള തുക അപര്യാപ്തമാണ്. ലബോറട്ടറി സൗകര്യമില്ല. ശുദ്ധജല ദൗർലഭ്യമുണ്ട്. കുടുംബാസൂത്രണ മാർഗ്ഗങ്ങൾ വേണ്ടരീതിയിൽ നടക്കുന്നില്ല. ആരോഗ്യപ്രവർത്തകർ കുടുംബ സന്ദർശനം നടത്താറുണ്ട്.	PHCയിൽവികസനസമിതി രൂപീകരിക്കണം. പുല്ലുവാറ മിനിP HCയെ അത്യാധുനിക സൗകര്യങ്ങളുള്ള PHC ആക്കി മാറ്റണം. ഗൈനക്കോളജി വിഭാഗത്തിലുള്ള ഒരു ലേഡി ഡോക്ടറെ നിയമിക്കണം. ഒരു ഫാർമസിസ്റ്റിനെ നിയമിക്കണം. ഒരു ദന്തഡോക്ടറുടെ സേവനം അത്യാവശ്യമാണ്. മിനി PHC യുടെ പ്രവർത്തന സമയം രാവിലെ 8.30 മുതൽ 12.30 വരെയും വൈകുന്നേരം 3.30 മുതൽ 5.30 വരെയും ആക്കി ക്രമീകരിക്കണം. പ്രവർത്തനസമയങ്ങളിൽ ജീവനക്കാരുടെ സാന്നിധ്യം ഉറപ്പുവരുത്തണം.
IX	ഇല്ല	ഇല്ല	ചൊറി, പനി, വെരിക്കോസ് വീക്ഷാരോഗം, വയറിളക്കം	പ്രതിരോധ കുത്തിവയ്പ് നടത്താറുണ്ട്. M.S.Sലെ അംഗങ്ങൾ ഈ പഞ്ചായത്തിലുള്ളവരാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല. ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്താറുണ്ട്.	ഒരു മർമ്മാചികിത്സാകേന്ദ്രം സ്ഥാപിക്കണം. M.S.Sലെ അംഗങ്ങളെ ഈ പഞ്ചായത്തിലുള്ളവരാണെന്നു ഉറപ്പുവരുത്തണം. നിലവിലുള്ള മിനി PHCയിൽ 24 മണിക്കൂറും പ്രവർത്തിക്കാൻ തയ്യാറുള്ള ഡോക്ടറെ നിയമിക്കണം. ചർച്ചാക്ലാസ്സും സെമിനാറും സംഘടിപ്പിക്കണം.
X	ഇല്ല	ഇല്ല	ചൊറി, മഞ്ഞപ്പിത്തം, കുഷ്ഠം, വിഷരോഗം	പ്രതിരോധ കുത്തിവയ്പ് നടത്താറുണ്ട്. ആരോഗ്യപ്രവർത്തകർ വേണ്ട സന്ദർശനം നടത്താറുണ്ട്. ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ നടത്താറില്ല.	പുല്ലുവാറ മിനി PHCയെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ആതുരാലയമാക്കുക. മുഴുവൻ സമയ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക. ഗൈനക്കോളജി വിഭാഗത്തിലുള്ള ഡോക്ടറുടെ സേവനം ലഭ്യമാക്കുക. പി.എച്ച്.സി. യിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുക. മർമ്മ ചികിത്സാകേന്ദ്രം പാലാംകോണത്ത് സ്ഥാപിക്കുക. നിലവിലുള്ള ശിശു സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.



5.6

ഗതാഗതം ഊർജ്ജം മാർക്കറ്റ്

അമ്പത് വർഷങ്ങൾക്ക് മുമ്പ് ഈ പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങളെപ്പറ്റി ഇന്നത്തെ തലമുറക്ക് അറിയില്ല എന്നുമാത്രമല്ല ചിന്തിക്കാൻ പോലും കഴിയുന്നതല്ല. അതിവേഗത്തിലുള്ള ആധുനിക വാഹനങ്ങളുടെ സ്ഥാനത്ത് അന്നുണ്ടായിരുന്നത് വില്ലുവണ്ടികൾ മാത്രമായിരുന്നു. ധനാഢ്യർക്കും സാമൂഹ പദവിയുള്ളവർക്കും മാത്രമേ ഈ സൗകര്യം അന്നുണ്ടായിരുന്നുള്ളു. കാളവണ്ടികളിലാണ് അന്ന് ചരക്ക് ഗതാഗതം നടത്തിയിരുന്നത്. നെടുമങ്ങാട് തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ കച്ചേരി ആവശ്യത്തിനും സാധനങ്ങൾ വിറ്റഴിക്കുന്നതിനും മാർക്കറ്റുകളിലും മറ്റും പോയി വന്നത് കാൽനടയായിട്ടാണ്. ഇതിൽ നിന്നും ഒരു മാറ്റം വന്നത് 1951ൽ ആ. കെ. വി.യുടെ വെഞ്ഞാറമൂട് - പുത്തൻപാലം വഴി നെടുമങ്ങാട് ബസ്സ് സർവ്വീസ് ആരംഭിച്ചതോടെയാണ്.

1953ൽ പുല്ലമ്പാറ പഞ്ചായത്ത് നിലവിൽ വരുമ്പോൾ വെറും 15 കിലോമീറ്റർ റോഡുമാത്രമേ ഉണ്ടായിരുന്നുള്ളു. ഇതിൽ ചാവടി നട മുതൽ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ വെള്ളാംചിറവരെ പത്തു കിലോമീറ്റർ മെറ്റലിട്ട PWD റോഡും അഞ്ച് കിലോമീറ്റർ മെറ്റൽ ഇല്ലാത്തവയുമായിരുന്നു.

ഇപ്പോൾ പഞ്ചായത്തിന് 143.85 KM റോഡ് നിലവിലുണ്ട്. 11.100 കി. മീ. റോഡ് ടാർ ചെയ്തതും, ബാക്കിയുള്ളവ ടാറിംഗ് ചെയ്യേണ്ടതുമാകുന്നു. പഞ്ചായത്തിന്റെ അധീനതയിലായിരുന്ന 4 കി. മീറ്റർ ദൂരമുള്ള ചുള്ളാളം - അരുവിപ്പുറം റോഡ്, 4 കി. മീ. ദൂരമുള്ള പാലാംകോണം - കുറ്റിമൂട് വെള്ളുമണ്ണടി റോഡ്, 2 കി. മീ. വരുന്ന തേമ്പാംമൂട് തലയൽ - വെമ്പായം റോഡ്, 4 കി. മീ. വരുന്ന തേമ്പാംമൂട് മണ്ണയം - മൂന്നാനക്കുഴി റോഡ് തുടങ്ങിയവ പൊതുമരാമത്ത് ഏറ്റെടുത്ത് സംരക്ഷിക്കുന്നവയാണ്. പുതുതായി നിർമ്മിച്ചിട്ടുള്ള എല്ലാ റോഡുകളും തദ്ദേശീയരുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ, ഭൂമി വിണ്ടെടുക്കൽ തുടങ്ങിയ നടപടികൾ ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ കീഴിലുള്ള പഞ്ചായത്തു വക റോഡുകളും പൊതുമരാമത്തു റോഡുകളുടേയും വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

വാർഡ് 1. വെള്ളുമണ്ണടി

	റോഡിന്റെ പേര്	നീളം (കി. മീ.)	വീതി (മീറ്റർ)	ടാറിംഗ് നടന്നത്	ടാറിംഗ് ഇല്ലാത്തത്
1	2	3	4	5	6
1	മേലേക്കുറ്റിമൂട് - നെല്ലനാട്	4	8	2.500	1.500
2	ബലാംപച്ച - കല്ലിയോട്	2	8	—	2
3	പന്തപ്പാവിക്കോണം - കരിച്ച	1.500	6	—	2
4	പന്തപ്പാവിക്കോണം - വെള്ളാണിക്കര	1	4	—	1
5	വട്ടയം — മലവിള	2	4	—	2
6	കുന്നുംമുകൾ - പേപ്പയം	1	4	—	1
7	പന്തപ്പാവിക്കോണം - അമ്പാമുട്ടം	1	4	—	1
8	ബാലംപച്ച - വട്ടത്തിപ്പള്ളി	2	4	—	2
9	പന്തപ്പാവിക്കോണൺ - ഇരപ്പുതോട്	1	4	—	1

വാർഡ് 2 - പേരുമല

1	2	3	4	5	6
1	പേരുമല - ചക്കക്കാട്	2	8	2	1
2	ചക്കക്കാട് - വെള്ളുമണ്ണടി	1	6	—	1
3	ചക്കക്കാട്മുഴി	1	8	—	1
4	മേലേക്കുറ്റിമൂട് - കൈരളി ജംഗ്ഷൻ	2	6	500മീ.	1.500
5	പേരുമല - പണ്ടാരത്തോട്	1.300	6	—	1.300
6	ആലുവിള - കടുവാക്കുഴി	500 മീ.	6	—	500 മീ.
7	കുന്നുംമുകൾ - കുവാക്കുഴി	800 മീ.	4	—	800 മീ.
8	പന്തടിക്കുളം - പണ്ടാരത്തോട്	500മീ.	4 മീ.—	500 മീ.	
9	ചേറാട്ടു കുഴി - ഈന്തിക്കുന്ന്	1.500	4 മീ.	—	1
10	ചാക്കക്കാട് - ബാലംപച്ച	1	4 മീ.	—	1

വാർഡ് 3 -- പുല്ലമ്പാറ					
1	2	3	4	5	6
1	പുല്ലമ്പാറ - ശാസ്താംനട മുത്തിപ്പാറ - ആനക്കുഴി റോഡ്	3	8	100	2.900
2	കുന്നിക്കോട് - ചെമ്മണ്ണുംകുന്ന	1	8	-	1
3	മുത്തിപ്പാറ - മങ്കോണം - ഏറത്തു വയൽ	6	-	1	
4	മുത്തിപ്പാറ - കട്ടയ്ക്കാൽ - ഏറത്തുവയൽ	1.200	8	-	1.200
5	പൂവണത്തും മൂട് - ആനക്കുഴി	1.500	8	-	1.200
6	പ്ലാവോട് - പുലിമുട്ടുകോണം	1	6	-	1.5
7	കുന്നിക്കോട് - അയ്യമ്പാറ	1	4	-	1
8	ചലിപ്പൻകോണം - വരിക്കല്ല്	2	6	-	2

വാർഡ് - 4: ചുള്ളാളം

1	2	3	4	5	6
1	മാമൂട് - ഏറത്തു വയൽ	4	8	1	3
2	അഞ്ചാംകല്ല് - പരയ്ക്കപ്പാറ - അയണിക്കുഴി	4	8	-	4
3	പരയ്ക്കപ്പാറ - തെള്ളിക്കച്ചാൽ	4	6	-	6
4	പരയ്ക്കപ്പാറ - ആലമുക്ക്	2	5	-	2
5	ആനക്കുഴി - തെള്ളിക്കച്ചാൽ - ശാന്തിനഗർ	1.500	5	-	1.500
6	കൂനൻവേങ്ങ - ശാന്തിനഗർ	1	6	-	1
7	മാമൂട് - മുണ്ടൻ തടിക്കാട് - തെള്ളിക്കച്ചാൽ	2	5	-	2
8	മാമൂട് - കണിയാംകരിയ്ക്കകം - പരിയ്ക്കാപ്പാറ റോഡും കലുങ്കും	1.500	6	-	1.500

കൂനൻവേങ്ങ : – വാർഡ് 5

1	2	3	4	5	6
1	കൂനൻ വേങ്ങ – നെടുംകൈത – ശാന്തിഗഗർ റോഡ്	3	8	–	3
2	കൂനൻ വേങ്ങ – കുപ്പിൽ – ശാന്തിഗഗർ	3	8	–	3
3	നെടുംകൈ – കല്ലുപാലം	600 മി.	4	–	600 മി.
4	വയ്യക്കാവ് – അരുവിപ്പുറം റോഡ്	1	4	–	1
5	സ്നേഹപുരം – ചിറ്റാറ്റിൻകര റോഡ്	400 മി.	4.500	–	400മി.

വാർഡ് – 6: പാണയം

1	2	3	4	5	6
1	വയ്യക്കാവ് – പാണയം റോഡ്	1	8	–	1
2	പാണയം – ആയിരവല്ലക്കളം	200 മി.	8	–	200 മി.
3	മുത്തുകാവ് – ചേപ്പിലോട്	1.8	8	7 മീ	1.700
4	മുത്തുകാവ് – ചെല്ലക്കി	1	8	–	1
5	പട്ടത്താനം – ധൂളിക്കുന്ന്	1.750	7മി.	–	1.700 മി.
6	കോട്ടയിൽക്കടവ് – വട്ടയം – ധൂളിക്കുന്ന്	2	6	–	2
7	പാണയം – ചിറ്റാറ്റിൻപുറം	800 മി.	8മി.	–	800 മി.

വാർഡ് 7: മുക്കുടിൽ

1	2	3	4	5	6
1	മരുതുംമൂട്– കോട്ടവമ്പു ാഡ്	5	8.400	800 മി.	4.200മി.
2	ചുള്ളാളം – മാങ്കുഴി	2	5	–	2
3	ചുള്ളാളം – കുഴിവിള – വെള്ളംകുടി റോഡ്	2	5	–	2

4	കൂടത്തിൽ ക്ഷേത്രം- അഞ്ചാംകല്ല്	1.500 മീ.	4 മീ.	-	1.500
5	മങ്കുഴി - മുത്തിക്കാവ് റോഡ്	2	5 മീ.	-	2
6	പാലുവള്ളി - മണ്ണയം	2	5 മീ.	-	2
7	വേങ്കാട് - വേങ്കമല	1.500മീ.	5 മീ.	-	1.500
8	വേങ്കാട് - മുത്തിക്കാവ്	2	4മീ.	-	2
9	മാങ്കുഴി - അയണിക്കുഴി - കോടാലിക്കുഴി വാഴി ഗാന്ധിനട	2	4 മീ.	-	2 കി.മീ.

വാർഡ് 8 - തേമ്പാംമൂട്

1	2	3	4	5	6
1	കിഴക്കേകോണം - കലുങ്കിൻമുഖം	1.500	4	-	1.500
2	വടക്കേകോണം - കലുങ്കിൻമുഖം	1.500	4 മീ.	-	1.500
3	തേമ്പാംമൂട് - വാലുപ്പാറമുഴി	1	4	-	1
4	അയ്യംപാറ - കുന്നിക്കോട് മുഴ	2.500	5 മീ.	-	2.500
5	കുന്നിക്കോട് - നാലാഞ്ചിറ	500മീ.	6	-	500 മീ.
6	മീൻമൂട് - വട്ടപ്പാറ	500മീ.	6 മീ.	-	500 മീ.
7	വട്ടപ്പാറ റോഡ്	400 മീ.	4 മീ.	-	400 മീ.
8	മുത്തിക്കാവ് - വേങ്കമ്മി	2	5 മീ.	-	2 കി മീ.
9	കൊച്ചു തേമ്പാക്കാല - മുത്തിക്കാവ്	1.500	4മീ.	-	1.500
10	ലക്ഷംവീട് - മുത്തിക്കാവ്	1	4 മീ.	-	1.500
11	വള്ളിയർപ്പൻകാട് - കോടാലിക്കുഴി	1.500	4 മീ.	-	1
12	പാലുവള്ളിത്തടം	1	4മീ.	-	1
13	തേമ്പാംമൂട് - നാഞ്ചിപ്പാറ	600മീ.	2 മീ.	-	600 മീ.

വാർഡ് 9

ആട്ടുകാൽ

	റോഡിന്റെ പേര്	നീളം	വീതി	ടാറിട്ടത്	ടാറിടാത്തത്	റിമാർക്സ്
1	പള്ളിമുക്ക്-തുമ്പറ ജംഗ്ഷൻ	1 km.	8 m.	-	1 km.	
2	നാഗരുകുഴി-പുതുവൽ- പാലാംകോണം	1 km.	8 m.	-	1 km.	
3	തയ്ക്കുന്ന്-തുമ്പറ റോഡ്	1 km.	6 m.	-	1 km.	
4	മുക്കാല-കലുങ്കിൻമുഖം	1 km.	6 m.	-	1 km.	
5	പേരുമല-മുല്ലമംഗലം	500 m.	6 m.	-	500 m.	
6	വാഴുരുകോണം-ആട്ടുകാൽ	500	6 m.	-	500 m.	
7	വാഴുരുകോണം- വടയാനിക്കോണം	500	6 m.	-	500 m.	
8	പാലാംകോണം-വട്ടക്കരിക്കകം റോഡ്	200 m.	6 m.	-	200 m.	
9	പേരുമല-കുഴിവിള റോഡ്	200 m.	6 m.	-	200 m.	
10	തുമ്പറ-പള്ളിമുക്ക്- ആട്ടുകാൽ-കാവതിയോട്	1 km.	6 m.	-	1 km.	
11	കലുങ്കിൻമുഖം-തുമ്പറ- പള്ളിനട	500 m.	5 m.	-	500 m.	
12	നാഗരുകുഴി-മുല്ലമംഗലം- ആട്ടുകാൽ	1 km.	5 m.	-	1 km.	
13	വാഴുരുകോണം-വടയാനിക്കോണം-പാലാംകോ	500 m.	5 m.	-	500 m.	
14	മുല്ലമംഗലം-ഇരുട്ടുപച്ച- ആട്ടുകാൽ	500 m.	5 m.	-	500 m.	
		9.400 m.			9.400 m.	

വാർഡ് X പാലാംകോണം

	റോഡിന്റെ പേര്	നീളം	വീതി	ടാറിട്ടത്	ടാറിടാത്തത്	റിമാർക്സ്
1	പാലാംകോണം-പൊന്നമ്പി	2.500 m.	6 m.	-	2.500 m.	
2	പാലാംകോണം-കുത്തുപറമ്പ്	3 km.	6 m.	-	3 km.	
3	പാലാംകോണം-പട്ടരുവിള	1.500 m.	6 m.	-	1.500 m.	
4	പള്ളിമുക്ക്-പിച്ചിമംഗലം	2 km.	6 m.	2 km.		
5	കണ്ണറ-പനച്ചമൂട്	1.500 m.	6 m.	-	1.500 m.	
6	പിച്ചിമംഗലം-തെങ്ങുവിള	1.500 m.	6 m.	-	1.500 m.	
7	കോറുമല-കുന്നിൽറോഡ്	1 km.	6 m.	-	1 km.	
8	പാവടിനട-കോറുമല	500 m.	6 m.	-	500 m.	
9	മണലിമുക്ക്-വേടക്കല	1.500 m.	5 m.	-	1.500 m.	
10	മണലിമുക്ക്-നാഗരുകുഴി	1.500 m.	8 m.	1.500 m.		
11	മണ്ഡാടി-കോറുമല	1 km.	6 m.	-	1 km.	
12	കാവതിയോട്-ഇരപ്പൻകോണം	500 m.	5 m.	-	500 m.	
		18 km.		3.50	14.50	
	ആകെ	143.850 m.		11.10	132.75	

P.W.D. റോഡുകൾ

1.	ചാവടിനട-വെള്ളാറഞ്ചിറ റോഡ്	10 km.	8 m.	10 km.		
2.	ചുള്ളാള-അരുവിപ്പുറം	4 km.	8 m.			ടാറിടത്
3.	പാലംകോണം-നാഗരുകുഴി-കുറ്റിമൂട്-വെള്ളുമണ്ണടി	4 km.	8 m.			"
4.	തേമ്പാംമൂട്-മണ്ണയം	4 km.	8 m.			"
5.	തേമ്പാംമൂട്-തലേക്കുന്നിൽ റോഡ്	2 km.	8 m.			"
	ആകെ	24 km.				

ഈ പഞ്ചായത്തിൽ ബസ് സർവ്വീസ് നടത്തുന്ന പഞ്ചായത്ത് റോഡുകളെ താഴെ പട്ടികയിൽ പെടുത്തിയിരിക്കുന്നു.

1.	മരുതുംമൂട് കോട്ടവരമ്പ് റോഡ് (കോട്ടവരമ്പു മുതൽ മാങ്കുഴി വരെ ബസ് സർവീസുണ്ട്)	5 km.	8.40	800 m	4.20	
2.	മുത്തുകാവ്-ചേപ്പിലോട് റോഡ്	2.00	8 m.	700 m.	1.100	
3.	പേരുമല-ചക്കക്കാട് റോ.ഡ്	3 km.	8 m.	3 km.		

കുറിപ്പ്: റോഡു സംരക്ഷണത്തിന് മുൻഗണന നൽകേണ്ടത് ഇപ്പോൾ ബസ്സ് സർവ്വീസു നടത്തുന്ന മേൽപ്പറഞ്ഞ റോഡുകൾക്കാണ്. ഇതിൽ മരുതുംമൂട് കോട്ടവരമ്പു റോഡിൽ 800 മീറ്റർ ടാർ ചെയ്തിട്ടുള്ളതു കഴിച്ച് മാങ്കുഴി വെയുള്ള ഭാഗം എർത്തു വർക്കു നടത്തുകയും ഈ ഭാഗം ഉൾപ്പെടെ 4.200 കി. മീ. വരുന്ന കോട്ടവരമ്പുവരെ മെറ്റലിംഗും ടാറിംഗും നടത്തുകയും മുത്തുകാവ് ചേപ്പിലോട് റോടഡിൽ ഇനി ടാർ ചെയ്യാനുള്ള 1.100 കി. മീ. മെറ്റലിംഗും ടാറിംഗും നടത്തുകയും ചെയ്യേണ്ടതാണ്.

വി. ആർ. എം ഗ്രാൻറുൾപ്പെടെ റോഡു സംരക്ഷണത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ചെലവായ തുക താഴെ കൊടുക്കുന്നു.

91-92	43,563 രൂപ
92-93	63605 "
93-94	1,11,916 "
94-95	19,259 "
95-96	30,977 '

ഗാതഗത സൗകര്യം തീരെ ഇല്ലാത്ത ചില പ്രദേശങ്ങൾ ഇപ്പോഴും ഈ പഞ്ചായത്തിലുണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നുണ്ട്. ഈ പ്രദേശങ്ങളിൽ വാഹന ഗതാഗതത്തിന് യോജ്യമായ നിരത്തുകൾ ഉണ്ടാകേണ്ടതാവശ്യമാണ്.

1 പുല്ലമ്പാറ റേഷൻ കട ജംഗ്ഷൻ മുതൽ മൂന്നു തോടു വഴി ചിറനട വരെയുള്ള റോഡു നിർമ്മാണം.

2 അഞ്ചാം കല്ലിൽ നിന്നും മാങ്കുഴി കൂടത്തിൽ നടവരെയുള്ള റോഡ് നിർമ്മാണം

3 തുമ്പറ പള്ളിക്കു മുതൽ ആട്ടുകാൽ കാവതിയോട് റോഡ് നിർമ്മാണം.

4 കല്ലുവരച്ച് ചാത്തിക്കുഴി റോഡ് നിർമ്മാണം

5 പുല്ലമ്പാറ പഞ്ചായത്തിലെ ചേപ്പിലോടും കല്ലറ പഞ്ചായത്തിലെ പച്ചള്ളൂരും തമ്മിൽ ബന്ധിപ്പിക്കാൻ വാമനപുരം നദിയിൽ ചേപ്പിലോട്ട് ഒരു കമ്പിപ്പാലം നിർമ്മാണം.

6 ചക്കക്കാട് - ഓലിക്കര - വെള്ളുമണ്ണടി - കൂട്ടുമുഖം - കല്ലിയോട് വഴി കരിച്ച റോഡ് നിർമ്മാണം.

7 പാലുരുത്തിവണ്ണയം റോഡിൽ ഒരു പാലം നിർമ്മിക്കണം.

8 വെള്ളുമണ്ണടി വാർഡിൽ പന്തപ്പാവിക്കോണം - നെല്ലനാട് റോഡിന്റെ ടാറിംഗ് ബാക്കി ഭാഗം ടാർ ചെയ്യണം.

9 പുല്ലമ്പാറ വാമനപുരം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന എം എൽ എ റോഡിലെ വെള്ളുമണ്ണടി പാലത്തിന് ശിലാസ്ഥാപനം നടത്തിയെങ്കിലും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. അടിയന്തരമായി ഈ പാലത്തിന്റെ പണി ആരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണം.

9 പുല്ലമ്പാറ - പനവൂർ, നന്ദിയോട്, കല്ലറ പഞ്ചായത്തുകളുടെ സംഗമ സ്ഥാനമായ ചെല്ലഞ്ചിയിൽ വാമനപുരം നദിയിൽ ഒരു പാലം നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നിട്ട് വർഷങ്ങളായെങ്കിലും ഇന്നും ഇത് പ്രാവർത്തികമായിട്ടില്ല. സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ച് ഈ പാലത്തിന്റെ പണി നടത്തിക്കേണ്ടതാണ്.

പഞ്ചായത്തു റോഡുകളുടെ കൈയ്യേറ്റം

പഞ്ചായത്തു റോഡുകൾ പരിസരവാസികൾ കയ്യേറി

സ്വന്തം വീടിനോട് ചേർക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി കാണുന്നുണ്ട്. ഇതിന്റെ ഫലമായി പഞ്ചായത്തിന് സിവിൽ വ്യവഹാര നടത്തി സാമ്പത്തിക നഷ്ടം സംഭവിക്കുന്നുണ്ട്. ഇതൊഴിവാക്കാൻ പഞ്ചായത്തു പുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തി സർവ്വേക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

പ്രശ്നങ്ങൾ:

1. നിലവിലുള്ള പഞ്ചായത്തു റോഡുകളിൽ ടാറിട്ട ഭാഗങ്ങളൊഴിച്ച് ബാക്കിയുള്ളവയൊന്നും ഗതാഗതത്തിന് അനുയോജ്യമല്ല.

2 ഒരു റോഡിനും ഓട സൗകര്യമില്ല.

പരിഹാരം

1 പട്ടിക - 1ൽ വാർഡടിസ്ഥാനത്തിൽ പറയുന്ന റോഡുകൾ പട്ടകയിലെ മുൻഗണനാടസിസ്ഥാനത്തിൽ വികസിപ്പിക്കാൻ നടപടിയെടുക്കണം.

2 സന്നദ്ധ പ്രവർത്തനത്തിലൂടെ എല്ലാ റോഡുകൾക്കും ഓട നിർമ്മിക്കാവുന്നതാണ്.

3 റോഡ് മെയിൻറനൻസിങ്ങിന് ഇന്ന് സ്വീകരിക്കുന്ന മാർഗ്ഗം യുക്തിസഹമല്ല. ഇതിന് പകരം ഈ തുക വിനിയോഗിച്ച് കൂടുതൽ കാലം നിലനിൽക്കത്തക്കവിധം സ്ഥിരം ജോലികൾ ചെയ്യണം. (മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയവ).

4 ഈ പഞ്ചായത്തിൽ മുമ്പ് സർവ്വീസ് ആരംഭിച്ച എല്ലാ കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസുകളും അടിയന്തരമായി പുനരാരംഭിക്കണം.

5 പിച്ചിമംഗലം - കണ്ണൻകോട് റോഡ് പുതുതായി നിർമ്മിക്കണം.

6 കലുങ്കിൻമുഖം - പഴയപള്ളി റോഡ്, പേരുമല - മുല്ലമംഗലം റോഡ് ടാർ ചെയ്ത് നന്നാക്കണം.

7 പൂവണത്തുംമൂട് - മുണ്ടൻ തടിക്കാട് റോഡ് നന്നാക്കണം.

ഊർജ്ജം

1. വൈദ്യുതി

നെടുമങ്ങാട് താലൂക്കിൽ ഏറ്റവും ഒടുവിൽ വൈദ്യുതി കടന്നുവന്ന ഒരു പഞ്ചായത്താണ് പുല്ലമ്പാറ പഞ്ചായത്ത്. ആദ്യമായി വൈദ്യുതി വെളിച്ചം ലഭിക്കാൻ ഭാഗ്യമുണ്ടായത് ഈ പഞ്ചായത്തിലെ ചാവടി നടയിൽ ശ്രീ. നീലകണ്ഠപ്പിള്ള എന്ന ആളിന്റെ വസതിക്കാണ്. ഇപ്പോഴും പ്രധാനപ്പെട്ട പല സ്ഥലങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. എത്തിയ പ്രദേശങ്ങളിൽ പോലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ആരംഭത്തിൽ വെറും ഒമ്പത് തെരുവു വിളക്കുകൾ മാത്രമാണുണ്ടായിരുന്നത്. ഇപ്പോൾ ഈ പഞ്ചായത്തിൽ നിലിവിലുള്ള തെരുവു വിളക്കുകൾ (കഴിഞ്ഞ 5 വർഷത്തിൽ) താഴെ പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്.

വർഷം	സാധാരണ ബൾബുകൾ	ട്യൂബ് ലൈറ്റുകൾ	ആകെ	കറണ്ടു ചാർജ്
1991-91	211	47	258	42652.00
1992-93	217	54	271	42813.00
1993-94	217	54	271	45966.00
1994-95	217	54	271	46416.00
1995-96	217	54	271	45576.00

(അവലംബം: പഞ്ചായത്ത് രജിസ്റ്റർ)

അവലംബം: പഞ്ചായത്ത് രജിസ്റ്റർ

92-93നുശേഷം തെരുവു വിളക്കുകളുടെ എണ്ണത്തിൽ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ലെന്നു കാണാം. പ്രധാന നിരത്തുകളിലെല്ലാം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി തേമ്പാമൂട്ടിൽ ഒരു സോളാർ വിളക്ക് സ്ഥാപിക്കേണ്ടതുമാണ്. ഇതോടൊപ്പം കറണ്ടുചാർജ് ഒടുക്കുന്ന തെരുവുവിളക്കുകളെല്ലാം പ്രകാശിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താനുള്ള ഒരു സ്ഥിരം സംവിധാനവും നടപ്പിലാക്കണം. പല വിളക്കുകളും മാസങ്ങളായി പ്രകാശിക്കുന്നില്ല.

ഈ പഞ്ചായത്തിൽ ഊർജ്ജം വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവരെ സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

ഊർജ്ജം	ആകെ കുടുംബങ്ങൾ	വാണിജ്യം വ്യവസായം	കൃഷി	പാചകം
വൈദ്യുതി	2045 (96 സെപ്തം വരെ	9	100	-
മണ്ണെണ്ണ വിറക്	"	-	-	181
	"	-	-	5643
ഗ്യാസ്	"	-	-	21

അവലംബം: വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ലഭിച്ച കണക്ക്

ഇതിൽ നിന്നും ഗാഹികാവശ്യത്തിന് ഭൂരിഭാഗം. വീടുകളിലും ഉപയോഗിക്കുന്നത് വിറകാണെന്നും, വൈദ്യുതി എത്താത്ത നിരവധി സ്ഥലങ്ങളുണ്ടെന്നും കാണാം.

വിറകിന്റെ ലഭ്യത ദിനംപ്രതി കുറഞ്ഞു വരികയാണ്. ഇതിന് പരിഹാരമെന്ന നിലയിൽ എല്ലാവീടുകളിലും ഫലവൃക്ഷങ്ങളായ മാവ്, പ്ലാവ് തുടങ്ങിയവ നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും വിറക് ലാഭിക്കാനായി പുകയില്ലാത്ത അടുപ്പ് വ്യാപകമാക്കുകയും ചെയ്യണം. ഇതിനുള്ള പ്രാരംഭ ചെലവുകൾ പഞ്ചായത്തിൽ നിന്നും ചെയ്ത് നടപ്പിൽ വരുത്തേണ്ടതാണ്. ഒരു വർഷം ഒരു വാർഡിൽ കുറഞ്ഞത് 150 അടുപ്പുകൾ എന്ന ക്രമത്തിൽ സ്ഥാപിച്ചാൽ അഞ്ചുവർഷം കൊണ്ട് എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ കഴിയും.

ഈ പഞ്ചായത്തിൽ ഇനിയും വൈദ്യുതി എത്താത്ത സ്ഥലങ്ങളും വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളും താഴെ ചേർക്കുന്നു.

വാർഡ്	വൈദ്യുതി എത്താത്ത സ്ഥലങ്ങൾ	വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങൾ	ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ
I	പുന്തപ്പാവിൽക്കോണം മുതൽ വെള്ളാനിക്കര വരെ, കല്ലിയോട്, ചേപ്പയം, വട്ടയം കോളനി കുട്ടംമുഖം, ഓലിക്കര.	വട്ടയം, നെല്ലനാട്, മൂഴി, പന്തപ്പാവിൽക്കോണം, കരിച്ച, വെള്ളുമണ്ണടി, ബാലപച്ച, മലവിള പുലയനൂകുന്ന്.	പന്തപ്പാവിൽക്കോണം ജംഗ്ഷനിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
II	ഓലിക്കര, പച്ചയിൽ, മൂഴി	വാർഡിൽ എല്ലാ സ്ഥലത്തും വോൾട്ടേജ് ക്ഷാമമുണ്ട്.	കൈതളി ജംഗ്ഷനിൽ അനുവദിച്ച ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
III	മുത്തിപ്പാറ, ഏറത്തുവയൽ പെരുങ്കുഴിമുക്ക്, പുലിമുട്ടുകോണം, യാക്കൻചിറ, തെരുവിക്കുന്ന്, കരിക്കകം, മാങ്കോണം.	പുല്ലമ്പാറ-ശാസ്താംനട തെളിക്കച്ചാൽ	പുല്ലമ്പാറ ജംഗ്ഷൻ, ശക്തിപുരം.
IV	പൊയ്ക്കകം, ചലിപ്പൻകോണം, തെള്ളിക്കച്ചാൽ, ചെമ്പൻകോട്, ശാന്തിനഗർ, മഞ്ചാടി, കടുമാങ്കുഴി, പരയ്ക്കപ്പാറ, നെടുവേലിപ്പാറ, നെടുംകൈത.	അഞ്ചകല്ല്, പരയ്ക്കപ്പാറ മുക്കുടിൽ, മാമൂട്, മുണ്ടൻ തടിക്കാട്, ആനക്കുഴി.	അഞ്ചകല്ല്, ശാന്തിനഗർ എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
V	കിഴക്കേവിള-നെടുംകൈത L.P.S. പരിസരത്തെ കുറെ ഭാഗങ്ങൾ, വയ്യക്കാവിന്റെ കുറെ ഭാഗങ്ങൾ.	അരുവിപ്പുറം-വയ്യക്കാവ്.	അരുവിപ്പുറം
VI	ചേപ്പിലോട് തണ്ടാർകോളനി, മുത്തുകാവു മുതൽ ചേപ്പിലോടു വരെ, പണയം ചാത്തിക്കുഴി, പാണയം കുളപ്പാറ, ചെല്ലഞ്ചിതോപ്പുവിളാകം.	മുത്തുകാവ്, ചെല്ലഞ്ചി, പാണയം, ധൂളിക്കുന്ന്.	1. കരിഞ്ചയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് മുത്തുമാവു ലൈനുമായി ബന്ധിപ്പിക്കണം. 2. പാണയത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
VII	മുത്തിക്കാവ്, കരുമ്പിൽകാട്, വേങ്കാട്, കോടാലിക്കുഴി, മൊട്ടവിള, കൊച്ചുമരുങ്കുഴി, പൂളിക്കോട്ടുകുഴി, വേങ്കമല ഗിരിജൻകോളനി.	മാങ്കുഴി, വേങ്കാട്, മുളങ്കാട്, മരുതുമൂട്, കോട്ടവരമ്പ്.	1. മാങ്കുഴി. 2. മുളങ്കാട്.
VIII	മീൻമൂട് പാട്ടവിളക്കുന്ന്, കിഴക്കേകോണം, തേമ്പാംമൂട്-വാലുപാറ കോളനി, മുത്തിക്കാവ്, നാഞ്ചിപ്പാറ.	തേമ്പാമൂട്.	നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ ശേഷിക്കുറവ് പരിഹരിക്കണം.
IX	തേവരുകുന്ന് ഹരിജൻകോളനി, പുതുവൽ, വടയാനിക്കോണം, കോട്ടാനക്കുഴി.	ആട്ടുകാല, പേരുമല, പാലംകോണം, വടയാനിക്കോണം, മുല്ലകംഭാഗം.	പുതുവൽ കേന്ദ്രീകരിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കണം ആട്ടുകാലയിൽ അനുവദിച്ച ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
X	പാലംകോണം, ഇന്തോണി പൊന്നമ്പി ഹരിജൻ കോളനി, കുത്തുപറമ്പ്, കാവതിയോട്, ഇടപ്പിൻകോണം കോളനി, കോനൂമലക്കുന്ന്, തെങ്ങുവിള, പിച്ചിമംഗലം കണ്ണറ, പനച്ചമൂട്.	ഈ വാർഡിൽ എല്ലാ സ്ഥലത്തും വോൾട്ടേജ് ക്ഷാമമുണ്ട്.	പാലംകോണം ജംഗ്ഷൻ.

പ്രശ്നങ്ങൾ:

1. ഈ പഞ്ചായത്തിന്റെ പലഭാഗത്തും വൈദ്യുതി ഇനിയും എത്തിയിട്ടില്ല.
2. വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം
3. ബന്ധപ്പെട്ട ജീവനക്കാരുടെ അലംഭാവമോ അപര്യാപ്തതയോ മൂലം ലൈനിൽ ഉണ്ടാകുന്ന തകരാറുകൾ തക്ക സമയത്ത് പരിഹരിക്കാറില്ല.

സാധ്യതകൾ

1 വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ ബോർഡിന്റെ സഹായത്തോടെ വൈദ്യുതി എത്തിക്കാവുന്നതണ്.

2 ഓരാ പ്രദേശത്തേയും ഉപഭോക്താക്കളുടെ എണ്ണം അനുസരിച്ച് 3 ഫേസ് ലൈൻ സ്ഥാപിച്ച് കണക്ഷനുകൾ വിഭജിച്ച് നൽകാവുന്നതാണ്.

3 പ്രസരണ നഷ്ടം കുറയ്ക്കാൻ മരച്ചില്ലകളും മറ്റും വെട്ടി മാറ്റുന്നതിന് ബോർഡിന്റെ സഹായത്തിനായി സന്നദ്ധ പ്രവർത്തകരെ സജ്ജമാക്കേണ്ടതാണ്.

4 പാചകാവശ്യത്തിന് പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കേണ്ടതാണ്.

വൈദ്യുതി എത്താത്ത സ്ഥലങ്ങളുടേയും വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളേയും ക്ഷാമം പരിഹരിക്കാനുള്ള നിർദ്ദേശത്തേയും പ്രത്യേക പട്ടികയിൽ വാർഡടിസ്ഥാനത്തിൽ ചേർത്തിട്ടുണ്ട്. കൂടാതെ ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ വൈദ്യുതി വിതരണം നടത്തുന്നതിന് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ നിലവിലുണ്ട്.

1. നാഗരു കുഴി
2. തേമ്പാംമൂട്
3. മരുതുംമൂട്
4. മേലേ കുറ്റിമൂട്
5. ചുള്ളാളം
6. കുന്നൻവേങ്ങ
7. പള്ളിനട, കലുങ്കിൻ മുഖം
8. മുക്കാല

നിലവിലുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി പഞ്ചായത്തടിസ്ഥാനത്തിൽ മിനി വൈദ്യുത പദ്ധതികൾക്ക് രൂപം നൽകിയാൽ അതതു പ്രദേശത്തെ വൈദ്യുതിക്ഷാമം പൂർണ്ണമായി പരിഹരിക്കാൻ കഴിയും. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനായി ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളായ വേങ്കമലക്കുന്ന്, കടലുകാണിക്കുന്ന്, ധൂളിക്കുന്ന്, പൂലയരുകുന്ന്, ആയിരവല്ലിപ്പാറ, നെടുവേലിപ്പാറ പ്രദേശങ്ങളിൽ അനുയോജ്യമായവ കണ്ടെത്തി ഒരു 'വിൻഡു മിൽ' സ്ഥാപിക്കുകയും കല്ലറ, വാമനപുരം, പനവൂർ പഞ്ചായത്തുകൾക്കുകൂടി പ്രയോജനം കിട്ടുന്ന ഭാഗത്ത് ഒരു മിനി – വൈദ്യുത പദ്ധതിക്ക് രൂപം നൽകുകയും ചെയ്യേണ്ടതാണ്.

സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിക്കൽ

ഒരു നിശ്ചിത വരുമാന പരിധി നിശ്ചയിച്ചുകൊണ്ട് ഇതിൽ കൂടുതൽ വരുമാനമുള്ളവരെ കണ്ടെത്തി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ പ്രേരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യണം. ഈ പദ്ധതി നടപ്പിലാക്കികിട്ടിയാൽ ഈ പഞ്ചായത്തിന്റെ വൈദ്യുതി പ്രശ്നം പൂർണ്ണമായും നിറവേറ്റാൻ കഴിയും.

ഈ പഞ്ചായത്തിൽ ഒരു സബ് സ്റ്റേഷൻ അനുവദിച്ചുവെങ്കിലും ഇന്നുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ സബ്സ്റ്റേഷന്റെ പ്രവർത്തനം അടിയന്തരമായി തുടങ്ങാൻ പഞ്ചായത്തിൽ നിന്നും നടപടിയെടുക്കണം.

മാർക്കറ്റ്

പഞ്ചായത്തിൽ ഒരു പബ്ലിക്ക് മാർക്കറ്റ് മാത്രമാണ് നിലവിലുള്ളത്. പഞ്ചായത്തിലെ ആഴ്ചച്ചന്ത എന്ന നിലയിൽ വളരെ പ്രാധാന്യം ഈ മാർക്കറ്റിനുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. മത്സ്യമാംസാദികളുടേയും പഴകിയ പച്ചക്കറികളുടേയും അവശിഷ്ടങ്ങൾ കൂട്ടിക്കലർന്ന് പരിസരമലിനികരണ പ്രശ്നമുണ്ടാക്കുന്നു.


കലുങ്കിൽ മുഖം , ചുള്ളാളം എന്നിവിടങ്ങളിൽ അനധികൃതമായ മാർക്കറ്റുകൾ നിലവിലുണ്ട്. കലുങ്കിൻ മുഖത്ത് റോഡരികത്ത് മാർക്കറ്റ് പ്രവർത്തിക്കുന്നത് ചപ്പുചവറുകൾ സമീപത്തുള്ള തോട്ടിലേക്ക് വലിച്ചെറിഞ്ഞ് പ്രശ്നം സൃഷ്ടിക്കുന്നു. റോഡരികിലായതിനാൽ ഗതാഗതത്തിനും ഇത് തടസ്സമായി മാറുകയാണ്.


പ്രശ്നങ്ങൾ

1. മാലിന്യങ്ങൾ കുമിഞ്ഞു കൂടുന്നു.
2 മത്സ്യ-മാംസ-പച്ചക്കറി അവശിഷ്ടങ്ങൾ ചന്തയിൽ തന്നെ നിക്ഷേപിക്കുന്നു.
3 മാലിന്യം, ദുർഗന്ധം എന്നിവ സമീപവാസികളുടെ ആരോഗ്യത്തെ ബാധിക്കുന്നു.
4. ചന്തയ്ക്കകം കുണ്ടും കഴിയുമായതിനാൽ മഴവെള്ളം കെട്ടിക്കിടക്കുന്നു.
5 ഡ്രയിനേജ് സിസ്റ്റം നിലവിലില്ല.
6 റോഡരികിലുള്ള കച്ചവടം ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.

സാധ്യതകൾ

1 ചന്ത കോൺക്രീറ്റ് ഇട്ട് വൃത്തിയാക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുക.
2 ചപ്പുവറുകൾ നിക്ഷേപിക്കാനും സംസ്ക്കരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തുക.
3 മാലിന്യങ്ങൾ കുമിഞ്ഞു കൂടാതിരിക്കാനും ജലം ഒഴുകിപ്പോകാനുവേണ്ടി ശാസ്ത്രീയമായ പുനസംവിധാനം ഏർപ്പെടുത്തുക.
4 കലുങ്കിൻമുഖത്ത് പ്രവർത്തിക്കുന്ന ചന്ത മാറ്റി സ്ഥാപിക്കുക.





5.7

പാർപ്പിടം സാമൂഹ്യക്ഷേമം

1. സാമൂഹ്യക്ഷേമം

കേരളീയ സമൂഹത്തിന്റെ മാനവിക വികാസദിശയുടെ വളർച്ചയുടെ അടിസ്ഥാനം സാമൂഹ്യക്ഷേമ രംഗത്ത് നടപ്പിലാക്കിയ പദ്ധതികളാണ്. പ്രാഥമിക - ദ്വിതീയ മേഖലയിൽ വളർച്ച കൈവരിക്കാൻ കഴിയാതിരിക്കെ ത്രിതീയ മേഖയിൽ വികസിത രാജ്യങ്ങൾക്കൊപ്പം എത്താൻ കഴിഞ്ഞ ഈ പ്രവണതയാണല്ലോ കേരളാ മോഡൽ. ക്ഷേമ രംഗത്ത് മുതൽ മുടക്കുന്നത് പ്രത്യുൽപ്പാദനപരമല്ല എന്ന വാദഗതി തിരുത്തപ്പെടേണ്ടതാണ്. സേവന മേഖലകളിൽ കൈവരിച്ചിട്ടുള്ള നേട്ടം നിലനിർത്തുന്നതിന് പ്രാഥമിക - ദ്വിതീയ മേഖലകൾ ശക്തിപ്പെടുത്തുന്നതോടൊപ്പം ക്ഷേമ പ്രവർത്തനങ്ങൾ തുടർന്നേ മതിയാകൂ. സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള വിവിധ പദ്ധതികൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഐ. ആർ. ഡി. പി., ട്രൈസം, ഇന്ദിരാ ആവാസ് യോജന, വിവിധ പെൻഷനുകൾ, സഹായ ധനങ്ങൾ തുടങ്ങിയവയാണ് അവ. പട്ടികജാതി / പട്ടികവർഗ്ഗത്തിനും വനിതകൾക്കായുള്ള പദ്ധതികളും ഇതിൽപ്പെടുന്നു. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മമൂലവും ചുവപ്പു നാടയുടെ നൂലാമാലകൾ മൂലവും പ്രയോജനം ലഭിക്കേണ്ടവരിൽ അത് എത്തുന്നില്ലാ എന്നതാണ് വസ്തുത. സാധ്യതകൾ വിശകലനം ചെയ്യാതെയുള്ള വായ്പാ വിതരണവും ഇതിനൊരു കാരണമാണ്.

ഐ. ആർ. ഡി. പി.

ഐ. ആർ. ഡി. പി. സർവ്വെ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി സർവ്വെ നടത്തുന്നുണ്ട്. സർവ്വെ പ്രയാഗിക തലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. തൊഴിൽ മേഖലയിലെ തൊഴിൽ ലഭ്യതക്കുറവും കാർഷിക മേഖല മുരടിപ്പും ജനസംഖ്യയുടെ ക്രമാതീതമായ വർദ്ധനവും പദ്ധതി നടത്തിപ്പിന്റെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

1992 - 93ൽ നടന്ന ഐ. ആർ. പി. സർവ്വെയിലും 1995ൽ നടന്ന പുതുക്കൽ സർവ്വെയിലും ഉൾപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ. വിശദാംശം.

പട്ടിക ഒന്ന്

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ	പട്ടികജാതി കുടുംബങ്ങൾ	569
2585	പട്ടികവർഗ്ഗ കുടുംബങ്ങൾ	12
	മറ്റു കുടംബങ്ങൾ	2004
	സ്ത്രീ കുടുംബനാഥയായ കുടുംബങ്ങൾ	1071
	വികലാംഗ കുടുംബങ്ങൾ	51

ഐ. ആർ. ഡി. പി. ധനസഹായം ലഭിച്ച കുടുംബാംഗങ്ങളുടെ എണ്ണം 1992 - 93 മുതൽ 1995 - 96 വരെ

വർഷം	സഹായം ലഭിച്ച കുടുംബം എണ്ണം	പട്ടിക ജാതി കുടുംബം	പട്ടിക വർഗ്ഗ കുടുംബം	വികാംഗ കുടുംബം	ആകെ
92-93	23	26	2	91	
93-94	45	25	29	1	100
94-95	55	31	35	1	122
95-96	38	21	23	ഇല്ല	82

ദാരിദ്ര്യ രേഖക്ക് താഴെയുള്ള 2585 കുടുംബങ്ങളെ കണ്ടെത്തിയതിൽ നാലുവർഷത്തിനകം ധനസഹായം ലഭിച്ചത് 395 കുടുംബങ്ങൾക്കാണ്. അർഹരായവരിൽ 15.2ത്തിനു മാത്രമാണ് ആനുകൂല്യം ലഭിച്ചത്. നമ്മുടെ സാമൂഹ്യക്ഷേമ പരിപാടിയുടെ അപര്യാപ്തതയ്ക്ക് ഇതിൽപ്പരം തെളിവുവേണ്ട.

ട്രൈസം

ഗ്രാമീണമേഖലയിൽ യുവതി-യുവാക്കൾക്കുള്ള സ്വയം തൊഴിൽ സംരംഭകർക്കുള്ള പരിശീലന പദ്ധതിയായ ട്രൈസം പദ്ധതി പഞ്ചായത്തിൽ നിലവിലുണ്ട്. ചെറുകിട കുടിൽ വ്യവസായ മേഖലകളിൽ സാങ്കേതിക പരിശീലനം നൽകി വായ്പയും സബ്സിഡിയും വഴി നിശ്ചിത തൊഴിലുകളിൽ ഏർപ്പെടുന്നതിന് ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. പഞ്ചായത്തിൽ നാലുവർഷത്തിനുള്ളിൽ 16 പേർക്കുമാത്രമണ് ഈ പരിശീലന പരിപാടിയുടെ ഗുണം ലഭിച്ചിട്ടുള്ളത്. 1992 - 93ൽ ഒന്ന്, 93-94ൽ ഒമ്പത്, 94-95ൽ അഞ്ച്, 95-96ൽ ഒന്ന്.

പരിശീലനം ലഭിച്ചവരെ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഫലപ്രദമല്ലാത്തതിനാൽ പരിശീലനം ലഭിച്ചവരിൽ പലരും മറ്റ് തൊഴിലിൽ ഏർപ്പെടുകയോ തൊഴിൽ രഹിതരായി കഴിയുകയോ ചെയ്യുന്നു. പരിശീലനം ലഭിച്ചവർ അത് എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ചുമതലയാണെങ്കിലും അത് നടക്കുന്നില്ല. അത് തൊഴിലിന്റെ സ്വഭാവം, സാധ്യത എന്നിവ വിശകലനം ചെയ്തുകൊണ്ടുള്ള പരിശീലന പദ്ധതിയല്ല നിലവിലുള്ളത്.

ഡി. ഡബ്ല്യു. സി. ആർ. എ.

പത്തു മുതൽ പതിനഞ്ച് വരെ അംഗങ്ങൾ ഉള്ള വനിതാഗ്രൂപ്പുകൾക്കാണ് ധനഹായം ലഭിക്കുന്നത്. ഐ. ആർ. ഡി. പിയുടെ അനുബന്ധ പരിപാടിയായ ഈ പദ്ധതി കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ ഏറെയുള്ള പ്രദേശമായിരുന്നിട്ടുകൂടി പഞ്ചായത്തിൽ ഒരു യൂണിറ്റു മാത്രമാണ് പ്രവർത്തിക്കുന്നത്. 1994 - 95 സാമ്പത്തിക വർഷത്തിൽ തേമ്പാംമൂട് കേന്ദ്രമാക്കി ഒരു അഗർബത്തി യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പത്ത് വനിതകളാണ് തൊഴിലെടുക്കുന്നത്. വൻകിട തിരി ഉൽപ്പാദന കേന്ദ്രങ്ങളുടെ വിപണന തന്ത്രങ്ങൾക്ക് എതിര് നിൽക്കാൻ കഴിയാത്തതുകൊണ്ട് വിപണനത്തിനു ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. എല്ലാ വാർഡുകളിലും വിവിധതരം യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്.

എം. ഡബ്ല്യു. എസ്.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതി / പട്ടിക വർഗ്ഗക്കാരിലെ ചെറുകിട നാമമാത്ര കർഷകർക്ക് ജലസേചനത്തിലൂടെ കൃഷി വികസനത്തിന് കിണറുകൾ, ടാപ്പുകൾ, കനാലുകൾ, ചാലുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ ഒരു വിഹിതം ഇപ്പോൾ ഭവനനിർമ്മാണത്തിനുപയോഗിക്കുന്നുണ്ട്. കൂടുതൽ ഗുണഭോക്താക്കളിലേക്ക് ഇത് എത്തിച്ചേരേണ്ടതുണ്ട്.

അംഗൻവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് ശിശുക്കളുടേയും അമ്മമാരുടേയും ക്ഷേമം ലാക്കാക്കി പ്രവർത്തിക്കുന്ന അംഗൻവാടികൾ പഞ്ചായത്തിൽ 24 എണ്ണം പ്രവർത്തിക്കുന്നു. ഭൗതിക

സാമ്പത്തിക വർഷം	അനുവദിച്ച കിണർ	പൂർത്തിയാക്കിയ കിണർ	അനുവദിച്ച വീടുകൾ	പൂർത്തിയാക്കിയവർ
93-94	6	1	5	5
94-95	2	2	-	-
95-96	-	-	3	1

സാഹചര്യങ്ങളുടെ അപര്യാപ്തത അംഗൻവാടി പ്രവർത്തനത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുന്നുണ്ട്. കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ ബഞ്ചുകൾ തുടങ്ങിയവ പൂർണ്ണമായ തോതിലുള്ളവർ പരിമിതമാണ്. ആയിരം ജനസംഖ്യയുള്ള പ്രദേശത്ത് ഒന്ന് എന്ന നിലയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. കുടിവെള്ളം, മൂത്രപ്പുര, കളിസ്ഥലം, കളിയുപകരണങ്ങൾ എന്നിവ അനിവാര്യമാണ്. കെട്ടിടമില്ലാത്ത ബാലവാടികൾക്ക് ജനകീയ സഹകരണത്തോടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഊർജിതമാക്കേതുണ്ട്. അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ശമ്പളം നൽകേണ്ടതുണ്ട്.

മഹിളാസമാജങ്ങൾ

പ്രവർത്തന സജ്ജമായ നാല് രജിസ്ട്രേഡ് മഹിളാസമാജങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വനിതകളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പാക്കാൻ, സ്ത്രീ പ്രശ്നങ്ങളിൽ ഇടപെടാനൊക്കെ സമാജങ്ങൾ അനിവാര്യമാണ്. വല്ലപ്പോഴും ഒത്തുചേരുക, വാർഷികം നടത്തുക എന്നിവ ഒഴിച്ചാൽ പല മഹിളാസമാജങ്ങളും നിർജീവമാണ്. പുതിയ മേഖലകളിലേക്ക് ശ്രദ്ധ പതിപ്പിക്കുവാനും ശക്തിയായി ഇടപെടുന്നതിനും ഇതര സമാജങ്ങൾ ഉപകരിക്കണമെങ്കിൽ കാര്യമായ ശ്രദ്ധ ഈ രംഗത്തുവേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിക്കാൻവേണ്ട ആസൂത്രിത ശ്രമങ്ങൾ വേണ്ടതുണ്ട്.

പൊതുവിതരണ കേന്ദ്രങ്ങൾ

പഞ്ചായത്തിൽ ആകെ 16 റേഷൻ കടകളാണുള്ളത്. റേഷൻ കാർഡ് ഉടമകളുടെ എണ്ണത്തിൽ വർഷംതോറും വർദ്ധനവുണ്ടെങ്കിൽ റേഷനരി വാങ്ങുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. മണ്ണെണ്ണയുടെ ഉപയോഗം കൂടി വരികയും ചെയ്യുന്നു. റേഷൻ കടവഴി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം കുറഞ്ഞത് റേഷനരി ആവശ്യക്കാരുടെ എണ്ണം കുറയ്ക്കാൻ ഇടയാക്കിയിട്ടുണ്ട്.

മാവേലി സ്റ്റോറുകളുടെ പ്രവർത്തനം സമീപ പഞ്ചായത്തുകളിൽ ഉണ്ടെങ്കിലും താരതമ്യേന വിസ്തൃതമായ ഈ പഞ്ചായത്തിൽ ന്യായവില മാവേലി സ്റ്റോർ ഇല്ലാതിരിക്കുകയാണ്. പഞ്ചായത്തിൽ ഒരു എ ഗ്രേഡ് മാവേലി സ്റ്റോർ ആവശ്യമാണ്. സഹായ ധനങ്ങൾ, പെൻഷനുകൾ എന്നിവ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമായുണ്ട്. പെൻഷന് അർഹതയുള്ളവരെ കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയാൽ ചുവപ്പു നാടയുടെ പ്രവർത്തനം ഒരളവുവരെ പരിഹരിക്കാനാവും.

ക്ഷേമനിധി

കർഷകത്തൊഴിലാളി, ആർട്ടിസാൻസ്, കയറ്റിറക്ക് തൊഴിലാളി, ഈറ്റത്തൊഴിലാളി തുടങ്ങിയ മേഖലകളിൽ ക്ഷേമനിധി നിലവിലുണ്ട്. പക്ഷേ എല്ലാ തൊഴിലാളികളും ഇതിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളികളെ ഇത്തരത്തിലേക്ക് ക്ഷേമനിധികളിൽ അംഗങ്ങളാക്കേണ്ടത് തൊഴിലാളി യൂണിയനുകളും സൊസൈറ്റികളും മുൻകൈയെടുത്തായിരിക്കണം. വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണം ആവശ്യമാണ്.

പ്രശ്നങ്ങൾ

1. അർഹമായ കുടുംബങ്ങൾക്ക് എല്ലാം സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം സഹായം ലഭിച്ചിട്ടില്ല.
2. ഐ. ആർ. ഡി. പി. പോലുള്ള പദ്ധതികളെക്കുറിച്ചുള്ളഅറിവില്ലായ്മ
3. ഗ്രാമസഭകൾ നിലവിൽവന്നെങ്കിലും സാമൂഹ്യക്ഷേമ മേഖലകളിൽ ഉദ്യോഗസ്ഥ മേധാവിത്വം തുടരുന്നതുകൊണ്ട് അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കാതെ വരുന്നത്.
4. പദ്ധതികൾ ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകളും സാധ്യതകൾ വിശകലനം ചെയ്യാതെയുമുള്ള വായ്പാ വിതരണവും പദ്ധതി നടത്തിപ്പിൽ തടസ്സം സൃഷ്ടിക്കുന്നു.
5. ദുർബ്ബല വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടക്കുന്നില്ല.
6. ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ വേണ്ട സഹായം ചെയ്യുന്നില്ല.
7. ട്രൈസം പരിശീലന കാലാവധി ട്രേഡിന്റെയും സ്വഭാവം അനുസരിച്ചല്ല നിശ്ചയിക്കുന്നത്. ചില ട്രേഡുകളിലെ പരിശീലന കലാവധി കുറവായതുകൊണ്ട് ആവശ്യമായ വൈദഗ്ദ്ധ്യം നേടാൻ കഴിയുന്നില്ല.
8. ഐ.ആർ.ഡി.പി. ലോണെടുക്കുന്നവർ ചൂഷണത്തിനു വിധേയമാവുന്നു.
9. വൻകിട കമ്പനികളുടെ ആധിപത്യത്തിലുള്ള മാർക്കറ്റിൽ പിടിച്ചു നിൽക്കാൻ വനിതാ വ്യവസായ യൂണിറ്റുകൾക്ക് കഴിയുന്നില്ല.
10. അസംസ്കൃത വസ്തുക്കൾക്ക് പ്രാദേശിക കമ്പോളത്തിൽ കൂടുതൽ വില നൽകേണ്ടി വരുന്നു.

പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ സ്ഥിതിവിവര പട്ടിക						
വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഓല	ഓട്	മണ്ണുള്ളവ	മണ്ണുനില	R.C.C
1	621	465	142	-	-	14
2	512	314	140	6	5	47
3	609	453	65	-	4	87
4	703	481	173	6	1	42
5	453	245	141	7	6	58
6	388	257	112	9	-	10
7	610	403	167	12	1	27
8	902	469	284	10	2	137
9	591	340	168	14	7	62
10	713	425	186	15	-	89
	6102	3852	1576	77	26	572

സർക്കാർ ഏജൻസി മുഖാന്തിരം നിർമ്മിച്ച വീടുകളുടെ സ്ഥിതിവിവരപ്പട്ടിക			
ബ്ലോക്ക് മുഖാന്തിരം വർഷം	പൂർത്തിയായത്	പൂർത്തിയാകാത്തത്	പഞ്ചായത്ത് മുഖാന്തിരം
1993-94	M.W.S. 5 I.A.Y. 11	-	5 11
1994-95	I.A.Y. 5 JRY	-	-
1995-96	M.W.S - I.A.Y. 19 JRY 11	-	-

11 ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാ ക്രമം നിശ്ചയിക്കുന്നത് ജനകീയമായ രീതിയിലല്ല.

12 സംയോജിത ശിശു വികസന പദ്ധതിയുടെ കാര്യക്ഷമതയില്ലായ്മ

13 വനിതാ സമാജങ്ങളുടെ അപര്യാപ്തത സ്ത്രീകളുടെ വിവിധക്ഷേമ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണത്തെ ബാധിക്കുന്നു. നിവിലുള്ള വനിതാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

നിർദ്ദേശങ്ങൾ

1 സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സംസ്ഥാന ഗവർമെണ്ടുകളുടെ ദാരിദ്ര്യ നിർമ്മാർജന പദ്ധതികളേയും തൊഴിൽ പദ്ധതികളേയും കുറിച്ച് വാർഡ് തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

2 പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമത്തിനും വനിതാ ക്ഷേമത്തിനുമുള്ള പദ്ധതികളേയും കുറിച്ചുള്ള വിവരങ്ങൾ അംഗീകൃത കോളനികളിലും അംഗനവാടികളിലും പ്രസിദ്ധം ചെയ്യുക.

3 വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് ജനകീയ സമിതികളുടേയും ഗ്രാമസഭകളുടേയും മേൽനോട്ടത്തിലായിരിക്കണം.

4 ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലഘൂകരിക്കും. പുതുതായി ഉണ്ടാക്കുന്ന കോളനികൾ ഫ്ളാറ്റ് സമ്പ്രദായത്തിലാക്കുക.

5 ട്രൈസം പദ്ധതിയിൽ തൊഴിലിന്റെ സ്വഭാവം അനുസരിച്ച് പരിശീലന കാലാവധി നിശ്ചയിക്കുക. സാധ്യതകൾ അനുസരിച്ച് പരശീലനം നൽകുക. ഗുണഭോക്താക്കളെ പരിശീലനം ലഭിച്ചവരായി മാത്രം നിലനിർത്താതെ ബന്ധപ്പെട്ട തൊഴിൽ

മേഖലകളിലേക്ക് തിരിച്ചു വിടാനുള്ള സംവിധാനം ഫലപ്രദമായി നടപ്പിലാക്കുക.

6 റേഷൻ കടകളിലൂടെ പലവ്യജ്ഞനങ്ങളുടെ വിതരണം പുനസ്ഥാപിക്കുക.

7 വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുക.

പാർപ്പിടം

ജനജീവിതത്തിന്റെ പ്രാഥമികാവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് പാർപ്പിടം. ഗൾഫ് പണത്തിന്റെ സ്വാധീനം ഭവന നിർമ്മാണ രംഗത്ത് ചെലുത്തിയ സ്വാധീനം വളരെയാണ്. നാടിനിണങ്ങാത്ത കോൺക്രീറ്റ് മന്ദിരങ്ങൾ കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ക്രമാതീതമായി വർദ്ധിച്ചു. കാർഷികവൃദ്ധിയിൽ ഏർപ്പെട്ടിരുന്ന പലരും കെട്ടിടനിർമ്മാണ മേഖലകളിലേക്ക് ശ്രദ്ധ പതിപ്പിക്കാൻ തുടങ്ങി. കാർഷിക മേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ എണ്ണം കുറയുകയും പ്രത്യുൽപ്പാദനപരമല്ലാത്ത രീതിയിൽ പണം വിനിയോഗിക്കുന്ന രീതിയും അതുമൂലം ഉണ്ടായി. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ പാർപ്പിട ആവശ്യം നിറവേറ്റാൻ കഴിഞ്ഞുമില്ല. പഞ്ചായത്തിൽ ആകെ 6102 വീടുകളാണുള്ളത്. നികുതിയുള്ളവ 1523 നികുതി ഇല്ലാത്തവ 4579 ആണ്. വിശദവിവരങ്ങൾ പട്ടികയിൽ.

മൊത്തം പുനരുജ്ജീവിപ്പിക്കേണ്ട വീടുകൾ	300എണ്ണം
ഭാഗികമായി താമസയോഗ്യമായവ	451എണ്ണം
മോശമായവ	301 എണ്ണം
വളരെ മോശമായവ	251 എണ്ണം
ഭവന രഹിതർ (കുടുംബങ്ങൾ)	1102
പുറമ്പോക്കിൽ കുടിൽ കെട്ടി താമസിക്കുന്നവർ	70

പഞ്ചായത്തിൽ ആകെയുള്ള വീടുകളിൽ 45 ശതമാനം മോശമായിട്ടുള്ളവയും 30ശതമാനം വാസയോഗ്യമല്ലാത്തവയുമാണ്. ഭവന സൗകര്യത്തിന്റെ കാര്യത്തിൽ പരിതാപകരമായ അവസ്ഥയാണിത് കാണിക്കുന്നത്.

പഞ്ചായത്തിൽ ആകെ 18 അംഗീകൃത കോളനികളും 17 അംഗീകാരം കിട്ടേണ്ട കോളനികളുമുണ്ട്. കോളനിയിലെ ഭൗതിക സാഹചര്യങ്ങൾ തീരെ അപര്യാപ്തമാണ് . വാർഡ് തിരിച്ചുള്ള കോളനികളിലെ വീടുകളുടെ എണ്ണം.

വാർഡ്	കോളനികൾ	വീടുകൾ	അംഗങ്ങൾ
1	5	78	342
2	2	44	398
3	7	140	499
4	2	29	184
5	1	12	64
5	3	73	275
7	6	75	362
8	4	117	561
9	3	82	399
10	3	55	242
ആകെ	36	705	3026

പരിമിതമായ സൗകര്യങ്ങൾപോലും ഇല്ലാത്തവയാണ് എല്ലാം വീടുകളും. ശരാശരി ഒരു വീട്ടിൽ അഞ്ചുപേർ താമസിക്കുന്നു എന്നാൽ മേൽപ്പറഞ്ഞ കണക്കുകൾ സൂചിപ്പിക്കുന്നത്. അടിയന്തര ശ്രദ്ധ പതിയേണ്ട മേഖലയാണ്.

പവിട്ടിക്കുഴച്ച മണ്ണുകൊണ്ടുള്ള ഭിത്തികളാണ് ഒലക്കൂരയുള്ള വീടുകളിൽ മുമ്പ് ഉപയോഗിച്ചു വന്നിരുന്നത്. അടുത്തകാലത്തായി ഇഷ്ടിക ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. ഇത്തരം. മേൽത്തരം വീടുകളിൽ ഇഷ്ടിക ഉപയോഗപ്പെടുത്തി ഭിത്തി നിർമ്മിക്കുന്നുണ്ട്.. പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറേ പ്രദേശയമായ വെള്ളൂമണ്ണടിയിൽ ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തെങ്ങുകൊണ്ടുള്ള കഴുക്കോലുകളാണ് ഓടിട്ട കെട്ടിടങ്ങൾക്ക് ഉപയോഗിക്കുന്നത്. അടുത്തകാലത്തായി കോൺക്രീറ്റു കെട്ടിടങ്ങളോടുള്ള താൽപ്പര്യം കൂടിവരുന്നുണ്ട്. പരമ്പരാഗത വാസ്തു ശില്പ മാതൃകയിലുള്ള കെട്ടിടങ്ങൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. പഞ്ചായത്തിലാകെ എട്ടോളം കെട്ടിടങ്ങൾ മാത്രമാണ് ഇപ്പോൾ ഉള്ളത്. പരമ്പരാഗത വാസ്തു ശിൽപ്പ വിദഗ്ധരുടെ തലമുറ ഈ രംഗത്ത് ഉറപ്പു നിൽക്കുന്നതും തടിയുടെ ലഭ്യതക്കുറവും കോൺക്രീറ്റ് കെട്ടിടങ്ങളോടുള്ള താൽപ്പര്യവും ഇവയുടെ നിലനിൽപ്പിനെ ബാധിക്കും.

പ്രശ്നങ്ങൾ

1 ഭൂമിയുടെ വിലക്കയറ്റം

2 കെട്ടിട നിർമ്മാന സാമഗ്രികളുടെ വിലക്കയറ്റം

3 പഞ്ചായത്തിൽ ഭവന നിർമ്മാണ വായ്പാസംഘങ്ങളുടെ അഭാവം. ഭവന നിർമ്മാണ വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ട്.

4 കെട്ടിട നിർമ്മാണ രംഗത്തെ വിദഗ്ധരുടെ കുറവ്.

5 സ്ഥിരം വരുമാനം ഇല്ലാത്തവർക്ക് ഭവന നിർമ്മാണ വായ്പ ലഭിക്കുന്നില്ല.

6 വായ്പയുടെ ഉയർന്ന പലിശ നിരക്ക്.

7 ചെലവ് കുറഞ്ഞ് ഭവന നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം പഞ്ചായത്ത് തലത്തിൽ ലഭ്യമല്ല.

8 ഭവനത്തിന്റെ സുരക്ഷിതത്വം മതിലുകെട്ടുന്നതാണെന്ന ധാരണ കൂടി വരുന്നു.

9 മതിലുകളുടെ ആധിക്യം നിരൊഴുക്കിനെ കുറയ്ക്കുന്നതും അതുവഴി ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും കൂടും.

10 കെട്ടിടം നിർമ്മിക്കുമ്പോൾ പൊതുവഴിയിൽ നിന്നും മൂന്നു മീറ്റർ വിടണമെന്ന നിബന്ധന [illegible] ഉണ്ടാക്കുന്നു.

11 നിലവിലുള്ള നിയമം അനുസരിച്ച് ഭൂരഹിതർക്ക് ആവശ്യമായ ഭൂമി വാങ്ങിക്കുവാൻ പഞ്ചായത്തിനു കഴിയുന്നില്ല.

12 റോഡ് സൈഡിൽ താമസിക്കുന്നവർ മതിൽകെട്ടി പുറകുവശത്ത് താമസിക്കുന്നവർക്ക് റോഡിന്റെ ഉപയോഗം നിഷേധിക്കുന്ന പ്രവണത കൂടി വരുന്നു.

13 കെട്ടിട നിർമ്മാണ രംഗത്ത് അനാവശ്യ ചെലവുകൾക്കുള്ള പ്രവണത കൂടിയിരിക്കുന്നു.

14 കോൺട്രാക്ടർ സമ്പ്രദായം ഭവന നിർമ്മാണ രംഗത്ത് കൂടിവരുന്നു.

15 കോളനികളിലെ അടിസ്ഥാന ആവശ്യങ്ങളുടെ കുറവ്.

നിദേശങ്ങൾ

1 പഞ്ചായത്തു തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘത്തിന് രൂപം കൊടുക്കണം.

2 നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികളെ പഞ്ചായത്തു തല ഭവന നിർമ്മാണ സഹകരണ സംഘവുമായി ബന്ധപ്പെടുത്തുക.

3 ഭവന നിർമ്മാണ വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുകയും, കാലാവധി കൂട്ടുകയും ചെയ്യുക.

4 ലോണെടുത്ത് പണിയുന്ന വീടുകളുടെ നിർമ്മാണ സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്തു മെമ്പർക്ക് നൽകുക.

5 കെട്ടിട നികുതിയിൽ ഏകീകരണം നടപ്പാക്കുക.

6 നികുതി വർദ്ധനവ് പത്തു ശതമാനത്തിൽ അധികം ആകാതിരിക്കാൻ ശ്രദ്ധിക്കണം.

7 ലക്ഷം വീടുകൾക്ക് അറ്റകുറ്റ പണികൾക്കായി സാമ്പത്തിക സഹായം നൽകുക.


8 കുടികിടപ്പ്, മിച്ചഭൂമി എന്നിവയിൽ സർക്കാർ സഹായത്തോടെ പണിയുന്ന വീടുകൾ, ലക്ഷംവീട് പദ്ധതി പ്രകാരം ലഭിക്കുന്ന വീടുകൾ എന്നിവ കൈമാറ്റം ചെയ്യുന്നത് നിയമംമൂലം തടയുക.

9 മുന്നും നാലും സെൻറ് ഭൂമി മുറിച്ചു വിൽക്കുന്ന പ്രവണത വ്യാപകമാകുന്ന സാഹചര്യത്തിൽ ഭൂമി കൈമാറ്റ പ്രമാണങ്ങൾ, ജാഗാധാരം എന്നിവ രജിസ്റ്റർ ചെയ്യുമ്പോൾ പൊതുവഴിയിൽ നിന്നുമുള്ള ഗതാഗത സൗകര്യം രേഖപ്പെടുത്തുന്നത് നിർബന്ധമാക്കുക.

10 ഭൂമിയുടെ ലഭ്യത കുറവായതിനാൽ ഫ്ളാറ്റ് സമ്പ്രദായം പ്രോത്സാഹിപ്പിക്കുക. സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ ഫ്ളാറ്റു സമ്പ്രദായത്തിലായിരിക്കണം.

11 റോഡിന്റെ ഉപയോഗം പിറകിൽ താമസിക്കുന്നവർക്ക് നിഷേധിക്കപ്പെടുന്ന അവസ്ഥയെ മറികടക്കാൻ ബോധവൽക്കരണവും നിയമ നിർമ്മാണവും നടത്തണം.

12 ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ച് കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലവസരവും തൊഴിലുറപ്പും സൃഷ്ടിക്കുക.





5.8

സംസ്കാരം

സാംസ്കാരിക പൈതൃകം

ആര്യദ്രാവിഡ ബുദ്ധമത സംസ്കാരങ്ങളുടെ ഒരു സമ്മിശ്രമാണ് പുല്ലമ്പാറ ഗ്രാമത്തിന്റെ സാംസ്കാരിക ചരിത്ര. സംഘകാലഘട്ടത്തിൽ തന്നെ മലവേടരും കാണിക്കാരും ഉൾപ്പെട്ട ഒരു ഗോത്രവർഗ്ഗസംസ്കാരം ഇവിടെ നിലവിലിരുന്നുവോ? ആന എഴുന്നുള്ളത്തും, ചാറ്റുപാടും, തേരുവിളക്കും, കതിരകാളയും ഉത്സവങ്ങളിൽ കണ്ടുവരുന്നത് അതിന്റെ തെളിവാണ്. ചരിത്ര പ്രസിദ്ധമായ, രണ്ടായിരത്തോളം അടി ഉയരം വരുന്ന, വേങ്കമല കുന്നിന്റെ അടിവാരങ്ങളിൽ ഗോത്രവർഗ്ഗം താമസിച്ചിരുന്നതിന്റെ തെളവായി ഒരു 'ആളുകിടക്കുംപാറ' ഇന്നും കാണുന്നുണ്ട്. മാണക്യം (വൈഡൂര്യം) കൂടുതൽ വിളയുന്ന പ്രദേശമാതുകൊണ്ട് മാണിക്കൽ എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശം കാലക്രമേണ പുൽമേടുകളും പാറക്കൂട്ടങ്ങളും വെട്ടിത്തെളിച്ചു മുന്നേറിയ കർഷകർ പുല്ലമ്പാറ എന്ന് പേരിട്ടു.

വടക്ക് വാമനപുരം നദിയും കിഴക്ക് നന്ദിയോട്, പനവൂർ പഞ്ചായത്തുകളും, തെക്ക് മണിക്കൽ, വെമ്പായം പഞ്ചായത്തുകളും അതിരിടുന്ന ശുദ്ധ ഗ്രാമീണതയുടെ മേച്ചിൽപ്പുറമാണ് പുല്ലമ്പാറ പഞ്ചായത്ത്. കിഴക്ക് ചെല്ലഞ്ചി മുതൽ പടിഞ്ഞാറ് നെല്ലനാട് വരെ നീണ്ടു നിവർന്നു കിടക്കുന്ന ഹരിതാഭമായ ഈ പ്രദേശം കുന്നുകളുടേയും, താഴ്വാരങ്ങളുടേയും ഒരു സംഗമഭൂമിയാണ്. മുത്തശ്ശി കഥകളിൽ കേട്ടു കേൾവി മാത്രമുള്ള ഈനാംപേച്ചിയേയും, വാനരസമൂഹത്തേയും, മലമ്പാമ്പുകളേയും പോറ്റി വളർത്തിയവളാണ് ഈ പുണ്യഭൂമി. പൗരാണികതയുടെ ഈ മണ്ണ് എക്കാലവും സാംസ്കാരികതയുടെ വിത്തുവിളയിക്കാൻ സഹായിച്ചിട്ടുണ്ട്. ഇടത്തരം ജന്മിമാരും അവരെ അനുസരിക്കാൻ മാത്രം അറിയാമായിരുന്ന അടകുടികിടപ്പുകാരും ഉൾപ്പെടുന്ന ഒരു അടകുടി സംസ്കാരമാണ് ഇവിടെ നിലനിന്നിരുന്നത്. പ്രകൃതി അതിന്റെ മിക്ക സൗഭാഗ്യങ്ങളും കോരിച്ചൊരിഞ്ഞ ഒരു പ്രദേശമാണ് ഈ പുണ്യഭൂമി. വാമനപുരം നദിയും നിരവധി തോടുകളും പടിഞ്ഞാറേക്ക് ഒഴുകുന്ന വളക്കൂറുള്ള ഈ മണ്ണിൽ വിളയാത്ത വിളകളൊന്നുമില്ല. നെല്ലും, കമുകും, മരച്ചീനിയും, കുരുമുളകും വെറ്റിലയും ചെറുധാന്യങ്ങളും ഇവിടെ കൃഷി ചെയ്തിരുന്നു. സഞ്ചാരത്തിനു വില്ലു വണ്ടിയും, സാധനങ്ങൾ കൊണ്ടുപോകുന്നതിന് കാളവണ്ടിയുമാണ് ഉപയോഗിച്ചിരുന്നത്. ഈ നൂറ്റാണ്ട് ദർശിച്ച 1992ലെ വെള്ളപ്പൊക്കം ഈ ഗ്രാമത്തിന്റെ ശരീരത്തിലും അനേകം വസൂരിക്കലകൾ സമ്മാനിച്ചുകൊണ്ടാണ് കടന്നു പോയത്.

ഉൽക്കൃഷ്ടമായ ഒരു പാരമ്പര്യത്തിന് വേരോട്ടം നൽകിയ പ്രദേശം തിരുവിതാംകൂർ രാജാക്കന്മാരുടെ അധീനതയിലായിരുന്നു. കാലപ്രവാഹത്തിലൂടെ

ആർജ്ജിച്ച സാംസ്കാരിക പൈതൃകം സമ്മിശ്ര പ്രതികരണങ്ങൾ ഉളവാക്കുന്നത്. ശ്രീ. സ്വാതിതിരുനാളും ശ്രീ. ചിത്തിര തിരുനാളും ജനകീയ രാജാക്കന്മാരായിരുന്നു. സംഗീതവും ചിത്രമെഴുത്തും ഭരതനാട്യവും മോഹിനിയാട്ടവും വികാസം പ്രാപിച്ചതും ഇവരുടെ കാലത്തായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസവും ചികിത്സയും, നീതിന്യായ കോടതിയും നടപ്പിലാക്കിയതും ഇവരുടെ കാലത്താണ്.

അടിസ്ഥാന വർഗ്ഗത്തിന് അമ്പലങ്ങളിൽ ആരാധന നടത്താനും, പൊതുവഴിയിൽ കൂടി നടക്കാനും മാറു മറയ്ക്കാനും സ്വാതന്ത്ര്യമില്ലാതിരുന്ന കാലത്ത് ക്ഷേത്രപ്രവേശന വിളംബരത്തിലൂടെ ഒരു സാമൂഹിക വിസ്ഫോടനം നടത്താൻ ചിത്തിര തിരുനാളിനു കഴിഞ്ഞു. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന ഉദ്ബോധനത്തിലൂടെ സാമൂഹ്യ അനീതിക്കെതിരേ പോരാടിയ ശ്രീനാരായണ ഗുരുദേവന്റെ സംഭാവനകൾ ഇത്തരുണത്തിൽ സ്മരണീയമാണ്.

ഭാരത സ്വാതന്ത്ര്യ സമരത്തിൽ നേരിട്ടു പങ്കെടുത്ത പ്ലാവറ വാസുദേവൻ പിള്ളയും, കല്ലറ - പാങ്ങോട് സമരത്തിൽ നേരിട്ട് പങ്കെടുത്ത ശ്രീ. പരീത് ചട്ടമ്പി, വള്ളിക്കടവു മുഹമ്മദ് സുഞ്ഞ്, ശ്രീ. മുഹമ്മദ് അബ്ദുൾ ഖാദർ, ഷാഹുൽ ഹമീദ്, അബ്ബാസ് എന്നിവരെ ഓർക്കാതെയുള്ള ഒന്നും ഈ ഗ്രാമത്തിന്റെ ചരിത്രമാവില്ല.

ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചും, ആശുപത്രിക്കും പ്രൈമറി മിഡ്വൈഫറിക്കും സ്ഥലം നൽകിയും സാമൂഹ്യ -സാംസ്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന ശ്രീ. ആനക്കുഴി അഹമ്മദ് പിള്ളയും ഈ ഗ്രാമത്തിന്റെർ ആദ്യപ്രസിഡന്റ് ശ്രീ. വയ്യക്കാവ് കൃഷ്ണ പിള്ളയും രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ശ്രീമാൻ ഗാന്ധി മാധവൻ പിള്ളയേയും അദ്ധ്യാപകരംഗത്ത് പ്രഗത്ഭന്മാരായ പരമേശ്വരൻപിള്ളയും രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ശ്രീമാൻ ഗാന്ധിമാധവൻപിള്ളയെയും അദ്ധ്യാപക രംഗത്ത് പ്രഗത്ഭന്മാരായ പരമേശ്വരൻപിള്ള സാറിനേയും, ശിവദാസൻ പിള്ള സാറിനേയും ഈ ഗ്രാമത്തിന് മറക്കാൻ കഴിയില്ല.

ജാതി-മത ഘടന

ശക്തിയായ സവർണ്ണ - അവർണ്ണ വ്യത്യാസം അക്കാലത്തുണ്ടായിരുന്നു. വിദ്യാഭ്യാസം ചെയ്യാനോ പൊതുവഴിയിൽ നടക്കാനോ അവർണ്ണർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. മുടിവെട്ട്, അലക്ക് എന്നിവ അവർ സ്വയം ചെയ്യണമെന്നായിരുന്നു. പൊതുകിണറുകളിൽ നിന്ന് വെള്ളം കോരാൻ അനുവദിച്ചിരുന്നില്ല. ഇപ്പോൾ നാനാ ജാതി - മതസ്ഥരും ഒരുമയോടെ ജീവിക്കുന്നതുകൊണ്ട് മതസൗഹാർദം നിലനിൽക്കുന്നു.

ഉത്സവങ്ങൾ:- അനേകം ഹിന്ദു ആരാധനാലയങ്ങൾ ഇവിടെ ഉണ്ട്. ചരിത്ര പ്രസിദ്ധമായ വേങ്കമലയും, തലയാറ്റുമലയും, വെള്ളാണിക്കര ശിവക്ഷേത്രവും ചുള്ളാളം ആയിരവല്ലിക്ഷേത്രവും പ്രധാന ഉത്സവകേന്ദ്രങ്ങളാണ്. (മറ്റുള്ളവ അനുബന്ധമായി കൊടുത്തിട്ടുണ്ട്.). വേങ്കമലത്തെ ഉത്സവത്തോടനുബന്ധിച്ചുള്ള തേരുവിളക്കും, കതിരുകാളയും, ചാട്ടുപാട്ടും, താലപ്പൊലിയും, ചെണ്ടമേളവും ചേർന്നുള്ള തുള്ളൽ കാണാൻ അന്യസംസ്ഥാനങ്ങളിൽ നിന്നുപോലും ആളുകൾ എത്താറുണ്ട്. തലയാറ്റുമല ക്ഷേത്രത്തിലെ സമൂഹസദ്യയിൽ നാനാജാതി മതസ്ഥരും പങ്കെടുക്കുന്നു. വെള്ളാണിക്കര, ശിവക്ഷേത്രത്തിലെ ഉത്സവവും, ചുള്ളാളും ആയിരവല്ലി ക്ഷേത്രത്തിലെ ഉത്സവവും പ്രാധാന്യമുള്ളവയാണ്.

മുസ്ലീം ആരാധനാലയങ്ങളിൽ പ്രധാനപ്പെട്ടത് പേരുമല മാണിയ്ക്കൽ, മുല്ലമംഗലം, മുണ്ടൻ തടിയ്ക്കാട് വട്ടത്തിപ്പള്ളി എന്നിവയാണ്. വട്ടത്തിപ്പള്ളിയിലെ ചന്ദനക്കുട മഹോത്സവം പ്രസിദ്ധിയാർജ്ജിച്ചതാണ്. ജാതി മത ഭേദമന്യേ ആളുകൾ ഇതിൽ പങ്കെടുക്കുന്നു. 180 വർഷങ്ങൾക്കുമുമ്പ് പേരുമല പള്ളിആറ് കാരണവരാണ് ഭരണം നടത്തിയിരുന്നത്. റംസാൻ മാസത്തിലെ നോമ്പു പെരുന്നാൾ, ഹജ്ജിനോടനുബന്ധിച്ചുള്ള ബലി പെരുന്നാൾ, നബിദിനവുമാണ് പ്രധാനപ്പെട്ട ആഘോഷങ്ങൾ കൃസ്ത്യൻ പള്ളികൾ പൊതുവേ കുറവാണ്. വാദ്ധ്യാരുകോണത്തെ പള്ളി നൂറ്റാണ്ടു കാലത്തെ പഴക്കമുള്ളതാണ്. അവരുടെ ക്രിസ്തുമസ് കരോൾ വളരെ ആകർഷകമാണ്.

ആഘോഷങ്ങൾ: മനുഷ്യരെല്ലാരും ഒന്നു പോലെയായിരുന്ന മാനവ സംസ്കാരത്തിന്റെ പ്രതീകമായിട്ടാണ് ഓണാഘോഷം നടത്തുന്നത്. വിളവെടുപ്പിന്റെയും കായിക മത്സരങ്ങളുടേയും ഒരു വേദികൂടിയാണിത്. ഓണാഘോഷം, തുമ്പി തുള്ളൽ, ഊഞ്ഞാലാട്ടം, ഉറിയടി, തിരുവാതിരക്കളി, പന്തുകളി, കിളിത്തട്ടുകളി തുടങ്ങിയവയിൽ പലതും കാലഹരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. മരമടി മഹോത്സവം ഇവിടെ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുകയാണ്. തേമ്പാക്കാല വീട്ടുകാരുടെ കുളപ്പുറം ഏലായിലും ആട്ടുകാലിലും ആയിരുന്നു മത്സരങ്ങൾ നടന്നിരുന്നത്. നടവു സമയത്ത് തൊഴിലാളി സ്ത്രീകൾ ഞാറ്റുപാട്ടുപാടുന്നത് പതിവായിരുന്നെങ്കിലും വയലേലകളിൽ ഇന്നാശബ്ദം കേൾക്കാറില്ല.

ആചാരങ്ങളും അനുഷ്ഠാനങ്ങളും: മതപരമായ

ചടങ്ങുകൾക്കാണ് വിവാഹ കർമ്മങ്ങളിൽ പ്രാധാന്യം, അഗ്നിസാക്ഷിയായി താലിക്കെട്ടലും, പുടവകൊടുക്കലും, ഹിന്ദു വിവാഹങ്ങളിൽ ഉണ്ട്. പിന്നോക്ക വിഭാഗങ്ങളിൽ ദക്ഷിണ നൽകൽ (കാരണവന്മാർക്ക്) പ്രധാന ചടങ്ങാണ്. എല്ലാ ജാതിമത വിഭാഗങ്ങളിലും സ്ത്രീയുടെ സ്വാധീനം വളരെ കൂടുതലാണ്.

പ്രധാന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ:- പുല്ലമ്പാറയിലെ പ്രധാന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്), ഇന്ത്യൻ നാഷണൽ കോൺഗ്രസ്, കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ, ജനതാദൾ, ഭാരതീയ ജനതാ പാർട്ടി, ആർ. എസ്. പി. കോൺഗ്രസ് (എസ്) ഇവയാണ്. ഇവയുടെ യുജവന വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. ജനകോടികളെ ഇളക്കി മറിച്ച തൊഴിലാളി വർഗ്ഗത്തിന്റെ ആചാര്യൻ കാറൽമാക്സും ജനങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. തൊഴിലാളി വർഗ്ഗത്തിനു പോലും രാഷ്ട്രീയ കാര്യങ്ങളിൽ താൽപ്പര്യമുണ്ട്.

ചികിത്സാ രീതികൾ: പാരമ്പര്യ വൈദ്യന്മാരായിരുന്നു ചികിത്സാ രീതികൾ നിശ്ചയിച്ചിരുന്നത്. കണ്ണിനും, വിഷ ചികിത്സക്കും പേരുകേട്ട രാജകുടുംബത്തിൽപോലും ചികിത്സ നടത്തിയിരുന്ന പാരമ്പര്യ വൈദ്യന്മാർ ഇക്കൂട്ടത്തിൽപ്പെടും. കുറ്റിമൂട് അഹമ്മദലി വൈദ്യൻ ഇടത്തരുണത്തിൽ സ്മരണീയമാണ്.

വിദ്യാഭ്യാസം: നിലത്തെഴുത്ത് ആശാന്മാരുടെ കീഴിലായിരുന്നു വിദ്യാഭ്യാസ മുറകൾ അഭ്യസിച്ചിരുന്നത്. ഇവിടെ ആദ്യമായി ഒരു പ്രാഥമിക സ്കൂൾ ഉണ്ടാകുന്നത് പേരുമലയിലാണ്. ശ്രീ. പരമേശ്വരൻപിള്ള സാർ ആയിരുന്നു പ്രഥമാധ്യാപകൻ. ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിന് കേരളത്തിൽ വന്ന മിഷണറിമാർ വിദ്യാഭ്യാസ സ്ഥാപനങ്ങളും കോൺവെന്റുകളും സ്ഥാപിച്ച് സവർണ്ണ അവർണ്ണ വ്യാത്യാസം കൂടാതെ എല്ലാപേർക്കും വിദ്യാഭ്യാസം കൊടുത്ത് മറ്റു സമുദായക്കാരോടൊപ്പം പിന്നോക്കക്കാരേയും ഉയർത്തി. ഇപ്പോൾ ഈ ഗ്രാമത്തിൽ അഞ്ച് എൽ പി. സ്കൂളുകളും രണ്ട് യു പി സ്കൂളും ഒരു ഹൈസ്കൂളും പ്രവർത്തിക്കുന്നുണ്ട്.

കലാസാംസ്കാരിക സ്ഥാപനങ്ങൾ: ഗ്രാമത്തിൽ കലാ - സാംസ്കാരിക നവോത്ഥാനത്തിന് മുമ്പന്തിയിൽ നിന്ന പല സമിതികളും അകാലത്തിൽ പൊലിഞ്ഞുപോയി. 1958ൽ പി. എസ്. ശങ്കറിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട പുല്ലംപാറ പീപ്പിൾസ് ആർട്സ് ക്ലബ്ബ് നവകേരള പിറവിക്ക് വെഞ്ഞാറമൂട്ടിൽ നടന്ന ജില്ലാ നാടക മൽസരത്തിൽ പങ്കെടുക്കുകയും സമ്മാനം നേടുകയും ചെയ്തു. അനേകം നാടകങ്ങൾ അവതരിപ്പിച്ച ഈ സമിതി കടബാധ്യതകൾ കൊണ്ടുതകർന്നു. തേമ്പാംമൂട്ടിൽ ശ്രീ തലേക്കുന്നിൽ ബഷീറിന്റെ നേതൃത്വത്തിൽ ശോഭനാ ആർട്സ് എന്നൊരു സംഘടനയും, ചുള്ളാളത്ത് ജനാർദ്ദനപിള്ളയുടെ നേതൃത്വത്തിൽ എ. ബി. സി. എന്നൊരു സംഘടനയും ഈ പഞ്ചായത്തിൽ അനേകം നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 24-ഓളം കാലകായിക സംഘടനകൾ ഉണ്ടായെങ്കിലും ടൈഗേഴ്സ്, നവപേതന, സരിത, ഗാന്ധിജി യൂത്ത് ക്ലബ്ബ് എന്നിവയാണ് നിരന്തരം പരിപാടികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ശാസ്ത്ര സാഹിത്യ പരിഷത്തും ഇവിടെ സജീവമാണ്.

ശാസ്ത്ര സാഹിത്യ പരിഷത്ത്:- കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് സാമൂഹിക സാംസ്കാരിക മേഖലകളിൽ നിരന്തരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് പരിഷത്തിന്റെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. വിദ്യാഭ്യാസ മേഖലയിൽ വിജ്ഞാനോത്സവം, ബാലകലോത്സവം, ശാസ്ത്ര കഥാജാഥ, കാലിക പ്രധാന്യമുള്ള സെമിനാറുകൾ, പഠന ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു.

സരിതാ സാംസ്കാരിക സമിതി മരുതുംമൂട്:- പ്രൊഫഷണൽ രംഗത്ത് പ്രവർത്തിക്കുന്ന സരിത ആർട്സ് ക്ലബ്ബ് എന്ന സാംസ്കാരിക സമിതി കാക്കാരിശ്ശി നാടകമാണ് അവതരിപ്പിക്കുന്നത്. ചാതുർവർണ്ണ്യ വ്യവസ്ഥിതി നിലനിന്നിരുന്ന കാലത്ത് അധ:കൃത വർഗ്ഗമെന്നു മുദ്രകുത്തപ്പെട്ടിരുന്ന ഒരു ജന സമൂഹം 'കുറവത്തി' എന്ന തമിഴ് നാടോടി നാടകത്തിന്റെ ചുവടു പിടിച്ച് ഒരു കലാരൂപം മെനഞ്ഞെടുത്തു. അതാണ് പിൽക്കാലത്ത് കാക്കാരിശ്ശി നാടകമായി അറിയപ്പെടുന്നത്. തെയ്യം, കുറത്തിയാട്ടം, കാവടിയാട്ടം, തിരുവാതിര, കുമ്മി ഭരതനാട്യം, കബടികളി, പടയണി, നാടോടി നൃത്തങ്ങൾ തുടങ്ങിയ കലാരൂപങ്ങളെ കോർത്തിണക്കിയാണ് കാക്കാരിശ്ശി രാടകം രംഗത്ത് അവതരിപ്പിക്കുന്നത്. തെക്കൻ ജില്ലകളിൽ ഈ കലാരൂപത്തിന് ജനപ്രീതി നേടാൻ കഴിഞ്ഞിട്ടുണ്ട്. സമുദ്ര എന്ന പേരിൽ ഒരു കലാസമിതിയും "കാക്കാരശി" രംഗത്തു പ്രവർത്തിച്ചുവരുന്നുണ്ട്. 1996 മുതൽ പ്രൊഫഷണൽ നാടക മത്സരം അഖിലകേരളാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു വരുന്നു.

ടൈഗേഴ്സ്: 1975ൽ രൂപം കൊണ്ട ടൈഗേഴ്സ് കലാകായിക സമിതിക്ക് 280 ഓളം അംഗങ്ങൾ ഉണ്ട്. വാടക

കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സമിതി അംഗങ്ങളിൽ നിന്നുള്ള മാസവരിയും പൊതുജനങ്ങളിൽ നിന്നുള്ള സാമ്പത്തിക സമാഹരണവും കൊണ്ടാണ് പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിൽ സാധു വിവാഹം ആദ്യമായി സംഘടിപ്പിച്ചത് ടൈഗേഴ്സാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, നേത്രദാന രക്തദാന ഫോറങ്ങൾ നിർദ്ധനരായ വിദ്യാർത്ഥികളെ ദത്തെടുക്കൽ, സാധുക്കൾക്ക് വീട് ഓല മേയുന്നതിനും ഗൃഹോപകരണങ്ങൾ വാങ്ങുന്നിതിനുമുള്ള സഹായം നൽകൽ കൂടാതെ കാർഷിക - വ്യവസായിക മേളകളും സംഘടിപ്പിക്കുന്നുണ്ട്.

നവചേതന:- 1983-ൽ തേമ്പാംമൂട്ടിൽ രൂപം കൊണ്ട നവചേതന സാംസ്കാരിക സമിതിക്ക് 150 ഓളം സ്ഥിര അംഗങ്ങളുണ്ട്. സ്വന്തമായി കെട്ടിടമില്ല. പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയും, മാസവരിയും കൊണ്ടാണ് ഈ സംഘടന പ്രവർത്തിക്കുന്നത്. 1991ൽ ആദ്യമായി സംഘടിപ്പിച്ച സാധു സമൂഹ വിവാഹത്തിനു അന്നത്തെ കേരള ഗവർണർ സ്വരൂപ് സിംഗ് പങ്കെടുത്തിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനം, കുട്ടികൾക്ക് യൂണിഫോറം നൽകൽ, നിർദ്ധന യുവതികൾക്ക് തയ്യൽ മെഷിൻ നൽകൽ, ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. സംഘടനയുടെ മാർഗ്ഗദർശ്ശിയായിരുന്ന അന്തരിച്ച ആർ ജി. മംഗലത്തിന്റെ സ്മരണ നിലനിർത്തുന്നതിന് കേരളത്തിലെ പ്രസിദ്ധരായ സാംസ്കാരിക രംഗത്തെ പ്രധാന വ്യക്തികൾക്ക് വർഷംതോറും അവർഡുകൾ നൽകി ആദരിക്കുന്നുണ്ട്. തേമ്പാംമൂട് ജനത ഹൈസ്കൂൾ മാനേജരായിരുന്ന ആനക്കുഴി അഹമ്മദ് പിള്ളയുടെ പേരിലും പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകിവരുന്നു.

ഗാന്ധിജി യൂത്ത് ക്ലബ്ബ്:- 1982-ൽ സ്ഥാപിച്ചു. കലാ സാംസ്കാരിക രംഗങ്ങളിൽ തനതു പ്രവർത്തനങ്ങളുമായി മുന്നോട്ടു നീങ്ങുന്നു. കബഡി കളി, കിളിത്തട്ടു കളി, ബോളിവോൾ എന്നിവയിൽ പരിശീലനം നടത്തുകയും ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്യുന്നു. സാംസ്കാരിക യോഗങ്ങൾ വർഷംതോറും നടത്തിവരുന്നു. സാധു സമൂഹ വിവാഹം നടത്താനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു നീങ്ങുന്നു.

ഇൻസാറ്റ് കലാവേദി:- ഓണാഘോഷം നടത്തുന്നതിന്റെ ഭാഗമായി എല്ലാവർഷവും ജില്ലാ - തല നാടൻ പന്തുകളി മത്സരവും ജില്ലാതല തലപ്പന്തു കളി മത്സരവും സ്ഥിരമായി പ്രവർത്തിക്കുന്നു ഒരു റേഡിയോ ക്ലബ്ബും ഉണ്ട്.

പുല്ലമ്പാറ പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം:- മേലേകുറ്റിമൂട്ടിൽ പ്രവർത്തിച്ചുവരുന്നു. ഏകദേശം രണ്ടായിരത്തോളം പുസ്തകങ്ങൾ ഇവിടെയുണ്ടെങ്കിലും ബൈല അച്ചടിച്ചു കിട്ടാത്തതിനാൽ പുസ്തകവിതരണം നടക്കുന്നില്ല. വായനശാല പ്രവർത്തിക്കുന്നുണ്ട്. കാലിക പ്രസിദ്ധീകരണങ്ങൾ എല്ലാം ഇവിടെ ലഭിക്കുന്നുണ്ട്. പഞ്ചായത്താപ്പീസിൽ 500 ഓളം പുസ്തകങ്ങൾ ഉണ്ടെങ്കിലും ലൈബ്രേറിയൻ ഇല്ലാത്തതിനാൽ പ്രവർത്തനം രഹിതമാണ്.

സാംസ്കാരിക രംഗത്തെ മൂല്യച്യുതികൾ:- നാം എത്തപ്പെട്ട ദിശയിൽ നിന്ന് തിരിച്ചു നോക്കുമ്പോൾ കരുതലോടെ നീങ്ങിയില്ലെങ്കിൽ ഭാവി ഭയാനകമായിരിക്കും. വിവാഹകാര്യത്തിൽ പെണ്ണിനെ അയക്കുമോ എന്ന് ചോദിച്ചിരുന്ന സ്ഥാനത്ത് സ്വർണ്ണം ഉൾപ്പെടെ എന്തു കിട്ടുമെന്നാണ് അറിയേണ്ടത്. ചെറിയ കുടുംബങ്ങൾ വന്നപ്പോൾ തന്റെ കുടുംബത്തിലെ പ്രിയപ്പെട്ടവരെക്കുറിച്ചുള്ള ശ്രദ്ധ കുറഞ്ഞു വരികയും ദാമ്പത്യ ബന്ധങ്ങൾക്ക് കെട്ടുറപ്പ് ഇല്ലാത്തതിനാൽ വിവാഹ മോചനത്തിലും കൂട്ട ആത്മഹത്യകളിലും കലാശിക്കുകയുമാണ് പതിവ്. സാമൂഹബന്ധങ്ങൾ കുറഞ്ഞു വരികയും, കഷ്ടപ്പെട്ടു വളർത്തിയെടുത്തിയെടുത്ത മക്കൾ കൈവിട്ടു പോകുന്നതും നിത്യസംഭവങ്ങളായി മാറുന്നു. ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും സാധനങ്ങൾ വാങ്ങിക്കൂട്ടി കടക്കെണിയിൽ വീഴുന്ന ഉപഭോക്തൃ സംസ്കാരം വളരുന്നു. പരസ്യങ്ങളിൽ കുടുങ്ങി ദുരന്തം വിലക്കു വാങ്ങുന്നവർ ഏറിവരുന്നു. അച്ചടക്കമില്ലാത്ത സമൂഹമായതിനാൽ കുറ്റവാസനകൾ ഏറിവരികയും, യുവജനങ്ങൾ മയക്കുമരുന്നിനും ലഹരി സാധനങ്ങൾക്കും അടിമയാവുകയും ചെയ്യുന്നു. മൊത്തത്തിൽ പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്.

അനൗപചാരിക വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തി ശക്തമായ ബോധവൽക്കരണ പ്രക്രിയയിലൂടെ നേരിടാൻ ജനകീയാസൂത്രണ പ്രക്രിയക്കു കഴിഞ്ഞാൽ കാര്യശേഷിയുള്ള ഒരു യുവതലമുറയെ അടുത്ത നൂറ്റാണ്ടിനു ലഭ്യമാക്കാം.

സാംസ്കാരിക രംഗത്തെ പ്രശ്നങ്ങൾ:- ദൂരദർശനും റേഡിയോയും ഇല്ലാത്ത വാർഡുകളിലെ പ്രധാന ക്ലബ്ബുകൾക്ക് ടി. വി.യും റേഡിയോയും കൊടുക്കാനും, അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണം. രണ്ടാംഘട്ട സാക്ഷരതാ

പ്രവർത്തനം നിർജ്ജീവമാണ്. ഒരു തീവ്രയത്ന പരിപാടിയിലൂടെ നിരക്ഷരരെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം ഇത് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം. കലാസാഹിത്യ അഭിരുചിയുള്ള പിന്നോക്ക വിഭാഗത്തിൽപെടുന്ന കുട്ടികളുടെ ഉന്നതിയിലേക്കുള്ള മാർഗ്ഗം അടഞ്ഞു കിടക്കുകയാണ്. അവർക്ക് പ്രോത്സാഹനം കൊടുക്കണം. പഞ്ചായത്ത് വക ഗ്രന്ഥശാലകളും, ലൈബ്രറികളും ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാകത്തക്ക തരത്തിൽ തുറന്ന് പ്രവർത്തിക്കണം.

കായിക സ്ഥാപനങ്ങൾ:– കായിക രംഗത്ത് ഗ്രാമത്തിന്റെ സ്ഥിതി ആശാവഹമല്ല. അന്യപ്രദേശങ്ങളിൽ പോയി നിന്തൽ പഠിച്ചതുകൊണ്ട് ചിലർക്ക് ജോലി ലഭിച്ചിട്ടുണ്ട്. ഗുസ്തിയും, വോളിബോളും പ്രചാരത്തിലുണ്ടായിരുന്നു. സർക്കാരിന്റെ കായിക പദ്ധതികൾ താഴെത്തലത്തിൽ എത്തുന്നില്ല. ഇപ്പോൾ കബഡി കളി മാത്രമാണ് പഞ്ചായത്തിൽ നിലവിലുള്ളത്. നവചേതനയും ടൈഗേഴ്സും, ഗാന്ധിജി യൂത്ത് ക്ലബ്ബും ജില്ലാതല കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും, മറ്റു ചില സംഘടനകൾ കായിക മത്സരങ്ങൾ നടത്തുന്നതിൽ കൂടുതൽ ശ്രദ്ധിക്കുകയും ചെയ്യുന്നു.

കായിക രംഗത്തെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും:– നമ്മുടെ ഗ്രാമത്തിലെ മുഴുവൻ കായിക സംഘടനകളേയും കൂട്ടിയിണക്കി ഒരു കേന്ദ്ര സമിതി പഞ്ചായത്ത് രൂപീകരിക്കണം. സ്പോർട്ട്സും ഗയിംസും എങ്ങനെ നടത്തണമെന്ന് ഒരു പൊതുമാർഗ്ഗ നിർദ്ദേശം ഈ ക്ലബ്ബുകൾക്ക് കൊടുക്കണം. ഈ രംഗത്ത് വിദഗ്ധരുടെ സേവനം ഉപയോഗിക്കണം. ഒരു ക്ലബ്ബിൽ ഒരു ഗെയിമെങ്കിലും പരിശീലനം നടത്തിയിരിക്കണം. പഞ്ചായത്തിന് 400 മീറ്റർ ട്രാക്ക് ഇടാനുള്ള സൗകര്യത്തിൽ ഒരു സ്റ്റേഡിയമെങ്കിലും ഉണ്ടായിരിക്കണം. ഒരു നീന്തൽ കുളമെങ്കിലും 50 മീറ്റർ നീളത്തിലും, വീതിയിലും നിർമ്മിക്കണം. കേരളോത്സവം തുടങ്ങിയ പരിപാടികളിൽ ജനപങ്കാളിത്തത്തോടെ നടത്തി അവരെ ബ്ലോക്ക് മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

പത്രമാസികകളുടെ പ്രചാരം – പ്രവണതകൾ:– തികച്ചും ഗ്രാമീണ പശ്ചാത്തലമുള്ള പുല്ലമ്പാറ പഞ്ചായത്ത് സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്നു. ജില്ലയിലെ സാക്ഷരതാ പ്രവർത്തനത്തിൽ മാതൃകാ പഞ്ചായത്തായി തെരഞ്ഞെടുത്ത ഈ പഞ്ചായത്തിലെ ജനങ്ങൾ പൊതുവേ വായനാശീലമുള്ളവരാണ്. എങ്കിലും മംഗളം, മലയാള മനോരമ തുടങ്ങി പ്രസിദ്ധീകരണങ്ങൾക്കാണ് കൂടുതൽ പ്രചാരം. പത്രമാസികകളുടെ പ്രചാരം അനുബന്ധമായി ചുവടെ കൊടുത്തിരിക്കുന്നു.

ഇലക്ട്രോണിക് മാധ്യമം:– ദൂരദർശന്റെ വരവോടുകൂടി വൈജ്ഞാനികവും ബൗദ്ധികപരവുമായ രംഗങ്ങളിൽ ഇന്ത്യൻ ജനതയെ മുഴുവൻ സ്വാധീനിച്ചിട്ടുണ്ട്. ടെലിവിഷൻ ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണെങ്കിലും സ്വകാര്യ ചാനലുകളുടെ കടന്നുകയറ്റം കൊണ്ട് ഈ രംഗത്ത് അനാശാസ്യമായ പല പ്രവണതകൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. രാഷ്ട്ര സംസ്കാരങ്ങളുടെ നല്ല വശങ്ങൾ കൈമാറുന്നിനു പകരം അശ്ലീല ചിത്രങ്ങളും കച്ചവട മനസ്ഥിതികളോടുള്ള പരസ്യ ചിത്രങ്ങളുംകൊണ്ട് മലിനമാക്കുകയാണ്. മനുഷ്യ പ്രയത്നത്തിന്റെയും, രാഷ്ട്രപുരോഗതിയുടേയും ചിത്രങ്ങൾ കാണിക്കുന്നതിനു പകരം പരിവർത്തനത്തിന്റെതെന്ന് പ്രശംസിക്കുന്ന ഈ മാധ്യമം മൂല്യച്യുതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പുല്ലമ്പാറ ഗ്രാമവും ഇതിൽ നിന്നും വിമുക്തമല്ല. പുല്ലമ്പാറ പഞ്ചായത്തിൽ 30% വീടുകളിലും ടെലിവിഷനുണ്ട്. 60 ശതമാനത്തോളം ആളുകളും ടെലിവിഷൻ പ്രേക്ഷകരാണ്. റേഡിയോ 80% വീടുകളിലും പ്രവർത്തിക്കുന്നുണ്ട്.

ഗ്രന്ഥശാലകൾ:– സാംസ്കാരിക കേന്ദ്രങ്ങളിൽ എ. കെ. ജി. ഗ്രന്ഥശാല കൂനൻവേങ്ങ, ഉദയാ ഗ്രന്ഥശാല മുക്കുടിൽ, എ. കെ. ജി. ഗ്രന്ഥശാല മണ്ണയം എന്നിവയാണ് പ്രധാനമായി ഉള്ളത്.

എ. കെ. ജി. ഗ്രന്ഥശാല കൂനൻവേങ്ങ:– 1960ൽ സ്ഥാപിച്ചു. സ്വന്തമായി കെട്ടിടം ഉണ്ട്. 5000ഓളം പുസ്തകങ്ങൾ ഉണ്ടെങ്കിലും 3903 പുസ്തകങ്ങളേ വിതരണ യോഗ്യമായുള്ളു. 769 സ്ഥിരാംഗങ്ങൾ ഉണ്ട്. സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. 43 പേർ മാത്രം. സി. ഗ്രേഡ് 50ൽ പരം ആളുകൾ ദിവസവും പുസ്തകം എടുക്കുന്നു. 3000 രൂപ സർക്കാർ ഗ്രാന്റും 6000 രൂപ പ്രതിവർഷം ലൈബ്രേറിയന അലവൻസും ലഭിക്കുന്നു.

ഉദയ ഗ്രന്ഥശാല – മുക്കുടിൽ: 1982-ൽ സ്ഥാപിച്ചു. സ്വന്തമായി കെട്ടിടം ഉണ്ട്. പഞ്ചായത്ത് റേഡിയോ പ്രവർത്തിക്കുന്നുണ്ട്. 4600ഓളം പുസ്തകങ്ങളും 620 ഓളം മെമ്പർമാരും ഉണ്ട്. സി ഗ്രേഡ് ഗവർമെന്റ് ഗ്രാന്റും ലൈബ്രേറിയൻ അലവൻസും ലഭിക്കുന്നു.

എ. കെ. ജി. ഗ്രന്ഥശാല മണ്ണയം: – 600ഓളം പുസ്തകങ്ങൾ ഉണ്ട്. കാര്യക്ഷമമായ പ്രവർത്തനം ഇല്ല. പേരുമലയിൽ 'ഉദയ' എന്നൊരു ലൈബ്രറി മുമ്പ്

പ്രവർത്തിച്ചിരുന്നു.

അമ്പലങ്ങൾ:

1 വെള്ളാണിക്കര ശിവക്ഷേത്രം
2 കല്ലിയോട് ദേവീക്ഷേത്രം
3 കരിച്ചയിൽ ശാസ്താവ്
4 കല്ലിയോട് ആയിരവല്ലിത്തളം
5 അപ്പൂപ്പൻ നട കല്ലിയോട്
6 മാടൻനട വെള്ളുമണ്ണടി
7 ഓലിക്കര ആയിരവല്ലിക്ഷേത്രം
8 പേരുമല ദേവീക്ഷേത്രം
9 പണ്ടാരത്ത് ചാമുണ്ഡശ്വരി
10 ചക്കക്കാട് ദേവീക്ഷേത്രം
11 കുന്നുമുകൾ ദേവീക്ഷേത്രം
12 തലയാറ്റുമല ശാസ്താക്ഷേത്രം
13 രുദിരംകുഴി ദേവീക്ഷേത്രം
14 കുളപ്പുറം നാഗരുകാവ്
15 കുഞ്ഞായിരവല്ലി പുല്ലമ്പാറ
16 ആയിരവല്ലി ക്ഷേത്രം ചുള്ളാളം
17 പൊയ്ക്കകം ചാവരുനട
18 ശാന്തി നഗർ അപ്പൂപ്പൻനട
19 ചെമ്പൻകോട് കളരി
20 കടുമൺകുഴി ആയിരവല്ലി
21 ഉറ്റുകോണം ദേവീക്ഷേത്രം
22 ആയിരവല്ലി ക്ഷേത്രം വയ്യക്കാവ്
23 നെടുങ്കയം അപ്പൂപ്പൻ നട
24 വേങ്കമല ഭഗവതിക്ഷേത്രം
25 കൂടം ചാമുണ്ഡേശ്വരിക്ഷേത്രം
26 വേങ്കാട് അപ്പുപ്പൻനട
27 മന്ത്രമൂർത്തിക്ഷേത്രം മാങ്കുഴി
28 വാലൂപ്പാറക്കുന്ന് അപ്പൂപ്പൻനട
29 തേവരുകോണം ദേവീക്ഷേത്രം
30 പാലാംകോണം ശാസ്താം നടക്ഷേത്രം
31 കൂത്തുപറമ്പ് ദേവീക്ഷേത്രം
32 പാലാംകോണം
മന്ത്രമൂർത്തി കളരിക്ഷേത്രം
33 പനച്ചിമൂട് ദേവീക്ഷേത്രം
34 പിച്ചിമംഗലം ചാമുണ്ഡേശ്വരിക്ഷേത്രം
35 പൊന്നമ്പിയിൽ മറുത
36 പൊമ്പമ്പിയിൽ ആത്തറ.
37 അയ്യമ്പാറ ആയിരവല്ലി ക്ഷേത്രം

അമ്പലക്കാവുകൾ:

1. നാഗരുകാവ് കുളപ്പുറം
2 കടമൺകാവ് കുനൻവേങ്ങ
3 ആയിരവല്ലിക്കാവ് വട്ടക്കരിക്കകം
4 പാലാംകോണം
5 കരിച്ചിയിൽ കാവ് വെള്ളുമണ്ണടി
6 മലവിളയിൽ നാഗരുകാവ് വെള്ളുമണ്ണടി

മുസ്ലീം പള്ളികൾ, ജമാഅത്ത്:-
കിഴക്കേക്കുഴി ജമാഅത്ത്, അരുവിപ്പുറം, മുസ്ലീം ജമാ അത്ത് പാലം, ചുള്ളാളം, പേരുമ, മുല്ലമംഗലം മാണിക്കൽ എന്നീ ജമാഅത്ത് പള്ളികളും, വട്ടത്തിൽ പള്ളി നെടുംകൈത, പരയ്ക്കപ്പാറ, കുനൻവേങ്ങ, ശാന്തിനഗർ, തേമ്പാംമൂട്, ആയനാട്, പാലാംകോണം, തേമ്പാംമൂട്, ആയക്കാട്, ആയക്കാട്, പാലാംകോണം എന്നീ തയ്ക്കാവുകളുമുണ്ട്.

ക്രിസ്ത്യൻ പള്ളികൾ:-

മേലേക്കുറ്റിമൂട്, മാങ്കുഴി, വാദ്ധ്യാരുകോണം, കാവതിയോട്, കത്തോലിക്കാപള്ളി - പെന്തക്കോസ്തു പള്ളി പാലാംകോണം എന്നിവയുണ്ട്.

കലാകായിക സമിതികളും സാംസ്കാരിക വേദികളും

1. ഇൻസ്റ്റ് കലാവേദി, പേരുമല, 2. നവോദയ കരിമ്പുവിള, 3. ഐശ്വര്യ ചക്കക്കാട്, 4. ടി. എസ്. എ. സി. കളപ്പുറം സ്വാതി മുത്തിപ്പാറ, 6. സരിത പുല്ലമ്പാറ, 7. ഫ്രണ്ട്സ് പാലം, 8. ഗാന്ധി ആർട്സ് സ്പോർട്സ് ക്ലബ്ബ് ചുള്ളാളം, 11. വയലാർ സാംസ്കാരിക വേദി ചുള്ളാളം, 12. യുവജനവേദി തെള്ളിക്കച്ചാൽ, 13. തപസ്യ ആനക്കുഴി, 14. സമഭാവന ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ് മാങ്കുഴി, 16. സാരഥി സ്പോർട്ട്സ് ആൻറ് ആർട്സ് ക്ലബ്ബ് മുക്കുടിൽ, 17. ടൈഗേഴ്സ് തേമ്പാംമൂട് 18. നവചേതന തേമ്പാംമൂട്, 19. ലയൻസ് ക്ലബ്ബ്, തേമ്പാംമൂട്, 20. സഹോദര കലാസമിതി, ആട്ടുകാൽ, 21. വയലാർ സാംസ്കാരിക വേദി. 22. അനശ്വര പാലംകോണം. 24. അക്ഷര പാലാംകോണം. 24. വി കെ. കൃഷ്ണമേനോൻ ആർട്സ് ക്ലബ്ബ് പാലാംകോണം, പ്രിയദർശിനി ക്ലബ്ബ് ചാവാറോഡ് കുന്നിൽ

റേഡിയോ കേന്ദ്രങ്ങൾ: 1. പന്തപ്പാവിൽകോണം, 2. വെള്ളുമണ്ണടി. 3. കുന്നുംമുകൾ, 4. ചക്കക്കാട് 5. ചാവടിനട, 6. നാഗരു കുഴി, 7. പാലാംകോണം. 8. മണ്ണയം, 9. വേങ്കാട്, 10. ചുള്ളാളം, 11. പാണയം, 12. കുനൻവേങ്ങ. 13. അയ്യംപാറ, 14. മരുതുംമൂട്, 16. പുല്ലമ്പാറ പാല.

പല കേന്ദ്രങ്ങളിലും റേഡിയോ ശരിക്ക് പ്രവർത്തിക്കുന്നില്ല.

ടെലിവിഷൻ കേന്ദ്രങ്ങൾ:- 1. കുന്നുമുകൾ. 2. വാദ്ധ്യാരുകോണം. 3. കലുങ്കിൻമുഖം, 4. മാങ്കുഴ0 5. ചുള്ളാളം 6. ശാന്തിനഗർ 7. പാണയം 8. തൂളിക്കുന്ന് 9. തേമ്പാംമൂട് 10. പന്തപ്ളാവിക്കോണം 11. ചക്കക്കാട്


പഞ്ചായത്തിൽ സിനിമാശാലകൾ പ്രവർത്തിക്കുന്നില്ല.

പത്രങ്ങൾ, മാസികകൾ, വാരികകൾ, കുട്ടികകളുടെ പ്രസിദ്ധീകരണം.

പത്രങ്ങൾ: – മലയാളമനോരമ – 251, മാതൃഭൂമി – 163, കേരള കൗമുദി – 107, ദേശാഭിമാനി – 19, മാധ്യമം – 14.

വാരികകൾ: മലയാള മനോരമ – 330, മംഗളം 190, കേരള ശബ്ദം 35, കലാകൗമുദി – 11. ചിന്ത – 3. ഇന്ത്യാ ടുഡേ – 26. കൗമുദി ആഴ്ചപ്പതിപ്പ് – 22. ശാസ്ത്രഗതി – 15.

കുട്ടികളുടെ പ്രസിദ്ധീകരണം / മറ്റുള്ളവ: ബാലരമ – 7, ബലഭൂമി – 16, ബലമംഗളം 26 , ചിത്രഭൂമി – 4, ഗൃഹലക്ഷ്മി – 7, ഭാഷാപോഷിണി – 2, യുറീക്ക – 31. ശാസ്ത്രകേരളം – 18, കളിക്കുടുക്ക – 53, നവരസം – 35.





5.9

വനിതാക്ഷേമം

ഓരോ സമൂഹത്തിലും ജനജീവിതം മെച്ചപ്പെടുത്താൻ സഹായകമാകുന്ന പരിവർത്തനം വരുത്തി തീർക്കുന്നതിനുള്ള പോരാട്ടങ്ങൾ ലോകമെമ്പാടും അനവരതം നടന്നു കൊണ്ടിരിക്കുകയാണ്. ചൂഷണത്തിലധിഷ്ഠിതമായ ഒരു സമൂഹത്തിൽ സ്ത്രീപുരുഷ സമത്വവും സാമൂഹ്യനീതിയും കൈവരിക്കുക എന്നത് അസാദ്ധ്യമായതുകൊണ്ട് ആ വ്യവസ്ഥ തകർത്ത് ചൂഷണരഹിതമായ ഒരു സമൂഹത്തിന്റെ സൃഷ്ടി എന്നതായിരിക്കണം ലക്ഷ്യം. സാമൂഹ്യമാറ്റത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നിന്നും സ്ത്രീകളെ ഒഴിച്ചുനിർത്തികൊണ്ടുള്ള പരിപാടി ഒരിക്കലും പൂർണ്ണമാകുകയില്ല. മതവിശ്വാസങ്ങളിൽ ആചാരാനുഷ്ഠാനങ്ങളും സ്ത്രീകളുടെമേൽ അടിച്ചേൽപിക്കുന്ന വിലക്കുകളും പുരുഷ മേധാവിത്വപരമായി ചിന്തിക്കുന്ന സമൂഹം സ്ത്രീകളോടു കാണിക്കുന്ന ക്രൂരമായ അവഗണനയും അവർക്കു നൽകിയിരുന്നു. അധമമായ പദവിയും ഒക്കെ സാമൂഹ്യമാറ്റത്തിൽ ക്രിയാത്മകമായ പങ്ക് നിർവഹിക്കുന്നതിൽ നിന്നും സ്ത്രീകളെ അകറ്റിനിർത്തുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സ്ത്രീകൾ സ്വയം മുന്നോട്ടുവരുന്നില്ല എന്ന ആരോപണം അവർ നിഷേധിച്ചു കൊണ്ടിരിക്കുന്ന അവസരസമത്വത്തിനു നേരെ കണ്ണടച്ചുകൊണ്ടു നടത്തുന്ന ഒരു ആരോപണമാണ്. സമ്പൂർണ സാക്ഷരതാപദ്ധതികൾ സ്ത്രീകളിൽ നിന്നുണ്ടായ പങ്കാളിത്തം ഇതിന് തെളിവാണ്.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ സാമൂഹ്യപ്രവർത്തന മേഖലകളിൽ വളരെ പരിമിതമായ തോതിൽ സ്ത്രീകൾ കടന്നുവരാൻ തുടങ്ങി.

1953-ൽ പുല്ലമ്പാറ പഞ്ചായത്ത് നിലവിൽ വരുമ്പോൾ വനിതാ പ്രതിനിധികൾ ആരും തന്നെ പഞ്ചായത്തു ഭരണസമിതിയിൽ ഉണ്ടായിരുന്നില്ല. 1964-ൽ പാലാംകോണം വാർഡിൽ നിന്ന് ശ്രീമതി. പൊന്നമ്മ ആദ്യമായി പഞ്ചായത്ത് സമിതിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടു. 1980-ലെ തെരഞ്ഞെടുപ്പിൽ ശ്രീമതി. രാധമ്മ തെരഞ്ഞെടുപ്പിലൂടെ ആദ്യമായി പഞ്ചായത്ത് ഭരണസമിതി അംഗമായി. വനിതാ സംവരണസീറ്റിലൂടെ 1988-ൽ രണ്ടുപേരും നിലവിലുള്ള ഭരണസമിതിയിൽ നാലുപേരും അംഗങ്ങളായി. പഞ്ചായത്ത്രാജ് മുനിസിപ്പൽ നിയമങ്ങളിൽ സ്ത്രീകൾക്കുള്ള മൂന്നിലൊന്ന് അംഗത്വം ഇന്ത്യയിലെ ജനാധിപത്യപ്രക്രിയയിൽ സ്ത്രീകൾക്കുള്ള അദൃശ്യത എന്ന ദൗർബല്യം മറികടക്കുന്നതിനുള്ള ശക്തമായ ചുവടുവയ്പ്പാണ്. എടുത്തു പറയത്തക്ക രീതിയിലുള്ള വനിതാ മുന്നേറ്റമോ സാമൂഹ്യമേഖലകളിലെ പങ്കാളിത്തമോ അടുത്ത കാലം വരെ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. നാമമാത്രമായ മഹിളാസമാജം പ്രവർത്തനങ്ങളിൽ ഒതുങ്ങിനിന്നു വനിതാപങ്കാളിത്തം. ഇതിനൊരു മാറ്റം വന്നത് സമ്പൂർണ്ണ സാക്ഷരതായജ്ഞം മുതലാണ്. സ്ത്രീകളുടെ വർധിച്ച പങ്കാളിത്തം ഈ മേഖലയിൽ ശക്തമായ ഉണർവുണ്ടാക്കി.

1991-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ50.2% സ്ത്രീകളാണ്. സ്ത്രീപുരുഷ അനുപാതം 1014:1000 ആണ്. ഏകദേശം തുല്യഅനുപാതത്തിലുള്ള സ്ത്രീപുരുഷ ജനസംഖ്യ എല്ലാ മേഖലകളിലും സ്ത്രീ പങ്കാളിത്ത തുല്യത ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസം - സാക്ഷരത

പഞ്ചായത്തിലെ എട്ട് സ്കൂളുകളിലായി പഠിക്കുന്ന ആകെ കുട്ടികളിൽ 1651 ആൺകുട്ടികളും 1470 പെൺകുട്ടികളുമാണുള്ളത്. വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിലും, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കിന്റെ കാര്യത്തിലും ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ സാരമായ അനുപാതം കാണുന്നില്ല. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായ ആർട്സ് ആൻറ് സയൻസ് കോളേജിലും മറ്റു പാരലൽ സ്ഥാപനങ്ങളിൽ പോകുന്നവരിലും പെൺകുട്ടികൾ മുന്നിലാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പെൺകുട്ടികൾ നാമമാത്രമാണ്. സാങ്കേതിക തൊഴിലുകൾ

സ്ത്രീകൾക്ക് പറ്റിയതല്ലെന്ന തോന്നൽ പൊതുവെ ഉണ്ട്.

സാക്ഷരതാ നിലവാരം

സമ്പൂർണ്ണ സാക്ഷരതാ പഠിപാടിക്കു മുമ്പ് സ്ത്രീസാക്ഷരതാ ശതമാനം പുരുഷൻമാരെക്കാൾ 8% കണ്ട് കുറവായിരുന്നു. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിന്റെ മുൻനിര പ്രവർത്തകൾ വനിതകളായിരുന്നതു കൊണ്ട് നിരക്ഷരരായ സ്ത്രീകളിൽ നല്ലൊരു ശതമാനത്തെ സാക്ഷരരരാക്കാൻ കഴിഞ്ഞു. സാക്ഷരതാ നിലവാരം സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക I

സാക്ഷരതാ ശതമാനം -സമ്പൂർണ സാക്ഷരതാ യഞ്ജത്തിനു മുമ്പ്

	എണ്ണം	സാക്ഷരർ	സാക്ഷരതാ ശതമാനം
സ്ത്രീകൾ	10991	7816	71
പുരുഷന്മാർ	10682	8404	79
ആകെ	21673	16220	75

പട്ടിക II

സാക്ഷരതാ ശതമാനം -സമ്പൂർണ സാക്ഷരതക്കു ശേഷം

	എണ്ണം	സാക്ഷരർ	നവസാക്ഷരർ	ആകെ സാക്ഷരർ	സാക്ഷരതാ ശതമാനം
സ്ത്രീകൾ	10991	7816	1299	9115	83
പുരുഷ.	10682	8404	750	9154	86
ആകെ	21673	16220	2049	18269	84.3

സ്ത്രീ സാക്ഷരത 12% കണ്ട് വർധിക്കാൻ സ്ത്രീകളുടെ നേതൃത്വത്തിലുള്ള സാക്ഷരതാ പ്രസ്ഥാനത്തിനു കഴിഞ്ഞു. സ്ത്രീകളുടെ സംഘടിത പ്രവർത്തനത്തിന്റെ ആവശ്യകതയിലാണ് ഇത് സൂചിപ്പിക്കുന്നത്.

തൊഴിൽ

'തുല്യജോലിക്ക് തുല്യവേതനം' എന്ന നിയമം പാസ്സാക്കിയിട്ടുള്ള നമ്മുടെ രാജ്യത്ത് കാർഷികരംഗത്ത് സ്ത്രീകളുടെ കൂലി പുരുഷന്മാരോടൊപ്പം ഇല്ല. വൈദഗ്ധ്യം അധികം വേണ്ടാത്ത തൊഴിലുകളിൽ തുച്ഛമായ ശമ്പളത്തിൽ അവരെ നിയമിക്കാനാണ് സ്വകാര്യമേഖല ശ്രമിക്കുന്നത്. കർഷകത്തൊഴിലാളികളായ സ്ത്രീകളുടെ വേതനനിരക്ക് 70 രൂപയും പുരുഷന്മാരുടേത് 80 രൂപയുമാണ്. പുരുഷന്മാരോടൊപ്പം പുറത്ത് ജോലിയെടുക്കുന്ന സ്ത്രീകൾക്ക് വീട്ടുജോലി കൂടി ചെയ്യേണ്ടിവരികയും ചെയ്യുന്നു. ശരാശരി ദിവസത്തിൽ 18 മണിക്കൂറോളം ജോലി ചേയ്യേണ്ടി വരുന്ന ഇവർക്ക് വിനോദത്തിനോ വിശ്രമത്തിനോ സമയം ലഭിക്കാറില്ല. തൊഴിലെടുക്കുന്ന സത്രീയുടെ വരുമാനത്തിന്റെ 80% കുടുംബച്ചെലവിന് ഉപയോഗിക്കുമ്പോൾ പുരുഷന്മാർ 60% മാത്രമേ കുടുംബച്ചെലവിനു നൽകുന്നുള്ളു. എങ്കിലും കുടുംബത്തിന്റെ ഭാഗ്യദാതാവ് ആയി പുരുഷനെയാണ് കണക്കാക്കുന്നത്. സ്വകാര്യമേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾ അധികവും ഇരട്ടചൂഷണത്തിന് വിധേയമാകുന്നു. മിനിമം വേതനനിയമം നിലവിലുള്ളതിനാൽ നിയമത്തിൽ പറയുന്ന തുകയ്ക്കുള്ള രസീതുകൾ എഴുതി വാങ്ങുകയും അതിനെക്കാൾ കുറഞ്ഞ തുക ശമ്പളമായി നൽകുകയും ചെയ്യുന്ന അവസ്ഥ സർവസാധാരണമാണ്. വ്യത്യസ്ത മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും വിശദവിവരങ്ങൾ പട്ടിക IIIൽ.

		പുരുഷന്മാർ		സ്ത്രീകൾ	
തൊഴിൽ ഇനം	ആകെ	എണ്ണം	ശതമാനം	എണ്ണം	ശതമാനം
കർഷകർ	1424	1323	93	101	7
കർഷക തൊഴിലാളികൾ	3237	2486	76	751	24
കാലിവളർത്തൽ	372	350	94	22	6
ഖനനം, പാറപൊട്ടിക്കൽ	79	71	89	8	11
കുടിൽ വ്യവസായം	88	45	52	43	48
മറ്റു കുടിൽ വ്യവസായങ്ങൾ	386	320	83	66	17
നിർമ്മാണ പ്രവർത്തനം	138	136	98	2	2
വ്യാപാരം	464	405	88	59	12
ഗതാഗതം, വാർത്താവിനിമയം	159	134	84	25	16
മറ്റു സേവനങ്ങൾ	106	404	67	202	33
മാർജിനൽ	519	246	47	273	53
ജോലിയില്ലാത്തവർ	14201	4762	33	8439	67

1991 - പഞ്ചായത്ത് ഡൈരക്ടറി സെൻസസ് അബ്സ്ട്രാക്റ്റ്

പ്രാഥമിക മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം തുലോം കുറവാണെന്നാണ് പട്ടിക സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ കന്നുകാലി വളർത്തലിൽ പ്രധാന പങ്കുവഹിക്കുന്നത് സ്ത്രീകളാണ്. അവർ ചെയ്യുന്ന സേവനം കണക്കിലെടുക്കുന്നില്ലെന്നതുള്ളത് പട്ടികയിൽ നിന്ന് വ്യക്തമാകും. 33% പുരുഷൻമാർ തൊഴിൽരഹിതരായിരിക്കുമ്പോൾ സ്ത്രീകളുടേത് 67% ആണ്. 8 പുരുഷൻമാർക്ക് തൊഴിൽ ലഭിക്കുമ്പോൾ 2 സ്ത്രീകൾക്കേ തൊഴിൽ ലഭിക്കുന്നുള്ളു.

സാമ്പത്തികമായ ഈ അസന്തുലിതാവസ്ഥ പൊതുവേദികളിൽ നിന്നും സ്ത്രീകളെ അകറ്റിനിർത്താൻ കാരണമാകുന്നു. ബോധപൂർവമായ ഇടപെടലിലൂടെ തൊഴിലവസരങ്ങൾ വർധിപ്പിക്കുക എന്നത് അടിയന്തര പ്രാധാന്യമർഹിക്കുന്നു.

ആരോഗ്യം

കേരളത്തിൽ ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ സ്ത്രീകളാണ് മുന്നിലെങ്കിലും രോഗാതുരതയുടെ കാര്യത്തിലും അവർ മുന്നിൽ തന്നെ. പോഷകാഹാരക്കുറവ്, നിരന്തരമായി പുക ശ്വസിക്കുന്നതു കൊണ്ടുള്ള വിളർച്ച, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയവ മൂത്രപ്പുരയുടെ അഭാവം നേരിട്ട് ബാധിക്കുന്നത് പെൺകുട്ടികളെയാണ്. വിദ്യാലയങ്ങളിൽ 60

പെൺകുട്ടികൾക്ക് ഒരു മൂത്രപ്പുരയും 100 പെൺകുട്ടികൾക്ക് ഒരു കക്കൂസും വേണമെന്ന് നിയമമുണ്ടെങ്കിലും പഞ്ചായത്തിൽ 248 പേർക്ക് ഒരു മൂത്രപ്പുര എന്ന അനുപാതത്തിലാണുള്ളത്. ആവശ്യത്തിന്റെ നാലിലൊന്നുപോലും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിലെ കണക്കനുസരിച്ച് ആശുപത്രിയിൽ ചികിൽസക്കായി എത്തുന്നവരിൽ 50% സ്ത്രീകളും 30% കുട്ടികളും 20% പുരുഷന്മാരുമാണ്.

സ്ത്രീകൾ കുടുംബനാഥകളായ 1071 വീടുകൾ ഈ പഞ്ചായത്തിലുണ്ട്. പുരുഷന്മാർ ഉപേക്ഷിച്ചു പോയതുകൊണ്ടും മരണമടഞ്ഞു പോയതുകൊണ്ടുമാണ് ഇത്രയും വനിതകൾ കുടുംബം നയിക്കേണ്ടി വരുന്നത്.

ഈ പഞ്ചായത്തിൽ ഏകദേശം എണ്ണൂറോളം പേർക്ക് വിധവാ പെൻഷൻ നൽകുന്നു. ആകെ 24 അംഗൻവാടികളുണ്ടെങ്കിലും 22 എണ്ണം മാത്രമേ പ്രവർത്തനമുള്ളൂ. ചക്കക്കാട്, നെടുംകൈത, മുക്കൂടിൽ, ആട്ടുകാൽ എന്നീ സ്ഥലങ്ങളിൽ മഹിളാസമഖ്യ സംഘ് ഉണ്ട്. എന്നാൽ ഇതിലെ പ്രവർത്തകർ ഈ പഞ്ചായത്തിനു പുറത്തുള്ളവരാണ്. ഈ പഞ്ചായത്തിൽ ആകെ 4 മഹിളാ സമാജങ്ങൾ ഉണ്ട്.

IRDPയുടെ അനുബന്ധപദ്ധതിയായ DWCRA പ്രകാരം ഈ പഞ്ചായത്തിൽ 1994-95 സാമ്പത്തിക വർഷത്തിൽ തേമ്പംമൂടിയെ ആനക്കുഴി എന്നസ്ഥലത്ത് ഒരു അഗർബത്തി യൂണിറ്റ് അനുവദിച്ചു. ഈ യൂണിറ്റിൽ പത്തു വനിതകാണുള്ളത്.

കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ കീഴിൽ പഞ്ചായത്തിലെ വനിതകൾക്കായി ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. വനിതകൾക്കായി വിവിധ തൊഴിലുകളിൽ പരിശീലനം നൽകാനുള്ള ശ്രമവും പരിഷത്ത് നടത്തിവരുന്നു.

പ്രശ്നങ്ങൾ


1. സാമൂഹ്യക്ഷേമ പദ്ധതിപ്രകാരം പെൻഷൻ കിട്ടാൻ അർഹതയുള്ള സ്ത്രീകൾക്കെല്ലാം പെൻഷൻ ലഭിക്കുന്നില്ല.
2. മദ്യപാനികളായ പുരുഷൻമാരിൽ നിന്നും സ്ത്രീകൾക്ക് വളരെയധികം പീഡനങ്ങൾ സഹിക്കേണ്ടി വരുന്നു.
3. വിധവകളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി കിട്ടുന്ന തുക അപര്യാപ്തവും അത് ലഭിക്കാൻ വളരെ കാലതാമസവും ഉണ്ടാവുന്നു.
4. സാമ്പത്തിക ഭദ്രതയില്ലായ്മ പൊതുരംഗത്തേക്ക് വരുന്നതിൽ സ്ത്രീകളെ തടയുന്നു.
5. അംഗൻവാടികളിൽ സൗകര്യക്കുറവുണ്ട്.
6. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് സൗകര്യപ്രദമായ മൂത്രപ്പുരകളോ കക്കൂസോ ഇല്ല.
7. സ്ത്രീത്തൊഴിലാളികൾക്ക് അർഹമായ വേതനം ലഭിക്കുന്നില്ല.
8. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യം നിർവഹിക്കാനുള്ള സൗകര്യങ്ങളില്ല.
9. വനിതാഡോക്ടറുടെ സേവനം ലഭിക്കുന്ന ആശുപത്രി പഞ്ചായത്തിലില്ല.
10. വായനാശീലം വളരെക്കുറച്ചു സ്ത്രീകൾക്കേ ഉള്ളൂ.
11. സ്ത്രീകൾക്കിടയിലുള്ള രൂക്ഷമായ തൊഴിലില്ലായ്മ കാരണംസാമ്പത്തിക ഭദ്രതയില്ല.
12. സ്ത്രീകളുടെയിടയിൽ നിരവധി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലവിലുണ്ട്.
13. സ്ത്രീകളുടെ പോഷകാഹാരക്കുറവ്.
14. നമ്മുടെ പഞ്ചായത്തിലെ ആശുപത്രിയിൽ പ്രസവസൗകര്യം ഇല്ല.
15. മാതൃശിശു സംരക്ഷരംഗത്തു പ്രവർത്തിക്കുന്ന സബ്സെന്ററുകളുടെ പ്രവർത്തനം തൃപ്തികരമല്ല.
16. വീടുകളിൽ മാത്രം ഒതുങ്ങിക്കൂടുന്ന സ്ത്രീകളുടെ അദ്ധ്വാനശേഷി പാഴായിപ്പോകുന്നു.
17. സ്ത്രീധനം എന്ന ദുരാചാരം കുടുംബങ്ങളെ മാനസികമായി തകർക്കുന്നു.
18. കൃഷിയുമായിബന്ധപ്പെട്ട മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.
19. സ്വയം തൊഴിൽ യൂണിറ്റുകളിലെ നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ.
20. വനിതാ തൊഴിൽ യൂണിറ്റുകൾ തുടങ്ങാൻ ഈട് ആവശ്യപ്പെടുന്നതിനാൽ ബാങ്ക് ലോൺ ബുദ്ധിമുട്ടാണ്.
21. ജോലിയുള്ള സ്ത്രീകൾക്ക് വീട്ടുജോലി ചെയ്യേണ്ടി വരുന്നത് ശാരീരികവും മാനസികവുമായ അദ്ധ്വാനം കൂട്ടുന്നു.
22. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത.
23. സ്ത്രീകൾ സമൂഹത്തിന്റെ പ്രത്യേക ഭോഗമായി നിൽക്കുന്നു.
24. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ പ്രചാരത്തിലുണ്ട്.
25. മഹിളാസമാജങ്ങൾ വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല.
26. അർഹതയുള്ള പലർക്കും വിധവാ പെൻഷൻ ലഭിക്കുന്നില്ല.
27. വ്യാജമദ്യവും വിദേശമദ്യവും സുലഭമാണ്.

പരിഹാര മാർഗ്ഗങ്ങൾ

1. സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം പെൻഷൻ കിട്ടാൻ അർഹതയുള്ള സ്ത്രീകൾക്ക് കൃത്യസമയത്ത് പെൻഷൻ നൽകാനുള്ള സംവിധാനം ഉണ്ടാകണം.
2. മദ്യനിരോധനം പൂർണമായി നടപ്പാക്കണം.
3. വനിതാ നേതൃത്വത്തിലുള്ള സംഘടനകൾക്ക് രൂപം കൊടുക്കുകയും പ്രവർത്തിക്കാൻ പ്രോൽസാഹനം കൊടുക്കുകയും ചെയ്യുക.
4. സ്ത്രീധന സമ്പ്രദായത്തിനെതിരെ പ്രതികരിക്കാൻ സ്ത്രീകളെ ബോധവൽക്കരിക്കണം.

5. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം നടപ്പാക്കണം.
6. ഓരോ പ്രദേശത്തും സാധ്യതയുള്ള തൊഴിലുകൾ കണ്ടെത്തിപരിശീലനം നൽകണം.
7. പ്രാദേശിക സാധ്യതയുള്ളതും വിപണന സാധ്യതയുള്ളതുമായ തൊഴിലുകൾ വനിതകൾക്കായി ആരംഭിക്കണം.
8. പൊതുസ്ഥലങ്ങളിലും സ്കൂളുകളിലും പ്രാഥകിമാവശ്യം നിർവഹിക്കാനുള്ള സൗകര്യം ഉണ്ടാകണം.
9. ആരോഗ്യം, വിദ്യാഭ്യാസം, പരിസരം, വ്യക്തിത്വ വികസനം തുടങ്ങിയ മേഖലകളിൽ അറിവും പരിശീലനവും നൽകി ആത്മവിശ്വാസം വർധിപ്പിക്കണം.
10. ബോധവൽക്കരണത്തിലൂടെ ശാസ്ത്രീയബോധം വളർത്തണം.
11. പ്രൈമറി ഹെൽത്ത് സെൻററിൽ സ്ത്രീകൾക്കായുള്ള ഡോക്ടറുടെ സേവനം ഉറപ്പാക്കണം.
12. തൊഴിലവസരങ്ങളെയും നിയമങ്ങളെയും കുറിച്ച് അറിവ് നൽകുന്നതിന് ഇൻഫർമേഷൻ സർവീസ് സെൻറർ ആരംഭിക്കണം.
13. വായനാശീലം വളർത്തുന്നതിനായി വനിതകളുടെ നേതൃത്വത്തിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കണം.
14. ഐ.ആർഡിപി. ഡിഡബ്ല്യുസിആർഎ എന്നിവയിൽ നിന്നുള്ള സഹായം ഉപയോഗിച്ച് തൊഴിൽ കണ്ടെത്താൻ സ്ത്രീകളെ സഹായിക്കണം.
15. ഔഷധ സസ്യകൃഷി, പച്ചക്കറി കൃഷി എന്നിവ സ്ത്രീകൾക്ക് മുൻകൈ നൽകി ആരംഭിക്കണം.
16. പുകയില്ലാ അടുപ്പുകൾ വ്യാപകമായിപ്രചരിപ്പിക്കുക, അടുപ്പു ഫിറ്റിങ്ങിൽ വനിതകൾക്ക് പരിശീലനം നൽകുക.
17. പഞ്ചായത്തുതലത്തിൽ സ്ത്രീകളുടെ നേതൃത്വത്തിൽ വികസനസമിതി രൂപീകരിക്കുക.
18. പഞ്ചായത്തുതലത്തിൽ ഒരു വനിതാ സഹായസഹകരണ സംഘം ആരംഭിക്കുക.





5.10

സഹകരണം

പ്രപഞ്ചത്തിന്റെ ഉൾപ്പത്തിതൊട്ട് ഗോത്രവർഗ്ഗ സംസ്കാരങ്ങളിലൂടെ കടന്നുവന്ന മാനവരാശിയുടെ ചരിത്രം തന്നെ സഹകരണത്തിന്റെയും കൂട്ടായ്മയുടെയുമാണ് ദേശീയ പ്രസ്ഥാനവും രാഷ്ട്ര പിതാവും ജനകോടികളെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുപ്പിച്ചത് സഹകരണാടിസ്ഥാനത്തിലൂടെയാണ്. സ്വാതന്ത്ര്യ പുലരിക്കുശേഷം രേണ്ഘടനയിലെ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, കിടപ്പാടം, തൊഴിൽ എന്നിവ നടപ്പിലാക്കുന്നതിന് സഹകരണ പ്രക്രിയ ആവശ്യമായി വന്നു. ഋണ ബാധ്യതയിലാണ്ടുപോലെയ കർഷകരെ മോചിപ്പിക്കാൻ ഒരു സഹകരണ വിസ്ഫോടനത്തിലൂടെ മാത്രമേ കഴിയൂ എന്ന് ബോധ്യപ്പെട്ട ഗവൺമെൻറ് യുദ്ധകാലാടിസ്ഥാനത്തിൽ അതിനുള്ള നടപടികൾ തുടങ്ങി. 1904ൽ സഹകരണ നിയമത്തിന്റെ (കോപ്പറേറ്റീവ് സൈസൈറ്റീസ് ആക്ട് - 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാസംഘങ്ങളുടെ ആവിർ ഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. നല്ല ഫലങ്ങൾ കണ്ടും വായിച്ചും കേട്ടറിഞ്ഞും കർഷകർ സ്വയം സംഘടിക്കാൻ തുടങ്ങി. നമ്മുടെ ഗ്രാമത്തിലെ തല മുതിർന്നവർ 1920 കന്നിമാസം 20ന് കുളപ്പുറം ഏലായിൽ സംഘടിച്ചാണ് ആദ്യ സഹകരണ സംഘത്തിന് രൂപം നൽകുന്നത്. ആദ്യ കമ്മിറ്റിയിൽ 15 പേർ സമ്മേളിച്ചിരുന്നു. പൂവത്തൂർ രാമകൃഷ്ണക്കുറുപ്പ്, എൻ ജനാർദ്ദനൻ പിള്ള, പനങ്ങോട് എൻ ചന്ദ്രശേരൻനായർ, നീലകണ്ഠപ്പിള്ള, പരമേശ്വരൻപിള്ള, കരിമ്പുവിള പരമേശ്വരൻപിള്ള, നാരായണൻനായർ എന്നിവരെ പ്രമോട്ടർമാരാക്കുകയും വിവിധോദ്ദേശ്യ സഹകരണസംഘം എന്ന പേരിൽ പനങ്ങോട് രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഇതിന്റെ ആദ്യ പ്രസിഡൻറായി ചന്ദ്രശേഖരൻനായരേയും ആദ്യ സെക്രട്ടറിയായി പൂവത്തൂർ ശങ്കര നാരായണക്കുറുപ്പി (പിരപ്പൻകോട് മുരളി എം എൽ എയുടെ പിതാവ്) നേയും തെരഞ്ഞെടുത്തു.

എല്ലാ ജനവിഭാഗത്തിനും തുല്യ അളവിൽ ഭക്ഷ്യവസ്തുക്കളുടെ വിതരണം നടത്തുന്നതിനും ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തണം ഒഴിവാക്കാനും അളവിൽ തുല്യത പാലിക്കുന്നതിനും വേണ്ടി റേഷൻ കടയിലൂടെയാണ് സംഘം പ്രവർത്തനം തുടങ്ങിയതു തന്നെ. എന്നാൽ പിന്നീടുള്ള കുറച്ചുകാലം ഈ സംഘം പ്രവർത്തന രഹിതമായിരുന്നു. ആഡിറ്റുപോലും നടന്നിരുന്നില്ല. സംഘത്തിന്റെ പുനരുദ്ധാരണ പ്രവർത്തനം നടന്നത് 1959ലാണ്. ശ്രീധരൻപിള്ളയും ശശിധരൻനായരുമായിരുന്നു പുനരുദ്ധാരണത്തിന്റെ മുഖ്യശിൽപ്പികൾ.

1961 മുതലാണ് കർഷകർക്ക് കാർഷിക വായ്പയും (വളം ഉൾപ്പെടെ) കൊടുത്തുതുടങ്ങുന്നത്. രാഷ്ട്രീയാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നത് 1969-ലാണ്.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക സർവ്വീസ് മേഖലയിൽ പുല്ലമ്പാറ സർവ്വീസ് സഹകരണ ബാങ്കും, ക്ഷീരരംഗത്ത് തേമ്പാംമൂട് ക്ഷീര സംഘവും പുല്ലമ്പാറ ക്ഷീരസംഘവും മുക്കുടിൽ ക്ഷീര സംഘവും സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. ക്ഷീരസംഘങ്ങളെല്ലാം തന്നെ APCOS മേഖലയിലുള്ളതാണ്. രാഷ്ട്രീയം കടന്നുകൂടിയതുമൂലം എല്ലാ കർഷകർക്കും സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെടുവാൻ തടസ്സമായി നിൽക്കുന്നു എന്നതാണ് എല്ലാ ഗ്രാമങ്ങളിലും പൊതുവായി ഉയർന്നുവന്ന ആരോപണം. ഈ പഞ്ചായത്തു മാത്രമല്ല, കേരളത്തിലെ മുഴുവൻ സഹകരണ പ്രസ്ഥാനത്തെ ബാധിച്ചിരിക്കുന്ന പ്രശ്നമാണിത്.

ജനതാ ഹൈസ്കൂളിലുള്ള ഒരു സഹകരണ സംഘം പുസ്തക വിതരണം മാത്രമേ നടത്തിവരുന്നുള്ളു. ഈ സംഘമൊഴിച്ച് മറ്റൊരു സംഘവും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നില്ല. വളരെ സജീവമായി ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സംഘങ്ങളായ പേരുമല തീപ്പെട്ടി നിർമ്മാണ സഹകരണ വ്യവസായ സംഘവും. വെള്ളുമണ്ണടി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സംഘവും മരുതുംമൂട് റബ്ബർപാൽ ഉൽപ്പാദക സഹകരണ സംഘവും ഇന്ന് പ്രവർത്തനങ്ങൾ നിലച്ചമട്ടാണ്.

കാർഷികമേഖല

എ. ഹ്രസ്വകാല വായ്പ: ഏകദേശം മൂവായിരം കർഷക കുടുംബങ്ങൾ അടങ്ങിയതാണ് നമ്മുടെ പഞ്ചായത്ത് അതുകൊണ്ടുതന്നെ കൃഷിമെച്ചപ്പെടുത്തുന്നതിനും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വായ്പകൾ അന്യാതപേക്ഷിതമായി വരുന്നു. കാർഷിക ആവശ്യങ്ങൾക്ക് ഹ്രസ്വകാല വായ്പകളാണ് ആവശ്യം. ഈ പഞ്ചായത്തിൽ കാർഷിക വായ്പകൾ നൽകുന്ന പ്രധാനപ്പെട്ട സംഘം പുല്ലമ്പാറ സർവ്വീസ് സഹകരണ ബാങ്കാണ്.

പുല്ലമ്പാറ സർവ്വീസ് സഹകരണ ബാങ്ക്

പുല്ലമ്പാറ സർവ്വീസ് സഹകരണ ബാങ്ക് നാമമാത്രമായ കൃഷിക്കാർക്ക് സാമ്പത്തികമായും സാങ്കേതികവുമായുള്ള സേവനം നൽകുന്നു. കൃഷിക്കാർക്ക് സാമ്പത്തിക സഹായം കൂടാതെ കർഷകർക്ക് വളം, കീടനാശിനി മുതലായവ സഹായ വിലക്ക് നൽകിവരുന്നു. കൃഷി ഭവനുമായി ബന്ധപ്പെട്ട് ആവശ്യമായ സഹായങ്ങൾ കർഷകർക്ക് നൽകിവരുന്നു. അത്യവശ്യ സന്ദർഭങ്ങളിൽ സ്വർണ്ണം പണയമായി സ്വീകരിച്ച് കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നു. കഷകർക്കുവേണ്ട കാർഷികോപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ നൽകാൻ വായ്പകൾ നൽകുന്നു. അംഗങ്ങൾക്കായി 25,000 രൂപാവരെയുള്ള ചിട്ടി നടത്തിവരുന്നു. കർഷകരിൽ മിച്ചം വരുന്ന തുകകൾ നിക്ഷേപങ്ങളായി സ്വീകരിക്കുന്നു..

ബി. ദീർഘകാല വായ്പ: ഈ പഞ്ചായത്ത് അതിർത്തിയായി വരുന്ന പാലോട് കാർഷിക വികസന ബാങ്ക് കർഷകർക്ക് ആവശ്യമായ ദീർഘകാല വായ്പ നൽകുന്നുണ്ട്.

പുല്ലമ്പാറ സഹകരണ സംഘങ്ങളെ സംബന്ധിച്ച്

I

1	സ്ഥാപനത്തിന്റെ പേര്	:	പുല്ലമ്പാറ S.C.B. 2429 പുല്ലമ്പാറ
2.	പ്രവർത്തന പരിധി	:	പുല്ലമ്പാറ പഞ്ചായത്ത്.
3	ക്രെഡിറ്റ് / നോൺ ക്രെഡിറ്റ്	:	ക്രെഡിറ്റ്
4	പ്രവർത്തനം ആരംഭിച്ച വർഷം	:	26 - 2 - 1121 (M.E.) 1994 ഒക്ടോബർ.
5	ആകെ അംഗങ്ങൾ	:	6328
6	ഒരു ഓഹരിയുടെ വില	:	10 രൂപ
7	അംഗീകൃത ഓഹരി മൂലധനം	:	10,00,000/- (പത്തുലക്ഷ)
8	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	:	7,74.957/-
9	സർക്കാർ ഓഹരിയുണ്ടോ	:	ഉണ്ട്
10	ഉണ്ടെങ്കിൽ ലഭിച്ച തുക	:	55,000/-
11	പരമാവധി കടം എടുക്കാവുന്ന തുക	:	1,65,99,140/-

II

പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ.

എ	സ്ഥിരം	:	23,67,949.60
ബി	ഹ്രസ്വകാലം	:	3,27,714.38
സി	ഹോം സേവിംഗ്	:	10,85,288.50

III

നൽകിയിട്ടുള്ള വായ്പകൾ

എ. കാർഷിക വായ്പകൾ

	ഇനം		തുക
1	ഹ്രസ്വകാല വായ്പ	:	54,08,873/-
2	വെറ്റില കൊടി	:	90,994/-
3	ഐ.ആർ.ഡി.പി.	:	1,652/-
4	പശുവാങ്ങാൻ	:	78,293/-
5	കോഴിവളർത്തൽ	:	1,62,503/-

ബി. മറ്റ് വായ്പ

1.	മദ്ധ്യകാല വായ്പ (കാർഷിക)	:	1,11,654/-
2	റബ്ബർ റോളർ	:	1,18,596/-
3	പമ്പുസെറ്റ്	:	2,35,128/-
4	സി.ഡി.ഡി.പി. തെങ്ങുകൃഷി	:	21,250/-
5.	വ്യവസായ വായ്പ	:	10,000/-

സി. പ്രത്യേക വായ്പകൾ

1	സ്വന്തം ഫണ്ട് വായ്പാ ബിസിനസ്സ്	:	13,69,838/-
2	വ്യവസായ വായ്പ	:	9,500/-
3	ഓടുമേയൽ	:	3,33,976/-
4	സ്വർണ്ണപ്പണയ വായ്പ	:	9,10,069/-

IV

സ്ഥാപനങ്ങളിൽനിന്നും സ്വീകരിച്ച വായ്പകൾ

	സ്ഥാപനം	സ്വഭാവം	തുക
1	ഡി. സി. ബിയിൽ	കൃഷി വായ്പ	54,08,040/-
2	തിരുവനന്തപുരം	കിണർ വായ്പ	1,32,720/-
3	"	റബ്ബർ റോളർ	1,14,742/-
4	"	മദ്ധ്യകാല വായ്പ	1,08,956/-
5	"	പശുവായ്പ	1,00,740/-
6	"	കോഴി വളർത്തൽ	1,86,071/-
7	"	ഓടുമേയൽ	3,19,040/-

V

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളത്

	വായ്പാ സ്വഭാവം	തുക
1	കൃഷിവായ്പ	28,25,530/-
2	സ്വന്തം ഫണ്ട് വായ്പ	4,35,600/-

VI

സ്ഥാപനത്തിന്റെ ചെലവുകൾ

1.	എസ്റ്റാബ്ലിഷ്മെന്റ് ചാർജ്	3,15,670/-
2	കൺജിൻജൻസി	65,340/-

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

1967-ലാണ് പുല്ലമ്പാറ പഞ്ചായത്ത് ക്ഷീര കർഷകർ സംഘടിക്കുന്നത്. പാലാംകോണം കേന്ദ്രമാക്കി ആദ്യമായി രൂപീകരിച്ച ക്ഷീരസംഘമാണ് ഇന്ന് APCOS സിന്റെ കീഴിൽ പ്രവർത്തിക്കുന്ന പുല്ലമ്പാറ ക്ഷീരോൽപ്പാദന സഹകരണ സംഘം. സ്വന്തമായി കെട്ടിടമുള്ള ഈ സംഘം ലാഭത്തിൽ പ്രവർത്തിക്കുന്നു.

തേമ്പാംമൂട് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിനും സ്വന്തമായി കെട്ടിടവും ലാഭത്തിലുമാണ് പ്രവർത്തിക്കുന്നത്. എന്നാൽ. മുക്കുടിൽ സർവ്വീസ് സഹകരണസംഘത്തിന് സ്വന്തമായി കെട്ടിടമില്ല. മൂന്നു സംഘങ്ങളും 150 ലിറ്റർ പാൽ പ്രാദേശികമായി വിൽക്കുകയും 656 ലിറ്റർ പുറത്തേക്ക് അയക്കുകയും ചെയ്യുന്നു.

ക്ഷീരസംഘങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ

1) സംഘങ്ങൾ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പ്രതിദിനം സംഭരിക്കാനുദ്ദേശിക്കുന്ന പാലിൽ പുല്ലമ്പാറ പഞ്ചായത്തിലെ ഉപഭോഗം കഴിച്ച് ബാക്കി കേടുകൂടാതെ സംഭരിച്ച് സൂക്ഷിക്കുവാനും സംസ്ക്കരിക്കുവാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു സംഘത്തിനുണ്ടാവണം. അതിനാവശ്യമായ മൂലധനം അനുവദിക്കേണ്ടതാണ്.

2) നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കുവാനുള്ള സംവിധാനം സംഘങ്ങൾ ചെയ്തുകൊടുക്കണം.

3) പാണയം, വെള്ളുമണ്ണടി, പിച്ചി മംഗലം എന്നിവിടങ്ങളിൽ ഓരോ സംഘങ്ങൾ തുടങ്ങുക.

4) എല്ലാ സംഘങ്ങളും പുൽക്കൃഷി വ്യാപകമാക്കുക.

5) ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുവാൻ വിവിധ മേഖലകളിൽ അവാർഡുകൾ ഏർപ്പെടുത്തുക.

6) മൃഗസംരക്ഷണ വകുപ്പിന്റെ സേവനം തക്ക സമയത്ത് ലഭ്യമാക്കണം.

7 പഞ്ചായത്തു തലത്തിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്ഷീരവികസനത്തിനു ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുക.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധികൾ

കാർഷിക മേഖല

1. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക. അർഹതയുള്ളവരെ അംഗങ്ങളാക്കുന്നില്ലെന്ന് ഗ്രാമസഭയിൽ ഉയർന്നുവന്ന ആരോപണം

പരിശോധിക്കുക.

2 നിക്ഷേപ സമാഹരണം നടത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് ടി തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക - കൺസ്യൂമർ വായ്പ, സ്വർണ്ണ വായ്പ, ഭവന നിർമ്മാണ വായ്പ, വിദ്യാഭ്യാസ വായ്പ.

3) ചിട്ടി നിയമ വ്യവസ്ഥ ലഘൂകരിക്കുക.

4) ഗ്രൂപ്പ് ഡപ്പോസിറ്റ് സ്കീം എന്ന നിക്ഷേപ പദ്ധതി ആരംഭിക്കുക.

5) കർഷകരെ സംബന്ധിക്കുന്ന പൂർണ്ണ ലാൻഡ് രജിസ്റ്റർ തയ്യാറാക്കി ഓരോവർഷത്തിലേക്ക് ആവശ്യമായ വായ്പാ തുക തിട്ടപ്പെടുത്തുക.

6 കാർഷികാവശ്യത്തിനായി നബാർഡ് കൺഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ചു കിട്ടുന്നതിന് നടപടിയെടുക്കുക.

7) കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കാനും കാർഷിക ഉകരണങ്ങൾ വിറ്റഴിക്കാനും ബാങ്കിൽ സംവിധാനം ഉണ്ടാക്കണം.

8) കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് "കിലോൺ" അനുവദിച്ചു കൊടുക്കാൻ സംവിധാനം ഉണ്ടാക്കണം.

9) ഉൽപ്പന്ന സംഭരണത്തിനായി ഗോഡൗൺ നിർമ്മിക്കാൻ സബ്സിഡി നിരക്കിൽ വായ്പ നൽകുക.

10) പുല്ലമ്പാറ സർവ്വീസ്സഹകരണ ബാങ്കിന് ബ്രാഞ്ചുകൾ തുടങ്ങുക.

11) കൊപ്ര സംഭരിക്കാനും കുരുമുളക് തുടങ്ങിയ നാണ്യ വിളകൾ സംഭരിക്കാനും സംഘങ്ങൾ ആരംഭിക്കുക.

12) പുല്ലമ്പാറ പഞ്ചായത്ത് അതിർത്തിയായുള്ള റബ്ബർ മാർക്കറ്റിങ്ങ് പ്രോസ്സസിന്റെ സംഘങ്ങൾ ആരംഭിക്കുക.

13 നെൽക്കൃഷി ലാഭകരമല്ലാത്തതിനാൽ പാടശേഖരങ്ങൾ നികത്തുന്ന അവസ്ഥയാണ് നിലവിലുള്ളത്. നെൽക്കൃഷിക്ക് സർക്കാരിൽ നിന്ന് നൽകുന്ന സബ്സിഡി നാമമാത്രമാണ്. ഒരു ഹെക്ടറിന് 1500 രൂപയെങ്കിലും സബ്സിഡിയായും നല്ലയിനം വിത്ത്, വളം, കീടനാശിനി, ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് /മെതി യന്ത്രങ്ങൾ എന്നിവയും ലഭ്യമാക്കണം. ഇതിനായി വിവധ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. അത്തരത്തിലുള്ള അഞ്ച് സംഘങ്ങൾക്ക് സാധ്യതയുണ്ട്.

14) ദീർഘകാല വായ്പ നൽകുന്ന കാർഷിക വികസന ബാങ്കുകളുടെ വായ്പാ രീതി ലളിതമാക്കുക.

15) വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്.

തൊഴിൽ സാധ്യതകൾ

വളരെ പെട്ടെന്ന് തൊഴിൽ നേടാൻ സഹായിക്കുന്ന മേഖലയാണ് സഹകരണ മേഖല.

1) പുല്ലമ്പാറ സർവ്വീസ് സഹകരണ സംഘത്തിൽ പുതിയ തസ്തികകൾ തുടങ്ങുകയും തേമ്പാമൂട്, കുനൻവേങ്ങ, പാലാംകോണം എന്നിവിടങ്ങളിൽ ബ്രാഞ്ചുകൾ തുടങ്ങുക വഴിയും, കൊപ്ര, റബ്ബർ സംഭരണ കേന്ദ്രങ്ങൾ തുറക്കുന്നതിലൂടെയും 25 പേർക്ക് പ്രത്യക്ഷമായി തൊഴിൽ ലഭിക്കുന്നതാണ്.

2) പഞ്ചായത്ത് കേന്ദ്രീകരിച്ച് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിച്ചാൽ റബ്ബറിന്റെ വിവിധ വ്യാവസായിക യൂണിറ്റുകൾ ഉണ്ടാവുകയും അതുവഴി 250 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായി തൊഴിൽ ലഭിക്കുകയും ചെയ്യും.

3) പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വനിതാ സഹകരണ സംഘം രൂപീകരിച്ചാൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, അച്ചാർ, കറിപൗഡർ നിർമ്മാണം, കൂൺ കൃഷി, തിരി നിർമ്മാണം തുടങ്ങിയവ തുടങ്ങാവുന്നതാണ്. ഇത്തരം സംഘങ്ങൾ തുടങ്ങുകവഴി നൂറുപേർക്ക് പ്രത്യക്ഷമായും 150 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും.

4) മറ്റ് സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം വഴി നൂറുപേർക്ക് തൊഴിൽ ലഭിക്കും.

5) നിലവിലുള്ള മൂന്ന് ക്ഷീരോൽപ്പാദന സഹകരണ സംഘം വഴി പുതുതായി രൂപീകരിക്കാൻ നിർദ്ദേശിച്ച മൂന്നു സംഘങ്ങളും പ്രവർത്തന സജ്ജമാക്കുകയും

അതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതോടു കൂടി മുപ്പതുപേർക്ക് തൊഴിൽ ലഭിക്കുകയും സംഘാംഗങ്ങളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധന വുണ്ടാവുകയും ചെയ്യും.

6) വളം നിർമ്മാണ യൂണിറ്റ് സഹകരണ മേഖലയിൽ അനുവദിച്ചാൽ നൂറുപേർക്ക് തൊഴിൽ സാധ്യത കൈവരുന്നതാണ്.

7) ഉൽപ്പാദക സഹകരണ സംഘങ്ങൾ വഴി 200 പേർക്ക് തൊഴിൽ ലഭിക്കുന്നു. ഇതുവഴി വിദേശ്യനാണ്യം കൈവരിക്കാൻ കഴിയുന്നു.

8 ഗ്രൂപ്പ് ഫാമിംഗ് സഹകണസംഘം പ്രവർത്തനം ആരംഭിക്കുന്നതു വഴി പതിനഞ്ചോളം തൊഴിലവസരമുണ്ടാകുന്നു.

9 നിർദ്ദേശിച്ച പട്ടികജാതി സഹകരണ സംഘവും ലേബർ കോൺട്രാക്ട് സഹകരണ സംഘവും രൂപീകരിക്കുകയാണെങ്കിൽ ഏറ്റവും ചുരുങ്ങിയത് 35 പേർക്ക് തൊഴിൽ ലഭിക്കും.

പഞ്ചായത്തിൽ രൂപീകരിക്കാൻ പറ്റുന്ന സഹകരണ സംഘങ്ങൾ

വ്യാവസായിക മേഖലയിൽ ഉൽപ്പാദക മേഖലയിൽ, കൺസ്യൂമർ മേഖലയിൽ, വിവിധ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

1) പഞ്ചായത്ത് അതിർത്തിയായി കൺസ്യൂമർ സഹകരണ സംഘം.

2) വനിതാസഹകരണ സംഘം

3) റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രൊസസ്സിംഗ് സംഘം

4) ലേബർ കോൺട്രാക്ട് സഹകരണ സംഘം.

5 മോട്ടോർ സഹകരണ സംഘം

6) കോഴി വളർത്തൽ സഹകരണ സംഘം

7) ആട് വളർത്തൽ സഹകരണ സംഘം

8) പ്രൈമറി സ്കൂൾ കോപ്പക്സ് സഹകരണസംഘം.

9 ഇഷ്ടിക നിർമ്മാണ സഹകരണ സംഘം

10 ഖാദി വ്യവസായ സഹകരണ സംഘം

11 ചക്കര നിർമ്മാണ സഹകരണസംഘം

12 പരമ്പരാഗത വ്യവസായ സഹകരണ സംഘം


13 കാലിത്തീറ്റ സഹകരണ സംഘം

സഹകരണ രംഗത്തെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്ക് ആവശ്യമായ വിദഗ്ധ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽമുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യാവുന്നതുമാണ്.

സഹകരണ രംഗത്ത് വിവിധ മേഖലകളിലെ വളർച്ച് ആശ്യമായി ഈ പഞ്ചായത്ത ഒരു വൻ തുക മുതൽ മുടക്കായി പ്രതീക്ഷിക്കുന്നു. ഈ തുക കണ്ടെത്തി മുതൽ മുടക്കിയാൽ പഞ്ചായത്തിലെ 1300ഓളം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി ലഭിക്കുകയും പഞ്ചായത്തിലെ മുവായിരം കുടുംബങ്ങളിൽ സാമ്പത്തിക അഭിവൃത്തിയുണ്ടാകുകയും ചെയ്യുന്നു. മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച വഴി സാധിക്കുന്നതാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഇവിടെ നിർദ്ദേശിച്ച രൂപത്തിലും രീതിയിലും നടപ്പിലാക്കുക വഴി പുല്ലമ്പാറ പഞ്ചായത്തിന്റെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്താൻ സാധിക്കും. സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക, സാംസ്കാരിക വികാസത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനമെന്ന നിലയിൽ പുല്ലമ്പാറ പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്ക് മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചു കൊള്ളുന്നു.



5.11

പട്ടികജാതി പട്ടികവർഗം

ദ്രാവിഡജനതയുടെ അനുക്രമമായുള്ള സാംസ്കാരിക പുരോഗതിയാണ് ആർഷഭാരത സംസ്കാരത്തിന് ആധാരം. ആര്യവർഗ്ഗ സങ്കരത്തിനു ശേഷമണ് ഭാരതീയ സംസ്കാരം ശുദ്ധമായത് എന്ന അഭിപ്രായം മൗഢ്യമാണ്. ആദി ദ്രാവിഡർ എന്നറിയപ്പെട്ടിരുന്ന ജനവിഭാഗം ഇന്ന് പല പേരുകളിലാണ് അറിയപ്പെടുന്നത്. ആര്യന്മാരുടെ വരവോടുകൂടി അടിമത്തം അനുഭവിച്ചു തുടങ്ങിയ ഈ ദ്രാവിഡ വിഭാഗം അതായത് പട്ടികജാതി പട്ടിക വിഭാഗം ഇന്നും ഈ സ്ഥിതിയിൽ നിന്നും മോചിതമായിട്ടില്ല. ഹരിയുടെ ജനം എന്ന് ഗാന്ധിജി പേരിട്ട ഈ വിഭാഗത്തെ അടിമത്തത്തിന്റെയും മുഷ്ണത്തിന്റെയും കൈകളിൽ നിന്നും മോചിപ്പിക്കാൻ പൂർണമായും സാധിച്ചിട്ടില്ല. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഇന്ത്യയുടെ പല ഭാഗങ്ങളിലും ആവിർഭവിച്ച സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളുടെയും പോരാട്ടങ്ങളുടെയും ഫലമായി പട്ടികജാതി പട്ടികവർഗക്കാർക്ക് നിയമനിർമാണ സഭകളിലേക്കും ഉദ്യോഗസ്ഥ തലങ്ങളിലേക്കും കടന്നുവരാൻ കഴിഞ്ഞു. ഇന്ത്യയിലെ അഭ്യന്തര സ്ഥിത ജനവിഭാഗത്തിൽപ്പെട്ടവരെ അധികാരത്തിലേക്ക് ആനയിക്കുന്നതിൽ ഇന്ത്യയുടെ ഭരണഘടനാ ശിൽപ്പിയായ ഡോ. ബി.ആർ അംബേദ്കർ വഹിച്ച പങ്ക് നിസ്തുലമാണ്. കേരളത്തിലെ അധ:കൃത ജനവിഭാഗത്തെ സാമൂഹ്യമായി മുഖ്യധാരയിലേക്കു ഉയർത്തുന്നതിൽ ശ്രീനാരായണഗുരു, സഹോദരൻ അയ്യപ്പൻ, അയ്യങ്കാളി, കേളപ്പജിയും മറ്റു പുരോഗമന പ്രസ്ഥാനങ്ങൾ എന്നിവയും സഹായിച്ചു. ഈ പ്രസ്ഥാനങ്ങളുടെ അലകൾ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട ജനവിഭാഗത്തെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. സാമൂഹ്യമായ ഉച്ചനീചത്വം അടുത്തകാലം വരെ നിലനിന്നിരുന്നു.

ഒക്ടോബർ 2-ാം തീയതി നടന്ന ഗ്രാമസഭയിൽ പത്തു വാർഡുകളിലുമായി പങ്കെടുത്ത ജനങ്ങളിൽ 10% ഹരിജനങ്ങളായിരുന്നു. ഹരിജൻ കോളനികളിലെ അടിസ്ഥാന സൗകര്യമില്ലായ്മ, കുടിവെള്ള ക്ഷാമം എന്നിവ പ്രധാനമായും ഗ്രാമസഭകളിൽ ഉയർന്നുവന്നു. പഞ്ചായത്തിൽ ആകെ ജനസംഖ്യ - 21,672

പുരുഷൻമാർ - 10682

സ്ത്രീകൾ - 10991

പട്ടികജാതി - 2879 (സ്ത്രീകൾ-967, പുരുഷൻമാർ-1912)

പട്ടികവർഗക്കാർ - 71 (സ്ത്രീകൾ-32, പുരുഷൻമാർ-39)

ഒന്നാം വാർഡിൽ ബാലംപച്ച, പുലയരുകുന്ന്, വട്ടയം, പന്തപ്ലാവിക്കോണം, മലവിള എന്നി 5 ഹരിജൻ കോളനികളുണ്ട്. കോളനികളിലൊന്നും തന്നെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. കുടിവെള്ളം, വൈദ്യുതി, കക്കൂസ് ഇവ അപര്യാപ്തമാണ്. മിക്കവാറും കുടുംബങ്ങൾ ദാരിദ്രരേഖക്കു താഴെ ജീവിക്കുന്നവരും വിദ്യാഭ്യാസപരമായി പിന്നോക്കവുമാണ്. സാമ്പത്തികമായ ബുദ്ധിമുട്ട്, ബോധവൽക്കരണത്തിന്റെ അഭാവം എന്നിവ വിദ്യാഭ്യാസത്തിന് തടസ്സമാണ്.

വാർഡ് 2 പേരുമല- പണ്ടാരത്തോട്, കടുവാക്കുഴി, വട്ടപ്പാറ എന്നി മൂന്നു കോളനികളുണ്ട്. വൈദ്യുതി, ഗതാഗതം, പ്രാഥമികാവശ്യങ്ങൾ എന്നിവ അത്യാവശ്യമാണ്.

വാർഡ് 3 പുല്ലമ്പാറ- ചെമ്മണ്ണുംകുന്ന്, വാലിക്കുന്ന്, ചെമ്പിപ്പാൻകോണം, കുളപ്പുറം മിച്ചഭൂമി എന്നി കോളനികളിലായി 132 വീടുകളുണ്ട്. കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ അപര്യാപ്തമാണ്. വാലിക്കുന്ന് ഐഎച്ച്.ഡിപി കോളനിയിൽ ഭൂരഹിതരായ 30 കുടുംബങ്ങളുണ്ട്. അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം ഒരു പൊതു ശൗചാലയും നിർമ്മിക്കേണ്ടതാണ്.

പുല്ലമ്പാറ വാലിക്കുന്ന് കോളനി റോഡ് അടിയന്തരമായി നിർമ്മിച്ച് ഗതാഗത സൗകര്യം ഉണ്ടാക്കാം.

വാർഡ് 4 ചുള്ളാളം - ഏ ഹരിജൻ കോളനിയായ പൊയ്ക്കകം കോളനിയിൽ 15 കുടുംബങ്ങളുണ്ട്. ദാരിദ്ര്യരേഖക്കു താഴെയാണ് മിക്ക കുടുംബങ്ങളും. അഗതിമന്ദിരം വേണമെന്നാണ് പ്രധാന ആവശ്യം. കുടിവെള്ളം, വൈദ്യുതി എന്നിവയും വേണം.

വാർഡ് 5 കുന്നൻവേങ്ങ - രജിസ്റ്റർ ചെയ്ത കോളനികൾ ഒന്നുംതന്നെയില്ല. എന്നാൽ വാർഡിൽ 40 ഹരിജൻ കുടുംബങ്ങളുണ്ട്. നെടുംകൈത കേന്ദ്രമാക്കി ഒരു ഹരിജൻ കോളനി രൂപികരിക്കണം. ഹരിജൻ കുടുംബങ്ങളിലൊന്നും തന്നെ വൈദ്യുതി, കുടിവെള്ളം എന്നിവ ലഭിക്കുന്നില്ല.

വാർഡ് 6 പാണയം - ധുളിക്കുന്നിൽ 55 വീടുകളുള്ള ഒരു ഹരിജൻ കോളനി നിലവിലുണ്ട്. സാമ്പത്തികമായി വളരെ പിന്നിലാണ്. സാക്ഷരതാ പ്രവർത്തനത്തിൽ കൂടി ഭൂരിഭാഗം പേരും സാക്ഷരരായെങ്കിലും രണ്ടാംഘട്ട പ്രവർത്തനത്തിന്റെ അഭാവംമൂലം നിരക്ഷരതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ചേപ്പിലോട്ട്, കല്ലുവരമ്പ് എന്നീ പ്രദേശങ്ങളിൽ 45-ഓളം ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പാണയം കേന്ദ്രമാക്കി ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ആരംഭിക്കേണ്ടതാണ്.

വാർഡ്7 മുക്കുടിൽ - രജിസ്റ്റർ ചെയ്ത കോളനികളില്ല. 200 ഹരിജൻ-ഗിരിജൻ കുടുംബങ്ങളുണ്ട്. വേങ്കമല, കോട്ടവരമ്പ്, വേങ്കാട്, മാങ്കുഴി എന്നിവിടങ്ങളിൽ കോളനികൾ ആരംഭിക്കേണ്ടതാണ്. കോട്ടവരമ്പിൽ ഹരിജൻ സൊസൈറ്റിയും വേങ്കമലയിൽ ഗിരിജൻ സൊസൈറ്റിയും ആരംഭിക്കണം.

വാർഡ്8 തേമ്പാംമൂട് - 6 കോളനികളുണ്ട്. വള്ളിയറുപ്പൻകാട്, വട്ടപ്പാറ, മീൻമൂട്, വാലുപാറ, ചാവറോട്, ലക്ഷംവീട് എന്നിവയാണ്. ആകെ 146 വീടുകളാണുള്ളത്. ഭവനരഹിതരായ ഹരിജൻ കുടുംബങ്ങൾ നിരവധിയുണ്ട്. തേമ്പാംമൂട്ടിൽ ഒരു പ്രീമെട്രിക് ഹോസറ്റൽ സ്ഥാപിക്കേണ്ടതാണ്.

വാർഡ് 9 ആട്ടുകാല - തേവരുകുന്ന് ഹരിജൻകോളനിയിൽ 40 കുടുംബങ്ങളിലായി 200 പേർ താമസിക്കുന്നു. വളരെ താഴ്ന്ന ജീവിത നിലവാരമാണ് ഉള്ളത്. വൈദ്യുതി, കുടിവെള്ളം എന്നിവ അപര്യാപ്തമാണ്. പ്രാഥമികാവശ്യത്തിനു വേണ്ട കക്കൂസിന്റെ കുറവ്, കുടിവെള്ള പ്രശ്നം എന്നിവ രൂക്ഷമാണ്. വാർഡിന്റെ മറ്റു മൂന്നു ഹരിജൻ മേഖലകളാണ് പുതുവൽ, വാദ്ധ്യാരുകോണം, വടയാനിക്കോണം - ഈ മൂന്നു ഹരിജൻ മേഖലയിലായി മൂന്നൂറോളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു. എന്നാൽ ഈ പ്രദേശത്ത് ആവശ്യമായ വൈദ്യുതി, വെള്ളം, കക്കൂസ് എന്നിവ തീരെയില്ല സാക്ഷരതയുടെ കാര്യത്തിൽ ഇവർ പൂർണമായും പുറകിലാണ്. സാമ്പത്തിക ബുദ്ധിമുട്ടും ബോധവർക്കരണ കുറവും ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയെ തടസ്സപ്പെടുത്തിയിട്ടുണ്ട്.

പത്താം വാർഡായ പാലാംകോണത്ത് പൊന്നമ്പി, ഈർപ്പൻകോണം, കുന്താണി എന്നീ മൂന്നു കോളനികളിലായി300ഓളം ആളുകൾ താമസിക്കുന്നു. ഇതിൽ പ്രാഥമിക സൗകര്യങ്ങളുള്ള കുടുംബം 10 എണ്ണമാണ്. മറ്റു 70 വീടുകളിലും വൈദ്യുതി, കക്കൂസ് എന്നിവ എത്തിയിട്ടില്ല. എല്ലാ കുടുംബങ്ങളും ദാരിദ്ര്യരേഖയുടെ താഴെ ജീവിക്കുന്നവരാണ്. വിദ്യാഭ്യാസ കാര്യത്തിൽ വളരെ പുറകിലാണ്, കൂലിപ്പണിയെടുത്തു കഴിയുന്നവരാണ് എല്ലാ കുടുംബവും.

പുല്ലമ്പാറ പഞ്ചായത്തിൽ അടിയന്തരമായി പരിഹാരം കാണേണ്ട പ്രശ്നങ്ങൾ പഞ്ചായത്തിലെ ഏക പട്ടികവർഗ കോളനിയായ മുക്കുടിൽ വാർഡിലെ വേങ്കമല ഗിരിജൻ കോളനിയിൽ പതിനെട്ടോളം കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്. ഈ കോളനിയെ ഇതുവരെ സർക്കാർ കോളനിയായി അംഗീകരിച്ചിട്ടില്ല. കോളനിയിലേക്കുള്ള റോഡ്, വൈദ്യുതി, പാർപ്പിട സൗകര്യം, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവ അടിയന്തരമായി എത്തിക്കേണ്ടതായിട്ടുണ്ട്.

ആറാം വാർഡായ പാണയം ചേപ്പിലോട്ട് നാൽപ്പതോളം തണ്ടാർ സമുദായ കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് പട്ടികജാതി വിഭാഗക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും ലഭ്യമല്ല. ഈ പ്രദേശത്തെ കോളനിയായി അംഗീകരിക്കുകയും വൈദ്യുതി, കുടിവെള്ളം, വാഹനസൗകര്യം, മറ്റടിസ്ഥാന സൗകര്യങ്ങൾ, പട്ടികജാതിക്കാർക്കു ലഭിക്കുന്ന ആനുകൂല്യം എന്നിവ ലഭ്യമാക്കേണ്ടതാണ്.

3-ാം വാർഡിൽ ചെമ്മണ്ണുംകുന്ന് കോളനിയിൽ നിലനിൽക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് അടിയന്തരമായി പരിഹാരം കാണേണ്ടതായിട്ടുണ്ട്.

9-ാം വാർഡിൽ അധിവസിക്കുന്ന അൻപതോളം ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി അവർക്കും ഈ വിഭാഗത്തിനു ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പത്താം വാർഡിൽ പൊന്നമ്പി കോളനി റോഡ് ടാർ ചെയ്യണമെന്ന ആവശ്യം അടിയന്തരമായി പരിഹരിക്കണം. പുല്ലമ്പാറ വാലിക്കുന്നിൽ ചലിപ്പൻകോണം IHDP കോളനിയിൽ അൻപതോളം വേടർ സമുദായ കുടുംബാംഗങ്ങൾക്കു സ്വന്തമായി വീടോ ഭൂമിയോ ഇല്ല. ഇവരെ പുനരധിവസിപ്പിക്കുന്നതിനും പുല്ലമ്പാറ-വാലിക്കുന്ന്-ചലിപ്പൻകോണം റോഡ് ഗതാഗതയോഗ്യമാക്കണം എന്ന ആവശ്യവും അടിയന്തരമായി പരിഹരിക്കണം.

എട്ടാം വാർഡ് വാലുപാറ കോളനിയിൽ വൈദ്യുതി, കുടിവെള്ളം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി നടപ്പാക്കണം. മുക്കുടിൽ കോട്ടവരമ്പ് നാലുസെന്റു കോളനി സർക്കാർ കോളനിയായി അംഗീകരിക്കണം.

പുല്ലമ്പാറ പഞ്ചായത്തിൽ പത്തു ഗ്രാമസഭകളിലെയും പട്ടികജാതി പട്ടികവർഗ ഗ്രൂപ്പിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും അവരുടെ പ്രധാന ആവശ്യങ്ങളും കോളനി പ്രദേശങ്ങളിൽ വൈദ്യുതി, കുടിവെള്ളം റോഡ്, ഭവനനിർമ്മാണം, ഭൂരഹിത പ്രശ്നങ്ങൾ, കക്കൂസ് എന്നിവയാണ് . മേൽവിവരിച്ച എല്ല പ്രശ്നങ്ങൾക്കും ഒരു പരിഹാരം കാണേണ്ടതുണ്ട്.

പഞ്ചായത്തിലെ കോളനി പ്രദേശങ്ങളിൽ അല്ലാതെ പത്തു വാർഡുകളിലായി ഒറ്റപ്പെട്ടു താമസിക്കുന്ന 221 പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾ ഉണ്ട്. ഈ കുടുംബങ്ങളിൽ എല്ലാംകൂടി 852 അംഗങ്ങൾ താമസിക്കുന്നു. ഈ കുടുംബങ്ങൾക്ക് ഒന്നുതന്നെ വീട്, കക്കൂസ്, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. പഞ്ചായത്തിലെ 934 പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളിൽ 191 പേർക്ക് വിവിധ സ്കീമുകൾ മുഖേന വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. 19 കുടുംബങ്ങൾ സ്വന്തമായി വീട് നിർമ്മിച്ച് താമസിച്ചുവരുന്നു. ബാക്കി ഇതിൽ കോളനി പ്രദേശങ്ങളിലും റോഡു പുറമ്പോക്കിലും തോട്ടു പുറമ്പോക്കിലും താമസിക്കുന്ന 185 കുടുംബങ്ങൾക്ക് സ്വന്തമായൊരു ഭൂമിയില്ലാത്തവരാണ്. ഇവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

തൊഴിൽ

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗക്കാരായ തൊഴിലാളികളുടെ പരമ്പരാഗത തൊഴിൽ മേഖല പ്രധാനമായും കാർഷികമേഖലയാണ്. നെല്ല്, മരച്ചീനി എന്നീ കൃഷികളെ ആശ്രയിച്ചുള്ള തൊഴിലുകളാണ് പട്ടികജാതി പട്ടികവർഗക്കാരായ 95% പുരുഷന്മാരും സ്ത്രീകളുമുള്ള തൊഴിലാളികൾ ഈ മേഖലയിലാണ് പണി എടുക്കുന്നത്. ഇന്ന് പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗക്കാരായ തൊഴിലാളികൾ കടുത്ത തൊഴിലില്ലായ്മയും ഇതുമൂലമുണ്ടാകുന്ന കഷ്ടപ്പാടുകളും നേരിടുകയാണ്. നെൽകൃഷി ചെയ്തിരുന്ന വയലുകളിൽ 70% വും നികത്തി വീടു വയ്ക്കുന്നതിനും റബ്ബർ, തെങ്ങ് തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതിനു വേണ്ടി ഉപയോഗിച്ചിരിക്കുകയാണ്. മരച്ചീനി കൃഷി ചെയ്തിരുന്ന 95% പുരയിടങ്ങളും ഇന്ന് റബ്ബർകൃഷി വ്യാപിച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടിരുന്ന തൊഴിലാളികൾക്ക് ഇന്ന് തൊഴിൽ ഇല്ലാത്ത സ്ഥിതിയാണ്. ഇത് പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിലെ സാമ്പത്തികസ്ഥിതി പരുങ്ങലിലാക്കിയിട്ടുണ്ട്, പുതിയ തലമുറയിൽപ്പെട്ട ഈ വിഭാഗത്തിലെ ചെറിയ ഒരു വിഭാഗം യുവാക്കൾ റബ്ബർ ടാപ്പിംഗ് തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഈ വർഗത്തിൽപ്പെട്ട 75% തൊഴിലാളികൾ കടുത്ത തൊഴിൽ പ്രതിസന്ധി നേരിടുകയാണ്. ചെറിയ ഒരു ശതമാനം തൊഴിലാളികൾ പാറപൊട്ടിക്കലിലും അനുബന്ധ തൊഴിലുകളിലും ഏർപ്പെട്ടിരുന്നുവെങ്കിലും സർക്കാർ ഏർപ്പെടുത്തിയ കടുത്ത നിയന്ത്രണങ്ങൾ ഇവരെയും തൊഴിൽരഹിതരാക്കിയിരിക്കുകയാണ്.

പഞ്ചായത്തിലാകെ പട്ടികജാതി പട്ടിക വർഗത്തിൽപ്പെട്ട 20പേരാണ് സർക്കാർ സർവീസിലുള്ളത്. വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സർക്കാർ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും ഇവരുടെ ഉയർച്ചക്ക്വും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കഴിഞ്ഞിട്ടില്ല. പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ ഇവരുടെ തൊഴിൽസാധ്യത വർധിപ്പിക്കുന്നതിനു വേണ്ടി ഒട്ടേറെ പദ്ധതികൾ വിഭാവന ചെയ്യുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വായ്പകൾ നൽകാൻ ബാങ്കുകളും മറ്റ് ധനകാര്യസ്ഥാപനങ്ങളും മടികാണിക്കുന്നു. ബാങ്കുകൾ മുന്നോട്ടുവെക്കുന്ന നിബന്ധനകൾ ഒരുപരിധി വരെ ഈ വിഭാഗത്തെ പിന്തിരിപ്പിക്കുന്നു.

വിദ്യാഭ്യാസം

പുല്ലമ്പാറ പഞ്ചായത്തിൽ ആകെ 8 സ്കൂളുകളാണ് നിലവിലുള്ളത്. 685 പട്ടികജാതിപട്ടികവർഗ വിദ്യാർത്ഥികൾ പഠിക്കുന്നു. 337 ആൺകുട്ടികളും 348 പെൺകുട്ടികളുമാണ് ഉള്ളത്. പട്ടികവർഗത്തിൽപ്പെട്ട 12ഉം. വിദ്യാഭ്യാസ നിലവാരം മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് പലരെ താഴെയാണ്. ദാരിദ്ര്യം, സാമ്പത്തിക പരാധീനത, കോളനികളിലെ അടിസ്ഥാന സൗകര്യമില്ലായ്മ തുടങ്ങിയ കാര്യങ്ങൾ ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ സാരമായി ബാധിക്കുന്നു. 90% കുട്ടികളും ഹൈസ്കൂൾ വിദ്യാഭ്യാസത്തോടെ പഠനം നിർത്തുന്ന സ്ഥിതിയാണുള്ളത്. കോളേജ് വിദ്യാഭ്യാസം നടത്തുന്നത് 4% പേരാണ്.

സാധ്യതകൾ

1. എല്ലാ വാർഡുകളിലും പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വന്തമായി വീട് നിർമ്മിക്കുന്നതിന് വായ്പ ലഭ്യമാക്കു
2. നിലവിലുള്ള വായ്പാതുക വർധിപ്പിക്കുക.
3. വായ്പ നൽകുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കുക.
4. കോളനികളുടെ ഭവനനിർമ്മാണം പൂർണമായും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലാകണം.
5. കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് നിലവിലുള്ള കിണറുകൾ, കുഴൽകിണറുകൾ, കുളങ്ങൾ എന്നിവ ശുദ്ധീകരിച്ച് ഉപയോഗക്ഷമമാക്കുക.
6. കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് മൂന്നാം വാർഡിലെ വാലിക്കുന്ന്, ചെമ്മണ്ണുംകുന്ന്, ആറാം വാർഡിലെ ഗുളിക്കുന്ന്, എട്ടാം വാർഡിലെ വാലുപാറ, ഒന്നാം വാർഡിലെ പുലയരുകുന്ന് എന്നീ കോളനികളിലെ മിനി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക.
7. വൈദ്യുതി എത്തിയ എല്ലാ കോളനികളിലെയും വീടുകൾ സൗജന്യമായി വൈദ്യുതികരിക്കണം.
8. ഒന്നാം വാർഡിലെ മലവിള പുലയരുകുന്ന് കോളനി, മൂന്നാം വാർഡിലെ കുളപ്പുറം മിച്ചഭൂമി, ആറാം വാർഡിലെ ഗുളിക്കുന്ന്, 9-ാം വാർഡിലെ പുതുവൽ, 10-ാം വാർഡിലെ പൊന്നമ്പി എന്നീ കോളനികളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
9. കോളനിറോഡുകൾ ടാർ ചെയ്യുന്നതിനുള്ള പൂർണ അധികാരവും ഫണ്ടും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കുക.
10. ഒന്നാംവാർഡിലെ പുലയരുകുന്ന് റോഡ്, മൂന്നാം വാർഡിലെ ചലിപ്പൻകോണം, വാലിക്കുന്ന് റോഡ്, മൂന്നുതോട് മിച്ചഭൂമി റോഡ്, നാലാം വാർഡിലെ പൊയ്ക്കകം റോഡ്, വേങ്കമല-മുത്തിക്കാവ് റോഡ്, എട്ടാം വാർഡിലെ വാലുപാറ-തേമ്പാംമുട് റോഡ്, 9-ാം വാർഡിലെ പുതുവൽ-നാഗരുകുഴി റോഡ്, 10-ാം വാർഡിലെ പൊന്നമ്പി റോഡ് എന്നിവ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.
11. കാർഷികമേഖല കാര്യക്ഷമമാക്കിക്കൊണ്ടും പരമ്പരാഗത വ്യവസായങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടും പട്ടികജാതി പട്ടികവർഗക്കാരായ യുവതീയുവാക്കൾക്ക് തൊഴിൽലഭ്യത ഉറപ്പുവരുത്തണം.
12. പുതുവൽ കേന്ദ്രമാക്കി പരമ്പ്, കുട്ട എന്നിവയുടെ ഉൽപ്പാദനവും വിറ്റഴിക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തണം.
13. പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് ട്യൂഷൻ സെൻറർ സ്ഥാപിക്കുക.
14. പട്ടികജാതിപട്ടികവർഗക്കാരുടെ കുട്ടികളുടെ ഡ്രോപ്സംഗ്രാന്റ് വർധിപ്പിക്കുക.
15. ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിന് പഞ്ചായത്തുഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങി നൽകുക.
16. കോളനികളിലെ മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് സർക്കാരിന്റെയും ഗവൺമെന്റേതര ഏജൻസികളുടെയും നേതൃത്വത്തിൽ പദ്ധതികൾ ആരംഭിക്കുക.
17. പഞ്ചായത്തിലെ ഏ ഹരിജൻ സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
18. കോളനികൾ കേന്ദ്രീകരിച്ച് നഴ്സറിസ്കൂളുകൾ ആരംഭിക്കുക.
19. കോളനികൾ കേന്ദ്രീകരിച്ച് വായനശാലകൾ ആരംഭിക്കുക.
20. കോളനി നിവാസികൾക്ക് ഉപയോഗപ്രദമായി പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് ഒരു പൊതുശൗചാലയം നിർമ്മിക്കുക.
21. ഹരിജൻ വനിതാ സഹകരണസംഘം സ്ഥാപിക്കുക.
22. പഞ്ചായത്ത് പുറമ്പോക്കുഭൂമി പാട്ടത്തിനു നൽകി കൃഷി ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് അനുവാദം നൽകുക.
23. വേങ്കമല ഗിരിജൻ കോളനി സർക്കാർ അംഗീകൃത കോളനിയായി പ്രഖ്യാപിക്കുക.
24. കോളനി പ്രദേശങ്ങളിലെ സാക്ഷരാപ്രവർത്തനം കാര്യക്ഷമമാക്കുക.
25. ക്ഷയം, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ ബാധിച്ച പട്ടികജാതി പട്ടികവർഗക്കാർക്ക് ഗവർമെൻറ് അനുവദിച്ചിട്ടുള്ള പെൻഷൻ അവർക്കുതന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

പട്ടിക I

	വാർഡ്	കോളനികളുടെ പേര്	വീടുകൾ	അംഗങ്ങൾ
1	I	ബാലൻപച്ച	15	70
2		വട്ടയം ലക്ഷംവീട്	18	69
3		മലവിള	14	60
4		പുലയർകുന്ന്	20	78
5		പന്തുവിക്കോണം	11	45
6	2	കടുവാക്കുഴി കോളനി	24	100
7		പണ്ടാരത്തോട്	20	98
8	3	കുളപ്പുറം	25	78
9		പൊരുന്നുകുന്ന്	24	95
10		വാഴിക്കുന്ന്	35	125
11		ചരിപ്പുകോണം	15	65
12		മിച്ചമൂല	18	64
13		മുത്തിപ്പാറ	11	38
14		യക്കോൻചിറ	12	34
15	4	പൊയ്കക്കര	17	118
16		തെള്ളിക്കച്ചാൽ മണ്ണാടി	12	68
17	5	മന്തുംകൈത	12	64
18	6	ഗുളികുന്ന്	35	125
19		പേപ്പിലോട്	26	95
20		ചാത്തിക്കുഴി തിട്ടയിൽ	12	55
21	7	അമ്പലംകല്ല്	12	54
22		വെങ്കല ഗിരിജൻകോളനി	15	64
23		കോട്ടവരമ്പ്	17	78
24		മരുകുഴി	11	45
25		തൊട്ടുവിള	10	35
26		മുത്തിക്കോവ്	10	58
27	8	ആനകുഴി വട്ടപ്പാറ	35	165
28		വാമൂഴപാറ	40	186
29		ചാവരനാട്	28	125
30		മീൻമൂട്	14	85
31	9	അവരുംകുന്ന്	42	209
32		പുതുവൽ	28	125
33		വയാനിക്കോണം	12	66
34	10	കുന്നത്തണി	14	65
35		പൊന്നമ്പി	30	112
36		ഇരുപ്പിൻകോണം	11	65

അംഗീകൃതകോളനികൾ				
പട്ടിക 2				
	വാർഡ്	കോളനികളുടെ പേര്	വീടുകൾ	അംഗ സംഖ്യ
1	I	ബാലൻപച്ച	20	70
2		വട്ടയം ലക്ഷംവീട്	21	69
3		മലവിള പുലയർകുന്ന്	25	80
4	2	കടുവാക്കുഴി കോളനി	22	100
5	3	കുളപ്പുറം	25	78
6		വാലിക്കുന്ന് (യാക്കൻചിറ)	35	125
7		പെരുമ്പുംകുന്ന്-കുളപ്പുറം	24	95
8		ചരിപ്പംകോണം	15	65
9		കുളപ്പുറം മിച്ചഭൂമി	16	64
10	4	പൊയ്കകര	17	116
11	6	ഗുരിക്കുന്ന് IHDP	35	125
12	8	ആനക്കുഴി, വട്ടപ്പാറ	35	165
13		വാഴുപാറ	40	186
14		ചാവരോട്, പുതുവൽ	26	125
15	7	തൂക്കുടിൽ	12	54
16	9	തേവരുകുന്ന്,	42	209
17		വാഴ്യോരുകോണം	12	65
18	10	പൊന്നമ്പി	30	112
		ആകെ	456	1903


അംഗീകരം കിട്ടേണ്ട കോളനികൾ			
പട്ടിക 3			
വാർഡ്	കോളനികളുടെ പേര്	വീടുകൾ	അംഗങ്ങൾ
I	പുന്തപ്പാവിക്കോണം	22	123
II	പണ്ടാരത്തോട്	20	98
III	മുത്തിപ്പാറ	11	38
	യാക്കൻചിറ	12	34
IV	തെള്ളിക്കച്ചൽ മണ്ഡോടി	12	68
V	നെടുംകൈത	12	64
VI	പേപ്പിലോട്	28	95
	ചാത്തിക്കുഴി	12	55
VII	വേങ്കമല ഗിരിജൻകോളനി	15	66
	കോട്ടവരമ്പ്	17	78
	മാങ്കുഴി	11	45
	മൊട്ടവിള	10	35
	മുത്തിക്കോവ്	10	56
	അമ്പലംകല്ല് വേങ്കാട്	22	110
VIII	മീൻമുട്ട്	14	85
IX	പുതുവൽ	28	125
X	കുന്നാണി	14	65
	ഇരുപ്പൻകോണം	11	85
	ആകെ	257	195

അംഗീകൃത കോളനികൾ

പട്ടിക 4

		റോഡുകൾ	വൈദ്യുതി	കുടിവെള്ളം		കക്കൂസ്	
വാർഡ്	കോളനികളുടെ പേര്	ഗതാഗതയോഗ്യമുള്ളവ/ അല്ലാത്തവ	വൈദ്യുതി ഉള്ളത്/ ഇല്ലാത്തത്	കുടിവെള്ളം ഉള്ളത്/ ഇല്ലാത്തത്	വീടുകൾ	ഉള്ളത്	ഇല്ലാത്ത വീടുകൾ
I	ബാലൻപച്ച	ഉണ്ട്	ഉണ്ട്	ഇല്ല	20	-	20
	വട്ടയം ലക്ഷംവീട്	ഇല്ല	ഇല്ല	ഇല്ല	21	3	18
	മലവിള പുലയരുകുന്ന്	ഇല്ല	ഉണ്ട്	ഇല്ല	25	5	20
II	കടുവാക്കുഴി	ഇല്ല	ഇല്ല	ഉണ്ട്	22	7	15
III	കുളപ്പുറം	ഇല്ല	ഉണ്ട്	ഇല്ല	25	3	22
	വാലിക്കുന്ന്	ഇല്ല	ഉണ്ട്	ഇല്ല	35	3	32
	ചെമ്മണ്ണുംകുന്ന്	ഉണ്ട്	ഇല്ല	ഇല്ല	24	2	22
	ചലിപ്പൻകോണം	ഇല്ല	ഉണ്ട്	ഇല്ല	15	5	10
	കുളപ്പുറം മിച്ചഭൂമി	ഇല്ല	ഇല്ല	ഇല്ല	18	3	15
IV	പൊയ്ക്കകം	ഇല്ല	ഉണ്ട്	ഉണ്ട്	17	-	17
VI	ധ്രുളിക്കുന്ന്	ഉണ്ട്	ഇല്ല	ഇല്ല	35	5	30
VII	മുക്കുടിൽ	ഇല്ല	ഇല്ല	ഇല്ല	12	5	7
VIII	ആനക്കുഴി-വട്ടപ്പാറ	ഇല്ല	ഇല്ല	ഇല്ല	35	3	32
	വാഴോപാറ	ഇല്ല	ഇല്ല	ഇല്ല	40	3	37
	ചാവറോട് പുതുവൽ	ഇല്ല	ഇല്ല	ഇല്ല	28	5	23
IX	തേവരുകുന്ന്	ഇല്ല	ഇല്ല	ഇല്ല	42	-	42
X	വായ്യാരുകോണം	ഉണ്ട്	ഉണ്ട്	ഇല്ല	12	-	12
	പൊന്നമ്പി	ഉണ്ട്	ഉണ്ട്	ഇല്ല	30	5	25
			ആകെ		456	57	399

അംഗീകാരം കിട്ടേണ്ട കോളനികൾ							
പട്ടിക 5							
വാർഡ്	കോളനികളുടെ പേര്	റോഡുകൾ	വൈദ്യുതി	കുടിവെള്ളം	ആകെ വീടുകൾ	കക്കൂസ് ഉള്ള വീടുകൾ	കക്കൂസ് ഇല്ലാത്ത വീടുകൾ
		ഗതാഗത യോഗ്യമുള്ളവ	ഉള്ളത് ഇല്ലാത്തത്	ഉള്ളത് ഇല്ലാത്തത്			
I	പന്തപ്ലാവിക്കോണം	ഇല്ല	ഇല്ല	ഇല്ല	22	2	20
II	പണ്ടാരത്തോട്	ഇല്ല	ഉണ്ട്	ഇല്ല	20	5	15
III	മുത്തിപ്പാറ	ഉണ്ട്	ഇല്ല	ഇല്ല	11	-	11
	യാക്കോൻചിറ	ഇല്ല	ഇല്ല	ഇല്ല	12	-	12
IV	തെള്ളിക്കച്ചാൽ മണ്ണാടി	ഇല്ല	ഇല്ല	ഇല്ല	12	3	9
V	നെടുംകൈത	ഇല്ല	ഇല്ല	ഇല്ല	12	2	10
VI	ചേപ്പിലോട്	ഇല്ല	ഇല്ല	ഇല്ല	26	3	23
	ചാത്തിക്കുഴി തിട്ടയിൽ	ഇല്ല	ഇല്ല	ഇല്ല	12	-	12
VII	വേങ്കമല ഗിരിജൻകോളനി	ഇല്ല	ഇല്ല	ഇല്ല	15	-	15
	കോട്ടവരമ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	17	-	17
	മാങ്കുഴി	ഇല്ല	ഇല്ല	ഇല്ല	11	2	9
	മൊട്ടവിള	ഇല്ല	ഇല്ല	ഇല്ല	10	-	10
	തുമ്പിക്കോവ്	ഇല്ല	ഇല്ല	ഇല്ല	10	-	10
VIII	മീൻമൂട്	ഇല്ല	ഇല്ല	ഇല്ല	14	4	10
	പുതുവൽ	ഉണ്ട്	ഉണ്ട്	ഇല്ല	28	-	28
X	കുന്താണി	ഉണ്ട്	ഉണ്ട്	ഇല്ല	14	2	12
	ഇരപ്പൻകോണം	ഇല്ല	ഇല്ല	ഇല്ല	11	-	11
				ആകെ	257	23	234



5.12

വിഭവസമാഹരണം

വിഭവ സമാഹരണം

വിവേങ്ങളുടെ സന്തുലിതവും ശാസ്ത്രീയവുമായ ഉപയോഗത്തിലൂടെ മാത്രമേ ഒരു രാജ്യത്തിനു സാമ്പത്തിക പുരോഗതി നേടാൻ കഴിയുകയുള്ളു എന്ന ആശയം 1930കളിൽ ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി ഇന്ത്യയിൽ പ്രചരിച്ചു. സാമ്പത്തിക ആസൂത്രണം എന്ന ആശയമായിരുന്നു ഈ വീക്ഷണ ഗതിക്ക് പിന്നിലുണ്ടായിരിക്കുന്നത്. സാമ്പത്തിക ആസൂത്രണം ലോകത്താദ്യമായി ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയത് റഷ്യയിലായിരുന്നു. 1950ൽ ഇന്ത്യയിൽ പ്ലാനിംഗ് കമ്മീഷൻ രൂപീകരിച്ചു. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽ നെഹ്റുവായിരുന്നു ഇതിന്റെ ആദ്യത്തെ ചെയർമാൻ. പൊതുമേഖലക്ക് മുൻഗണനയും സ്വകാര്യ മേഖലക്ക് പ്രോത്സാഹനവും നൽകിക്കൊണ്ടുള്ള ഒരു സമ്മിശ്ര സമ്പദ് വ്യവസ്ഥ എന്ന തത്വം അംഗീകരിച്ചു.

ഒമ്പതാം പഞ്ചവത്സര പദ്ധതി കേരള സർക്കാർ ജനകീയ ആസൂത്രണ പദ്ധതിയായി നടപ്പിലാക്കാൻ പോവുകയാണല്ലോ. ഈ അവസരത്തിൽ സാമ്പത്തിക ആസൂത്രണത്തിന്റെ ഭാഗമായി വിഭവ സമാഹരണത്തിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതാണ്. നമ്മുടെ രാഷ്ട്ര പിതാവിന്റെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ് സ്വാതന്ത്ര്യ ലബ്ധിയുടെ അമ്പതാം വാർഷികത്തോടെയാണെങ്കിലും തുടക്കമാവുന്നതിന്റെ പ്രാരംഭ ഘട്ടമായി ഇതിനെ നമുക്ക് കണക്കാക്കാം.

പുല്ലമ്പാറ പഞ്ചായത്ത് ഒരു അവികസിത മേഖലയാണ്. മൊത്തം ജനസംഖ്യയുടെ 80%വും കാർഷിക മേഖലയിലാണ്. ഈ പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ് (എണ്ണം 2585). പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നങ്ങൾ - റബ്ബർ, തെങ്ങ്, നെല്ല്, മരച്ചീനി, വാഴ, കുരുമുളക് മുതലായവ. രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ് നെടുമങ്ങാട് താലൂക്കിൽ ഏറ്റവും കൂടുതൽ മരിച്ചിനീ കൃഷിചെയ്തിരുന്ന ഈ പഞ്ചായത്തിലെ കൃഷിയിടങ്ങളിൽ ഇപ്പോൾ റബ്ബറാണ് കൃഷി ചെയ്തു വരുന്നത്. റബർ കൃഷിക്ക് വളരെയധികം അനുയോജ്യമായ നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദന ക്ഷമത വളരെയധികം കുറവായി കണ്ടുവരുന്നു. റബർ നഴ്സറികളുടെ അംഗീകാരം റബർ ബോർഡ് പുനസ്ഥാപിക്കേണ്ടതാണ്.

ശാസ്ത്രീയമായ കൃഷിരീതിയുടെ അഭാവവും അത്യുൽപ്പാദന ശേഷിയുള്ള നല്ലയിനം ബഡ് തൈകളുടെ ലഭ്യതയില്ലായ്മയുമാണ് ഇതിനു കാരണം. നാളീകേര

ഉൽപ്പാദനം പ്രതിവർഷം കുറഞ്ഞു വരുന്നതും നെൽപ്പാടങ്ങൾ ഇതര കാർഷിക വിളകൾക്ക് വഴിമാറുന്നതും കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതും ആശങ്കാജനകമാണ്. കൃഷി ഭവനുകളുടെ സേവനം റബർ കർഷകർക്കു കൂടി ലഭ്യമാകത്തക്കവിധം പുനസംവിധാനം ചെയ്യണം. ചെറുകിട നാമമാത്ര കർഷകരെ സഹായിക്കുവാൻ വാർഡ് അടിസ്ഥാനത്തിൽ റബ്ബർ ബോർഡിന്റെ അംഗീകാരമുള്ള റബർ ക്ലിനിക്കുകൾ സ്ഥാപിക്കേണ്ടതാണ്. കാർഷിക വ്യാവസായിക രംഗങ്ങളിൽ പൂർണ്ണമായും ഇടപെടാനുള്ള അവസരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഈ രംഗങ്ങളിൽ പുരോഗതിയുടെ കുതിച്ചു ചാട്ടം തന്നെ ഉണ്ടാകും.

നികുതി പിരിച്ചെടുക്കുന്ന മേഖലയിൽവച്ചു തന്നെ പഞ്ചായത്തുകൾക്ക് കൈമാറാനുള്ള നിയമ നടപടികൾ ഉണ്ടാകണം. സർക്കാർ ഗ്രാന്റുകൾ തുല്യ രീതിയിലല്ല സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. വിവിധ സ്ഥാപനങ്ങളും താൽപ്പര്യങ്ങളുമാണ് ഇവിടെ കാണുന്നത്. പഞ്ചായത്തിന്റെ വരുമാനത്തേയും ചെലവിനേയും സംബന്ധിക്കുന്ന പട്ടിക, പൊതുസാമ്പത്തിക നില എന്നിവ ചുവടെ ചേർക്കുന്നു.

പട്ടിക 1 വരുമാനത്തിലെ വ്യതിയാനം

ഇനം	1995-96	1995-96	വ്യതിയാനം	ശതമാനം
കെട്ടിടനികുതി	34665	73156	38491	111.00
തൊഴിൽനികുതി	17997	62535	44538	247.00
ജെ.ആർ.വൈ	-	232400		-
ഗ്രാൻറുകൾ-സംഭാവനകൾ	54596	482884	428288	784.47
അൺടൈഡ്	-	289490	-	-
മണൽ	353278	168961	-184317	52.17
വസ്തു കൈമാറ്റനികുതി 75%	83586	118230	34644	41.48
വസ്തു കൈമാറ്റ നികുതി 25%	34388	100000	65612	190.80
വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ	-	464884	-	-
ചന്തവരവ്	5748	2670	-3078	53.54
ലൈസൻസ് ഫീസ്	1176	1720	544	46.25
ഡെപ്പോസിറ്റ്	21583	7850	-13733	63.63
കെട്ടിടനികുതി സർച്ചാർജ്	-	3718	-	-
മറ്റുള്ളവ	373815	181964	-191851	51.32
പട്ടരങ്ങൾ, ഫല വൃക്ഷങ്ങൾ, പവർ	6773	5875	-898	13.26

കെട്ടിട നികുതി

1 തനതു വരുമാനത്തിൽ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് നികുതിയിലൂടെയാണ്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കെട്ടിട നികുതിയുടെ വർദ്ധനവ് 111.04% ആണ്. എന്നാൽ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീട് നിർമ്മാണത്തിലെ അനാവശ്യമായ ധൂർത്ത് നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്കരിക്കേണ്ടതാണ്. ആഡംബര വസ്തുക്കൾ ഉപയോഗിച്ചിട്ടുള്ള വീടുകൾക്ക് പ്രത്യേക നികുതി ചുമത്താവുന്നതാണ്. വാടക കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതാണ്. വീട് അസസ്സ് ചെയ്തത് എങ്ങനെയെന്ന് ഓരോ വീട്ടുടമസ്ഥനേയും ബോധ്യപ്പെടുത്തണം.

തൊഴിൽ നികുതി

മറ്റൊരു പ്രധാനപ്പെട്ട വരുമാനമാർഗ്ഗമാണ് തൊഴിൽ നികുതി. പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് സ്കൂളുകളിൽ ജോലിചെയ്യുന്നവരിൽനിന്നും മാത്രമേ തൊഴിൽ നികുതി ഈടാക്കുന്നുള്ളു. തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ മുഴുവൻ അവർ തൊഴിൽ ചെയ്യുന്ന മേഖലയുടെ അടിസ്ഥാന

			1985-86
	പൊതു സാമ്പത്തിക നില	മൂലധന കണക്ക്	കടം സംബന്ധിച്ച കണക്ക്
വരവ്	596862	11450	21698
ചെലവ്	305560	11450	55271
			1995-96
വരവ്	1270505.15	124123	13208.6
ചെലവ്	745281.35	124123	2700

ത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിൽ കൊണ്ടുവരുകയും ഗ്രൂപ്പിൽ അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും വേണം.

വിനോദ നികുതി

നമ്മുടെ പഞ്ചായത്തിൽ വിനോദ നികുതി

ഇനത്തിൽ വരുമാനം ഒന്നും തന്നെയില്ല. തേമ്പാംമൂട്ടിൽ ഒരു സിനിമാ തീയേറ്റർ സ്ഥാപിക്കാനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതുപോലെ ഒരു ആഡിറ്റോറിയം ഉചിതമായ സ്ഥലത്ത് സ്ഥാപിച്ച് അതിൽ നടക്കുന്ന പരിപാടികൾക്ക് നികുതി ചുമത്താവുന്നതാണ്. അരുവിപ്പുറം - ഇരപ്പിൽ കടവ് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാവുന്നതാണ്. വേങ്കമല ഭഗവതിക്ഷേത്രത്തോട് അഭേദ്യമായ ബന്ധമുള്ള വേങ്കമലക്കുന്ന് (സമുദ്ര നിരപ്പിൽനിന്നും 1500 അടി ഉയർച്ച) ഒരു വിനോദ തീർത്ഥാടന കേന്ദ്രമാക്കി ഉയർത്തുവാനുള്ള ശ്രമങ്ങൾ ചെയ്യേണ്ടതാണ്. ചെല്ലഞ്ചിയിൽ ഒരു ബോട്ട് ക്ലബ്ബ് ഉണ്ടായാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും.

ഷോപ്പിംഗ് കോപ്ലംക്സ്

പഞ്ചായത്ത് ആപ്പീസ് ഏതാണ്ട് 25 സെന്റോളം ഉണ്ട്. ഇപ്പോൾ നിലവിലുള്ള കെട്ടിടം പഴക്കം ചെന്നതാണ്. ഓഫീസ് കെട്ടിടം, ഷോപ്പിംഗ് കോപ്ലക്സ്, ആഡിറ്റോറിയം ഉൾപ്പെടുന്ന ബഹുനില മന്ദിരമായി പണിയാവുന്നതാണ്. വാടകയിനത്തിൽ നല്ലൊരു വരുമാനം പഞ്ചായത്തിനു പ്രതീക്ഷിക്കാം. (നവചേതന സാംസ്കാരിക വേദി തദ്ദേശസ്വയം ഭരണ മന്ത്രിക്ക് ഇതുസംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ട്). പഞ്ചായത്തിന് ഈ കെട്ടിടം പണിയുന്നതിനുവേണ്ടി റൂറൽ ഡവലപ്പുമെന്റ് ബോഡുപോലുള്ള ഏജൻസികളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിനിന്നോ വായ്പകൾ എടുക്കാവുന്നതാണ്.

കച്ചവട ലൈസൻസ്

കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ഫീസ് നമ്മുടെ പഞ്ചായത്തിൽ ശരിയായ വിധം പിരിച്ചെടുക്കുന്നില്ല. ഇത് കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ കച്ചവടക്കാരുടെ കണക്ക് ശേഖരിക്കുകയും ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും വേണം. വായ്പപോലുള്ള ആവശ്യങ്ങൾക്കുവേണ്ടി മാത്രമാണ് കച്ചവടക്കാർ ലൈസൻസിനായി പഞ്ചായത്തിനെ സമീപിക്കുന്നത്. ഈ അവസ്ഥ മാറണം.

മണലൂറ്റ്

നമ്മുടെ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ധനാഗമ മാർഗ്ഗങ്ങളിൽ ഒന്നായിരുന്നു വാമനപുരം നദിയിൽ അടിഞ്ഞുകൂടുന്ന മണൽ. അടുത്തകാലത്തായി പരിസ്ഥിതി പ്രശ്നത്തിന്റെ പേരിൽ കേരളത്തിലെ മേജർ നദികളിൽ നിന്നുള്ള മണലൂറ്റ് നിയമം മൂലം കേരള സർക്കാർ നിരോധിച്ചു. എന്നാൽ അനധികൃത മണലൂറ്റ് വർദ്ധിക്കുകയും പഞ്ചായത്തിനു ലഭിക്കേണ്ടുന്ന മണൽ ലേലത്തുക നഷ്ടപ്പെടുകയുമാണുണ്ടായത്. പരിസ്ഥിതി പ്രശ്നങ്ങൾ കർശനമായ വ്യവസ്ഥകൾക്ക് വിധേയമാക്കിക്കൊണ്ട് പഞ്ചായത്തിനു തന്നെ മണൽ ലേലം ചെയ്തു കൊടുക്കാനുള്ള അവകാശം പുനസ്ഥാപിക്കേണ്ടതാണ്.

പുറമ്പോക്ക് ഭൂമി

പഞ്ചായത്തു വക പുറമ്പോക്കു ഭൂമി, കുത്തക പാട്ട ഭൂമി ഇവ അളന്നു തിട്ടപ്പെടുത്താനുള്ള സംവിധാനം അടിയന്തരമായി ഉണ്ടാകണം. പഞ്ചായത്തിൽ നിന്ന് ലഭിച്ച വിവരങ്ങൾ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നവയല്ല. ഈ ഭൂമികൾ ശരിയായി വിനിയോഗിച്ചാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഈ സ്ഥലങ്ങളിൽ തേക്ക്, മഹാഗണി തുടങ്ങിയ വൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ചാൽ നല്ലൊരു മുതൽക്കൂട്ടായിരിക്കും.

ഖനനം

പഞ്ചായത്തിൽ കണ്ടുവരുന്ന അപൂർവ്വ ശേഖരങ്ങളിൽ ഒന്നാണ് വൈഡൂര്യ സമ്പത്ത് അനധികൃത ഖനനം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഷങ്ങളായി നടക്കുന്നുണ്ട്. കോടതികളിൽ വിലമതിക്കുന്ന അമൂല്യ രത്നങ്ങൾ സ്വകാര്യ സ്വത്തുക്കളായി മാറുന്നു. പഞ്ചായത്തിന്റെ വൈഡൂര്യ ഖനനം നടത്താനുള്ള അവകാശം നിയമപരമായി ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാറ ക്വാറികളിൽ നിന്നും ഒരു നിശ്ചിത തുക പഞ്ചായത്തിന് നികുതിയായി ഈടാക്കാവുന്നതാണ്.

വനിതാ സഹകരണ സംഘങ്ങൾ

വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ വേണ്ട പ്രോത്സാഹനം പഞ്ചായത്ത് കമ്മറ്റി മുൻകൈയെടുത്ത് ചെയ്യേണ്ടതാണ്. അതുവഴി ഓർക്കിട്, ആന്തൂറിയം, പുഷ്പക്കൃഷി, പച്ചക്കറി കൃഷി, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവക്ക് നല്ല സാധ്യതകൾ കാണുന്നു. തൊഴിലില്ലായ്മക്ക് പരിഹാരം കാണാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനും ഇതുവഴി കഴിയുന്നതാണ്. തൊഴിലില്ലാത്ത വനിതകളുടെ എണ്ണം പഞ്ചായത്തിൽ 73 ശതമാനമാണ്.

ടാക്സി സ്റ്റാൻഡ്

പഞ്ചായത്തിന്റെ ടാക്സി - കാർ, ജീപ്പുകൾ മറ്റ് വാഹനങ്ങൾ എന്നിവ കേന്ദ്രീകരിച്ചിരിക്കുന്ന തേമ്പാംമൂട് ജംഗ്ഷനിൽ പാർക്കിങ്ങിനായി ടാക്സി സ്റ്റാൻഡ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. വാഹന ഉടമകളിൽനിന്ന്

നിശ്ചിത ഫീസ് പാർക്കിങ്ങിനായി ഈടാക്കാവുന്നതാണ്. ഇതോടനുബന്ധിച്ച് കംഫർട്ട് സ്റ്റേഷനും വെയിറ്റിംഷെഡ്ഡും പണിയുന്നത് നന്നായിരിക്കും.

ബാങ്ക് ഫൈനാൻസിയേഴ്സ്

പഞ്ചായത്തിൽ പുല്ലമ്പാറ സർവ്വീസ് സഹകരണ ബാങ്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തേമ്പാംമൂട് ശാഖയുമാണ് ധനകാര്യ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നത്. എന്നാൽ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമായ നിലയിൽ അല്ല. ഈ രണ്ട് ധനകാര്യ സ്ഥാപനങ്ങൾ കൊണ്ടുമാത്രം പഞ്ചായത്തിന്റെ ബാങ്കിംഗ് ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റാൻ കഴിയുകയില്ല. ഗ്രാമീണ കാർഷിക വ്യാവസായിക വാണിജ്യ മേഖലകൾക്ക് മുൻതൂക്കം കൊടുക്കുന്ന ബാങ്കുകളുടെ ശാഖകൾ നമ്മുടെ പഞ്ചായത്തിൽ കടന്നുവരുന്നതിനുള്ള അവസരം കൊടുക്കേണ്ടതാണ്. അമിത പലിശക്ക് പണം കടം കൊടുക്കുന്ന സ്വകാര്യ പണമിടപാടുകാരുടെ സ്വാധീനം ഈ പഞ്ചായത്തിൽ വ്യാപകമായുണ്ട്. എസ്. ബി. ഐ. 1995 – 96ൽ 1,40,00,000 രൂപയാണ് വായ്പയായി ആകെ നൽകിയിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപത്തിന്റെ 80%മെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതുണ്ട്. പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബാദ്ധ്യരാകുന്ന നിയമം ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

മറ്റ് ധനാഗമമാർഗ്ഗങ്ങൾ

സ്ഥിരം തൊഴിലിലും സാമാന്യ സാമ്പത്തിക നിലവാരത്തിലും എത്തിച്ചേർന്ന ഗൾഫ് മലയാളികളുടെ ഒരു വൻനിര നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രധാന കാർഷിക വിളയായ റബ്ബറിനെ അസംസ്കൃത വസ്തുവാക്കി മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ഇടത്തരം റബ്ബർ അധിഷ്ഠിത വ്യവസായം ഇവിടെ ആരംഭിക്കാവുന്നതാണ്. ഇതിലേക്ക് ആവശ്യമായ മൂലധനം ശേഖരണം ഗൾഫ് മലയാളികളിൽനിന്ന് ഓഹരി മൂലധനമായി സ്വരൂപിക്കാവുന്നതാണ് (സഹകരണ മേഖല). ഇതിന് പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്. തേമ്പാംമൂട്ടിൽ പ്രവർത്തിക്കുന്ന പോസ്റ്റാപ്പീസിന്റെ വിപുലീകരണത്തിന് പൊതുകാര്യ പ്രസക്തനായ ഒരാൾ അഞ്ചുസെന്റ് സ്ഥലം സൗജന്യമായി നൽകിയിട്ടുള്ളതായി അറിയുന്നു. പഞ്ചായത്ത് വാടക കൊടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഈ സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് മാറ്റാവുന്നതാണ്. കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാനും നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കാനുമുള്ള ഒരു നല്ല പബ്ലിക്ക് മാർക്കറ്റിന്റെ അഭാവം കൂടിയുണ്ട്. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രത്തിൽ ഒരു പബ്ലിക്ക് മാർക്കറ്റ് ആരംഭിക്കാവുന്നതാണ്. ഇതിലൂടെ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും പാണയത്ത് ഒരു മാർക്കറ്റ് സ്ഥാപിക്കണമെന്നുള്ള നിർദേശവും ഗ്രാമസഭാ റിപ്പോർട്ടിലുണ്ട്. അതുപോലെ പ്രകൃതിദത്തമായി നല്ല ശുദ്ധജലം ലഭിക്കുന്ന ഉറവകളിൽ നിന്ന് വെള്ളം ശേഖരിച്ച് ഒരു മിനറൽ വാട്ടർ പ്ലാന്റ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. ഗൾഫ് ജോലിക്കാർ വാർഡ് തിരിച്ചുള്ള കണക്ക് താഴെ പട്ടികയിൽ കൊടുക്കുന്നു. ഇവരിൽ ഉയർന്ന സാമ്പത്തിക നിലയുള്ളവർ കുറവാണ്.

വാർഡ്	ഗൾഫ് ജോലിക്കാർ
ഒന്ന്	100
രണ്ട്	90
മൂന്ന്	100
നാല്	105
അഞ്ച്	60
ആറ്	50
ഏഴ്	70
എട്ട്	150
ഒമ്പത്	50
പത്ത്	100

അവലംബം: ഗ്രാമസഭാ റിപ്പോർട്ട്

മനുഷ്യാദ്ധ്വാനം

എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങളിൽ സംഭാവന ചെയ്യാമെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വിഭവം മനുഷ്യ വിഭവം തന്നെ. ഉൽപ്പാദന ഘടകങ്ങൾ എത്രയുണ്ടെങ്കിലും (തൊഴിൽശക്തി ഒഴികെ) മനുഷ്യാദ്ധ്വാനം കൂടാതെ അതിനെ ഉപയോഗിക്കുവാൻ കഴിയുകയില്ല.

മനുഷ്യാദ്ധ്വാനം ഉപയോഗിക്കാവുന്ന മേഖലകൾ റോഡുകൾ, ശുദ്ധജല വിതരണം എന്നിവയാണ്. ഇവ സംരക്ഷിക്കുന്നതിനുവേണ്ടി അതാതു പ്രദേശത്തെ സാമൂഹ്യ പ്രവർത്തകരെ ഉൾപ്പെടുത്തി പൊതുമുതൽ സംരക്ഷണ സമിതി രൂപീകരിക്കുകയും അതാത് പ്രദേശത്തെ മരാമത്ത് പണികൾ ഇത്തരം സമിതികളെ ഏൽപ്പിക്കുകയും ചെയ്താൽ പാഴ്ച്ചെലവ് ഒഴിവാക്കാം. മനുഷ്യാധ്വാനം പഠന നിലവാരം ഉയർത്താനും ആരോഗ്യ വിദ്യാഭ്യാസത്തിനും കൃഷിക്കും വ്യവസായത്തിനും തുടങ്ങിയ ഒട്ടനവധി മേഖലകളിൽ ഉപയോഗിക്കാം. സാംസ്കാരിക സംഘടന

കൾക്ക് വളരെ സ്വാധീനമാണ് ഈ പഞ്ചായത്തിൽ. അതു കൊണ്ട് ഈ സംഘടനകളുടെ ഇടപെടൽ ഈ മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കും.

ചെലവിനങ്ങൾ

അവികസിതമായ നമ്മുടെ പഞ്ചായത്തിൽ വിഭവങ്ങൾ ചെലവഴിക്കുന്നത് ഇതുവരെ പ്രത്യുൽപ്പാദന പരമല്ലാത്ത രീതിയിലാണ്. പൊതുചെലവുകൾ ഉൽപ്പാദന മേഖലകളിൽ ഉപയോഗിച്ചാൽ സമഗ്ര പുരോഗതി സാധ്യമാകും.

1995 - 1996ലെ മൊത്തം ചെലവിന്റെ 69.34% ആണ് ഭരണ ചെലവ്. പൊതുമരാമത്തിനു വെറും 4.9% ആണ്. വൈദ്യുതിക്കുവേണ്ടി മൊത്തം ചെലവിന്റെ 10.86%വും വിദ്യാഭ്യാസത്തിന് 1.56%വും മറ്റിനങ്ങൾക്കുവേണ്ടി 11.6%വും ആരോഗ്യത്തിന് 1.47%വീതമാണ് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത്. ഇതിൽ പൊതുമരാമത്തിന് ചെലവഴിച്ചത് പഞ്ചായത്ത് റോഡുകളുടെ റിപ്പയർ ജോലികൾക്കായിരുന്നു. പഞ്ചായത്തിന്റെ വിഭവ ചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണ്. ഇതിന് മനുഷ്യപ്രയത്നം വേണ്ടുവോളം ഉപയോഗിക്കാവുന്നതാണ്.

പൊതുഭരണ ചെലവിൽ വന്ന അത്ഭുതപൂർവമായ വർദ്ധനവിൽ വലിയ മാറ്റം വരുത്താൻ പഞ്ചായത്തിനു സാധിക്കുകയില്ല. പഞ്ചായത്തിന്റെ J.R.Y. പണി സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

വർഷം	ആകെ തുക
1991-92	4,61,078/-
1992 -93	4,08,229/-
1993-94	9,35,229
1994-95	പുതിയ ആക്ഷൻ പ്ലാനില്ല.
1995-96	7,06,113/-

ജെ. ആർ. വൈ. ഫണ്ട് പഞ്ചായത്തിന്റെ പൊതുമരാമത്ത് പണിക്കും ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനത്തിനുമാണ് ചെലവഴിച്ചിട്ടുള്ളത്.

പ്രശ്നങ്ങൾ:

പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല. ഉദാ. 1985 - 86ൽ പഞ്ചായത്തിൽ ആകെ വരവ് 2400 രൂപയും 95-96ൽ 26,168 രൂപയും പിരിച്ചെടുക്കാനുണ്ട്.

2. ഭരണ ചെലവ് വളരെ വർദ്ധനവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1985 - 86ലെ ഭരണ ചെലവ് മൊത്തം ചെലവിന്റെ 40.72%മായിരുന്നത് 95-96ൽ 69.4%മായി. ഈ കാലയളവിനുള്ളിലെ വർദ്ധനവ് 28.62%മാണ്.

3. പഞ്ചായത്തിന്റെ പൊതുടെൻഡറുകളിൽ കോൺട്രാക്ടറിന്റെ അമിതലാഭം മറ്റൊരു പ്രശ്നമാണ്.

4. പഞ്ചായത്തിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യത്തിന് വായ്പകൾ ലഭിക്കുന്നില്ല.

5 പൊതുഫണ്ടുകളുടെ ദുർവിനിയോഗം ഒരളവോളം പഞ്ചായത്തിൽ കാണാൻ കഴിയും. വികസന കാര്യങ്ങളിൽ പ്രാദേശിക ആവശ്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള സ്കീമുകൾ തയ്യാറാക്കാത്തതിന്റെ അപാകത.

7 പഞ്ചായത്തിന്റെ സന്നദ്ധ പ്രവർത്തകരുടെ താൽപ്പര്യക്കുറവ് എല്ലാ മേഖലകളിലും നിഴലിക്കുന്നു.

8 പഞ്ചായത്തിൽ തൊഴിലില്ലായ്മ അതിരൂക്ഷമാണ്.

സാധ്യതകൾ

1 പഞ്ചായത്തിന്റെ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതുണ്ട്. അതുപോലെ കെട്ടിടങ്ങൾക്കും മറ്റും നികുതി ചുമത്തുന്ന രീതിയിൽ ശാസ്ത്രീയ മാറ്റങ്ങൾ വരുത്തേണ്ടതാണ്. നികുതി വെട്ടിപ്പുകൾ കർശനമായി തടയണം.

2 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് പുതിയ സേവനങ്ങൾ നൽകി അവക്ക് ചാർജ് ഈടാക്കാം. ഷോപ്പിംഗ് കോംപ്ലക്സ് ടൂറിസം മേഖല മുതലായവ.

4 പഞ്ചായത്തിന് ക്ഷേമപ്രവർത്തനങ്ങൾക്കും മറ്റും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ സ്വീകരിച്ച് ഉപയോഗിക്കാവുന്നതാണ്. പാർപ്പിടം, കുടിവെള്ളം, ഊർജ്ജം എന്നീ മേഖലകളിൽ ഇവ ഉപയോഗിക്കാം.

5 നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റ് സാമൂഹ്യ പ്രവർത്തനങ്ങൾക്കും സന്നദ്ധ പ്രവർത്തനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താം.

6 വിദ്യാഭ്യാസ, ആരോഗ്യ പ്രവർത്തനങ്ങൾക്ക് പൊതുകാര്യ പ്രസക്തരിൽ നിന്ന് ധനസഹായം സംഭാവനയായി സ്വരൂപിക്കാവുന്നതാണ്.

7 പഞ്ചായത്തിന് ഒരു ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കണം.

8 പഞ്ചായത്തിന്റെ ചെലവുകൾ സുതാര്യമാക്കുവാനുള്ള നടപടി സ്വീകരിക്കുക. ഉദാ. കണക്കുകൾ അച്ചടിച്ച്


പ്രസിദ്ധീകരിക്കുക, ഗ്രാമസഭകളിൽ അവതരിപ്പിക്കുക.

9 സന്നദ്ധസംഘടനകൾക്കുള്ള സഹായ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള പദ്ധതി രജിസ്റ്റർ ചെയ്ത വികസന സമിതികൾക്ക് കേന്ദ്ര ഗവർമെണ്ട് ഏജൻസികളിൽ നിന്ന് പലവിധ വികസന പ്രവർത്തനങ്ങൾക്കായി പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം ലഭിക്കും.

10 അധികാര വികേന്ദ്രീകരണത്തിനുവേണ്ടിയുള്ള സെൻ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് എത്രയും പെട്ടെന്ന് നടപ്പാക്കുക. ഗ്രാമ പഞ്ചായത്തിലെ ജോലി ഭാരം കണക്കിലെടുത്ത് സ്റ്റാഫ് ഘടന പുതുക്കി നിശ്ചയിക്കണം. പഞ്ചായത്തുകൾക്കുള്ള ഉപാധി രഹിത ഫണ്ടിന്റെ വിനിയോഗത്തിന് സർക്കർ ഏർപ്പെടുത്തിയ ഉപാധികൾ പിൻവലിക്കണം. ഗ്രാമവികസനത്തിന് ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 100 കോടി രൂപയുടെ വിഹിതം ഉടൻ ഗവൺമെൻറ് നൽകുക. കത്താത്ത തെരുവു വിളക്കുകൾക്ക് വൈദ്യുതിചാർജ് അടക്കാതിരിക്കാൻ പ്രത്യേക മീറ്റർ സ്ഥാപിക്കണം. പഞ്ചായത്ത് നൽകാനുള്ള വെള്ളക്കര കുടിശ്ശിക എഴുതിത്തള്ളണം. കേരളാ പഞ്ചായത്ത് രാജ് ആക്ടിൽ ആവശ്യമായ ചട്ടങ്ങൾ പുറപ്പെടുവിച്ച് അധികാരാ വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കണം.

സർക്കാരിൽ നിന്നോ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ശമ്പളം പറ്റുന്ന ജീവനക്കാർ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഭരണ സമിതി അംഗങ്ങളായിട്ടുണ്ട്. അവരുടെ സേവനം ജനങ്ങൾക്ക് പൂർണ്ണമായി ലഭിക്കുന്നില്ല എന്നതും ഓണറേറിയവും ശമ്പളവും ഒരേ സമയം കൈപ്പറ്റുന്നതും ആശാസ്യമല്ല. ഇത്തരം മെമ്പറന്മാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കാനും വ്യവസ്ഥകളില്ല.

വിശദമായ വിശകലനത്തിനും ചർച്ചയ്ക്കും പരിഷ്ക്കരണത്തിനുംവേണ്ടി പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് വികസന സെമിനാറു മുമ്പാകെ ഈ വിഭവ സമാഹരണ രേഖ സവിനയം സമർപ്പിക്കുന്നു.



ഉപസംഹാരം

63മതാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള മഹത്തായ സംരംഭത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഈ സെമിനാറോടുകൂടി സമാപിക്കുകയാണ്. വികസന പദ്ധതികൾ കേന്ദ്രത്തിലും സംസ്ഥാനത്തിലും തീരുമാനമെടുത്ത് നടപ്പിലാക്കുന്ന കേന്ദ്രീകൃത ആസൂത്രണത്തിനു പകരം ഒമ്പതാം പദ്ധതിയുടെ പകുതിക്കടുത്തുവരുന്ന തുക ചെലവഴിക്കുന്നതിനാവശ്യമായ പദ്ധതി രൂപപ്പെടുത്താനുള്ള നിർദ്ദേശമാണ് നാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മനുഷ്യവിഭവമടക്കം വൻതോതിൽ വിഭവ സമാഹരണം നടത്തി പ്രാദേശിക തലത്തിൽ സന്തുലിത വികസനം ഉറപ്പാക്കുകയാണ് ലക്ഷ്യം. കേരളത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ഈ പരിപാടിക്ക് ഏറെ പ്രസക്തിയുണ്ട്. നാം അഭിമാനിച്ചിരുന്ന കേരള മോഡൽ തകർച്ചയിലാണ്. പ്രാഥമിക മേഖല കഴിഞ്ഞ രണ്ട് ദശാബ്ദമായി മുരടിച്ചു നിൽക്കുന്നു. കർഷകർ നെൽപ്പാടങ്ങൾ കൈയൊഴിഞ്ഞു പോകുന്നു. അതിരൂക്ഷമായ ഊർജ്ജ പ്രതിസന്ധിയിൽ നട്ടം തിരിയുകാണ് നാം. ഗാർഹികാവശ്യങ്ങൾക്കുള്ള വൈദ്യുതി പോകട്ടെ, സ്വതവേ ദുർബ്ബലമായ വ്യവസായ മേഖലയെ വൈദ്യുതി പ്രതിസന്ധി തകർത്തുകൊണ്ടിരിക്കുന്നു. ആകെ നമുക്കുണ്ടായിരുന്ന നേട്ടം ത്രിദീയ മേഖലയിലായിരുന്നു. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ നാം നേടിയ അസൂയാവഹമായ മുന്നേറ്റം അതീവ ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു. ആരോഗ്യ രംഗത്ത് സർക്കാർ മേഖലയിലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നു. സ്വകാര്യാശുപത്രികളുടെ ബാഹുല്യം അതാണ് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ വരേണ്യവർഗ്ഗം വിദ്യാഭ്യാസരീതി സാർവ്വത്രികമായി തുടരുന്നു. സർക്കാർ വിദ്യാലയങ്ങളുടെ നിലവാരത്തകർച്ച, സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, സമൂഹത്തിൽ നിലനിൽക്കുന്ന വികലമായ മൂല്യബോധം എന്നിവ അൺഎയ്ഡഡ് സ്കൂളുകളിലേക്ക് കുട്ടികളെ ഒഴുക്കിവിടുന്നു. നാടിന്റെ പ്രശ്നങ്ങളോട് അന്യം നിൽക്കുന്ന ഈ രീതി സമൂഹത്തിൽ ആഴത്തിലുള്ള പരിക്കുകൾക്ക് കാരണമാകുന്നു. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും തിക്ത ഫലങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. ജീവത ഗുണസൂചകങ്ങളുടെ പിന്നോട്ടു പോക്കിന് ഇത് ആക്കം കൂട്ടുന്നു.

നമ്മുടെ ഉൽപ്പാദന മേഖലയിൽ വിപ്ലവപരമായ വളർച്ച കൈവരിച്ചുകൊണ്ടല്ലാതെ ഈ പ്രതിസന്ധി മുറിച്ചു കടക്കാനാവില്ല. പഞ്ചായത്തു തലത്തിലുള്ള ജനകീയ ഇടപെടലുകൾ തന്നെയാണ് ഇതിനൊരു പരിഹാരം. കാർഷിക മേഖലയിൽ കർഷകന്റെ ഇടപെടൽ അനിവാര്യമാണ്. ചെറുകിട വ്യവസായ മേഖലയിൽ വമ്പിച്ച ഒരു കൂട്ടായ്മ വളർത്തിക്കൊണ്ടു വരേണ്ടതുണ്ട്. പഞ്ചായത്തു തലത്തിൽ ലഭിക്കുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും വേണം ജനകീയ സമിതികൾ. നമ്മുടെ പഞ്ചായത്തിന് മേൽപ്പറഞ്ഞ രംഗങ്ങളിൽ ഇടപെടൽ സാധ്യമാകുന്നതിനുള്ള സുസംഘടിതമായ സംവിധാനം ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി വളർന്നു വന്നിട്ടുണ്ട്. പ്രശ്നങ്ങൾ വിശകലനം ചെയ്യാനും പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കാനും കഴിയുന്ന നൂറോളം പേർ അടങ്ങുന്ന അക്കാദമിക്ക് ഗ്രൂപ്പ് ഇപ്പോൾ നിലവിലുണ്ട്. ജനകീയ പ്രസ്ഥാനങ്ങളോടൊന്നും കൂറും വിശ്വാസവും പുലർത്തിയിരുന്ന പാരമ്പര്യമുള്ള ജനതയാണ് നമ്മുടെ ഗ്രാമത്തിലുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒന്നുചേർന്ന് ഒരു വേദി പങ്കിടുന്ന സന്ദർഭങ്ങൾ ഏറെയുണ്ടിപ്പോൾ. സ്വന്തം വിശ്വാസ പ്രമാണങ്ങളിൽ ഉറച്ചു നിൽക്കുമ്പോൾ പോലും ജനകീയ പരിപാടികളിൽ സഹകരിക്കാൻ കാട്ടുന്ന ആത്മാർത്ഥത വിലമതിക്കപ്പെടേണ്ടതുതന്നെ. ഇതിനെല്ലാമുപരി തുറന്ന മനസ്സോടെ കാര്യങ്ങളെ വീക്ഷിക്കാൻ കഴിയുന്ന ഭരണ സമിതിയും നിലവിലുണ്ട്. ഈ അനുകൂല ഘടങ്ങളെല്ലാം വിരൽചൂണ്ടുന്നത് പുതിയൊരു വികസന പന്ഥാവിലേക്കുള്ള മാർഗ്ഗമാണ്. കാലഘട്ടം നമ്മിലേൽപ്പിച്ചിരിക്കുന്ന ഈ കർത്തവ്യം നിറവേറ്റാൻ നമുക്ക് കഴിയുമെന്ന് ആശിക്കുന്നു.

സ്നേഹ സാന്ദ്രിമയോടെ

പ്ലാവോട് വിജയകുമാരൻനായർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

വികസനരേഖ തയ്യാറാക്കിയ റിസോഴ്സ് ഗ്രൂപ്പ്

ചെയർമാൻ - പ്ലാവോട് വിജയകുമാരൻനായർ
കൺവീനർ - ടി. ബാലകൃഷ്ണൻ

കൃഷി-ജലസേചനം

കെ. ലീല
ജി. അശോക്കുമാർ
രമണി.എം. നായർ
വി.എസ്. അജയകുമാർ
പ്ലാവോട് വിജയകുമാരൻനായർ
ടി. ബാലകൃഷ്ണൻ

മൃഗസംരക്ഷണം-മത്സ്യകൃഷി

എസ്.ഷീല
എസ്. അശോക്കുമാർ
തേമ്പാംമൂട് ഹുസൈൻ
വി. ഭാർഗവൻ

വ്യവസായം

എം.എ. റഹിം
ഇ.എ. മജീദ്
എസ്. ഫസീല
ശ്രീജ
എം.കെ. നിസാറുദ്ദീൻ

വിദ്യാഭ്യാസം

പി. ബൈജു
വിദ്യാധരൻ
പി.വി. രാജേഷ്, എം.മണി, ഡി. രമണി,
ജി. അശോകൻ, ടി. ബാലകൃഷ്ണൻ

കുടിവെള്ളം-പൊതുജനാരോഗ്യം

എം. മണി
കെ. ഷിബുകുമാർ
എസ്. മഞ്ജു
വി. സിന്ധു
എ. നസീർ

ഗതാഗതം-ഊർജം-മാർക്കറ്റ്

ജി. കൊച്ചുകൃഷ്ണൻനായർ
ജെ.ആർ. ജഗദാംബിക
എ. ജയകുമാരി
വി. സവിജ്ഞയൻ
എസ്. ലതാകുമാരി

പാർപ്പിടം-സാമൂഹ്യക്ഷേമം

എൻ. ദിവാകരൻ
ജി. സുനിൽകുമാർ
ആർ.എസ്. മിനി
പി. കോമളവല്ലി, എസ്. അമ്പിളി
കെ. പാത്തുമാബീവി
ബി. മന്ദാകിനിയമ്മ, വി. സിന്ധു

സംസ്കാരം

ആർ. വേലായുധൻനായർ
ജി. കൃഷ്ണൻനായർ
എൽ. മഞ്ജു
കെ. ഷൈലജ
ഡി. സുനിൽ
കെ. ദീപുകുമാർ

വനിതാക്ഷേമം

ജി.എൻ. അനിൽകുമാർ
ആർ. അജിതകുമാരി
ചന്ദ്രിക.എ, ലൈലാബീവി
ലീലാസുധാകരൻ, ടി. ഉഷ
ചന്ദ്രികാമോഹൻ

സഹകരണം

എംഎ. ജഗ്ഫർ
പ്രശോഭന
ഷീജ
ഷഫീക്ക്

പട്ടികജാതി-പട്ടികവർഗം

സി. സുകുമാരൻനായർ
ബി. ശ്രീകണ്ഠൻനായർ
അശോകകുമാർ, പി.സി. പങ്കജാക്ഷൻ
കെ. വിശ്വനാഥൻ, ഷീജ. എസ്, രമ
കെ. മനോഹരൻ

വിഭവസമാഹരണം

തേമ്പാംമൂട് യൂസഫ്
എസ്. സുഗതൻ
എസ്. ഷംനാദ്, എ. സലിം

നാട്ടറിവ്-ചരിത്രം

ആർ. വേലായുധൻനായർ
എം.എ. ജഗ്ഫർ
എൽ. മഞ്ജു, തേമ്പാംമൂട് യൂസഫ്
ജി. അശോകൻ



എന്റെ ജീവിതമാണ്
എന്റെ സന്ദേശം

M K Gandhi





Printed at Swift Offset Printers, Phone: 65849